ജൂലൈ 2017 | വാല്യം 45 | ലക്കം പന്ത്രണ്ട്

# യോജന

മലയാളം പതിപ്പ്

ചീഫ് എഡിറ്റർ:
**ദീപിക കച്ചൽ**

സീനിയർ എഡിറ്റർ:
**ധന്യ സനൽ. കെ**

സബ് എഡിറ്റർ :
**ജെ. മഹേഷ് കുമാർ**




## ഈ ലക്കത്തിൽ

# സാമൂഹ്യ സുരക്ഷ

**മലയാളം പതിപ്പ്:** റ്റി.സി. 25/139, ഗവൺമെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695001. **ഫോൺ: 0471 - 2323826**

**ഇ-മെയിൽ: yojanamal50@yahoo.co.in**

**വെബ്സൈറ്റ് :** www.yojana.gov.in

**ഇ-മെയിൽ:** yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നഡ, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം :
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം.48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ്, ന്യൂഡൽഹി 110 003

**വരിസംഖ്യ: ഒരു വർഷം 230/-, രണ്ടുവർഷം 430/-, മൂന്നുവർഷം 610/-.**

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും. അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷെ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നൽകപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.




## ലേഖനങ്ങൾ ക്ഷണിക്കുന്നു

സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതി വിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ വിദഗ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും ക്ഷണിക്കുന്നു. വിലാസം: പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001.

e-mail: yojanamal50@yahoo.co.in. ☎ 0471 - 2323826

## യോജന തപാലിൽ ലഭിക്കുവാൻ

ഡപ്യൂട്ടി ഡയറക്ടർ, യോജന (മലയാളം), ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ നിശ്ചിത തുക മണിയോർഡർ ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അയക്കുക. ഒരു വർഷം – 230 രൂപ • 2 വർഷം – 430 രൂപ • 3 വർഷം – 610 രൂപ

e-mail: yojanamal50@yahoo.co.in. ☎ 0471 - 2323826

ഓൺലൈൻ വഴി യോജന വരിക്കാരാകാൻ www.bharatkosh.gov.in എന്ന വെബ് സൈറ്റ് സന്ദർശിച്ച് Publications Division e-store വഴി ബുക്കു ചെയ്യാവുന്നതാണ്.

## കേന്ദ്ര സർക്കാർ പ്രസിദ്ധീകരണങ്ങൾക്കായി പബ്ലിക്കേഷൻസ് ഡിവിഷൻ സെയിൽസ് എംപോറിയം

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ പബ്ലിക്കേഷൻസ് ഡിവിഷൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്റോഡിനു സമീപമുള്ള പബ്ലിക്കേഷൻസ് ഡിവിഷൻ സെയിൽസ് എംപോറിയത്തിൽ നിന്നും ലഭിക്കുന്നതാണ്. പുസ്തകങ്ങൾ തപാലിൽ ലഭിക്കാൻ ബന്ധപ്പെടേണ്ട വിലാസം: ബിസിനസ് മാനേജർ, പബ്ലിക്കേഷൻസ് ഡിവിഷൻ, സെയിൽസ്എംപോറിയം, ഗവൺമെന്റ് പ്രസ് റോഡ്, തിരുവനന്തപുരം – 695001



e-mail: bmsetvm@gmail.com ☎ 0471 - 2330650

യോജന
ജൂലൈ 2017 • വാല്യം 45 • ലക്കം പന്ത്രണ്ട്

# ഉള്ളടക്കം

## സാമൂഹ്യ സുരക്ഷ

7 **വയോജനങ്ങളുടെ സാമൂഹ്യ സുരക്ഷ**
സുമതി കുൽക്കർണി

11 **എല്ലാവർക്കും ആരോഗ്യം**
കെ. സീതാ പ്രഭു

14 **ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണം**
സന്ധ്യ ലിമായേ

19 **കർഷക ക്ഷേമം: സാമൂഹ്യ സുരക്ഷയുടെ അടിത്തറ**
നിലബ്ജ ഘോഷ്

22 ഫോക്കസ്
**വാർധക്യ കാല വരുമാന സുരക്ഷയും ദേശീയ പെൻഷൻ പദ്ധതിയും**
ഡോ. ബാദ്‌രി സിങ് ഭണ്ഡാരി

27 പ്രത്യേക ലേഖനം
**സാമൂഹ്യ സുരക്ഷയിലെ അന്താരാഷ്ട്ര രീതികളും ഇന്ത്യയുടെ മുന്നിലുള്ള പാതയും**
ചന്ദ്രകാന്ത് ലഹാരിയ

31 **ഉച്ചഭക്ഷണ പദ്ധതിയും വിദ്യാഭ്യാസ മേഖലയിലെ സാമൂഹ്യ സുരക്ഷാ മാനദണ്ഡങ്ങളും**
കിരൺ ഭട്ടി

34 **അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ: വെല്ലുവിളികളും ഭാവി പരിപാടികളും**
ഡോ. റൂമ ഘോഷ്

37 **ഇന്ത്യയിലെ ഭക്ഷ്യനയം: പോഷകാഹാര അധിഷ്ഠിത കൃഷിക്ക് ഉത്തേജനം**
ഡോ. മൗസുമി ദാസ്

41 **കോർപ്പറേറ്റ് മേഖലയുടെ സാമൂഹിക ഉത്തരവാദിത്തവും പാർശ്വവത്കൃതരുടെ സാമൂഹിക, സാമ്പത്തിക ഉത്തേജനവും**
ജതീന്ദർ സിങ്

44 **സാമൂഹിക സുരക്ഷിതത്വവും ക്ഷേമ പദ്ധതികളും**
ഉർമി ഗോസ്വാമി

46 **കേരളത്തിലെ വിദ്യാഭ്യാസ വ്യാപനവും സാമൂഹ്യ സുരക്ഷയും**
പ്രൊഫ. വി. കാർത്തികേയൻ നായർ

48 **സാമൂഹ്യ സുരക്ഷയും ബിസിനസ് സ്ഥാപനങ്ങളുടെ സാമൂഹിക ഉത്തരവാദിത്തവും**
ഡോ. ദയാനന്ദൻ. എം.എൻ

52 **സ്റ്റാർട്ടപ്പുകൾ സാമൂഹ്യ സുരക്ഷയ്ക്ക്**
ജ്യോത്സ്ന തോമസ്, ഡോ. ജോർജി കെ.ഐ.

54 **ഇൻഷുറൻസ് മേഖല: ഒരു സാമൂഹ്യ സുരക്ഷാ ചാലകം**
അനിൽകുമാർ. എം., വിജില. വി

61 **കുടുംബശ്രീ: ദാരിദ്ര്യ നിർമ്മാർജനത്തിലൂടെ സാമൂഹ്യ സുരക്ഷ**
ഹാരിസ്. എം

66 **ഉന്നത വിദ്യാഭ്യാസ മേഖലയും വിദ്യാഭ്യാസ വായ്പാ പദ്ധതികളും**
ജിതേന്ദ്രൻ നായർ

68 **സാമൂഹിക സുരക്ഷിതത്വം മുതിർന്നവരിൽ: പ്രശ്നങ്ങളും പ്രതിവിധികളും**
സുമി. എ.എം

71 **സാർക്ക് രാഷ്ട്രങ്ങളുടെ സമഗ്ര വളർച്ചക്കായി ദക്ഷിണേഷ്യൻ ഉപഗ്രഹം**
ഡോ. സന്തോഷ് മാത്യു

73 **നിങ്ങൾക്കറിയോമോ?**

**അടുത്ത ലക്കം**

ആഗസ്റ്റ് 2017

**ജി.എസ്.ടി (ചരക്കു സേവന നികുതി)**

# സാമൂഹിക സുരക്ഷാ ഉടമ്പടി

ഇന്ത്യ അതിന്റെ ജനസമ്പത്ത് വഴി കൈവരിക്കാൻ പോകുന്ന അസാധാരണമായ വികസന നേട്ടങ്ങളെ കുറിച്ച് എല്ലായിടത്തും വലിയ ചർച്ച നടക്കുകയാണ്. അഭൂതപൂർവമായ ഇന്ത്യയുടെ ജനസമ്പത്ത് നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ലോകരാജ്യങ്ങളുടെ മുൻനിരയിൽ എത്തിക്കുക എപ്രകാരമായിരിക്കും, എങ്ങനെ തൊഴിലവസരങ്ങൾ ഇല്ലാത്ത ഇന്ത്യയിലെ യുവാക്കൾ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വലിച്ച് കരകയറ്റുന്ന വൻ ശക്തിയായി മാറും തുടങ്ങിയവയാണ് ചർച്ചാവിഷയം. രാജ്യത്ത് സംഭവിച്ചിരിക്കുന്ന ജനസംഖ്യാ വിസ്ഫോടനത്തെ വികസനത്തിന്റെ ഉത്തോലകമാക്കി മാറ്റാമെന്ന സ്വപ്നം മനസിൽ സൂക്ഷിക്കുന്ന നമ്മുടെ ആസൂത്രണ വിദഗ്ധരും സാമ്പത്തിക ശാസ്ത്രജ്ഞരും സാമൂഹിക ചിന്തകരും പക്ഷെ ഇവിടെ കുത്തനെ ഉയരുന്ന വൃദ്ധജന സംഖ്യയെ മറക്കാൻ പാടില്ല. 2016 ൽ ഇന്ത്യയിലെ വൃദ്ധജന സംഖ്യ 173 ദശലക്ഷം കടക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ മഹാഭൂരിഭാഗവും സാമ്പത്തികവും മാനസികവുമായ സഹായം ആവശ്യമുള്ള ദരിദ്രരും നിരാലമ്പരുമാണ്. ഇതു കൂടാതെ ഭിന്നശേഷിക്കാർ, പാർശ്വവത്കൃതർ, അസംഘടിത തൊഴിലാളികൾ തുടങ്ങി ജീവിതം മുന്നോട്ടു നീക്കാൻ ഗവൺമെന്റിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള സഹായം ആവശ്യമുള്ള ക്ലേശിതർ വേറെയുമുണ്ട്. സമൂഹത്തിൽ ദുരിതം അനുഭവിക്കുന്ന ഈ ദുർബല വിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷയിലൂടെ ലഭിക്കുന്ന വാഗ്ദാനം കരുതലിന്റെയും സഹായത്തിന്റേതുമാണ്. ജനാധിപത്യ ഗവൺമെന്റുകൾക്കൊന്നും തകർക്കാൻ സാധിക്കാത്ത ഒരു ഉടമ്പടിയാണ് ഇത്. ഭാഗ്യവശാൽ നമ്മുടെ ഭരണഘടനാ ശില്പികൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ആവശ്യമായ സാമൂഹിക സുരക്ഷാ വ്യവസ്ഥകൾ ഭരണഘടനയുടെ 43-ാം വകുപ്പിൽ എഴുതി ചേർത്തിട്ടുണ്ട്. ഭരണഘടനയുടെ ഈ വകുപ്പിന്റെ ആത്മാവിനോടു വിശ്വസ്തത പുലർത്താൻ അധികാരത്തിൽ വരുന്ന ഓരോ ഗവൺമെന്റും പ്രതിജ്ഞാബദ്ധമാണ്.

ഇന്ദിരാ ഗാന്ധി ഓൾഡ് ഏയ്ജ് പെൻഷൻ സ്കീം, ഇന്ദിരാ ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം തുടങ്ങിയ പദ്ധതികൾ വയോജനങ്ങൾക്കുള്ള സാമൂഹിക സുരക്ഷയാണ് ഉറപ്പാക്കുന്നത്. റിട്ടയർമെന്റിനു ശേഷം എല്ലാ ഗവൺമെന്റ് ജീവനക്കാർക്കും ലഭിക്കുന്ന പെൻഷൻ ആനുകൂല്യമാണ് ഗവൺമെന്റ് ജോലിയുടെ മുഖ്യ ആകർഷണം. പക്ഷെ സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഈ സൗകര്യം ഇല്ല. സേവനകാലത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന ചെറിയ സമ്പാദ്യങ്ങൾ മാത്രമാണ് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നു വിരമിക്കുന്ന തൊഴിലാളികൾക്ക് വാർധക്യത്തിൽ ഏക ആശ്രയം. പക്ഷെ ജോലിയിൽ നിന്നു വിരമിച്ച ശേഷമായിരിക്കും ഇവർക്ക് കുട്ടികളുടെ ഉപരി പഠനം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾ നേരിടുന്നത്. ഇത് അവരുടെ സമ്പാദ്യത്തിൽ ശൂന്യത സൃഷ്ടിക്കുകയും തുടർന്നുള്ള അനുദിനാവശ്യങ്ങൾ ചികിത്സാ ചെലവുകൾ തുടങ്ങിയവ വലിയ ബാധ്യതയാവുകയും ചെയ്യും. ഈ പ്രശ്നം പരിഹരിക്കാനാണ് നാഷണൽ പെൻഷൻ സ്കീം, അടൽ പെൻഷൻ യോജന, സ്വാവലംബൻ തുടങ്ങിയ പദ്ധതികളിലൂടെ റിട്ടയർമെന്റിനു ശേഷമുള്ള വരുമാനം ഗവൺമെന്റ് ഉറപ്പാക്കിയിരിക്കുന്നത്.

കൃഷി ഇന്നത്തെ സാഹചര്യത്തിൽ നഷ്ട സാധ്യതയുള്ള ഒരു തൊഴിലായിട്ടാണ് പലരും കാണുന്നത്. കാലാവസ്ഥാ വ്യതിയാനവും കീടങ്ങൾ തുടങ്ങിയവയുടെ സാമീപ്യവുമാണ് അതിന്റെ ജയപരാജയങ്ങൾ നിശ്ചയിക്കുക. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടിട്ടാണ് ഗവൺമെന്റ് കൃഷിക്കാരുടെ സാമ്പത്തിക സുസ്ഥിരതയ്ക്കായി പ്രധാൻ മന്ത്രി ഫസൽ ബിമ യോജന, കൃഷി സിഞ്ചായി യോജന തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നത്. കാർഷികാവശ്യങ്ങൾക്കുള്ള വിത്ത്, വളം എന്നിവയും കാലിത്തീറ്റ പോലുള്ള അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനാവശ്യമായ പണം കണ്ടെത്തുന്നതിന് ക്രെഡിറ്റ് കാർഡുകളും ഗവൺമെന്റ് കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ രാജ്യത്തെ ജനകോടികളെ തീറ്റിപ്പോറ്റുന്ന കൃഷിക്കാരുടെ സുരക്ഷ ഉറപ്പാക്കാനാണ് ഈ പദ്ധതികളെല്ലാം ആവിഷ്കരിച്ചിട്ടുള്ളത്. മറ്റൊരു അനുബന്ധ മേഖല ഭക്ഷ്യസുരക്ഷയാണ്. വിപണിയിൽ നിന്ന് വലിയ വില നല്കി ധാന്യങ്ങളും പയർ പരിപ്പ് തുടങ്ങിയ ഭക്ഷ്യസാധനങ്ങളും വാങ്ങാൻ ധനശേഷിയില്ലാത്ത ജനകോടികൾക്ക് ജീവിക്കാൻ ആവശ്യമായ ഭക്ഷണം ഉറപ്പാക്കുന്ന പദ്ധതിയാണ് ഇത്. ജനങ്ങൾക്ക് സൗജന്യ നിരക്കിൽ ഭക്ഷണസാധനങ്ങൾ ലഭ്യമാക്കാനാണ് പൊതു വിതരണ സംവിധാനം രാജ്യത്ത് ആരംഭിച്ചത്. ആനുകൂല്യങ്ങൾ അവ യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്കു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ പൊതുവിതരണ സംവിധാനം ഇപ്പോൾ നേരിട്ടുള്ള ആനുകൂല്യ വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്.

സമൂഹത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന മറ്റു വിഭാഗങ്ങളായ ഭിന്നശേഷിക്കാർ, പാർശ്വവത്കൃതർ, അസംഘടിതർ തുടങ്ങിയവരുടെ പ്രശ്നങ്ങളും ഗവൺമെന്റ് പരിഹരിച്ചു വരികയാണ്. രാഷ്ട്ര നിർമ്മാണത്തിൽ ഭിന്നശേഷിക്കാർക്കു തുല്യ അവസരങ്ങൾ നല്കാനാണ് സമഗ്ര ഇന്ത്യ സംരംഭം എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതുപോലെ നയി മൻസിൽ ഉസ്താദ്, നയി രോഷ്നി എന്നീ പദ്ധതികൾ ന്യൂനപക്ഷങ്ങൾ, പാർശ്വവത്കൃതർ എന്നിവരെ ഉദ്ദേശിച്ചുള്ളതാണ്. സാമൂഹിക സുരക്ഷ, തൊഴിലാളി ക്ഷേമം എന്നീ മേഖലകളിൽ ഒരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഇതുവഴി അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ സാമൂഹിക സുരക്ഷയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ബേട്ടി ബചാവോ, ബേട്ടി പഠാവോ, സുകന്യ സമൃദ്ധി യോജന എന്നീ പദ്ധതികൾ പെൺകുട്ടികളുടെ വിദ്യാഭ്യാസ സുരക്ഷ ഉദ്ദേശിച്ച് നടപ്പാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളാണ്. ഗർഭിണികളെയും മുലയൂട്ടുന്ന അമ്മമാരെയും ലക്ഷ്യമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രസവ ആനുകൂല്യ പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. വിവിധ ദുർബല വിഭാഗങ്ങൾക്കായി ആരോഗ്യ ഇൻഷുറൻസ് പദ്ധതികളും ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

ജനങ്ങളുടെ പ്രശ്നങ്ങൾ അവഗണിക്കാൻ സാധിക്കില്ല എന്നത് ഏതൊരു ജനാധിപത്യ വ്യവസ്ഥിതിയുടെയും വ്യക്തമായ തത്വശാസ്ത്രമാണ്. സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ രാജ്യത്തെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. സാമൂഹ്യ സുരക്ഷ അതിനാൽ തന്നെ സദ്ഭരണത്തിന്റെ അവശ്യ ഘടകമാണ്. ജോൺ എഫ് കെന്നഡി ഒരിക്കൽ പറയുകയുണ്ടായി, സ്വതന്ത്ര സമൂഹത്തിന് കൂടുതൽ പാവങ്ങളെ സഹായിക്കാൻ സാധിക്കുന്നില്ല എങ്കിൽ, അതിന് കുറച്ച് ധനികരെ രക്ഷിക്കാനുമാവില്ല. പാവങ്ങൾക്കായുള്ള ഭരണത്തിൽ വിശ്വസിക്കുന്ന ഒരു ഗവൺമെന്റ് അവർക്കായി നയങ്ങൾ ആസൂത്രണം ചെയ്യുകയും ദുർബല വിഭാഗങ്ങൾക്കായി സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പാക്കുകയും ചെയ്യും.

# ഇന്ത്യയിലെ വയോജനങ്ങളുടെ സാമൂഹ്യ സുരക്ഷ: ആശങ്കകളും വെല്ലുവിളികളും

പ്രൊഫ.സുമതി കുൽക്കർണി

താത്ക്കാലികമോ സ്ഥിരമോ ആയ കാരണങ്ങളാൽ ജോലിചെയ്ത് ഉപജീവനം നടത്താൻ ശേഷിയില്ലാത്തവർക്ക് ജീവസന്ധാരണമാർഗം ലഭ്യമാക്കുക എന്നതാണ് സാമൂഹ്യ സുരക്ഷയുടെ ലക്ഷ്യം. ഗവൺമെന്റ് ലഭ്യമാക്കുന്ന സാമൂഹ്യ സുരക്ഷാ വ്യവസ്ഥ ജീവിത നിലവാരത്തിന്റെ അവിഭാജ്യ ഘടകമാണ്. അവികസിത രാജ്യങ്ങളിലാകട്ടെ, ദീർഘനാളായി സാമൂഹ്യ ഘടനയിൽ അന്തർലീനമായിട്ടുള്ള തൊഴിലില്ലായ്മ മൂലം കഷ്ടപ്പാടുകൾ സന്ദേഹങ്ങൾക്കുമപ്പുറമാണ്. വികസിത രാജ്യങ്ങളിലാകട്ടെ അവിടെ നിലവിലുള്ള സാമൂഹ്യ സുരക്ഷാ സംവിധാനം സ്വാഭാവികമായും ഇതു പരിഹരിക്കുന്നു. ഭാരിച്ച സാമ്പത്തിക ചെലവുകൾ, മികച്ച സാമൂഹിക സുരക്ഷാ സംവിധാനം ഏർപ്പെടുത്താൻ അവികസിത രാജ്യങ്ങൾക്ക് വലിയ പ്രതിബന്ധമായി നില്ക്കുന്നു. വികസിത രാജ്യങ്ങൾ പോലും അവരുടെ പെൻഷൻ സംവിധാനം സുസ്ഥിരമായി നിലനിർത്താൻ കഷ്ടപ്പെടുകയാണ്. പ്രായം ചെന്ന പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം പെരുകുകയും വിഹിതം നല്കുന്ന തൊഴിലാളികളുടെ എണ്ണം കുറയുകയും ചെയ്യുന്നതാണ് ഈ രാജ്യങ്ങൾ നേരിടുന്ന പ്രതിസന്ധി. ഈ നൂറ്റാണ്ടിന്റെ മധ്യത്തോടെ മേൽപ്പറഞ്ഞ രാജ്യങ്ങളിലെ ജനസംഖ്യയുടെ മൂന്നിൽ ഒന്ന് 60 വയസിനു മുകളിലുള്ളവരായിരിക്കും എന്നാണ് കണക്കു കൂട്ടൽ. വളരെ വ്യത്യസ്തമാണ് ഇന്ത്യയെ പോലെയുള്ള വികസിത രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന വൃദ്ധരുടെ പ്രശ്നങ്ങൾ. സ്ഥിരമായുള്ള ദാരിദ്ര്യം, തൊഴിലില്ലായ്മ, വിശാലമായ അനൗപചാരിക തൊഴിൽ മേഖല, പലയിടത്തും ആവശ്യത്തിലധികം തൊഴിലാളികൾ തുടങ്ങിയവയാണ് ഇതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. അടുത്തകാലത്തായി വികസ്വര രാജ്യങ്ങളിലെ മാറിമറിയുന്ന ജനസംഖ്യാ കണക്ക് ദുർബല വിഭാഗങ്ങളിലെ വയോജനങ്ങളുടെ സാമൂഹിക സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. മൊത്തം ജനസംഖ്യയുടെ 7 ശതമാനം മുതൽ 14 ശതമാനം വരെയാണ് വൃദ്ധരുടെ സംഖ്യ വർധിക്കുന്നത്. സ്വീഡൻ, ഫ്രാൻസ് പോലുള്ള ചില യൂറോപ്യൻ രാജ്യങ്ങളിൽ 100 മുതൽ 120 വയസ് വരെ വൃദ്ധർ ജീവിക്കുന്നു. വികസ്വര രാജ്യങ്ങളിൽ കുറഞ്ഞു വരുന്ന മരണ നിരക്ക് വച്ച് നോക്കുമ്പോൾ 40 വർഷത്തിനുള്ളിൽ ഇത് ഇന്ത്യയും ചൈനയും പോലുള്ള ഏഷ്യൻ രാജ്യങ്ങളിലും സംഭവിക്കാം.

## ഇന്ത്യയിലെ വൃദ്ധജനങ്ങളുടെ സാമൂഹിക സുരക്ഷാ പ്രശ്നങ്ങളുടെ സ്വഭാവം

ലോകജനസംഖ്യയുടെ അഞ്ചിൽ ഒന്ന് ഇന്ത്യയിലാണ് അധിവസിക്കുന്നത്. ഇതിൽ ലോകത്തിലെ മൂന്നിലൊന്ന് ദരിദ്രരും എട്ടിലൊന്ന് വൃദ്ധരും ഉൾപ്പെടുന്നു. അടുത്ത കാലം വരെ കുടുംബങ്ങളും മുതിർന്ന കുട്ടികളുമായിരുന്നു ഓരോ വീട്ടിലെയും വൃദ്ധരുടെ സുരക്ഷാ കാര്യങ്ങൾ ഏറ്റെടുത്ത് നടത്തിയിരുന്നത്. എന്നാൽ പരമ്പരാഗതമായി നിലനിന്നു പോന്നിരുന്ന ഈ വൃദ്ധജന സംരക്ഷ അടുത്ത കാലത്തായി പ്രതിസന്ധിയിലാണ്. പല കാരണങ്ങളാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത് – വൃദ്ധരുടെ ദീർഘായുസ്, കൂട്ടു കുടുംബ സമ്പ്രദായത്തിൽ വന്നിരിക്കുന്ന ശിഥിലീകരണം, സാമൂഹിക സാമ്പത്തിക സാസ്കാരിക മേഖലകളിലെ പരിവർത്തനങ്ങൾ, വീട്ടിലെ സ്ത്രീകളുടെ തൊഴിൽ പരമായ ക്ലേശങ്ങൾ മൂലം വൃദ്ധപരിപാലനത്തിൽ സംഭവിക്കുന്ന വീഴ്ച്ച, നഗരങ്ങളിലേയ്ക്കുള്ള യുവജനങ്ങളുടെ കുടിയേറ്റം തുടങ്ങിയവയാണ് അവയിൽ ചിലത്. കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്ന വൃദ്ധരിലേയ്ക്ക് വരുമ്പോൾ അവരുടെ അതിവേഗം ക്ഷയിക്കുന്ന ആരോഗ്യം, ജീവസന്ധാരണത്തിനായി തൊഴിൽ ചെയ്യാനുള്ള അനാരോഗ്യം തുടങ്ങിയവ ഈ പ്രശ്നം കുറെക്കൂടി ഗുരുതരമാക്കുന്നു. ആഗോളവത്ക്കരണത്തിന്റെ ആരും കാണാതിരുന്ന അനന്തരഫലങ്ങളിലൊന്ന്, വൃദ്ധ സ്ത്രീകളുടെ ഇടയിൽ വർധിക്കുന്ന ദാരിദ്ര്യമാണ് ഇത്. വൃദ്ധർക്ക് അടിയന്തിരമായി സാമൂഹിക സുരക്ഷയ്ക്കുള്ള സുസ്ഥിര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് അടിവരയിടുന്നു. ഇന്ത്യയിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഈ ദിശയിൽ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷെ വികസിത രാജ്യങ്ങളിലെ പോലെ വൃദ്ധർക്ക് ഉന്നത നിലവാരമുള്ള സാമൂഹിക സുരക്ഷാ നടപടികൾ ഏർപ്പെടുത്താൻ ഇന്ത്യയെ പോലുള്ള വികസിത രാജ്യങ്ങൾക്ക് സാമ്പത്തികമായ പ്രതിബന്ധങ്ങൾ ഉണ്ട്.

## 2. ബികെപിഎഐ (Building a Knowledge Base on population Ageing in India) സർവെ

ബിൽഡിങ് എ നോളജ് ബേസ് ഓൺ പോപ്പുലേഷൻ ഏജിങ് ഇൻ ഇന്ത്യ (ഇന്ത്യയിലെ വൃദ്ധ ജനങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവര നിർമ്മാണം – ബികെപിഎഐ) എന്ന പദ്ധതിയുടെ ഭാഗമായി രാജ്യത്തെ വൃദ്ധരുടെ അവസ്ഥ സംബന്ധിച്ച് 2011 മെയ് മുതൽ സെപ്റ്റംബർ വരെ ഒരു സർവെ നടത്തുകയു

ണ്ടായി.യുഎൻ എഫ്പിഎ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇക്കണോമിക് ഗ്രോത്ത്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആൻഡ് ഇക്കണോമിക് ചെയ്ഞ്ച്, ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്നീ സ്ഥാപനങ്ങളുടെ സഹരണത്തോടെയാണ് സർവെ നടത്തിയത്. ഇന്ത്യയിലെ ഹിമാചൽ പ്രദേശ്, പഞ്ചാബ്, ബംഗാൾ, ഒഡീഷ, മഹാരാഷ്ട്ര, കേരളം, തമിഴ്നാട് എന്നീ ഏഴ് സംസ്ഥാനങ്ങളിൽ നിന്ന് 8329 വീടുകളിലെ 9852 ദേശീയ ശരാശരിക്കും മേൽ പ്രായമുള്ള വൃദ്ധരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു. ഈ സർവെയിൽ നിന്നു ലഭിച്ച വിവരങ്ങൾ വച്ച് ഈ ലേഖനം ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത് താഴെ പറയുന്ന പ്രശ്നങ്ങളാണ്. 1. ഇന്ത്യയിലെ വൃദ്ധജനവിഭാഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ വ്യാപ്തി, 2. ഇവരുടെ സാമൂഹിക സുരക്ഷയ്ക്കായി ഗവൺമെന്റ് വിഭാവനം ചെയ്യുന്ന പ്രധാന പദ്ധതികൾ, 3. ഇന്ത്യ ഗവൺമെന്റിന്റെ രണ്ടു സുപ്രധാന പെൻഷൻ പദ്ധതികളെ കുറിച്ചുള്ള ബോധവത്ക്കരണവും പ്രയോജനങ്ങളും, 4. വൃദ്ധർ ഈ പദ്ധതികൾ പൂർണമായി ഉപയോഗിക്കാത്തതിന്റെ കാരണങ്ങൾ, 5. വൃദ്ധർക്ക് ഒരു സാർവത്രിക പെൻഷൻ പദ്ധതിക്കുള്ള സാധ്യത എന്നീ ആശയങ്ങളാണ്.

## ഇന്ത്യയിലെ പ്രശ്നത്തിന്റെ വ്യാപ്തി

2011 ലെ സെൻസസ് സ്ഥിതിവിവര കണക്കുകൾ പ്രകാരം ഇന്ത്യയിൽ 60 നു മുകളിൽ പ്രായമുള്ള 104 ദശലക്ഷം പൗരന്മാർ ഉണ്ട്. 2026 കഴിയുമ്പോൾ ഇവരുടെ സംഖ്യ 173 ദശലക്ഷമാകും. 2000 നും 2050 നും മദ്ധ്യേ ഇന്ത്യയിലെ വയോധിക ജനസംഖ്യ 360 ശതമാനം കണ്ട് വർധിക്കുമെന്നാണ് കരുതുന്നത്. ഇതിനു നേർ വിപരീതമായി ഇവരെ സംരക്ഷിക്കേണ്ടവരുടെ എണ്ണം (ജോലി ചെയ്യാൻ കഴിവുള്ള 15-59 പ്രായത്തിലുള്ളവരുടെ എണ്ണം 60+ പ്രായത്തിലുള്ള ഒരാൾക്ക് എന്ന നിരക്കിൽ) കുത്തനെ കുറഞ്ഞു വരികയുമാണ്. 2001 ൽ ഇത് 8.4 ആയിരുന്നു. 2011 ൽ 7 ആയി. 2026 ൽ ഇത് 5.2 ആകും. ഇതിനിടെയാണ് സമൂഹത്തിലെ ദുർബല വിഭാഗത്തിൽപെട്ട വൃദ്ധകളുടെ എണ്ണത്തിലെ വർധന. 2050 ൽ 60 നു മേൽ പ്രായമുള്ള വൃദ്ധകളുടെ എണ്ണം വൃദ്ധന്മാരെ പിന്നിലാക്കി 18.4 ദശലക്ഷമാകും. അപ്പോൾ ഇന്ത്യയിലെ 60 -64 വയസുള്ള വിധവകളുടെ എണ്ണം 44.5 ശതമാനത്തിൽ നിന്ന് 80 വയസും അതിനു മുകളിലുമുള്ള 86.8 ശതമാനമാകും. പക്ഷെ 60-64 പ്രായത്തിലുള്ള പത്ത് പുരുഷന്മാരിൽ 5 ഉം 80 നു മേൽ പ്രായമുള്ള പുരുഷന്മാരുടെ മൂന്നിലൊന്നും വിഭാര്യന്മാർ ആയിരിക്കും.

## ബികെപിഎഐ സർവെയിൽ പ്രതിഫലിക്കുന്ന വൃദ്ധരുടെ ദുരിതങ്ങളുടെ വ്യാപ്തി:

രാജ്യത്തെ വൃദ്ധരിൽ 45 ശതമാനവും ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരോ അന്ത്യോദയ വിഭാഗത്തിൽ പെട്ടവരോ ആണ്. വൃദ്ധജനങ്ങളിൽ മൂന്നിലൊന്നും പ്രതിമാസം 1000 രൂപ പോലും വരുമാനം ഇല്ലാത്ത കുടുംബങ്ങളിലുള്ളവരാണ്. വൃദ്ധജനങ്ങളിൽ അഞ്ചിലൊന്നും സ്വന്തമായി വരുമാനം ഇല്ലാത്തവരാണ്. പകുതിയോളം വൃദ്ധർ സാമ്പത്തികമായി മറ്റുള്ളവരെ ആശ്രയിക്കുന്നു. മറ്റു സുരക്ഷാ സ്രോതസുകൾ ഒന്നും ഇല്ലാത്തതിനാൽ വൃദ്ധരിൽ നാലിലൊന്നും മറ്റുള്ളവരിൽ നിന്ന് അടിയന്തര സാമ്പത്തിക സഹായം ആവശ്യമുള്ളവരാണ്. പ്രായമായ 40-50 ശതമാനവും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. ഒരു തരത്തിലുമുള്ള സാമ്പത്തിക പിന്തുണ ഇല്ലാത്തതിനാൽ സമൂഹത്തിലെ 25 ശതമാനം വൃദ്ധരുടെയും പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. പ്രായമായ പുരുഷന്മാരുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീകളുടെ പ്രത്യേകിച്ച് വിധവകളുടെ സാമ്പത്തിക അവസ്ഥ ഇതിലും കഷ്ടമാണ്. വരുമാനം ഇല്ലാത്തവർ (പുരുഷന്മാർ 26% സ്ത്രീകൾ 59 %) ആസ്തി ഇല്ലാത്തവർ(പുരുഷന്മാർ 11% സ്ത്രീകൾ 34 %, വിധവകൾ 28%, വിഭാര്യർ %) സാമ്പത്തികമായി ആശ്രിതർ (പുരുഷന്മാർ 33%, സ്ത്രീകൾ 66 %) എന്നിങ്ങനെയാണ് കണക്ക്.

ഭാഗ്യവശാൽ 70 ശതമാനം പ്രായമായവരും അവരുടെ പ്രായപൂർത്തിയായ മക്കൾക്കൊപ്പമാണ് താമസിക്കുന്നത്. വെറും 6 ശതമാനം ഒറ്റയ്ക്ക് ജീവിക്കുന്നു. എന്നാൽ തീരെ ദരിദ്രരായ വൃദ്ധർ പങ്കാളിക്കൊപ്പമോ ഒറ്റയ്ക്കോ ജീവിതം നയിക്കുന്നവരും ഏറ്റവുമധികം സാമൂഹിക സുരക്ഷ ആവശ്യമുള്ളവരുമാണ്. വാർദ്ധക്യത്തിലെത്തുമ്പോൾ രാജ്യം തങ്ങളെ സംരക്ഷിക്കണം എന്നാണ് അഞ്ചിൽ ഒരോ പുരുഷനും സ്ത്രീയും ആഗ്രഹിക്കുന്നത്.

## ഗവൺമെന്റ് നടപടികൾ

രാജ്യത്തെ മുതിർന്ന പൗരന്മാർക്ക് ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പണമായും(ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം, ഇന്ദിര ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം) മറ്റു വിധത്തിലും (സാധനങ്ങൾ, സേവനങ്ങൾ, ഭക്ഷ്യ സുരക്ഷ, ആരോഗ്യ പരിരക്ഷ) വിവിധ മന്ത്രാലയങ്ങളിൽ നിന്നുള്ള സൗജന്യങ്ങൾ, സൗകര്യങ്ങൾ, സേവനങ്ങൾ എന്നിവയായും സാമൂഹിക സുരക്ഷ നല്കുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാനങ്ങൾ സ്വന്തം നിലയ്ക്കും വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉദാഹരണത്തിനു കേരളത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന വിവിധ തൊഴിലാളി ക്ഷേമ പെൻഷനുകൾ, തമിഴ്നാട്ടിൽ അനാഥർ, ഉപേക്ഷിക്കപ്പെട്ട ഭാര്യമാർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് പെൻഷനുകളും ഉച്ചഭക്ഷണവും, ബംഗാളിൽ വൃദ്ധശ്രീ, സഞ്ച്ബതി പദ്ധതികൾ, ഒഡിഷയിൽ മധുബാബു പെൻഷൻ പദ്ധതി, മഹാരാഷ്ട്രയിൽ ശ്രവൺബൽ, സഞ്ജീവ് ഗാന്ധി ഇസ്റ്റിറ്റ്യൂട്ട് വനിതാ

പെൻഷൻ പദ്ധതികൾ, പഞ്ചാബിൽ അട്ട ദൾ പദ്ധതി തുടങ്ങിയവ. ഇവയിൽ പല പെൻഷൻ പദ്ധതികളും ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം, ഇന്ദിര ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം എന്നിവയിൽ ലയിപ്പിച്ചിരിക്കുകയാണ്.

ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം -കേന്ദ്ര ഗവൺമെന്റ് 1995 ലാണ് ഇന്ദിരാ ഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം ആരംഭിച്ചത്. ഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം എന്നായിരുന്നു തുടക്കത്തിലെ പേര്. അനാഥരായ വൃദ്ധജനങ്ങളുടെ ക്ഷേമമായിരുന്നു ലക്ഷ്യം. പിന്നീട് 2007 ൽ ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം എന്നു പുനർനാമകരണം ചെയ്തു. 2011 ഏപ്രിൽ മുതൽ പെൻഷൻ തുക പ്രതിമാസം 60 - 79 വയസുള്ളവർക്ക് 200 രൂപയായും 80 നു മുകളിൽ പ്രായമുള്ളവർക്ക് 500 രൂപയായും ഉയർത്തി. പദ്ധതിക്ക് ആവശ്യമായ മുഴുവൻ തുകയും കേന്ദ്ര ഗവൺമെന്റാണ് സംസ്ഥാനങ്ങൾക്കു നല്കുന്നത്. ഇതിൽ 50 ശതമാനം ബിപിഎൽ വിഭാഗങ്ങളിലെ 65 (ഇപ്പോൾ 60) വയസിനു താഴെയുള്ളവർക്കായി മാറ്റി വച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമ പഞ്ചായത്തുകളാണ്. 2008 വരെ 6.5 ദശലക്ഷം മുതിർന്ന പൗരന്മാർക്ക് പദ്ധതി മുഖേന ആനുകൂല്യങ്ങൾ ലഭിച്ചു. മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള പുതിയ ദേശീയ നയം 2011 -നു കീഴിൽ ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിന്റെ പ്രതിമാസ പെൻഷൻ തുക 1000 രൂപയാക്കി ഉയർത്താൻ നിർദ്ദേശമുണ്ട്.

ഇന്ദിരാ ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം - 2009 ലാണ് ഇന്ദിര ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം ആരംഭിച്ചത്. ദാരിദ്ര്യ രേഖയ്ക്കു താഴെ 40 നും 64 നും മധ്യേ( ഇപ്പോൾ 40-59) പ്രായമുള്ള വിധവകൾക്ക് മാസം 200 രൂപ പെൻഷൻ എന്നതായിരുന്നു സങ്കല്പം. ഇവർക്ക് 60 വയസാകുമ്പോൾ ഇന്ദിരാ ഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം വഴി ഇവർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കും.

### ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം, ഇന്ദിര ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം എന്നിവയുടെ പ്രയോജനവും ബോധവത്ക്കരണവും:

ഏറ്റവും നിർണായകമായ വിഷയം ഈ പദ്ധതികൾ ലക്ഷ്യമിട്ടിരിക്കുന്ന ആവശ്യക്കാരായ മുതിർന്ന പൗരന്മാരിൽ എത്തുന്നുണ്ടോ എന്നതാണ്. ബികെപിഎഐ സർവെ വെളിപ്പെടുത്തുന്നത് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം, ഇന്ദിര ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം എന്നിവ സംബന്ധിച്ച ബോധവത്ക്കരണം യഥാക്രമം 79 ശതമാനവും 72 ശതമാനവും മുതിർന്ന പൗരന്മാരിൽ എത്തിയിട്ടുണ്ട് എന്നാണ്. പക്ഷെ ഇവരിൽ വെറും 13 ശതമാനം മാത്രമെ ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ വാങ്ങുന്നുള്ളു. 20 ശതമാനം ഇന്ദിര ഗാന്ധി നാഷണൽ വിഡോ പെൻഷനും ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 81 ശതമാനം മുതിർന്ന പൗരന്മാരിലും 71 ശതമാനം സ്ത്രീകളിലും ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സംബന്ധിച്ച ബോധവത്ക്കരണം എത്തിയിട്ടുണ്ട് പക്ഷെ 22 ശതമാനം പുരുഷന്മാരും 15 ശതമാനം സ്ത്രീകളും മാത്രമെ ഈ പെൻഷൻ പ്രയോജനപ്പെടുത്തുന്നുള്ളു. ഇന്ദിരാ ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീമിന്റെ കാര്യത്തിലാണെങ്കിൽ പ്രായമായ 70 ശതമാനം വിധവകളും ഇത് സംബന്ധിച്ച് ബോധവതികളാണ്. പക്ഷെ 20 ശതമാനം മാത്രമേ ഇത് ഉപയോഗപ്പെടുത്തുന്നുള്ളു. രാജ്യത്തെ ഏഴു സംസ്ഥാനങ്ങളിലും ഇക്കാര്യത്തിൽ ഭേദങ്ങളുണ്ട്. പഞ്ചാബ്, ഒഡിഷ, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ തരക്കേടില്ലാതെ പ്രയോജനപ്പെടുത്തുമ്പോൾ ഒഡിഷ, കേരളം, ബംഗാൾ, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഇന്ദിര ഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ മുന്നിലാണ്.

### പ്രയോജനം കുറയാനുള്ള കാരണങ്ങൾ

ബികെപിഎഐ സർവെയും മറ്റു ചില ചെറിയ സർവെകളും ശേഖരിച്ച വിവരങ്ങൾ വച്ചു നോക്കുമ്പോൾ ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ, ഇന്ദിര ഗാന്ധി നാഷണൽ വിഡോ പെൻഷൻ എന്നീ ക്ഷേമ പെൻഷനുകൾ നടപ്പാക്കുന്ന കാര്യത്തിൽ വിവിധ സംസ്ഥാനങ്ങൾ പിന്നോട്ടു പോകാൻ കാരണം യോഗ്യതാ തെളിവുകളായ തിരിച്ചറിയൽ കാർഡോ, വയസ് തെളിയിക്കുന്ന സാക്ഷ്യപത്രമോ, ദാരിദ്ര്യ രേഖയ്ക്കു താഴെയാണ് എന്നതിനുള്ള തെളിവോ, പഞ്ചായത്ത് അംഗങ്ങളുടെ ശിപാർശ കത്തോ ഹാജരാക്കുന്നതിൽ നിരക്ഷരരും പാവപ്പെട്ടവരുമായ മുതിർന്ന പൗരന്മാരിൽ ഭൂരിഭാഗവും പരാജയപ്പെട്ടു എന്നതാണ്.

### ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ പ്രത്യേക പ്രശ്നങ്ങൾ

- പെൻഷൻ ലഭിക്കാനുള്ള നീണ്ട കാത്തിരിപ്പ്
- അപര്യാപ്തമായ പെൻഷൻ തുക
- ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ സംസ്ഥാനങ്ങൾ പരാജയപ്പെടുമ്പോൾ ഫണ്ടുകൾ ദുർവിനിയോഗം ചെയ്യപ്പെടുന്നു.

മേൽ പ്രസ്താവിച്ച പരിമിതികൾ എല്ലാം ഉണ്ടെങ്കിലും ചില ഗവേഷകർ ഇപ്പോഴും ഈ പെൻഷൻ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ശുഭാപ്തി വിശ്വാ

സം പുലർത്തുന്നു. ഒഡിഷ, തമിഴ്നാട് പോലുള്ള ചില സംസ്ഥാനങ്ങൾ അർഹരായ വൃദ്ധ ഗുണഭോക്താക്കളെ കണ്ടെത്താൻ മെച്ചപ്പെട്ട നിരീക്ഷണ സംവിധാനവും നവീന സമീപനവും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കണക്കു പ്രകാരം ഇന്ത്യയിൽ 6 ദശലക്ഷം മുതിർന്ന പൗരന്മാർ വയോജന പെൻഷനും 3 ശദലക്ഷം സ്ത്രീകൾ വിധവ പെൻഷനും വാങ്ങുന്നു. അമേരിക്കയിലെ മേരിലാൻഡ് സർവകലാശാലയും ഡൽഹിയിലെ എൻസിഇഎആറും നടത്തിയ സർവെകൾ പ്രകാരം രാജ്യത്തെ 7 ശതമാനം (അഞ്ചു ദശലക്ഷം)പേർക്കും വയോജന പെൻഷൻ പ്രയോജനപ്പെടുന്നുണ്ട്.

## സാർവത്രിക പെൻഷൻ പദ്ധതിക്കു വേണ്ടിയുള്ള ആവശ്യം.

ഈ പ്രശ്നങ്ങളെ മറികടക്കാൻ 55 കഴിഞ്ഞ എല്ലാ പുരുഷന്മാർക്കും, 50 വയസ് പിന്നിടുന്ന എല്ലാ സ്ത്രീകൾക്കും പ്രതിമാസം 2000 രൂപയെങ്കിലും (ശമ്പളത്തിന്റെ 50 ശതമാനത്തിൽ കുറയാതെ) പെൻഷൻ ലഭിക്കുന്ന സാർവത്രികവും പങ്കാളിത്ത രഹിതവുമായ വയോജന പെൻഷൻ പദ്ധതിയാണ് പെൻഷൻ പരിഷത് ആവശ്യപ്പെടുന്നത്. ആദായ നികുതിയുടെ അതിർവരമ്പിൽ നില്ക്കുന്നവരും നിർദ്ദിഷ്ട പെൻഷൻ പദ്ധതിയുടെ തുകയെക്കാൾ കൂടുതൽ മറ്റ് സ്രോതസുകളിൽ നിന്ന് പെൻഷൻ ലഭിക്കുന്നവരുമായ വയോജനങ്ങളെ ഈ പദ്ധതിയിൽ നിന്ന് ഒഴിവാക്കണം. ഇവരെ കൂടി ഒഴിവാക്കിയശേഷം രാജ്യത്തെ 60 വയസ് തികഞ്ഞ ബാക്കി എല്ലാവർക്കും പ്രതിമാസം 2000 രൂപ വച്ച് പെൻഷൻ നല്കാൻ 249238 കോടി രൂപ മതി. നിലവിലുള്ള പെൻഷൻ പദ്ധതികളെക്കാൾ ചെലവ് കുറവായിരിക്കും ഇത് നടപ്പാക്കിയാൽ. പക്ഷെ അനുയോജ്യമായ ഒരു മാനദണ്ഡം വച്ചു മാത്രമെ പദ്ധതിയിൽ നിന്ന് ഉയർന്ന വരുമാനക്കാരായ വൃദ്ധജനങ്ങളെ പുറത്താക്കാൻ പാടുള്ളു. ഇത് വളരെ നിർണായകമാണ്. നികുതി ദായകരായ വൃദ്ധജനങ്ങളെ ഒഴിവാക്കണമെന്നു സാർവത്രിക പെൻഷൻ പദ്ധതി നിർദ്ദേശിക്കുമ്പോഴും ഇതിനുള്ള ഒരു പൊതു മാനദണ്ഡം തെരഞ്ഞെടുക്കുക വളരെ ബുദ്ധിമുട്ടാണ്. മാത്രവുമല്ല, വരുമാന സുരക്ഷ ഉത്കൃഷ്ഠമാണെങ്കിലും ഇത് പാവപ്പെട്ടവർക്ക് നേരിട്ടു സൗജന്യമായി ലഭിക്കുന്ന ആരോഗ്യ സുരക്ഷ, ഭക്ഷ്യ സുരക്ഷ എന്നിവയ്ക്കു പകരമാവില്ലല്ലോ.

## ഗവൺമെന്റിന്റെ പുതിയ സംരംഭങ്ങൾ:

നിലവിലുള്ള ഗവൺമെന്റ് ആരംഭിച്ചിരിക്കുന്ന അടൽ പെൻഷൻ യോജന, പ്രധാൻ മന്ത്രി ജൻ ധൻ യോജന, ജീവൻ ജ്യോതി യോജന, പിഎം ജൻ സുരക്ഷ ബിമ യോജന, തുടങ്ങിയ പദ്ധതികൾ ഇതുവരെ ചർച്ച ചെയ്ത പദ്ധതികളുമായി താരതമ്യപ്പെടുത്താവുന്നവയല്ല. കാരണം ഇതെല്ലാം പങ്കാളിത്ത പദ്ധതികളാണ്. മാത്രവുമല്ല വൃദ്ധരെ മാത്രം ഉദ്ദേശിച്ചുള്ളതുമല്ല. തീർച്ചയായും അവ ഭാവിയിലെ വൃദ്ധജനങ്ങൾക്ക് സുരക്ഷ നല്കുന്നതാണ് എന്ന ധ്വനിയുണ്ട്. അടൽ പെൻഷൻ യോജനയിൽ അംഗമാകുന്ന അനൗപചാരിക മേഖലയിലെ തൊഴിലാളികൾക്ക് പ്രതിമാസം 1000 മുതൽ 5000 വരെയുള്ള പെൻഷനാണ് പദ്ധതി ഉറപ്പു നല്കുന്നത്.ഗവൺമെന്റാണ് 50 ശതമാനം തുക പദ്ധതിയിലേയ്ക്ക് സംഭാവന നല്കുന്നത്. നികുതി രഹിതരായ മറ്റു പെൻഷനുകൾ ലഭിക്കാത്ത ആളുകളാണ് ഇതിന് അർഹതപ്പെട്ടവർ. 2015 ജൂൺ 1 മുതൽ ഡിസംബർ 31 വരെ പദ്ധതിയിൽ അംഗമായവരുടെ വിഹിതം മാത്രമെ അഞ്ചു വർഷത്തേയ്ക്ക് ഗവൺമെന്റ് അടയ്ക്കുകയുള്ളു.

2015 ലാണ് ജൻ സുരക്ഷ ബിമ യോജന ആരംഭിക്കുന്നത്. അപകട ഇൻഷുറൻസാണ് ഇത്. 18–70 പ്രായപരിധിയിൽ വരുന്ന ആർക്കും ഇതിൽ അംഗമാകാം. ബാങ്ക് അക്കൗണ്ടും ഉണ്ടായിരിക്കണം. പ്രതിവർഷം 12 രൂപ മാത്രം പ്രിമിയം അടച്ചാൽ മതി. ഇത് ബാങ്ക് അക്കൗണ്ടിൽ നിന്നു എടുത്തുകൊള്ളും. അപകടത്തെ തുടർന്നു മരണമോ നിത്യമായ അംഗവൈകല്യമോ സംഭവിച്ചാൽ രണ്ടു ലക്ഷം രൂപ നഷ്ടപരിഹാരമായി ലഭിക്കും. ഭാഗികമായ അംഗവൈകല്യത്തിന് 1 ലക്ഷം ലഭിക്കും. പദ്ധതിയെ പ്രധാൻ മന്ത്രി ജൻ ധൻ യോജനയുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

സീറോ ബാലൻസ് അക്കൗണ്ട് തുറന്നു കൊണ്ടാണ് ജൻ ധൻ യോജന ആരംഭിക്കുന്നത്. ഈ നടപടിയും വളരെ ലളിതമാണ്. ഒരു ലക്ഷം വരെയുള്ള അപകട ഇൻഷുറൻസിൽ 30000 രൂപ മരണശേഷം അക്കൗണ്ട് ഉടമയ്ക്കു ലഭിക്കും. 2017 ഫെബ്രുവരി വച്ചു കണക്കാക്കുമ്പോൾ ഇതുവരെ 27 കോടി പുതിയ അക്കൗണ്ടുകൾ രാജ്യത്ത് വിവിധ ബാങ്കുകളിൽ തുറന്നിട്ടുണ്ട്. 665 കോടി ഈ അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെട്ടിട്ടുമുണ്ട്. വ്യാജ അക്കൗണ്ടുകൾ തുറക്കാൻ ഇതു കാരണമാകും എന്ന് ഈ പദ്ധതിക്കെതിരെ വലിയ ആക്ഷേപങ്ങളും ഉയർന്നിട്ടുണ്ട്. പൊതു മേഖലാ ബാങ്കുകൾക്ക് ഇതു വലിയ ഭാരമാകുമെന്നും വിമർശനം ഉയരുകയും ഉണ്ടായി. യോജിച്ച ബഹിഷ്കരണ മാനദണ്ഡം കണ്ടെത്തുക, അപേക്ഷാ പ്രക്രിയ ലളിതമാക്കുക, കാര്യക്ഷമമായ വിതരണ സംവിധാനം ഏർപ്പെടുത്തുക എന്നിവയാണ് ഇതിനുള്ള പ്രധാന വെല്ലുവിളികൾ. അവസാനമായി ചൂണ്ടിക്കാണിക്കട്ടെ, പണവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളിലും അത് എത്ര നന്നായി നടപ്പാക്കിയാലും അഴിമതിയും ധൂർത്തും ഉണ്ടാകും, തീർച്ച. അല്ലെങ്കിൽ അതിനെ നിരീക്ഷിക്കാൻ കാര്യക്ഷമമായ സംവിധാനം വേണം.

*(മുംബൈയിലെ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോപ്പുലേഷൻ സയൻസിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഡവലപ്പ്മെന്റ് സ്റ്റഡീസ് വിഭാഗം മുൻ മേധാവിയാണ് ലേഖിക)*

# എല്ലാവർക്കും ആരോഗ്യം

പ്രൊഫ. കെ സീത പ്രഭു

## സാമൂഹിക സുരക്ഷയും ആരോഗ്യ സുരക്ഷയും

സാമ്പത്തിക അസ്ഥിരതയുടെയും പ്രതിസന്ധിയുടെയും കാലങ്ങളിൽ വളരെ പ്രാധാന്യമുള്ള വിഷയമാണ് സാമൂഹിക സുരക്ഷ. ഇല്ലായ്മയിൽനിന്നുള്ള മോചനം എന്നാണ് 1942 ലെ ചരിത്രസംഭവമായ ബെവിറിഡ്ജ് കമ്മിറ്റി റിപ്പോർട്ട് സാമൂഹിക സുരക്ഷയെ നിർവചിച്ചിരിക്കുന്നത്. സാമൂഹിക സുരക്ഷയുമായി ബന്ധപ്പെട്ട് 1950 – കളിൽ അന്താരാഷ്ട്ര തൊഴിൽ സംഘടന, സംഭവിക്കാനിടയുള്ള ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിലാണ് 1989– ൽ ഡ്രെസും സെന്നും (Dreze and Sen) ചേർന്ന് വികസ്വര രാജ്യങ്ങൾക്കായി കുറെക്കൂടി വിശാലമായ നിർവചനം നിർദ്ദേശിച്ചത്. ഇതെ തുടർന്ന് സാമൂഹിക ശേഷികളുടെയും സാമ്പത്തിക സുരക്ഷയുടെയും വർധനവ് ഉറപ്പാക്കുന്ന സാമൂഹിക സാമ്പത്തിക സുരക്ഷയാണ് ഇന്ത്യയെ സംബന്ധിച്ചിടത്തോളം പ്രസക്തമായ ആശയം എന്ന് പ്രഭു ആവർത്തിച്ചു. ഇതുപോലെ വിശാലമായ സൂഹിക സുരക്ഷാ സങ്കല്പത്തിന്റെ അവിഭാജ്യ ഘടകമാണ് ആരോഗ്യ സുരക്ഷ.

## എല്ലാവർക്കും ആരോഗ്യം

ആഗോള ആരോഗ്യ പരിപാലന സങ്കല്പവുമായി ഏറ്റവും അടുത്തു നിലക്കുന്നതാണ് ആരോഗ്യ സുരക്ഷ. മാത്രവുമല്ല, 2000 ത്തോടെ എല്ലാവർക്കും ആരോഗ്യം കൈവരിക്കണം എന്ന 1978 ലെ ആൽമ അറ്റ (Alma Ata) പ്രഖ്യാപനത്തെ തുടർന്ന് ഇതിനു വലിയ പ്രാധാന്യവും ലഭിച്ചു. അതോടൊപ്പം 1981 ലെ ഐ.സി.എസ്.എസ്.ആർ–ഐ.സി.എം.ആർ റിപ്പോർട്ടിൽ നിന്നുമുള്ള ആശയങ്ങളും ഉൾക്കൊണ്ടാണ് ഇന്ത്യാ ഗവൺമെന്റ് 1983 ൽ ദേശീയ ആരോഗ്യ നയം പ്രഖ്യാപിച്ചത്. അനന്തരം 2002 ലെ ദേശീയ ആരോഗ്യ നയം ഇതിനു പകരമായി വന്നു. രാജ്യത്തെ പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനത്തെ പുനരുജ്ജീവിപ്പിക്കാനാണ് 2005 ൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം ആരംഭിച്ചത്. ഇത്തരം നയ സംരംഭങ്ങൾ പ്രാവർത്തികമാക്കിയിട്ടും ഇന്ത്യയിൽ ആഗോള ആരോഗ്യ പരിപാലന നിലവാരം ലക്ഷ്യത്തിലെത്തിയില്ല. അടിസ്ഥാന ആരോഗ്യ സൂചികകളിൽ ഇന്ത്യയുടെ സ്ഥാനം നിമ്ന വരുമാന രാജ്യമായ ബംഗളാദേശിന്റെ പോലും പിന്നിലായി. ഒപ്പം നിർണായകമായ ആരോഗ്യ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളും നമുക്ക് നഷ്ടപ്പെട്ടു.

രാജ്യത്ത് സംഭവിച്ച അസന്തുലിത സ്വഭാവമുള്ള വികസനത്തിന്റെ നേർചിത്രമാണ് ഇന്ത്യയുടെ ആരോഗ്യ പരിപാലന സമ്പ്രദായം. രാജ്യത്തെ ഒരു വിഭാഗത്തിന്റെ ഉയർന്ന വരുമാനവും സാമ്പത്തിക അസമത്വവും ദ്വിതീയവും ത്രിദീയവുമായ ചികിത്സാ സേവനങ്ങളിൽ വക്രീകരിച്ച ആരോഗ്യ പരിപാലനത്തിനു കാരണമായിട്ടുണ്ട്. സമൂഹത്തിലെ പാവപ്പെട്ടവരുടെ നിലനില്പിന് ആവശ്യമായ പ്രാഥമികവും അടിസ്ഥാനപരവുമായ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ അവഗണിക്കപ്പെടുന്നതിലേയ്ക്കാണ് ഇത് കാര്യങ്ങളെ നയിച്ചത്. ലോകാരോഗ്യ സംഘടനയുടെ കണക്കു പ്രകാരം 2008 ൽ 5.2 ദശലക്ഷം പേർ ഇന്ത്യയിൽ പകർച്ചവ്യാധി ഇതര രോഗങ്ങൾ മൂലം മരണമടഞ്ഞു. ഇത് രാജ്യത്തെ മൊത്തം മരണ സംഖ്യയുടെ 53 ശതമാനം വരും. സാമ്പത്തിക അസമത്വങ്ങളിലെ ശക്തമായ വേർതിരിവ് സംസ്ഥാനങ്ങളിലും വിവിധ സാമൂഹിക വിഭാഗങ്ങളിലും നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള ആരോഗ്യ രക്ഷാ ഫലങ്ങളിലും വളരെ പ്രകടമാണ്. ആരോഗ്യ അസമത്വം മൂലം 2015 ൽ ഇന്ത്യയുടെ ആരോഗ്യ സൂചികാ മൂല്യത്തിൽ 24 ശതമാനം ഇടിവ് സംഭവിച്ചതായി മനുഷ്യ വികസന അസമത്വ സൂചിക സംബന്ധിച്ച യുൻഡിപിയുടെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.



അതിലുപരി വിദ്യാഭ്യാസത്തിന്റെ കാര്യത്തിലെന്നപോലെയല്ല, അടിസ്ഥാനപരവും പ്രാഥമികവുമായ ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നതിൽ വളരെ കുറഞ്ഞ പ്രതിജ്ഞാബദ്ധതയേ നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിന് ഉള്ളുവെന്ന് പറയേണ്ടിയിരിക്കുന്നു. ആന്ധ്രപ്രദേശിൽ തെരഞ്ഞെടുപ്പിലൂടെയുള്ള നേട്ടങ്ങളുടെ സാധ്യത വ്യക്തമായെങ്കിലും എല്ലാവർക്കും ആരോഗ്യം എന്നത് ഒരിക്കലും ഇവിടെ സുപ്രധാനമായ തെരഞ്ഞെടുപ്പ് വിഷയം ആയിരുന്നില്ല. പൊതുവിൽ ആരോഗ്യമേഖലയോടുള്ള രാഷ്ട്രീയ അയിത്തം ബജറ്റ് വിഹിതം അനുവദിക്കുന്നതിൽ പോലും പ്രകടമാണ്. മികച്ച സാമ്പത്തിക വളർച്ചയിലും മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 1.5 ശതമാനം പോലും ആരോഗ്യ മേഖലയ്ക്ക് നല്കിയിട്ടില്ല. അതായത് 75 ശതമാനം വരുന്ന ചികിത്സാ ചെലവുകളും വ്യക്തികളുടെ കീശയിൽ നിന്ന് വഹിക്കുകയും, ആരോഗ്യ ദുരന്തങ്ങൾ വൻതോതിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ നിരന്തരം ക്ലേശിപ്പിക്കുകയും ചെയ്യും.

## ആരോഗ്യ ഇൻഷുറൻസ് ഇന്ത്യയിൽ:

വൻതോതിൽ സാമ്പത്തിക അസമത്വങ്ങളും, തുച്ഛമായ ചികിത്സാ സംവിധാനങ്ങളും നിലനില്ക്കുന്ന ബ്രസീൽ, ബൊളിവിയ, ഇന്തോനേഷ്യ, തായ്‌ലൻഡ് തുടങ്ങിയ രാജ്യങ്ങൾ ആഗോള ആരോഗ്യ പരിപാലനം ലക്ഷ്യമാക്കി 1980 കളിൽ തന്നെ അവരുടെ ആരോഗ്യ നയങ്ങൾ പരിഷ്കരിക്കുകയുണ്ടായി. തായ്‌ലൻഡിലെ 30 ബാത് (30 Baht Scheme)സംവിധാനം, ഇന്തോനേഷ്യയിലെ സാമൂഹിക ആരോഗ്യ ഇൻഷുറൻസ്, ബ്രസീലിലെ ഏകീകൃത ചികിത്സാ സംവിധാനം തുടങ്ങിയവ ഈ രാജ്യങ്ങൾ എപ്രകാരം അവിടങ്ങളിലെ മൊത്തം ജനങ്ങളുടെയും അടിസ്ഥാന ചികിത്സാ ആവശ്യങ്ങൾ പരിഹരിച്ചു എന്നതിന് ഉദാഹരണമാണ്. ആഗോള ആരോഗ്യ സമഗ്രത കൈവരിക്കാൻ പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനത്തിന്റെ ശാക്തീകരണം ഒരു മുന്നൊരുക്കമാകുന്നു എന്ന് ഈ രാജ്യങ്ങളുടെ മാതൃക സൂചിപ്പിക്കുന്നു.

ഗവൺമെന്റ് ജീവനക്കാരുടെയും അവരുടെ ആശ്രിതരുടെയും ചികാത്സാ ആവശ്യങ്ങൾക്കാണ് എംപ്ലോയ്മെന്റ് സ്റ്റേറ്റ് ഇൻഷുറൻസ് സ്കീം, സെൻട്രൽ ഗവൺമെന്റ് ഹെൽത്ത് ഇൻഷുറൻസ് സ്കീം എന്നീ പദ്ധതികൾ ഇന്ത്യയിൽ ആരംഭിച്ചത്. ഇന്ത്യയിലെ പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 10 ശതമാനത്തോളം ആളുകൾക്ക് നല്ല നിലവാരമുള്ള ദ്വിതീയവും ത്രിതീയവുമായ ചികിത്സയും ആരോഗ്യ പരിരക്ഷയും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ഗ്രാമീണ മേഖലകളിലെ പാവപ്പെട്ട സ്ത്രീകളുടെ പ്രസവം ആശുപത്രികളിൽ നടത്തുന്നതിന് ജനനി സുരക്ഷ യോജന എന്ന പേരിൽ ഉപാധികളോടെ പണം നല്കുന്ന പദ്ധതി 2005 ൽ ആരംഭിച്ചു. ഈ പദ്ധതി വലിയ ഫലം കണ്ടു. പാവപ്പെട്ട സംസ്ഥാനങ്ങളിൽ ആശുപത്രികളിലെ പ്രസവങ്ങളുടെ എണ്ണം ഗണ്യമായി വർധിച്ചു. പക്ഷെ പ്രസവാനുബന്ധ മരണനിരക്ക് ഉദ്ദേശിച്ചത്ര കുറയ്ക്കാൻ നമുക്ക് ഇതുകൊണ്ട് സാധിച്ചിട്ടുമില്ല.

സമൂഹത്തിൽ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് പെട്ടെന്ന് സംഭവിക്കുന്ന ചികിത്സാ ചെലവുകൾ വഹിക്കുക, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് നിലവാരമുള്ള ആരോഗ്യ പരിരക്ഷ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2008 ൽ രാഷ്ട്രീയ സ്വാസ്ഥ്യ ബിമ യോജന(RSBY) ആരംഭിച്ചത്. തുടക്കത്തിൽ ഇത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് റിക്ഷാ തൊഴിലാളികൾ, പാഴ് വസ്തുക്കൾ ശേഖരിക്കുന്നവർ തുടങ്ങി അനൗപചാരിക മേഖലയിലെ ജീവിത ക്ലേശം അനുഭവിക്കുന്നവരെയും ഈ പദ്ധതിയിൽ അംഗമാക്കി. ഒരു കുടുംബം വർഷം 30 രൂപ മാത്രം അടച്ച് രജിസ്റ്റർ ചെയ്താൽ ആശുപത്രിയിലെ 30000 രൂപ വരെയുള്ള ചികിത്സാ ചെലവുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി. ഇപ്പോൾ ഈ പദ്ധതിയിലെ അംഗങ്ങൾക്ക് ലഭിക്കുന്ന ചികിത്സാ ചെലവ് ഒരു ലക്ഷം രൂപയാക്കി ഉയർത്തിയിരിക്കുന്നു. 2016 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം മൊത്തം അംഗങ്ങളായ 72.8 ദശലക്ഷം കുടുംബങ്ങളിൽ 41.3 ദശലക്ഷം കുടുംബങ്ങൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബിമ യോജനയുടെ പ്രയോജനം ലഭിച്ചു. മൊത്തം ആശുപത്രി കേസുകൾ 11.8 ദശലക്ഷം മാത്രമായിരുന്നു എന്നത് എത്ര കുറച്ച് ആളുകൾ മാത്രമാണ് ഈ പദ്ധതിയുടെ പ്രയോജനം ഉപകാരപ്പെടുത്തിയത് എന്ന് ചൂണ്ടിക്കാണിക്കുന്നു. രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജനയുടെ പ്രധാന ലക്ഷ്യം പാവപ്പെട്ടവർ നേരിടേണ്ടി വരുന്ന കനത്ത ചികിത്സാ ചെലവുകൾ ലഘൂകരിക്കുക എന്നതാണ്. എങ്കിലും അത് ഗണ്യമായി കുറഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. കാരണം പുറമെ നിന്നു വാങ്ങുന്ന മരുന്നുകൾ, പുറമെ നടത്തേണ്ട വിദഗ്ധ പരിശോധനകൾ, അതിനുള്ള യാത്ര ചെലവ് തുടങ്ങിയവയ്ക്ക് ഈ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നില്ല. എന്നാൽ കേരളം പോലെ ആരോഗ്യമേഖലയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ രാഷ്ട്രീയ സ്വാസ്ഥ്യ ബിമ യോജനയുടെ പ്രകടനം മികച്ചതാണ്.

രാജ്യത്തെ എട്ടു സംസ്ഥാനങ്ങളിലെങ്കിലും ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ കർണാടകത്തിലെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്കായുള്ള വാജ്പേയി ആരോഗ്യ പദ്ധതി, യശസ്വിനി കോ ഓപ്പറേറ്റിവ് ഫാർമേഴ്സ് ഹെൽത്ത് കെയർ സ്കീം, തെലുങ്കാന ഉൾപ്പെടെ ആന്ധ്രയിലെ രാജീവ്ഗാന്ധി ആരോഗ്യശ്രീ പദ്ധതി, തമിഴ്നാട്ടിലെ മുഖ്യമന്ത്രി ആരോഗ്യ ഇൻഷുറൻസ് പദ്ധതി, മഹാരാഷ്ട്രയിലെ രാജീവ്ഗാന്ധി ജീവൻദായി ആരോഗ്യ യോജന, ഗുജറാത്തിലെ മുഖ്യമന്ത്രി അമൃതം യോജന, ഛത്തിസ്ഗഢിലെ സഞ്ജിവനി ഖോഷ് എന്നിവ അവയിൽ ചിലതാണ്. ഇവയിൽ ആന്ധ്രയിലെ രാജീവ്ഗാന്ധി ആരോഗ്യശ്രീ പദ്ധതി സമൂഹത്തിലെ 85 ശതമാനം ആളുകളെയും ഉൾപ്പെടുത്തി ആഗോള ആരോഗ്യ പരിരക്ഷയോട് അടുത്തിരിക്കുന്നു. പക്ഷെ, അതിന്റെ ദ്വിതീയവും ത്രിദിയവുമായ ആരോഗ്യ പരിപാലന ക്രമീകരണം മൂലം പകുതിയിലധികം തുകയും നല്കുന്നത് ക്യാൻസർ, ഹൃദ്രോഗം, കിഡ്നി തകരാർ തുടങ്ങിയ രോഗങ്ങൾക്കാണ്. തന്മൂലം പാവപ്പെട്ടവരും പാർശ്വവത്കൃതരുമായ ബാക്കി 40 ശതമാനം വരുന്നവരിൽ ഗർഭസ്ഥ ശിശുമരണം, ശ്വാസകോശ രോഗങ്ങൾ, അതിസാരം, ക്ഷയം തുടങ്ങി അതീവ ശ്രദ്ധ വേണ്ടിവരുന്ന രോഗകാര്യങ്ങളിൽ പ്രാഥമിക തല ശുശ്രൂഷകൾ മാത്രമേ ഇതുകൊണ്ടു നല്കാൻ സാധിക്കുന്നുള്ളു. മൊത്തത്തിൽ 2015 ഓടെ 280 ദശലക്ഷം ജനങ്ങൾക്ക് അതായത് മൊത്തം ജനസംഖ്യയുടെ നാലിൽ ഒന്നിന് മാത്രം ഗവൺമെന്റിന്റെ രാഷ്ട്രീയ സ്വാസ്ഥ്യ ബിമ യോജന ഉൾപ്പെടെയുള്ള വിവിധ ഇൻഷുറൻസ് പദ്ധതികളിലൂടെ ആരോഗ്യ സുരക്ഷ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാലും കേന്ദ്ര സംസ്ഥാന തലങ്ങളിലുള്ള ഈ ഇൻഷുറൻസ് പദ്ധതികളിൽ ഒന്നിലും പ്രാഥമിക പരിരക്ഷ ഉൾപ്പെടുന്ന ഇൻഷുറൻസ് പാക്കേജ് ഇല്ല. മേഘാലയത്തിൽ മാത്രം ഭാഗികമായ പരിരക്ഷ ലഭിക്കും. ബാക്കിയെല്ലാം ദ്വിതീയ ത്രിദീയ പരിരക്ഷ നല്കുന്ന പദ്ധതികൾ മാത്രമാണ്.

## മുന്നോട്ടുള്ള വഴി:

സമഗ്ര പ്രാഥമിക ആരോഗ്യ പരിപാല രംഗത്തെ ഗവൺമെന്റ് നയത്തിലുള്ള രീതിമാറ്റത്തെയാണ് ഇന്ത്യയുടെ പുതിയ ദേശീയ ആരോഗ്യ നയം 2017 അടയാളപ്പെടുത്തുന്നത്. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്ന് രോഗങ്ങളുടെ അസാന്നിധ്യം എന്നതിനുപരി ക്ഷേമവുമായി ബന്ധപ്പെടുത്തിയാണ് ഇത് ആരോഗ്യത്തെ നിർവചിക്കുന്നത്. രണ്ട്, പ്രാഥമിക ചികിത്സയ്ക്ക് കൂടുതൽ പ്രാധാന്യം നല്കുക വഴി പൊതു മേഖലയിൽ നിർണ്ണായക പങ്ക് രേഖപ്പെടുത്തുന്നു. അതിശയകരമെന്നു പറയട്ടെ, മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 2.5 ശതമാനം മാത്രം ആരോഗ്യ മേഖലയിൽ ചെലവഴിച്ചുകൊണ്ട് 2025 ലേയ്ക്ക് നീങ്ങുമ്പോഴും നമ്മുടെ ആരോഗ്യ പ്രതീക്ഷകൾ വർധിക്കുകയാണ്. സാമ്പത്തിക ഞെരുക്കം പരിഹരിക്കാൻ നാം പൊതു മേഖലാ, സ്വകാര്യ മേഖല പങ്കാളിത്തത്തെ ആശ്രയിക്കുകയാണ്. പക്ഷെ ഇതുവരെയുള്ള നീക്കങ്ങൾ അത്ര പ്രോത്സാഹന ജനകമല്ല. മാത്രവുമല്ല, ജാഗ്രത പുലർത്തിയില്ലെങ്കിൽ സ്വകാര്യ മേഖല പൊതുജനങ്ങൾക്കു ലഭിക്കേണ്ട സാമ്പത്തിക സൗജന്യങ്ങൾ തട്ടിയെടുത്ത് വളരും. അടിസ്ഥാന ആരോഗ്യ സൗകര്യങ്ങൾ കൃത്യമായി ഉണ്ടെങ്കിൽ മാത്രമെ ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾക്ക് പ്രവർത്തിക്കാൻ സാധിക്കുകയുള്ളു എന്ന് അന്താരാഷ്ട്ര അനുഭവങ്ങൾ വ്യക്തമാക്കുന്നു. ഇതാകട്ടെ ഗവൺമെന്റിനു മാത്രം സാധിക്കുന്ന പ്രവർത്തനവുമാണ്. എല്ലാവർക്കും ആരോഗ്യം എന്നത് യാഥാർത്ഥ്യമാകണമെങ്കിൽ ആരോഗ്യ മേഖലയിൽ കൂടുതലായി ചെലവഴിക്കാനുള്ള പണം ഗവൺമെന്റ് കണ്ടെത്തണം. ഒപ്പം കൂടുതൽ കാര്യക്ഷമത ഉറപ്പാക്കാൻ അതിനെ നവീകരിക്കുകയും വേണം.

ഈ ആവശ്യത്തിനു പണം കണ്ടെത്താനുള്ള മാർഗം വിദഗ്ധർ നിർദ്ദേശിക്കുന്നുണ്ട്. അവരുടെ കണക്കു പ്രകാരം വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് മൂലധന നിക്ഷേപമായി വേണ്ടത്ര ആരോഗ്യ സൗകര്യങ്ങൾ ഉറപ്പാക്കാൻ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1 മുതൽ 1.5 ശതമാനം വരെ ആവശ്യമായി വരും. 60 ശതമാനം ജനങ്ങൾക്കും പ്രാഥമിക, ദ്വിതീയ അവസ്ഥകൾക്കും തെരഞ്ഞെടുക്കപ്പെട്ട ത്രിദീയ അവസ്ഥയ്ക്കും സൗജന്യമായി സമഗ്ര ചികിത്സ ലഭ്യമാക്കാൻ മറ്റൊരു 1 ശതമാനം കൂടി വേണ്ടിവരും. പൊതുശുചീകരണ നടപടികൾ, മാലിന്യ നിർമ്മാർജ്ജനം, പോഷകാഹാരം, പാർപ്പിടം തുടങ്ങിയ ആവശ്യ സൗകര്യങ്ങൾ കൂടി നടപ്പാക്കാൻ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 2 ശതമാനം കൂടി വേണ്ടി വരും.

ഐക്യരാഷ്ട്ര സഭയുടെ 2030 -ലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പട്ടികയിൽ ആഗോള നിലവാരമുള്ള ആരോഗ്യ പരിരക്ഷ കൈവരിക്കൽ 3.8 -ാമത്തെ ലക്ഷ്യമാണ്. ഇത് നേടാനുള്ള ഇന്ത്യയുടെ പ്രകടനം അതി നിർണായകമാണ്. ഇന്ത്യാ ഗവൺമെന്റിന്റെ ദേശീയ ആരോഗ്യ നയം 2017 ന്റെ നിർവഹണം എല്ലാ അർത്ഥത്തിലും രാജ്യത്തിന്റെ ദീർഘനാളായുള്ള ലക്ഷ്യമായ 2013 -ഓടെ എല്ലാവർക്കും ആരോഗ്യം എന്ന സ്വപ്നം കൈവരിക്കുന്നതിന് അത്യന്തം നിർണായകമാണ്.

*(മുംബൈയിലെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ പ്രൊഫസറായ ലേഖിക പ്രധാനമന്ത്രിയുടെ ഗ്രാമ വികസന പദ്ധതികളുടെ നടത്തിപ്പു സംബന്ധിച്ച് ഗ്രാമവികസന മന്ത്രാലയത്തിന്റെ ഉപദേശക കൂടിയാണ്.)*

## വിജ്ഞാന പാത

### വരിഷ്ഠ പെൻഷൻ ബീമാ യോജന - 2017

2017ലെ വരിഷ്ഠ പെൻഷൻ ബീമാ യോജനയ്ക്ക് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ 2017 ജനുവരി 24 ന് ചേർന്ന കേന്ദ്രമന്ത്രിസഭായോഗം മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകി. സാമൂഹിക സുരക്ഷിതത്വത്തിലും സാമ്പത്തിക ഉൾക്കൊള്ളലിലും ഗവൺമെന്റിന്റെ പ്രതിബദ്ധതയുടെ ഭാഗമായിട്ടാണ് ഈ പദ്ധതി നിലവിൽ വന്നത്.

60 വയസ്സ് കഴിഞ്ഞവരെ സംരക്ഷിക്കുന്നതിനും വാർദ്ധക്യ കാലത്ത് സാമൂഹിക സുരക്ഷിതത്വം പ്രദാനം ചെയ്യുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് വരിഷ്ഠ പെൻഷൻ ബീമാ യോജന. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ (എൽ.ഐ.സി) മുഖേനെയായിരിക്കും ഈ പദ്ധതി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുക. പ്രതിവർഷം 8 ശതമാനം നിരക്കിൽ വരുമാനം ഉറപ്പ് നൽകുന്ന പെൻഷൻ പദ്ധതിയാണിത്. ഈ പെൻഷൻ കൈപ്പറ്റുന്നത് പ്രതിമാസമോ, 3 മാസത്തിൽ ഒരിക്കലോ, 6 മാസത്തിൽ ഒരിക്കലോ, വർഷത്തിലൊരിക്കലോ എന്നത് ഗുണഭോക്താവിന് തീരുമാനിക്കാം. എൽ.ഐ.സി. നൽകുന്ന റിട്ടേണും പദ്ധതി പ്രകാരമുള്ള 8 ശതമാനം പ്രതിവർഷ റിട്ടേണും തമ്മിലുള്ള വ്യത്യാസം കേന്ദ്ര ഗവൺമെന്റ് സബ്സിഡിയായി വാർഷികാനുപാതത്തിൽ നൽകും. 2017 ലെ വരിഷ്ഠ പെൻഷൻ ബീമാ യോജന തുടക്കം കുറിക്കുന്ന ദിവസം മുതൽ ഒരു വർഷം വരെ പദ്ധതിയിൽ ചേരാൻ കാലാവധിയുണ്ടായിരിക്കും.

# ഭിന്നശേഷിയുള്ളവരുടെ സാമൂഹ്യ സുരക്ഷ

സന്ധ്യ ലിമായേ



**പാ**രമ്പര്യമായി, ഇന്ത്യയിലെ അനൗപചാരിക സാമൂഹ്യസുരക്ഷാ സംവിധാനമാണ് കുടുംബം. ഒരു കാലത്ത് കൂട്ടുകുടുംബ സംവിധാനം ഇവിടെ നിലനിന്നു പോന്നിരുന്നു. അവിടെ കുടുംബാംഗങ്ങൾ ഒരുമിച്ചു താമസിക്കുകയും ഉത്തരവാദിത്വത്തോടെ അവരുടെ ആവശ്യങ്ങൾ നിറവേറ്റിപ്പോരുകയും ചെയ്തിരുന്നു. വ്യവസായവത്കരണം, ആധുനീകരണം, നഗരവത്കരണം, നഗരങ്ങളിലെ ജോലി സാധ്യതകൾ തുടങ്ങിയവ കൂട്ടുകുടുംബത്തിന്റെ തകർച്ചയ്ക്ക് വഴിയൊരുക്കുകയും അനൗപചാരിക സാമൂഹ്യ സുരക്ഷാ സംവിധാനത്തെ തകർച്ചയിലേക്കു നയിക്കുകയും ചെയ്തു. അതുമൂലം രാജ്യത്തിന് ഈ പൗരന്മാരുടെ സംരക്ഷണം നേരിട്ട് ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്.

ജനങ്ങളുടെ ക്ഷേമത്തിനായി ഗവണ്മെന്റ് എടുക്കുന്ന നടപടികളെയാണ് സാമൂഹ്യക്ഷേമ പദ്ധതികൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. കുട്ടികൾ, വൃദ്ധജനങ്ങൾ, ഭിന്നശേഷിയുള്ളവർ തുടങ്ങിയ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് പിന്തുണയും ആവശ്യമായ വിഭവങ്ങളും ലഭ്യമാക്കുകയാണ് സാമൂഹ്യക്ഷേമ പദ്ധതികളുടെ ലക്ഷ്യം. ഭിന്നശേഷിയിലുള്ള ആളുകൾക്ക് അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള സഹായം ഇതിലൂടെ ലക്ഷ്യമിടുന്നു. സാമൂഹ്യ ഇൻഷുറൻസ്, ദേശീയ പ്രൊവിഡൻഡ് ഫണ്ടുകൾ, സാമൂഹ്യ സഹായങ്ങൾ, എംപ്ലോയർ ലയബിലിറ്റി സ്കീം, സാമൂഹ്യസുരക്ഷയ്ക്കുള്ള സാർവത്രിക പദ്ധതി തുടങ്ങിയവയെ സാമൂഹ്യ സുരക്ഷാപദ്ധതിയെന്നു ഇന്ത്യയിൽ വിവക്ഷിക്കുന്നു.

രാജ്യം പൗരന്മാർക്ക് സാമൂഹ്യസുരക്ഷ നൽകേണ്ട ഉത്തരവാദിത്വത്തെക്കുറിച്ചാണ് ഇന്ത്യൻ ഭരണഘടനയുടെ 43-ാം അനുച്ഛേദം പറയുന്നത്. നിയമത്തിന്റെ മുന്നിൽ ഒരു വ്യക്തിക്കും തുല്യത നിഷേധിക്കരുതെന്ന് ആർട്ടിക്കിൾ 14 (ഏഴാം ഷെഡ്യൂൾ) നിർദ്ദേശിക്കുന്നു. ഭിന്നശേഷിക്കാർക്കും തൊഴിലില്ലാത്തവർക്കും ആശ്വാസം നൽകുവാനും അവരെ സഹായിക്കുവാനും ഭരണ കർത്താക്കൾക്കു നിർദ്ദേശം നൽകുന്നു. ജോലി ചെയ്യാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, തൊഴിൽരഹിതർ, വൃദ്ധർ, രോഗികൾ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കു സഹായം നൽകൽ തുടങ്ങിയവ ഉറപ്പാക്കാൻ രാജ്യത്തിനു അതിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച്, കഴിയുംവിധം ഫലപ്രദമായ വകയിരുത്തൽ നടത്തുവാൻ ആർട്ടിക്കിൾ 41 അനുശാസിക്കുന്നു.

ജനനത്തിനു മുമ്പും പിമ്പും കുഞ്ഞിനും അമ്മയ്ക്കുമുള്ള ശുശ്രൂഷകൾ; തൊഴിലില്ലായ്മാ വേതനവും ഇൻഷുറൻസും; സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ഭിന്നശേഷിയിൽപ്പെട്ടവർക്ക് സ്വതന്ത്രമായ ജീവിതം നയിക്കുന്നതിനുള്ള അവകാശത്തെ പിന്തുണയ്ക്കുക, ഇവരെ എല്ലാത്തരം ആക്രമണമണങ്ങളിൽനിന്നും സംരക്ഷിക്കുക തുടങ്ങി നിരവധി കാര്യങ്ങളിൽ സ്വീകരിക്കേണ്ട സാമൂഹ്യ സുരക്ഷാ നടപടികളെക്കുറിച്ച് 1995-ലെ പേഴ്സൺ വിത്ത് ഡിസെബിളിറ്റീസ് ആക്ട്, 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് എന്നീ നിയമങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പദ്ധതികൾ

പാവപ്പെട്ടവരായ അല്ലെങ്കിൽ സ്വയം പോറ്റാൻ നിവൃത്തിയില്ലാത്ത ഭിന്നശേഷിക്കാർക്കുവേണ്ടി രാജ്യവും ഓരോ സംസ്ഥാനവും സമൂഹ്യസുരക്ഷ പദ്ധതികൾ തയാറാക്കി നടപ്പാക്കിവരുന്നുണ്ട്. വാർഷിക വരുമാനം, അതാതു സംസ്ഥാനങ്ങളുടെ മാർഗനിർദ്ദേശങ്ങൾ തുടങ്ങിയവ പ്രകാരം ഭിന്നശേഷിക്കാർക്ക് പ്രതിമാസ പെൻഷൻ നൽകിവരുന്നുണ്ട്. ഇന്ദിരാഗാന്ധി നാഷണൽ ഡിസെബിളിറ്റി പെൻഷൻ സ്കീം, ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണത്തിനായി ദേശീയ അവാർഡ് നൽകുന്ന പദ്ധതി, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് പദ്ധതി, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങുവാനുള്ള പദ്ധതി, തൊഴിൽ സംവരണം തുടങ്ങി നിരവധി പദ്ധതികൾ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

**I. പ്രതിരോധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ:** ആരോഗ്യ സംരക്ഷണം, പ്രതിരോധ കുത്തിവയ്പ്, പ്രസവത്തിനുമുമ്പും പിമ്പും അമ്മയ്ക്കും കുഞ്ഞിനുമുള്ള ശുശ്രൂഷകൾ തുടങ്ങിയവ ലക്ഷ്യമാക്കിയുള്ള സഹായപദ്ധതികളാണിവ.

**II. അഭിവൃദ്ധി നൽകുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ:** കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പദ്ധതിയ

നുസരിച്ചു ഭിന്നശേഷിയുള്ളവർക്ക് ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, പുനരധിവാസം, സംവരണം തുടങ്ങിയവയ്ക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയാണ് ഇതിൽ പ്രധാന ലക്ഷ്യം. സാമൂഹ്യ, സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ഇതു ഭിന്നശേഷിയുള്ളവരെ പ്രാപ്തരാക്കും.

**1. നികുതി ഇളവ്:**

ആദായനികുതി നിയമം 80 (യു) വകുപ്പ് അനുസരിച്ച് ഭിന്നശേഷിയുള്ളവർ പ്രഫഷണൽ നികുതി, ആദായ നികുതി എന്നിവയിൽ കിഴിവുകൾക്ക് അർഹരാണ്. ആദായനികുതി വകുപ്പ് 80 ഡിഡി അനുസരിച്ച് ഭിന്നശേഷിയുള്ള ആശ്രിതന്റെ നിയമപരമായ രക്ഷകർത്താവിന് നികുതിയിളവിന് അർഹതയുണ്ട്. ഭിന്നശേഷിയുടെ രൂക്ഷത അനുസരിച്ചാണ് കിഴിവ് ലഭിക്കുക.

**2. വിദ്യാഭ്യാസം:**

**എ)** ഒരു വർഷത്തിലേറെ കാലയളവുകളുള്ള പോസ്റ്റ് മെട്രിക്, പ്രൊഫഷണൽ, ടെക്നിക്കൽ കോഴ്സുകൾ തുടങ്ങിയവയിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ദേശീയ സ്കോളർഷിപ്പ് നൽകും. ഓട്ടിസം, മസ്തിഷ്ക വൈകല്യം, ബുദ്ധിമാന്ദ്യം തുടങ്ങിയവയുള്ള വിദ്യാർത്ഥികൾക്ക് ഒമ്പതാം ക്ലാസു മുതൽ സ്കോളർഷിപ്പ് നൽകുന്നു. ഇത്തരം സ്കോളർഷിപ്പ് ലഭിക്കുവാനുള്ള അർഹത 40 ശതമാനം ഭിന്നശേഷിയും കുടുംബവരുമാനം പ്രതിമാസം 15,000 രൂപയിൽ താഴെയുമാണ്.

**ബി) സാമ്പത്തിക സഹായം:** കാഴ്ച, കേൾവി വൈകല്യമുള്ളവരും ബിരുദ, ബിരുദാനന്തര പ്രഫഷണൽ കോഴ്സുകൾക്കു വിദ്യാർത്ഥികൾക്ക് കംപ്യൂട്ടറും എഡിറ്റിംഗ് സോഫ്റ്റ്വേറും വാങ്ങുന്നതിന് സാമ്പത്തിക സഹായം ലഭിക്കും. മസ്തിഷ്ക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സപ്പോർട്ട് ആക്സസ് സോഫ്റ്റ്വേർ വാങ്ങാനും സഹായം കിട്ടും.

**സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണം:** ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവൺ മെന്റ് സഹായത്തോടെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് മൂന്നു ശതമാനം സംവരണം ലഭ്യമാക്കിയിട്ടുണ്ട്.

**ഡി) ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സമഗ്ര വിദ്യാഭ്യാസ പദ്ധതി:** തടസങ്ങളില്ലാതെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ എന്നിവയുടെ പ്രാപ്യത, പുസ്തകം, യൂണിഫോം, സ്റ്റേഷനറി, പ്രത്യേക പഠനോപകരണങ്ങൾ, സ്കോളർഷിപ് തുടങ്ങിയവ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കു ഈ പദ്ധതി ലഭ്യമാക്കുന്നു. ഈ പദ്ധതിയനുസരിച്ച് ചില സൗജന്യങ്ങളും ഇത്തരം വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുണ്ട്. കാഴ്ചവൈകല്യമുള്ളവരെ കണക്ക്, ചിത്രം അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ എന്നിവയ്ക്ക് ഇളവു നൽകിയിട്ടുണ്ട്. പകർത്തിയെഴുത്ത്, പകരം വായനക്കാർ തുടങ്ങിയവയിൽനിന്നു കാഴ്ചവൈകല്യം, പഠനവൈകല്യം, ഓർത്തോപീഡിക് ഭിന്നശേഷി തുടങ്ങിയവ ഉള്ളവരെ ഒഴിവാക്കിയിട്ടുണ്ട്. പരീക്ഷകളിൾ അധിക സമയം, മൂന്നാം ഭാഷയിൽനിന്നുള്ള ഒഴിവ്, വിദ്യാഭ്യാസത്തിൽ ഇവരെ ഉൾപ്പെടുത്തുന്ന തരത്തിൽ പാഠ്യക്രമത്തിലെ മാറ്റം തുടങ്ങിയവയും അനുവദിച്ചിട്ടുണ്ട്.

**ഇ) ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ദ ഡിസേബിൾഡ് അറ്റ് സെക്കൻഡറി സ്റ്റേജ് (ഐഇഡിഎസ്എസ്):** പതിന്നാലോ അതിനു മുകളിലോ പ്രായമുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് ഒമ്പതു മുതൽ 12 വരെ ക്ലാസുകളിൽ സഹായം നൽകുന്നതാണ് ഈ പദ്ധതി. ഗവൺമെന്റ് സ്കൂളുകൾ, ഗവൺമെന്റ് സഹായത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ തുടങ്ങിയവയിൽ പഠനം പൂർത്തിയാക്കുവാനാണ് സഹായം ലഭിക്കുക. എലിമെന്ററി സ്കൂളുകളിൽനിന്നു സെക്കൻഡറി സ്കൂളിലേക്കു നീങ്ങുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ കണ്ടെത്തി സഹായവും അവർക്ക് ആവശ്യമായ ഉപകരണങ്ങളും ഈ പദ്ധതി വഴി നൽകുന്നു. പഠനോപകരണങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, സ്കോളർഷിപ്പ്, പുസ്തകങ്ങൾ, സഹായകരമായ സാങ്കേതികവിദ്യകൾ, പകർത്തിയെഴുത്തുകാർ, വായനക്കാർ എന്നിവരെ വയ്ക്കൽ തുടങ്ങിയവ ഈ പദ്ധതി വഴി അവർക്കു പ്രാപ്യമാക്കുന്നു.

**എഫ്) രാജീവ് ഗാന്ധി ഫെലോഷിപ്പ് സ്കീം:** എം ഫിൽ, പിഎച്ച്ഡി, തുടങ്ങിയ ഉന്നതവിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി വഴി അഞ്ചുവർഷത്തേക്ക് സ്കോളർഷിപ്പ് നൽകുന്നു. ഓരോ വർഷവും ഈ പദ്ധതി പ്രകാരം 200 സ്കോളർഷിപ്പുകളാണ് നൽകുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള എല്ലാ യൂണിവേഴ്സിറ്റികളേയും സ്ഥാപനങ്ങളേയും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**3. തൊഴിൽ:**

എ) ഗവൺമെന്റ് സർവീസസ്, പൊതുമേഖലാ ബാങ്കുകൾ, മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയിലെ എ, ബി, സി, ഡി ഗ്രൂപ്പ് ഉദ്യോഗങ്ങളിൽ ഭിന്നശേഷിക്കാർക്ക് അഞ്ചു ശതമാനം സംവരണം ഗവൺമെന്റ് നൽകിയിട്ടുണ്ട്.

ബി) ഗവൺമെന്റ് ജോലികളിലേക്കുള്ള റിക്രൂട്ട്മെന്റിൽ ഭിന്നശേഷിക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ പത്തു വർഷം വരെ ഇളവ് അനുവദിച്ചിട്ടുണ്ട്. ജോലിക്കുള്ള അപേക്ഷാ ഫീസ്, പരീക്ഷാ ഫീസ് എന്നിവയിൽ നിന്നും ഇവരെ ഒഴിവാക്കിയിട്ടുണ്ട്.



സി) വിവിധ വകുപ്പുകളിലും സെക്ഷനുകളിലും നിശ്ച യിക്കപ്പെട്ട സ്ഥാനങ്ങൾ ഗവൺമെന്റ് ഭിന്നശേഷിക്കാ ർക്കായി സംവരണം ചെയ്തിട്ടുണ്ട്. അവരുടെ പ്രവർ ത്തിക്കുവാനുള്ള ശേഷിയുടേയും കഴിവിന്റേയും അടി സ്ഥാനത്തിലാണ് ഈ സ്ഥാനങ്ങളിലെ നിയമനം.

ഡി) ഗ്രൂപ്പ് സി, ഗ്രൂപ്പ് ഡി ജോലികളിൽ മേഖലാടിസ്ഥാ നത്തിൽ ഭിന്നശേഷിക്കാർക്ക് നിയമനം നൽകുവാൻ ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. കഴിവതും അവരുടെ വീടിനടുത്ത് നിയമനം നൽകണം. ഭിന്നശേഷിക്കാർക്ക് അവരുടെ വീടിനടുത്തേക്ക് നിയമനം ചോദിച്ചാൽ അ തിനു മുൻഗണന നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഇ) ഭിന്നശേഷിക്കാർക്കു സംവരണം ചെയ്തിട്ടുള്ള ഉദ്യോഗങ്ങളിലേക്ക് നിയമനം നടത്തുവാൻ സംസ്ഥാന തലസ്ഥാനങ്ങളിലും പ്രത്യേക എംപ്ലോയിമെന്റ് എക് സ്ചേഞ്ചുകളും എല്ല ജില്ലാ ആസ്ഥാനങ്ങളിലും പ്ര ത്യേക എംപ്ലോയിമെന്റ് സെല്ലുകളും സ്ഥാപിച്ചിട്ടുണ്ട്. പ്രത്യേക എംപ്ലോയിമെന്റ് എക്സ്ചേഞ്ച് സ്ഥാപിച്ചിട്ടി ല്ലാത്തയിടത്ത് നിലവിലുള്ള എംപ്ലോയിമെന്റ് എക്സ് ചേഞ്ചിനുള്ളിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. സംവരണം പ്രകാരം ഗവൺമെന്റ് ജോലി ലഭിക്കുവാൻ യോഗ്യരായ ഭിന്നശേഷിക്കാർ പ്രത്യേക എംപ്ലോയി മെന്റ് എക്സ്ചേഞ്ചിലോ എംപ്ലോയിമെന്റ് സെല്ലിലോ പേര് രജിസ്റ്റർ ചെയ്തിരിക്കണം. ഭിന്നശേഷിക്കാർ ക്കായി സ്ഥാപിച്ചിട്ടുള്ള 17 തൊഴിൽ പുനരധിവാസ കേ ന്ദ്രങ്ങളിലും സ്പെഷൽ എംപ്ലോയിമെന്റ് രജിസ്ട്രേ ഷൻ നടത്താവുന്നതാണ്.

എഫ്) തൊഴിൽദാതാക്കൾക്ക് സൗജന്യങ്ങൾ നൽകി സ്വകാര്യമേഖലയിലും ഭിന്നശേഷിക്കാർക്ക് ഗവൺമെ ന്റ് തൊഴിൽ നൽകുന്നു. തൊഴിൽദാതാവ് പ്രൊവിഡ ൻഡ് ഫണ്ടിലേക്ക് നൽകേണ്ട ഭിന്നശേഷിക്കാരായ ജോലിക്കാരുടെ വിഹിതവും ഗവൺമെന്റ് നൽകും. കുറഞ്ഞത് 25000 രൂപ ശമ്പളമുള്ളവരുടെ എംപ്ലോയി സ്റ്റേറ്റ് ഇൻഷുറൻസും മൂന്നു വർഷം വരെ ഗവൺമെന്റ് അടയ്ക്കും.

ജി) പൊതുമേഖല എണ്ണക്കമ്പനികളുടെ എല്ലാത്തരം ഡീലർഷിപ്പിന്റേയും ഏഴര ശതമാനം ശാരീരികമായി ഭിന്നശേഷിയുള്ളവർക്കായി എണ്ണ, പ്രകൃതിവാതക മ ന്ത്രാലയം സംവരണം ചെയ്തിട്ടുണ്ട്.

എച്ച്) സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി നാഷ ണൽ ഹാൻഡികാപ്പ്ഡ് ഫിനാൻസ് ആൻഡ് ഡെവല പ്മെന്റ് കോർപറേഷൻ ഭിന്നശേഷിയുള്ളവർക്ക് വാ യ്പ നൽകുന്നുണ്ട്. സേവനമേഖല, വ്യാപാരം, വ്യവ സായ യൂണിറ്റുകൾ സ്ഥാപിക്കാനും ഉന്നത പഠനം, പ്രഫഷണൽ ട്രെയിനിംഗ്, ഭിന്നശേഷിക്കാർക്ക് സഹാ യകരമായ ഉപകരണങ്ങളുടെ നിർമാണം, കാർഷിക പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കും ഓട്ടിസം, ബുദ്ധി മാന്ദ്യം, മസ്തിഷ്ക വൈകല്യം തുടങ്ങിയവ ഉള്ളവ ർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഈ പദ്ധതി യിൽ വായ്പ നൽകുന്നു.

ഐ) പൊതുമേഖല ബാങ്കുകൾ: 'അനാഥാലയങ്ങൾ, വനിതാ ഭവനങ്ങൾ, ഭിന്നശേഷിയുള്ള ആളുകൾ എന്ന വർക്കുള്ള പൊതുമേഖല ബാങ്കുകളുടെ പദ്ധതി'ക്കു കീഴിൽ ഭിന്നശേഷിക്കാർക്കും അവരുടെ ക്ഷേമത്തി നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും കുറഞ്ഞ പലിശനിരക്കിൽ ധനസഹായം നൽകുന്നു. സാമൂഹ്യ ലക്ഷ്യം കണക്കിലെടുത്ത് നാലു ശതമാനം പലിശ യാണ് ഇതിന് ഈടാക്കുന്നത്. രണ്ടു ലക്ഷം രൂപവരെ മുതൽ മുടക്കുള്ള ചെറുകിട വ്യവസായങ്ങൾക്ക് ഈ പദ്ധതിയുടെ കീഴിൽ പലിശനിരക്കിൽ അര ശതമാനം

ഇളവു കൂടി നൽകും.

**4. അസിസ്റ്റൻസ് ടു ഡിസേബിൾഡ് പേഴ്സൺ ഫോർ പർച്ചേസ്/ ഫിറ്റിംഗ് ഓഫ് എയ്ഡ് ആൻഡ് അപ്ലയൻസസ് (ADIP Scheme):** ഭിന്നശേഷിയുടെ സമ്മർദ്ദം പരമാവധി കുറച്ച് അവരുടെ മാനസികവും ഭൗതികവും സാമൂഹ്യവുമായ പുനരധിവാസത്തിനും വരുമാനസാധ്യത മെച്ചപ്പെടുത്താനും സഹായകരമായ ആധുനികവും ശാസ്ത്രീയമായി നിർമിച്ചതുമായി ഉപകരണങ്ങളും മറ്റ് അനുബന്ധങ്ങളും വാങ്ങുന്നതന് ആവശ്യമുള്ള ഭിന്നശേഷിക്കാർക്ക് സഹായം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

**5.ഇന്ദിര ആവാസ് യോജന (IAY):** ഗ്രാമീണ മേഖലയിൽ താമസിക്കുന്നവരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമായ പാവപ്പെട്ടവരായ ആളുകൾക്കു വീടു (സമതലത്തിൽ 20000 രൂപയും മലപ്രദേശങ്ങളിൽ 22,000 രൂപയുടേയും) സൗജന്യമായി നിർമിച്ചു നൽകുന്ന പദ്ധതിയിൽ മൂന്നു ശതമാനം ഫണ്ട് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പാവപ്പെട്ട ഭിന്നശേഷിക്കാരായവർക്കു നീക്കിവച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ സ്പോൺസർ ചെയ്യുന്ന ഭവന പദ്ധതിയാണിത്.

**6. ഭിന്നശഷിക്കാരെ ശാക്തീകരിക്കുന്നതിനുള്ള ദേശീയ അവാർഡ് പദ്ധതി:** വിവിധ മേഖലകളിൽ ഭിന്നശേഷിക്കാരായ ആളുകൾ കൈവരിക്കുന്ന നേട്ടങ്ങളേയും അവർ നടത്തുന്ന ശ്രമങ്ങളേയും അംഗീകരിക്കുന്നതിനായി പ്രത്യേക അവാർഡുകൾ അവർക്കായി ഏർപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷിയുള്ള ഏറ്റവും മികച്ച തൊഴിലാളി, മികച്ച തൊഴിൽ ദാതാവ്, മികച്ച പ്ലേസ്മെന്റ് ഏജൻസി/ ഓഫീസർ, വിശിഷ്ട വ്യക്തികൾ, മികച്ച സ്ഥാപനങ്ങൾ, മികച്ച മാതൃകകൾ, ക്രിയാത്മകതയിലെ മികച്ച വ്യക്തികൾ, വിശിഷ്ടമായ സാങ്കേതികനവീകരണം, സാങ്കേതികവിദ്യയുടെ സ്വായത്തമാക്കൽ, ചെലുവകുറഞ്ഞ ഫലപ്രദമായ സാങ്കേതികവിദ്യ, തുടങ്ങി നിരവധി മേഖലകളിലാണ് അവാർഡ് നൽകുന്നത്.

ഭിന്നശേഷിക്കാർക്ക് തടസങ്ങളില്ലാതെ പ്രവർത്തിക്കുവാൻ കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കുന്ന ഗവൺമെന്റ് മേഖല, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യമേഖല സ്ഥാപനങ്ങൾ, ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനുള്ള മികച്ച ജില്ലാ കേന്ദ്രങ്ങൾ, നാഷണൽ ട്രസ്റ്റിന്റെ മികച്ച പ്രാദേശികതല കമ്മിറ്റി, നാഷണൽ ഹാൻഡികാപ്പ്ഡ് ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കോർപറേഷന്റെ മികച്ച സംസ്ഥാന ചാനൽ ഏജൻസി തുടങ്ങിയവയ്ക്കും അവാർഡു നൽകുന്നുണ്ട്. ഭിന്നശേഷിയുള്ള സ്ത്രീകളുടെ നിയമനത്തിനു, പ്രത്യേകിച്ചു ഗ്രാമീണ മേഖലയിൽനിന്നുള്ളവർക്കും സ്വയംതൊഴിൽ കണ്ടെത്തിയ സ്ത്രീകൾക്കും മുൻഗണന നൽകുന്നു.

**7. ഭിന്നശേഷിയുള്ളവരുടെ ശാക്തീകരണത്തിനുള്ള ട്രസ്റ്റ് ഫണ്ട്:** പലിശ നികുതി കണക്കാക്കുമ്പോൾ തുക റൗണ്ട് ഓഫ് ചെയ്യുന്നതുമൂലം ബാങ്കുകൾക്ക് പ്രതിവർഷം 723.79 കോടിയോളം രൂപ അധികമായി വായ്പക്കാരിൽനിന്നു ലഭിക്കുന്നുണ്ട്. ഇങ്ങനെ സ്വരൂപിക്കുന്ന തുക ഒരു ട്രസ്റ്റിലേക്ക് മാറ്റാനും അത് ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി ഉപയോഗിക്കുവാനും സുപ്രീം കോടതി 2004 ഏപ്രിൽ 16-ലെ ഉത്തരവിലൂടെ ബാങ്കുകൾക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. 2000 ലെ സിവിൽ അപ്പീലുകളുടെ (നമ്പർ 4655, നമ്പർ 5218) അടിസ്ഥാനത്തിലാണ് സുപ്രീം കോടതി ഈ ഉത്തരവു പുറപ്പെടുവിച്ചത്.

ഓട്ടിസം, മസ്തിഷ്ക വൈകല്യം, ബുദ്ധിമാന്ദ്യം, ബഹുവൈകല്യങ്ങൾ ഉള്ളവർ തുടങ്ങിയവരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടള്ള നാഷണൽ ട്രസ്റ്റിലേക്ക് ഈ തുക മാറ്റുവാൻ നിർദ്ദേശം നൽകണമെന്ന് മന്ത്രാലയം സുപ്രീംകോടതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സുപ്രീംകോടതി ഇതുവരെയും ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ലെങ്കിലും മന്ത്രാലയം ഇതിനകം തന്നെ ട്രസ്റ്റ് രൂപീകരിച്ചു പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ തുക ട്രസ്റ്റിന്റെ അക്കൗണ്ടിലേക്ക് മാറ്റുവാൻ ധനകാര്യമന്ത്രാലയത്തിന്റെ ബാങ്കിംഗ് ഡിവിഷൻ നിർദ്ദേശവും നൽകിയിട്ടുണ്ട്.

**8. സാങ്കേതിക വിദ്യാ വികസന മിഷൻ:** സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്ക് അവരുടെ ജോലി അവസരങ്ങൾ മെച്ചപ്പെടുത്താനും സമൂഹത്തോടു ചേർന്നു നിന്നു പ്രവർത്തിക്കുവാനും സഹായകരമായ ഫലപ്രദമായ ഉപകരണങ്ങളും നിർമിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 1990-91-ലാണ് ഈ പദ്ധതിക്കു രൂപം നൽകിയത്. ഈ പദ്ധതിയുടെ കീഴിൽ യോജിച്ച ഗവേഷണ വികസന പദ്ധതി കണ്ടെത്തി സാമ്പത്തികസഹായം നൽകി വരുന്നു. ഭിന്നശേഷിക്കാർക്കു സഹായകരമായ ഉപകരണങ്ങൾ കണ്ടെത്തി വികസിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

III. ദാരിദ്ര്യത്തെ നേരിടാൻ അല്ലെങ്കിൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ നിർവചിച്ചിട്ടുള്ള അടിയന്തര സ്ഥിതിക്കു പരിഹാരം കാണുവാനുള്ള സംരക്ഷണ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ട്. വയോജന പെൻഷൻ, ആരോഗ്യ ഇൻഷുറൻസ്, നഷ്ടപരിഹാരം തുടങ്ങിയവ ഈ പദ്ധതി വഴി നൽകിവരുന്നു.

**എ) ഇന്ദിരാ ഗാന്ധി നാഷണൽ ഡിസെബിളിറ്റി പെൻഷൻ പദ്ധതി** (IGNDPS): ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ 2009 ഫെബ്രുവരി 17-ന് ഗ്രാമീണ മന്ത്രാലയം സെക്രട്ടറി കൂട്ടിച്ചേർത്തതാണ് ഈ പെൻഷൻ പദ്ധതി. ഈ പദ്ധതിയുടെ കീഴിൽ ഗുണ ഭോക്താവിന് പ്രതിമാസം 300 രൂപ കേന്ദ്ര സഹായം ലഭിക്കും. ഉയർന്ന വൈകല്യമുള്ള 18-79 വയസിനിടയിലുള്ള, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വ്യക്തിക്കാണ് ഈ പെൻ

ഷൻ ലഭിക്കുക. പെൻഷനുള്ള യോഗ്യത കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ട്.

**ബി) ഡിസെബിളിറ്റി ബെനിഫിറ്റ്:** ജോലിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ തൊഴിലാളി മരിക്കുകയോ അല്ലെങ്കിൽ വൈകല്യം ഉണ്ടാവുകയോ ചെയ്താൽ തൊഴിലുടമ തൊഴിലാളിക്കോ അയാളുടെ കുടുംബത്തിനോ നഷ്ടപരിഹാരം നൽകണമെന്ന് 1923-ലെ എംപ്ലോയിസ് കോമ്പൻസേഷൻ നിയമം (പഴയ പേര്, വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട്, 1923) അനുശാസിക്കുന്നു. തൊഴിൽ ജന്യരോഗങ്ങൾ ഉണ്ടാകുന്നതിനേയും അപകടമായിട്ട് കണ്ട് തൊഴിലുടമ നഷ്ടപരിഹാരം നൽകണം. പൂർണമായോ ഭാഗികമായോ ഉണ്ടാകുന്ന വൈകല്യങ്ങളെക്കുറിച്ച് എംപ്ലോയിസ് കോമ്പൻസേഷൻ ആക്ടിന്റെ പാർട്ട് ഒന്ന്, പാർട്ട് രണ്ടിന്റെ ഷെഡ്യൂൾ ഒന്ന് എന്നിവയിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. തൊഴിൽജന്യ രോഗങ്ങൾ ആക്ടിന്റെ ഷെഡ്യൂൾ മൂന്നിന്റെ എ, ബി, സി ഭാഗങ്ങളിൽ നിർവചിച്ചിട്ടുണ്ട്. എന്നാൽ ഈ നിയമം സംഘടതിമേഖലയ്ക്കാണ് ബാധകമായിട്ടുള്ളത്.

## വെല്ലുവിളികളും ഭാവി നീക്കവും

ഇന്ത്യയിലെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഭിന്നശേഷിയുള്ളവരുടെ പക്കൽ പര്യാപ്തമായ വിധത്തിൽ എത്തുന്നില്ല. രാജ്യത്തെ മിക്ക വികസന പദ്ധതികളും ഭിന്നശേഷിയുള്ളവർക്കു പലപ്പോഴും പ്രാപ്യമാകുന്നില്ല. സാമൂഹ്യമായും ഭൗതികമായും അവരെ വലയം ചെയ്തിട്ടുള്ള തടസങ്ങളാണ് ഇതിനു കാരണം. വിവിധ ഭിന്നശേഷികളെ അടിസ്ഥാനമാക്കി പ്രത്യേക പദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ടെങ്കിലും ഇതു രാജ്യത്തൊട്ടാകെ സമഗ്രമായി ഉൾക്കൊള്ളുന്നില്ല. അവ ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങളെ സമഗ്രമായി പരിഹരിക്കുന്നുമില്ല.

പദ്ധതികളെക്കുറിച്ചുള്ള വിവര ലഭ്യതയുടെ അഭാവവും ഇക്കാര്യത്തിൽ ഏകജാലക സമീപനമില്ലാത്തതും മൂലം തങ്ങൾക്കു ലഭ്യമായ പദ്ധതികളെക്കുറിച്ചും അതിൽനിന്നു ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും ഭിന്നശേഷിയുള്ളവർ അജ്ഞരാണ്. ഭിന്നശേഷിക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഭരണ സംവിധാനം പലയിടത്തായി ചിതറി കിടക്കുകയാണ്. ഏകീകൃത ഗുണഭോക്തൃ ഫോർമുലയോ ഈ പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് അല്ലെങ്കിൽ മാർഗനിർദ്ദേശം നൽകുന്നതിന് ഒരു ഏകീകൃത ഏജൻസിയോ ഇല്ല. ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ഇപ്പോൾ ബഹുമുഖ ഏജൻസികളോ ഡിപ്പാർട്ടുമെന്റുകളോ ആണുള്ളത്. ഇവയെ സംയോജിപ്പിച്ച് സമഗ്രമായ പദ്ധതിക്കു രൂപം നൽകേണ്ടതുണ്ട്. ഇങ്ങനെ രൂപകൽപ്പന ചെയ്യുന്ന പദ്ധതി ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കീഴിൽ നടപ്പാക്കുകയും വേണം.

ഭിന്നശേഷിക്കാരെ ശാക്തീകരിക്കുന്നതിനുള്ള പദ്ധതികളിലേക്കു ക്രമമായുള്ള പണമൊഴുക്ക് ഉറപ്പാക്കാനായി ബന്ധപ്പെട്ട എല്ലാ മന്ത്രാലയങ്ങളുടെയും ബജറ്റിൽ ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ പ്രത്യേകം ഉൾപ്പെടുത്തണമെന്ന് പത്താം പദ്ധതി നിർദ്ദേശിക്കുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയം ഒന്നും ചെയ്തിട്ടില്ലെന്ന് മധ്യകാല വിലയിരുത്തൽ വ്യക്തമാക്കുന്നു. ഈ മന്ത്രാലയത്തിന്റെ പ്രവർത്തനത്തിലുള്ള ദു:ഖകരമായ റിപ്പോർട്ട് കൂടിയാണിത്. മാത്രവുമല്ല, പത്താം പദ്ധതിയിൽ വിവിധ സ്കീമുകളിലായി ഇവർക്കു വേണ്ടി ചെലവഴിച്ച തുക വകയിരുത്തിയതിന്റെ 31 ശതമാനം മാത്രമാണെന്നതും ഭിന്നശേഷിക്കാരോടുള്ള ഗവൺമെന്റിന്റെ സഹതാപരഹിതമായ മനോഭാവവും വ്യക്തമാക്കുന്നു.

ഭിന്നശേഷിയുടെ വിവിധ വശങ്ങൾ മനസിലാക്കി അവരെ സാമൂഹ്യ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗം ആസൂത്രണം ചെയ്യുകയും ആനുകൂല്യങ്ങൾ അനുയോജ്യമായ വിധത്തിൽ രൂപകൽപന ചെയ്യുകയും ചെയ്യേണ്ടതിന്റെ ആവശ്യം ഏറ്റവും കൂടുതലായി ഇന്ന് അനുഭവപ്പെടുകയാണ്. ഭിന്നശേഷിക്കാരെ ലക്ഷ്യമാക്കി സമഗ്രമായ പ്രചാരണപരിപാടികളും പ്രതിരോധ സാമൂഹ്യസുരക്ഷാ പദ്ധതികളും രൂപകൽപന ചെയ്യേണ്ടതുണ്ട്. ഇതിനുള്ള ആദ്യ ചുവട് ഭിന്നശേഷിക്കാരെക്കുറിച്ച് സമഗ്രമായ വിവര ശേഖരണം നടത്തുക എന്നതാണ്. ഭിന്നശേഷിക്കാരുടെ എണ്ണം, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾ, യോഗ്യതയുണ്ടായിട്ടും തൊഴിൽ രഹിതരായി കഴിയുന്ന ഭിന്നശേഷിക്കാർ, സഹായം ഏറ്റവും ആവശ്യമായി വേണ്ട വളരെ ഗുരുതരമായ വൈകല്യങ്ങൾ അനുഭവിക്കുന്നവർ, 60 വയസിനു മുകളിലുള്ള ഭിന്നശേഷിക്കാർ, ഭിന്നശേഷിക്കാരായ സ്ത്രീകൾ, അസംഘടിതമേഖലയിൽ ജോലി ചെയ്യുന്ന ഭിന്നശേഷിക്കാർ തുടങ്ങിയ വിവരങ്ങൾ എല്ലാം ശേഖരണത്തിലുൾപ്പെടുത്തണം. സമഗ്രമായ ഭരണസംവിധാനത്തിനായി, വിവിധ സ്രോതസുകളിൽനിന്നുള്ള വിഭവങ്ങൾ സമാഹരിച്ച് പ്രഫഷണൽ നിയന്ത്രണത്തിൽ ഭിന്നശേഷിക്കാർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നത് ഇക്കാര്യത്തിൽ പ്രധാന ചുവടുവയ്പാണ്. ഇതിനു പുറമേ, പ്രാദേശിക, സംസ്ഥാന, ദേശീയ, രാജ്യാന്തര സ്രോതസുകൾ, ഗവൺമെന്റ്, ഗവൺമെന്റേതര സംഘടനകൾ തുടങ്ങിയവയിൽനിന്നു വിഭവ സമാഹരണം നടത്തുകയും അത് ഭിന്നശേഷിക്കാരായ ആളുകളിൽ എത്തിക്കുകയും വേണം.

*(മുംബൈയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക)*

# കർഷക ക്ഷേമം: സാമൂഹ്യ സുരക്ഷയുടെ അടിത്തറ

നിലബ്ജ ഘോഷ്

മന്ത്രാലയങ്ങളുടെ പേരുകൾ മാറ്റുന്നതുമായി ബന്ധപ്പെട്ട് വിവിധ മന്ത്രാലയങ്ങൾ പലപ്പോഴും യോജിപ്പും വിയോജിപ്പും പ്രകടിപ്പിക്കാറുണ്ട്. എന്നാൽ കേന്ദ്ര കൃഷി മന്ത്രാലയത്തെ 2015 മുതൽ കൃഷി കർഷകക്ഷേമ മന്ത്രാലയം എന്ന് പുനർനാമകരണം ചെയ്തത് വെറും പുനസംഘടന ആയിരുന്നില്ല. കൃഷി എന്നാൽ കുറെ ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം മാത്രമല്ല മറിച്ച് രാജ്യത്തെ തീറ്റിപ്പോറ്റാൻ അദ്ധ്വാനിക്കുന്നവർ സമൂഹത്തിലെ മറ്റ് വിഭാഗങ്ങളെ പോലെ മാന്യമായ ജീവിതമാണ് നയിക്കുന്നത് എന്ന കാഴ്ച്ചപ്പാടിനുള്ള അംഗീകാരം കൂടിയായിരുന്നു അത്.

രാജ്യത്തെ അടിസ്ഥാന ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം ഇന്ന് പതിന്മടങ്ങ് വർധിച്ചിരിക്കുന്നു. അതിനു നന്ദി പറയേണ്ടത് ഹരിതവിപ്ലവത്തിനും ഗവൺമെന്റിന്റെ നയപരമായ പ്രോത്സാഹനങ്ങൾക്കുമാണ്. ഭക്ഷണ സാധനങ്ങൾക്ക് കടുത്ത ക്ഷാമം അനുഭവപ്പെട്ട 1960 കൾ മുതൽ ഇന്ത്യ ലോകത്തിലെ ഏറ്റവും കൂടുതൽ അരിയും പാലും ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ പട്ടികയിലാണ്. ഇന്ന് നാം ഭക്ഷ്യ സ്വയം പര്യാപ്തത നേടിയിരിക്കുന്നു. അനന്തരം പയർ, പരിപ്പ്, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങി ഉപഭോക്താക്കൾക്ക് താല്പര്യമുള്ള ഇതര വിളകളെ കൂടി ഉൾപ്പെടുത്തി നാം നമ്മുടെ നയങ്ങളുടെ ശ്രദ്ധാകേന്ദ്രം കുറെക്കൂടി വിശാലമാക്കി. എന്നാൽ ഈ വികസന ഗാഥയിൽ ഇതിനായി വിയർപ്പൊഴുക്കിയ അടിസ്ഥാന കർഷക സമൂഹം അവഗണിക്കപ്പെട്ടവരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായി. കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം കുറഞ്ഞു എന്നു മത്രമല്ല, സമൂഹത്തിലെ കടുത്ത സാമ്പത്തിക അസ്ഥിരത അനുഭവിക്കുന്ന വിഭാഗമായി കൃഷിക്കാർ മാറുകയും ചെയ്തു. മറ്റ് ഏതെങ്കിലും ഒരു തൊഴിൽ മേഖലയിലേയ്ക്ക് ചുവടു മാറാൻ സാഹചര്യം ലഭിച്ചാൽ നിലവിലുള്ള 40 ശതമാനം കൃഷിക്കാരും അതിനു സന്നദ്ധരാണ് എന്ന് 2003 – 04 ൽ നടത്തിയ ഒരു സർവെ ചൂണ്ടിക്കാട്ടുന്നു. തങ്ങളുടെ തുച്ഛമായ ചെലവുകൾക്കു പോലും കൃഷിക്കാർക്ക് മറ്റ് സ്രോതസുകളെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. കാർഷിക മേഖലയിൽ ഉയർന്ന ഉത്പാദനം അടയാളപ്പെടുത്തുമ്പോഴും എന്തുകൊണ്ട് രാജ്യത്തെ കൃഷിക്കാർ ഇന്നും ദാരിദ്ര്യവും കഷ്ടപ്പാടും സഹിക്കുകയും താഴ്ന്ന ജീവിത നിലവാരം തുടരുകയും ചെയ്യുന്നു എന്ന ചോദ്യത്തിനുള്ള ഉത്തരം തേടലാണ് ഈ ലേഖനം. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമില്ലേ? പരമ്പരാഗതവും ആധുനികവുമായ മാർഗങ്ങൾ ചർച്ച ചെയ്യുകയാണ് ഇവിടെ.

## കൃഷിക്കാരുടെ വരുമാനവും കഷ്ടപ്പാടും

കൃഷിക്കാരുടെ വ്യഥകളെ കുറിച്ചും 2022 ആകുമ്പോഴേയ്ക്കും അവരുടെ വരുമാനം ഇരട്ടിയാക്കുന്നതിനെ കുറിച്ചും പ്രധാന മന്ത്രി നടത്തിയ പ്രസംഗം മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തതോടെയാണ് രാജ്യത്തെ കൃഷിക്കാരുടെ വരുമാനം ശ്രദ്ധാകേന്ദ്രമാകുന്നത്. പ്രധാനമന്ത്രിയുടെ ഈ പ്രസ്താവനയോടെ രാജ്യത്തെ കൃഷിക്കാർ പ്രധാന ചർച്ചാവിഷയമായി. കൃഷിയിൽ നിന്നുള്ള വരുമാനം പല ഘടകങ്ങളെ ആശ്രയിച്ചാണ് നിലക്കൊള്ളുന്നത്. പ്രധാനമായും കൃഷിയിടത്തിന്റെ ഉത്പാദനക്ഷമതയാണ് മികച്ച വരുമാനം ലഭിക്കാനുള്ള അടിസ്ഥാനം. ഉത്പാദന ക്ഷമത ഉയർത്തുന്നതിനുള്ള ഇതര ഘടകങ്ങളായ വെള്ളം, വളം തുടങ്ങിയവ ചെലവേറിയതാണ്. ആധുനിക സാങ്കേതിക വിദ്യയും ശാസ്ത്രീയ വിളപരിപാലനവും ഉത്പാദനവും കാര്യക്ഷമതയും വർധിപ്പിക്കും. ഉത്പാദക നിവേശവും,ഉത്പാദന നഷ്ടവും, വിപണിയിലെ അധികവരവും– ഉത്പ്പന്ന വില നിശ്ചയിക്കുമ്പോൾ ഇവയുടെ ആകെ തുകയാണ് കാർഷിക വരുമാനത്തിൽ നിർണായക ഘടകമാകുക.

ഇന്ത്യൻ കാർഷിക മേഖലയിൽ ഇന്ന് അനുഭവപ്പെടുന്ന നയവ്യതിയാനത്തെകുറിച്ച് എല്ലാവർക്കും അറിയാം. എന്നാൽ ഇതുപോലൊരു ഫെഡറൽ സംവിധാനത്തിൽ ഓരോ സംസ്ഥാനങ്ങളുടെയും നയങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. തൻനിമിത്തം രാജ്യത്തുടനീളം വിളകളുടെ ഉത്പാദന നിരക്ക്, അടിസ്ഥാന സൗകര്യങ്ങൾ, സ്ഥാപനങ്ങൾ എല്ലാം വ്യത്യസ്തമായിരിക്കും. തുണ്ടു തുണ്ടുകളായി ചിതറിക്കിടക്കുന്ന നമ്മുടെ കൃഷിയിടങ്ങളാണ് നഷ്ടത്തിനു മറ്റൊരു കാരണം. ജനസംഖ്യാ വളർച്ച, അതിനൊപ്പം അവികസിതമായ വ്യവസായ മേഖലയിലെ പരിമിതമായ തൊഴിലവസരങ്ങൾ നമ്മുടെ ഭൂമിയുടെ മേലുള്ള സമ്മർദ്ദം വർധിപ്പിക്കുകയും പ്രതിശീർഷ കൃഷിയിട വരുമാനം കുറയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. രാജ്യത്തെ ചില മേഖലകളിൽ കൃഷി വളരെ ആദായകരമാണ്. ഓരോ മേഖലകളിലും പരസ്പരമുള്ള തൊഴിലാളികളുടെ ചലനക്ഷമത പ്രതിശീർഷ കുടുംബ വരുമാനം വർധിപ്പിക്കാനുള്ള ഒരു മാർഗ്ഗമാണ്. ഇത് പുത്തൻ ആശയങ്ങളും നൈപുണ്യവും ഈ മേഖലകളിൽ കൊണ്ടുവരുന്നു. കാർഷിക മേഖലയിലെ ഉയർന്ന വരുമാനം അപ്പോൾ കാർഷികേതര മേഖലകളിൽ ആവശ്യകതയും സഹായവും സൃഷ്ടിക്കുന്നു.

കാലാവസ്ഥയാണ് കാർഷിക മേഖലയിൽ ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന ദുരന്തം. മഴയുടെ കുറവ് അന്നാണ്ടത്തെ ഉത്പാദനത്തെ മാത്രമല്ല ബാധിക്കുക മറിച്ച് അതിന്റെ ദൂഷ്യഫലങ്ങൾ തുടർന്നുള്ള വിള സീസണുകളിലും വർഷങ്ങളിലും നീണ്ടു നില്ക്കും– കനാലുകളിലും നദികളിലും, കിണറുകളിലും ജലാശയങ്ങളിലും മണ്ണിൽ തന്നെയുമുള്ള ജലത്തിന്റെ തോതിൽ. ഇക്കഴിഞ്ഞ വർഷങ്ങളിൽ അതായത് 2014ലും ഇതു ബാധിക്കും. 2015 ലും സംഭവിച്ച മഴക്കുറവ് കൃഷിക്കാരെ കടക്കെണിയിലും കഷ്ടപ്പാടിലും എത്തിക്കുകയും അവരുടെ മുഴുവൻ നിക്ഷേപങ്ങളെയും ഇല്ലായ്മ ചെയ്യുകയും ചെയ്തു. മുഖ്യധാരാ സമൂഹം സാധാരണ മഴക്കാലം ആസ്വദിക്കുമ്പോൾ മഴയിലെ ക്രമരഹിതമായ വിതരണം ഉത്ക്കണ്ഠ ഉളവാക്കുന്നതാണ്. ഒപ്പം ചില മേഖലകളിളെ കടുത്ത മഴക്കുറവും. മഴക്കൂടുതലും അസമയത്തുള്ള മഴയും മറ്റൊരു ഭീഷണിയാണ്. വെള്ളപ്പൊക്കം എല്ലാം നശിപ്പിക്കും. 2016 ൽ മഴക്കാലം സാധാരണ

സ്ഥിതിയിലായിരുന്നു. പക്ഷെ ഒൻപതു സംസ്ഥാനങ്ങളിൽ പ്രളയം ഉണ്ടായി. ബിഹാറിൽ നദികളിലെ ജലനിരപ്പ് ഉയർന്ന് അഞ്ചു ലക്ഷം ആളുകൾ ഭവനരഹിതരായി, മൂന്നു ലക്ഷം ഹെക്ടറിലെ കൃഷി നശിച്ചു.

വിലനിലവാര വ്യതിയനാണ് മറ്റൊരു വിനാശം. സാധാരണ സാഹചര്യങ്ങളിൽ പോലും വിപണന മാസങ്ങളിലെ സമ്മർദ്ദം വിലകളെ ബാധിക്കും. ചിലപ്പോൾ വില കുതിക്കും. പക്ഷെ കൃഷിക്കാർക്ക് ചരക്ക് പിടിച്ചു വയ്ക്കാൻ മാർഗ്ഗമില്ല. ചിലപ്പോൾ അവർക്കു പോലും പിന്നീട് ഭക്ഷ്യാവശ്യങ്ങൾക്കായി അവർ വിറ്റതിനെക്കാൾ ഇരട്ടി വിലയ്ക്ക് സാധനങ്ങൾ വാങ്ങേണ്ടതായി വരാം. താങ്ങു വിലയിലെ വർധനയും, വിളകൾക്ക് സ്ഥിരവും ആദായകരവുമായ വിലയും രാജ്യത്തിനായി കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉത്പ്പാദിപ്പിക്കാൻ കൃഷിക്കാർക്ക് പ്രോത്സാഹനമാകും. ഇതു പക്ഷെ ഗവൺമെന്റ് ചരക്ക് സംഭരിച്ചാൽ മാത്രമെ സാധിക്കൂ. ആവശ്യത്തിലധികം വരുന്ന ചരക്ക് വിലിടിക്കും. പയർ കൃഷിയിൽ 2016 –17 ൽ ഉണ്ടായ വൻ വിളവ് താങ്ങുവില ഉയർത്തിയിട്ടും വിപണിവില ഇടിച്ചു. ആവശ്യത്തിൽ വരുന്ന വ്യതിയാനവും ആഗോള മത്സരവും വിലനിലവാരങ്ങൾ വീണ്ടും അനിശ്ചിതത്വത്തിലാക്കും.

## ഗ്രാമീണ മേഖലയിലെ സൗകര്യങ്ങൾ

ഉത്പാദനത്തിന്റെയും വിലകളുടെയും വെളിച്ചത്തിൽ മാത്രം ക്ഷേമത്തെ വീക്ഷിക്കുന്നത് അബദ്ധമാണ്. സമഗ്രമായ സേവനം അനുദിന ജീവിതത്തെ ആയാസരഹിതമാക്കും, പുതിയ അവസരങ്ങൾ തുറക്കും, കഴിവുകൾ ലഭ്യമാക്കും. അവ സാങ്കേതിക മുന്നേറ്റത്തിന്റെ സദ്ഫലങ്ങളിലേയ്ക്ക് നമ്മെ നയിക്കും. ഇവയിൽ മിക്കതും പൗരാവകാശങ്ങളും രാജ്യത്തിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങളുമാണ്. ദൗർഭാഗ്യവശാൽ കൃഷിക്കാരെയും സമാന വിഭാഗങ്ങളെയും ബലിയാടുകളാക്കിക്കൊണ്ട് ഒരു നാഗരിക മുൻവിധി ഇപ്പോഴും ഇന്ത്യയുടെ വികസനത്തെ പിന്നോട്ടു വലിക്കുന്നു.

വളരെ നാൾ പാവപ്പെട്ടവരുടെ മനുഷ്യവിഭവ വികസനത്തെ ആരും ഗൗനിച്ചിരുന്നില്ല. പാവങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളെയാണ് ഇത് പ്രതികൂലമായി ബാധിച്ചത്. സ്കൂളുകളിലെ പ്രവേശനത്തിനു വലിയ പ്രാധാന്യം ലഭിച്ചതിനു ശേഷവും വിദ്യാഭ്യാസ നിലവാരം താഴുകയും അതിലെ തൊഴിൽ നൈപുണ്യ ഘടകം കുറയുകയും ചെയ്തു. ബജറ്റിലെ ഞെരുക്കം, ദുർബലമായ നയ നിർവഹണം, അഴിമതി തുടങ്ങിയവയാണ് ഇതിന്റെ ചരിത്രപരമായ കാരണങ്ങൾ. കൃഷിക്കാർ ഉൾപ്പെടെ സമൂഹത്തിലെ ദുർബലവിഭാഗങ്ങൾ ആശ്രയിച്ചു പോന്ന പൊതുജനാരോഗ്യ മേഖലയെയും അവർ അവഗണിച്ചു. സുസ്ഥിര പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടുത്താവുന്ന പോഷകാഹാരവും പരിസ്ഥിതിയുമാണ് ആരോഗ്യത്തെ നിർണയിക്കുക. തുടക്കത്തിൽ സാർവത്രികവും പിന്നീട് പാവങ്ങളെ മാത്രം ഉദ്ദേശിച്ചും നടപ്പാക്കി വന്ന പൊതു വിതരണ സംവിധാനവും ഇന്ന് വിമർശനങ്ങൾക്കു നടുവിലാണ്. ഭക്ഷ്യസാധനങ്ങൾക്ക് ദൗർലഭ്യം അനുഭവപ്പെടുമ്പോൾ ചെറുകിട കൃഷിക്കാരും ഇതിനെയാണ് ആശ്രയിച്ചിരുന്നത്. 1980 കളുടെ മധ്യം മുതൽ ഈ സംവിധാനത്തിലും വൻ ഭേദഗതികൾ വന്നുകൊണ്ടിരിക്കുന്നു.

റോഡുകൾ, റെയിൽ പാതകൾ, മെട്രോ തുടങ്ങിയ ഗതാഗതമാർഗ്ഗങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും വേണ്ടി കഠിനമായ പരിശ്രമങ്ങൾ രാജ്യത്ത് നടക്കുന്നുണ്ടെങ്കിലും 16 ശതമാനം ഇന്ത്യൻ ഗ്രാമങ്ങളിലും ഇന്നു സഞ്ചാരയോഗ്യമായ റോഡുകൾ ഇല്ല. വൈദ്യുതി മനുഷ്യ ജീവിതം സുഖകരമാക്കുന്നു, സാമ്പത്തിക പ്രവർത്തനങ്ങൾ എളുപ്പമാക്കുന്നു. പാർപ്പിടം, കുടിവെള്ളം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ ആരോഗ്യ പരിസ്ഥിതി പരിപാലനത്തിന് അത്യന്താപേക്ഷിതങ്ങളാണ്. എന്നാൽ ഏറ്റവും ഒടുവിലത്തെ സെൻസസ് കണക്കുകൾ പ്രകാരം രാജ്യത്തെ 45 മുതൽ 75 വരെ ശതമാനം ഗ്രാമീണ വീടുകളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. അല്ലെങ്കിൽ കുടിവെള്ളമില്ല, ശുചിമുറികളില്ല. 18 ശതമാനം വീടുകളിൽ ഇവ ഒന്നുമില്ല. മൊബൈൽ, ഇന്റർനെറ്റ് സൗകര്യങ്ങൾ അതിവേഗ വിവരകൈമാറ്റം സാധിതമാക്കി. ഇത്തരം ഭൗതികമായ അടിസ്ഥാന സൗകര്യങ്ങൾ ഇവിടുത്തെ കൃഷിക്കാരുടെ സാമൂഹിക ജീവിത നിലവാരം ഉയർത്തി, ഉത്പാദനക്ഷമത വർധിപ്പിച്ചു, വിപണന സൗകര്യം ഫലപ്രദമാക്കി, ഉത്പാദന നഷ്ടം കുറച്ചു, മൂല്യ വർധനവ് പ്രോത്സാഹിപ്പിച്ചു, സാമൂഹിക ഘടന കൂടുതൽ കാര്യക്ഷമമാക്കി. സ്ത്രീകൾക്ക് പ്രത്യേകാവശ്യങ്ങളുണ്ട്. മുമ്പൊക്കെ കാർഷിക കുടുംബങ്ങളിലെ സ്ത്രീകൾ മിക്കവാറും കൂലിയില്ലാത്ത കർഷക തൊഴിലാളികളായിരുന്നു. ഞാറു നടീൽ പോലുള്ള ജോലികൾ ഇവരാണ് നിർവഹിച്ചിരുന്നത്. കാർഷിക മേഖലയിൽ പുതിയ സാങ്കേതിക വിദ്യകൾ കടന്നു വരികയും കൂടുതൽ വരുമാനമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തതോടെ ഈ സ്ത്രീ തൊഴിലാളികൾ ചിത്രത്തിൽ നിന്ന് അപ്രത്യക്ഷരായി. പക്ഷെ പുരുഷന്മാർ കൂട്ടത്തോടെ കാർഷികേതര തൊഴിലുകളിലേയ്ക്കു നീങ്ങിയതോടെ കാർഷിക മേഖലയിൽ വീണ്ടും സ്ത്രീകളുടെ നിർബന്ധിത പങ്കാളിത്തമായി. വളരെ പാവപ്പെട്ട സ്ത്രീ തൊഴിലാളികളാണ് ഇന്നു കൃഷിയിടങ്ങളിൽ പണിയെടുക്കുന്നത്. പക്ഷെ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഇവർക്ക് പരിശീലനവും നൈപുണ്യ വികസനവും ലഭ്യമാക്കണം. ആരോഗ്യ പരിരക്ഷ നല്കണം. അവരുടെ കുട്ടികൾക്കുള്ള സൗകര്യങ്ങൾ ഒരുക്കണം. സ്ത്രീകൾക്ക് ഉപയോഗിക്കാവുന്ന കാർഷിക യന്ത്രങ്ങൾ പ്രത്യേകമായി രൂപകല്പന ചെയ്യണം. ഇതൊക്കെ സ്ത്രീകളായ കർഷക തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട വളരെ പ്രധാന കാര്യങ്ങളാണ്.

## പുതിയ കർഷക ക്ഷേമ മാർഗങ്ങൾ

കഴിഞ്ഞ വളരെ വർഷങ്ങളായി ഇന്ത്യയുടെ കാർഷിക വികസന പരിപാടികൾ മെച്ചപ്പെട്ട വിത്ത് വിതരണം, വളം സബ്സിഡി, കുറഞ്ഞ ചെലവിൽ വൈദ്യുതി, ജലസേചനത്തിനു വായാപാ സഹായം, ഉത്പ്പന്നങ്ങൾക്കു താങ്ങുവില തുടങ്ങിയവയായിരുന്നു. ഇതുവഴി കാർഷികോത്പാദനം മെച്ചപ്പെടുത്തി നമ്മുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും കൃഷി ആദായകരമാക്കുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം.എന്നാൽ ഇവയിൽ മിക്ക സഹായ പദ്ധതികളും രാജ്യത്തെ ചില അത്യുത്പാദന മേഖലകളിൽ മാത്രം കേന്ദ്രീകരിച്ചിരി

ക്കുകയായിരുന്നു. ഇതു മനസിലായതോടെ ഗവൺമെന്റ് മറ്റ് ദിശകളിലേയ്ക്ക് ശ്രദ്ധ തിരിച്ചു. ഇതര വിളകൾ, സംഭരണശാലകൾ, കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിവിധ കർഷക ക്ഷേമ പദ്ധതികൾ ആവിഷകരിച്ച് നടപ്പാക്കി വരികയാണ് ഇപ്പോൾ. സുസ്ഥിര കൃഷിക്കാണ് മുൻഗണന. പാരീസ് ഉടമ്പടിയിൽ ഒപ്പു വച്ച ശേഷം ഇന്ത്യ കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള അന്താരാഷ്ട്ര പോരാട്ടത്തിൽ സജീവമാണ്. സുസ്ഥിര വികസനത്തിലൂടെ ഉയർന്ന കാർഷിക വളർച്ച നേടാൻ നമുക്ക് ഇപ്പോൾ ഒരു മാർഗ്ഗരേഖ ഉണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ചും പ്രകൃതി ദുരന്തങ്ങളെ കുറിച്ചും അതിന്റെ ആഘാതം കൂടുതലായി ഏറ്റുവാങ്ങുന്ന കൃഷിക്കാർക്കിടയിൽ അവബോധം സൃഷ്ടിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്.

വിളസംരക്ഷണത്തിനുള്ള സ്വാഭാവിക പരിഹാരം ഇൻഷുറൻസാണ്. പക്ഷെ ഇത്തരത്തിലൊരു ഇൻഷുറൻസ് പദ്ധതി നടപ്പാക്കാൻ കാലതാമസം ഏറെയാണ്. 1999 –2000 ത്തിൽ ആരംഭിച്ച നാഷണൽ അഗ്രിക്കൾച്ചർ ഇൻഷുറൻസ് സ്കീം ഇത്തരത്തിൽ പരാജയപ്പെട്ട ഒരു പദ്ധതിയാണ്. അതിനു വിവിധ കാരണങ്ങൾ ഉണ്ട്. സാമ്പത്തികമായി അത് നഷ്ടമായിരുന്നു. പിന്നീട് ക്രോപ്പ് ഇൻഷുറൻസ് വന്നു. കുറെ പരിഷ്കാരങ്ങൾ അതിനോടനുബന്ധിച്ചു നടപ്പാക്കി. ഏറ്റവും ഒടുവിൽ 2016 ജനുവരിയിൽ ഗവൺമെന്റ് ആരംഭിച്ച പദ്ധതിയാണ് പ്രധാൻ മന്ത്രി ഫസൽ ബീമ യോജന. കർകഷകർ നേരിടുന്ന പല പ്രശ്നങ്ങൾ കാലാവസ്ഥ, കീടങ്ങൾ, രോഗങ്ങൾ മുതൽ വിത മുതൽ കൊയ്ത്തു വരെയുള്ള വിവിധ ഭീഷണികൾക്ക് ഇത് സംരക്ഷ നല്കുന്നു. കൃഷിക്കാർ അടയ്ക്കേണ്ട വിഹിതത്തിന് ഗവൺമെന്റ് സബ്സിഡി നല്കുന്നുണ്ടെങ്കിലും പദ്ധതിയുടെ നടത്തിപ്പിനായി സ്വകാര്യ ഇൻഷുറൻസ് മേഖലയുടെ പങ്കാളിത്തം ഗവൺമെന്റ് തേടിയിട്ടുണ്ട്.

വിള ഇൻഷുറൻസിനു മാത്രമെ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളു. പക്ഷെ ഇത്തരത്തിൽ സംഭവിക്കുന്ന ദുരന്തങ്ങൾ ഒരു മേഖലയെ തന്നെ തകർത്തു കളയുന്നു. ഇത്തരം ദുരന്തങ്ങളെ കുറിച്ച് മുൻകൂട്ടി സൂചന നല്കുന്നതിന് നമ്മുടെ കാലാവസ്ഥാ ഉപഗ്രഹങ്ങളുടെ ശേഷി വർധിപ്പിച്ചിട്ടുണ്ട്. ദുരന്ത നിവാരണ നിയമം 2005 പാസാക്കിയശേഷം അടിയന്തര ഘട്ടങ്ങളിൽ സഹായവുമായി എത്താൻ കേന്ദ്ര ദ്യുതകർമ്മ സേനയും സുസജ്ജമാണ്. സംസ്ഥാനങ്ങൾക്ക് ഇവരുടെ സേവനം എപ്പോഴും ലഭ്യമാണ്. വരൾച്ച മൂലമുള്ള വിള നഷ്ടം ശ്രദ്ധയിൽ പെടുത്തിയാൽ പ്രത്യേക ധനസഹായം ലഭിക്കും.

നിലവിലുള്ള പ്രാദേശിക നിയമങ്ങൾ അതിൽ തന്നെ പരാജയമാകയാൽ വിപണന മേഖലയിൽ നമുക്ക് നവീകരണം ആവശ്യമാണ്. വിപണികൾ മത്സര സ്വഭാവത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടി കാർഷികോത്പന്ന വിപണന കേന്ദ്ര നിയമം ഭേദഗതി ചെയ്ത് കൃഷിക്കാർക്ക് കൂടുതൽ അവസരങ്ങൾ നല്കിയിരിക്കുകയാണ്. വിലനിയന്ത്രണത്തിൽ ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടൽ ആവശ്യമായിരിക്കുന്നു.കാരണം വിലകളിൽ ആഗോള വിപണിയുടെ സ്വാധീനം കൂടിവരുന്നു. കൃഷിക്കാരെ തെറ്റിദ്ധരിപ്പിച്ചാണ് വിപണിയിൽ കൃത്രിമ ക്ഷാമവും വിലയിടിവും അവർ സൃഷ്ടിക്കുന്നത്. ഇന്ത്യയിലെ സബ്സിഡി സംവിധാനവും മാറ്റത്തിനു വിധേയമാക്കപ്പെടുന്നു. ജൻധൻ, നേരിട്ടുള്ള ആനുകൂല്യ വിതരണം തുടങ്ങി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതികൾ എൽപിജി സബ്സിഡിയിൽ വൻ വിജയമായി. താഴ്ന്ന വരുമാനക്കാരായ പൗരന്മാർക്ക് ആനുകൂല്യങ്ങൾ പരമാവധി ലഭ്യമാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. 2016–17 ലെ സാമ്പത്തിക സർവെയിൽ ഇതിനായി ഒരു അധ്യായം തന്നെ വിനിയോഗിച്ചിട്ടുണ്ട്. സബ്സിഡികളുടെ തുടർന്നുള്ള ഭാവി ഇതനുസരിച്ചായിരിക്കും. സബ്സിഡികളിലൂടെയും നിക്ഷേപങ്ങളിലൂടെയും കൃഷിക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ഉപജീവനം (എൻആർഎൽഎം) വില (ഇ എൻഎഎം) സാമൂഹിക സഹായം (എൻഎസ്എപി) പാർപ്പിടം (ഐഎവൈ) റോഡ് വികസനം (പിഎംജിഎസ് വൈ) ആരോഗ്യം (എൻആർഎച്ച് എം) തുടങ്ങിയ വിവിധ ക്ഷേമ പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കി വരുന്നത്. വരൾച്ചയെ നിയന്ത്രിക്കാനുള്ള ഫലപ്രദമായ മാർഗ്ഗമെന്ന നിലയിൽ ജലസേചനത്തിന് വലിയ പ്രാധാന്യമാണ് നല്കി വരുന്നത്. ഗ്രാമീണ ജനങ്ങൾക്ക് കുറഞ്ഞ വരുമാനം ഉറപ്പാക്കുന്നതിനായി 2005 ൽ ആരംഭിച്ചതാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി. തൊഴിൽ അവകാശമാണ് എന്നതിന്റെ പ്രതീകമാണ് ഇത്. വിവാദങ്ങൾ ഏറെ ഉണ്ടെങ്കിലും ഗ്രാമങ്ങളിൽ ആസ്തി വികസനത്തിന് ഇത് വളരെ ഉപകരിക്കും.

വളരെ വർഷങ്ങളായി കൃഷിക്കാരുടെ വരുമാന സുരക്ഷയെ നിയന്ത്രിച്ചിരുന്നത് ഉപഭോക്തൃ ക്ഷേമത്തിനായി നിശ്ചയിച്ചിരുന്ന സംവിധാനങ്ങൾ ഉയോഗിച്ചായിരുന്നു. എന്നാൽ വിപണികളിൽ വന്ന നവീകരണത്തിന്റെ ഭാഗമായി ഈ സംവിധാനം അതിൽ തന്നെ വൈരുദ്ധ്യം നേരിടുകയാണ്. അതിനു പകരം ഒരു പുതിയ സാമൂഹിക സുരക്ഷാ സംവിധാനം ഉദയം ചെയ്യുകയാണ്. ഇവിടെ ഓരോ പൗരനും ക്ഷേമം അവകാശമായി വരുന്നു. വിലകളിന്മേൽ നിയന്ത്രണമില്ലാതെ ഒരു വിപണിയുടെ പ്രവർത്തനത്തിന് ഗവൺമെന്റ് സൗകര്യം ഒരുക്കുന്നു. ഭക്ഷ്യസുരക്ഷ എന്നപോലെ രാജ്യത്തെ കൃഷിക്കാരുടെ സാമൂഹിക സുരക്ഷയും രാജ്യത്തിന്റെ ഉത്തരവാദിത്വമാണ്. അവരെ പ്രകൃതി ദുരന്തങ്ങളിൽ നിന്നു സംരക്ഷിക്കുക, അവർക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ഗവൺമെന്റിൽ നിന്നുള്ള വിവരങ്ങൾ അവർക്കു കൈമാറുക തുടങ്ങിയവ. കാരണം അവർ നികുതി ദായകരാണ്, ഭക്ഷ്യസുരക്ഷയുടെ ആനുകൂല്യങ്ങൾ അനുഭവിക്കുന്നവരാണ്. കാർഷിക മേഖലയിൽ നിന്നുള്ള ഗുണഭോക്താക്കളാണ്. മുന്നിലുള്ള ദീർഘമായ പാതയിൽ കൃഷി ഒരു സംരംഭമായി വളരണം, മറ്റ് മേഖലകൾക്കൊപ്പം. അപ്പോൾ ഉപജീവനത്തിനായി ഈ ഭൂമിയിന്മേലുള്ള സമ്മർദ്ദം കുറയും. സാങ്കേതിക വിദ്യകളുടെ സഹായത്തോടെയുള്ള പരിഷ്കൃത ഭരണത്തിലൂടെ രാജ്യം മേൽനോട്ട സങ്കീർണതകൾ അതിജീവിക്കും. മാന്യമായ ജീവിതത്തിന് അവകാശമുള്ള പൗരൻ എന്ന നിലയിൽ കൃഷിക്കാരൻ വിപണിയിലും ഫലപ്രദമായി മത്സരിക്കും.

*(ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്തിൽ ഫാക്കൽറ്റിയംഗമാണ് ലേഖകൻ)*

# വാർധക്യ കാല വരുമാന സുരക്ഷയും ദേശീയ പെൻഷൻ പദ്ധതിയും

ഡോ. ബാദ്‌രി സിങ് ഭണ്ഡാരി

സാമൂഹിക സുരക്ഷാ ശൃംഖലയിലെ അതി പ്രധാനമായ ഒരു ഘടകമാണ് പെൻഷൻ അഥവ വാർധക്യ കാല വരുമാന വ്യവസ്ഥ. വാർധക്യ കാല ദാരിദ്ര്യത്തിന്റെ ഭീഷണി ലഘൂകരിക്കാനോ ഇല്ലാതാക്കാനോ ഉള്ള സംവിധാനമാണ് അത്. ഒപ്പം ജോലിയിൽ നിന്നു വിരമിച്ച ശേഷം ശേഷിക്കുന്ന കാലം മാന്യമായി, ശാന്തമായി ജീവിക്കാനുള്ള മാർഗ്ഗം കൂടിയാണ് അത്. പെൻഷൻ സംവിധാനം അതിൽ അംഗങ്ങളാകുന്നവർക്ക് പ്രയോജനകരവും സാമ്പത്തികമായി കാര്യക്ഷമവും എല്ലാ സമ്പദ് വ്യവസ്ഥയ്ക്കും താങ്ങാവുന്നതും രാജ്യമെമ്പാടുമുള്ള തൊഴിലാളി വിഭാഗങ്ങളെയും വരുമാന മേഖലയെയും ഉൾക്കൊള്ളുന്നതും ആയിരിക്കണം. സാമ്പത്തികമായി നിലനില്ക്കുന്നതും, ജനസംഖ്യാ വർധനവിന്റെ വെല്ലുവിളികളെ നേരിടാൻ പര്യാപ്തവും, രാജ്യത്തെ മൊത്തത്തിൽ പ്രത്യേകിച്ച് അനൗപചാരിക അസംഘടിത മേഖലകളെ ഉൾക്കൊള്ളാൻ സാധിക്കുന്നതുമായ വിധത്തിൽ ലോകമെമ്പാടുമുള്ള അനേകം രാജ്യങ്ങൾ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെ അവരുടെ പെൻഷൻ സമ്പ്രദായം പരിഷ്കരിക്കുകയുണ്ടായി.

പരമ്പരാഗതമായി ഇന്ത്യയിൽ കൂട്ടുകുടുംബ വ്യവസ്ഥയിലാണ് വാർധക്യ കാല വരുമാന സുരക്ഷ ലഭ്യമാക്കിയിരുന്നത്. ഇത് അടുത്ത കാലം വരെ വളരെ ശക്തമായി നിലനിന്നിരുന്നു. എന്നാൽ തൊഴിൽ മേഖലയിൽ സംഭവിച്ച മാറ്റങ്ങൾ, നഗരവത്ക്കരണം, അണുകുടുംബങ്ങളുടെ ആവിർഭാവം തുടങ്ങിയ കാരണങ്ങളാൽ പരമ്പരാഗത കൂട്ടു കുടുംബ സംവിധാനം സമൂഹത്തിൽ മെല്ലെ ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പണ്ടത്തെ പോലെയല്ല, ജനന മരണ നിരക്കുകളും ക്രമേണ കുറഞ്ഞു വരികയാണ്. വൈദ്യശാസ്ത്രത്തിന്റെ പുരോഗതി, വരുമാന നിലവാര വർധന എന്നിവ മൂലം മനുഷ്യന്റെ ആയുസ് വർധിക്കുകയും, ആളുകൾ ജോലിയിൽ നിന്നു വിരമിച്ച ശേഷവും അനേകം വർഷം ജീവിക്കുകയും ചെയ്യുന്നു. ഒരു വശത്ത് ജനസംഖ്യാ വർധന ഉയർത്തുന്ന വെല്ലുവിളികൾ, മറുവശത്ത് കൃത്യമായി നിർവചിക്കപ്പെട്ടിരിക്കുന്ന ആനുകൂല്യങ്ങളോടു കൂടിയ പെൻഷൻ സംവിധാനം. ഇതു രണ്ടും ചേർന്നാണ് മിക്ക രാജ്യങ്ങളിലെയും പെൻഷൻ പരിഷ്കരണത്തെ പിന്നോക്കം വലിക്കുന്നത്.

പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, കാലാവധി പൂർത്തിയാക്കി വിരമിക്കുമ്പോൾ ലഭിക്കുന്ന തുക, വിരമിക്കുന്നവർക്കുള്ള ആനുകൂല്യം തുടങ്ങിയവയെല്ലാം വാർധക്യകാല വരുമാന സുരക്ഷയുടെ വിവിധ പേരുകൾ മാത്രമാണ്. ചരിത്രപരമായി നോക്കുമ്പോൾ സംഘടിതരായ ഗവൺമെന്റ് ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും, സ്വകാര്യ മേഖലയിലെ ഏതാനും വലിയ കമ്പനികളിലെയും തൊഴിലാളികൾ എന്നിവർ മാത്രം അനുഭവിച്ചിരുന്ന ആനുകൂല്യമാണ് പെൻഷൻ. 2004 ലെ പെൻഷൻ പരിഷ്കരണത്തിനു മുമ്പ് ഇന്ത്യയിലെ പെൻഷൻ സംവിധാനം ഇപ്രകാരമായിരുന്നു.

- ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 60 വയസിനു മുകളിൽ പ്രായമുള്ളവർക്കും, വികലാംഗർക്കും വിധവകൾക്കും ദേശീയ സാമൂഹിക സഹായ പരിപാടിയുടെ ഭാഗമായി നികുതിപ്പണത്തിൽ നിന്ന് നല്കി വന്നിരുന്ന പരമാവധി കുറഞ്ഞ നിരക്കിലുള്ള സാമൂഹിക പെൻഷൻ.
- 2004 നു മുമ്പ് ഗവൺമെന്റ് സർവീസിൽ പ്രവേശിച്ച ജീവനക്കാർക്ക് കേന്ദ്ര സിവിൽ സർവീസ് പെൻഷൻ പദ്ധതി (1972). സമാന രീതിയിലുള്ള പെൻഷൻ പദ്ധതി സംസ്ഥാന ജീവനക്കാർക്കും പൊതു മേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ എന്നിവയിലെ ജോലിക്കാർക്കും ഉണ്ടായിരുന്നു.
- പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും 20–തോ അതിലധികമോ തൊഴിലാളികൾ പണിയെടുക്കുന്ന അംഗീകൃത സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഇപിഎഫ് ആൻഡ് മിസലേനിയസ് ആക്ട് 1952 അനുസരിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ നടപ്പാക്കി വന്നിരുന്ന എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട്, എംപ്ലോയിസ് പെൻഷൻ ഫണ്ട് എന്നിവ.
- കോൾ മൈൻ പിഎഫ്, സീമെൻ പിഎഫ്, അസാം ടീ പ്ലാന്റേഷൻ പിഎഫ് തുടങ്ങി നിർബന്ധിത തൊഴിൽ പ്രൊവിഡന്റ് ഫണ്ടുകൾ.
- കാലാവധി പൂർത്തിയാക്കി വിരമിക്കുന്നവർക്ക് ഇന്ത്യ ഗവൺമെന്റിന്റെ ഇൻഷുറൻസ് കമ്പനികളും മ്യൂചൽ ഫണ്ടുകളും പബ്ലിക് പ്രൊവിഡന്റ് ഫണ്ടും ബാങ്കുകൾ വഴിയും പോസ്റ്റ് ഓഫീസുകൾ വഴിയും നടപ്പാക്കിയിരുന്ന നികുതി ഇളവോടെയുള്ള റിട്ടയർമെന്റ് പെൻഷൻ പ്ലാനുകൾ. ഏതൊരു ഇന്ത്യൻ പൗരനും ഇതിൽ അംഗമായി ചേരാം.

ഒരു വശത്ത് ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൃത്യമായി നിർവചിച്ചിരുന്നതും ആരും പണം നല്കാത്തതു മൂലം ബജറ്റിനെ വലച്ചിരുന്നതുമായ നിലവിലുള്ള പെൻഷൻ സംവിധാനം; മറുവശത്ത് വിശാലമായ അസംഘടിത മേഖലയിലെ 84 ശതമാനത്തോളം വരു

ന്ന തൊഴിലാളി സമൂഹത്തിനു വാർധക്യ കാല വരുമാനം ലഭ്യമാക്കി പെൻഷൻ സമ്പ്രദായത്തെ ഉടച്ചു വാർക്കേണ്ടതിന്റെ ആവശ്യകത. ഇതു രണ്ടും ചേർന്നാണ് ഇന്ത്യയുടെ പെൻഷൻ പരിഷ്കരണം അത്യന്താപേക്ഷിതമാക്കിയത്. ഓൾഡ് ഏജ് സോഷ്യൽ ആൻഡ് ഇൻകം സെക്യൂരിറ്റി കമ്മിറ്റി, ഭട്ടാചാര്യ കമ്മിറ്റി, രംഗാചാരി കമ്മിറ്റി തുടങ്ങി വിവിധ വിദഗ്ധ കമ്മിറ്റികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക അവസ്ഥയും ജനസംഖ്യാ പ്രവണതകളും ഉൾക്കൊണ്ട് നിലവിലുള്ള പെൻഷൻ ഘടന പരിഷ്കരിക്കാൻ ഇന്ത്യ ഗവൺമെന്റ് ബോധപൂർവമായ ശ്രമം നടത്തി. അങ്ങിനെയാണ് പങ്കാളിത്ത പെൻഷൻ സംവിധാനം നിലവിൽ വന്നത്. ആരംഭത്തിൽ ഇത് ന്യൂപെൻഷൻ സ്കീം എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. പിന്നീട് നാഷണൽ പെൻഷൻ സിസ്റ്റം എന്ന് പുനർ നാമകരണം ചെയ്തു. പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡവലപ്മെന്റ് അഥോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് നാഷണൽ പെൻഷൻ സിസ്റ്റം. സൈനികർ ഒഴികെ 2004 ജനുവരി 1 നു ശേഷം ജോലിയിൽ പ്രവേശിച്ച കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്കു വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. പിന്നീട് സംസ്ഥാനങ്ങളിലെ ജീവനക്കാർക്കും ഇത് ബാധകമാക്കി. 2009 മെയ് 1 മുതൽ പൊതു -സ്വകാര്യ - സ്വയം തൊഴിൽ -അസംഘടിത - അനൗപചാരിക മേഖലകൾ ഉൾപ്പെടെ രാജ്യത്തെ മുഴുവൻ തൊഴിലാളികളും നാഷണൽ പെൻഷൻ സിസ്റ്റത്തിന്റെ പരിധിയിൽ വന്നു. ഇന്ന് 18 - 60 പ്രായപരിധിയിലുള്ള എല്ലാ ഇന്ത്യൻ പൗരന്മാർക്കും അവർക്ക് ജോലി ചെയ്യാൻ സാധിക്കുന്ന കാലത്ത് ഈ പദ്ധതിയിൽ നിർദ്ദിഷ്ട തുക നിക്ഷേപിച്ച് പിന്നീട് വിരമിച്ച ശേഷം പെൻഷൻ വാങ്ങാവുന്നതാണ്. ഗവൺമെന്റ് ജീവനക്കാർക്ക് നാഷണൽ പെൻഷൻ സിസ്റ്റത്തിൽ അംഗത്വം നിർബന്ധമാണ്. അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 10 ശതമാനവും തൊഴിലുടമയിൽ നിന്ന് തുല്യ തുകയും മാസാമാസം ഓരോ ജീവനക്കാരന്റെയും പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ടിലേയ്ക്ക് വിഹിതമായി ശേഖരിക്കും. നാഷണൽ പെൻഷൻ സിസ്റ്റത്തിൽ അംഗമാകുന്ന ഓരോ വ്യക്തിയും ഓരോ വർഷവും കുറഞ്ഞത് 1000 രൂപയെങ്കിലും പദ്ധതിയിൽ നിക്ഷേപിക്കണം. ഈ തുക പിന്നീട് വരുമാനം അനുസരിച്ച് വർധിപ്പിക്കാവുന്നതാണ്. ഈ തുക വർധിക്കുമ്പോൾ പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡവലപ്മെന്റ് അഥോറിറ്റി ഓഫ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കും. തുക എവിടെ നിക്ഷേപിക്കണം എന്ന് നിർദ്ദേശിക്കാൻ ജീവനക്കാരന് അധികാരമുണ്ട്.

നാഷണൽ പെൻഷൻ സിസ്റ്റത്തിന് ക്ലിപ്തമായ ഘടന ഇല്ല. ഇടപാടുകാരുടെ രജിസ്ട്രേഷൻ, പെൻഷൻ വിഹിതം സംഭരണം, രേഖകളുടെ സൂക്ഷിപ്പ്, തുക ഒന്നിച്ചു കൂട്ടൽ, അത് മറ്റ് സാമ്പത്തിക വിപണികളിലും സ്ഥാപനങ്ങളിലും നിക്ഷേപിക്കൽ, അതിന്റെ രേഖകളുടെ സൂക്ഷിപ്പ്, കാലാകാലങ്ങളിൽ പെൻഷൻ തുകയുടെ വിതരണം എന്നിങ്ങനെ ഒരുപാട് ഉത്തരവാദിത്വങ്ങൾ ഇതിൽ നിക്ഷിപ്തമായിരിക്കുന്നു. ഒരു പറ്റം ഗവൺമെന്റ് ഓഫീസുകളുടെയും ബാങ്കുകളുടെയും പോയിന്റ് ഓഫ് പ്രസൻസ് എന്ന് അറിയപ്പെടുന്ന മറ്റ് ചില ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെയാണ് ഈ പ്രവർത്തനങ്ങൾ എല്ലാം മുന്നോട്ടു പോകുന്നത്. നാഷണൽ പെൻഷൻ സിസ്റ്റത്തിലെ ഓരോ ജീവനക്കാരന്റെയും വിവിധ പ്രവർത്തനങ്ങളുടെയും രേഖകൾ സൂക്ഷിക്കുന്നത് സെൻട്രൽ റെക്കോഡ് കീപ്പിങ് ഏജൻസിയാണ്. സെൻട്രൽ റെക്കോഡ് കീപ്പിംങ് ഏജൻസിയാണ് ഓരോ ഇടപാടുകാരനും പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ നല്കുന്നതും അതു സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതും കാലാകാലങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതും. കേന്ദ്രീകൃതമായ ഈ രേഖാ സൂക്ഷിപ്പു സമ്പ്രദായം ഓരോ ഇടപാടുകാരന്റെയും ജോലിയുടെ സ്ഥലം മാറ്റത്തിനനുസരിച്ച് അയാൾക്കുള്ള സേവനങ്ങൾ ഉറപ്പാക്കുന്നു. ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യയാണ് ഇവിടെ ഉപയോഗിക്കുന്നത്. വിവരങ്ങളുടെയും പെൻഷൻ തുകയുടെയും കൈമാറ്റം ഉൾപ്പെടെ എല്ലാം നിയന്ത്രിക്കുന്നത് ആധുനിക ഇലക്ട്രോണിക് സംവിധാനങ്ങളാണ്. അതുകൊണ്ട് എല്ലാം വേഗത്തിലും കൃത്യമായും കാര്യക്ഷമമായും നടക്കുന്നു.

ഏതു ഗവൺമെന്റ് ജീവനക്കാരനും അയാളുടെ ഡ്രോയിംങ് ആൻഡ് ഡിസ്ബഴ്സിംങ് ഓഫീസർ അല്ലെങ്കിൽ പെയ് ആൻഡ് അക്കൗണ്ട് ഓഫീസർ വഴി നാഷണൽ പെൻഷൻ സിസ്റ്റത്തിൽ അക്കൗണ്ട് തുറക്കാം. കോർപ്പറേറ്റ് മേഖലയിലും അനൗപചാരിക മേഖലയിലും ഉള്ളവർ രാജ്യത്തെ 60000 ശാഖകൾ ഉള്ള വിവിധ ബാങ്കുകൾ, പോസ്റ്റ് ഓഫീസുകൾ, ഏതാനും ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നീ പോയിന്റ് ഓഫ് പ്രസൻസ് വഴി നിർദ്ദിഷ്ഠ അപേക്ഷാ ഫാറം പൂരിപ്പിച്ച് തിരിച്ചറിൽ രേഖ സഹിതം നല്കിയാൽ മതി. ചില പോയിന്റ് ഓഫ് പ്രസൻസുകൾ വിദേശ രാജ്യങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ഇവയെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ www.pfrda.org.in, www.npscra.nsdl.co.in. എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാണ്. ഓൺ ലൈനായും നാഷണൽ പെൻഷൻ അക്കൗണ്ട് തുറക്കാം. അതിനായി www.npstrust.org.in. എന്ന സൈറ്റ് സന്ദർശിച്ചാൽ മതി. ഉപഭോക്താവിന് ആധാർ നമ്പർ, പാൻ നമ്പർ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ ഉപയോഗിച്ച് ഓൺലൈനിൽ അക്കൗണ്ട് തുറന്ന പരിശോധിക്കാം. അക്കൗണ്ട് ആരംഭിക്കമ്പോൾ ഉപഭോക്താവിനു ലഭിക്കുന്ന പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പറിലേയ്ക്കാണ് അക്കൗണ്ട് ഉടമ അടയ്ക്കുന്ന എല്ലാ വിഹിതവും എത്തുന്നത്. ജോലി സ്ഥലം മാറുന്നതനുസരിച്ച് ഇന്ത്യയിൽ എവിടേയ്ക്കു വേണമെങ്കിലും



ഈ അക്കൗണ്ട് കൊണ്ടുപോകാം. കമ്പ്യൂട്ടറുകളാണ് ഇത് നിയന്ത്രിക്കുന്നത്. അക്കൗണ്ട് പരിശോധിക്കാൻ ഇപ്പോൾ മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉണ്ട്.

കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്കായി നാഷണൽ പെൻഷൻ സിസ്റ്റം നടപ്പാക്കുന്നതു സംബന്ധിച്ച് 2003 ഡിസംബറിൽ കേന്ദ്ര ഗവൺമെന്റിന്റെ ധന മന്ത്രാലയം ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. നടത്തിപ്പിനായി 2004 ജനുവരിയിൽ കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് ഒരു ഉത്തരവും ഇറക്കി. നാഷണൽ പെൻഷൻ സിസ്റ്റത്തിലേയ്ക്കുള്ള ജീവനക്കാരുടെ വിഹിതം 2004 ജനുവരി മുതൽ 2008 മാർച്ച വരെ സെൻട്രൽ പെൻഷൻ അക്കൗണ്ടിംങ് ഓഫീസിലെ പൊതു അക്കൗണ്ടിലാണ് സൂക്ഷിച്ചിരുന്നത്. പിന്നീട് 2008 മാർച്ചിനു ശേഷം ഈ തുക ഇന്ത്യയുടെ പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡവലപ്മെന്റ് അഥോറിറ്റി നിയോഗിച്ച ട്രസ്റ്റി ബാങ്കിലേയ്ക്ക് മാറ്റി. ഈ ബാങ്കാണ് കാലാകാലങ്ങളിൽ ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ഈ പണം ഹുണ്ടിക വിപണിയിലേയ്ക്ക് നിക്ഷേപിക്കുന്നത്. ഇത്തരം നിക്ഷേപങ്ങൾക്ക് 8 ശതമാനമാണ് വാർഷിക പലിശ. ഇതിനുള്ള വിശദമായ നടപടി ക്രമം കൺട്രോളർ ജനറലിന്റെ ഓഫീസിൽ നിന്ന് ട്രസ്റ്റി ബാങ്കിന് 2008 സെപ്റ്റംബറിൽ നല്കി. പഴ്സണൽ മന്ത്രാലയത്തിൽ നിന്ന് ഇതു സംബന്ധിച്ച മാർഗ്ഗരേഖകൾ എല്ലാ ചീഫ് സെക്രട്ടറിമാർക്കും 2009 സെപ്റ്റംബറിലും ലഭ്യമാക്കി.

രണ്ടുതരം അക്കൗണ്ടുകളാണ് നാഷണൽ പെൻഷൻ സിസ്റ്റം വാഗ്ദാനം ചെയ്യുന്നത്. ഒന്നാം നിരയും രണ്ടാം നിരയും. ഒന്നാം നിര അക്കൗണ്ട് ഒരു പെൻഷൻ അക്കൗണ്ടാണ്. രണ്ടാം നിര അക്കൗണ്ട് തുറക്കണമെങ്കിൽ ഇതു നിർബന്ധവുമാണ്. രണ്ടാം നിര അക്കൗണ്ട് ഒരു നിക്ഷേപ അക്കൗണ്ടാണ്. ഐശ്ചികവും. ഒന്നാം നിര അക്കൗണ്ടിൽ നിന്ന് കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, വീട് നിർമ്മാണം അഥവാ വാങ്ങൽ, ഭാര്യ, കുട്ടികൾ, മാതാപിതാക്കൾ എന്നിവരുടെ ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്കായി നിക്ഷേപത്തിന്റെ 25 ശതമാനം തുക വരെ പിൻവലിക്കാം. അപകടം ഗുരുതരമായ രോഗം എന്നിവ സംഭവിച്ചാലും തുക ഭാഗികമായി പിൻവലിക്കാം. പരമാവധി മൂന്നു തവണ മാത്രമെ ഈ പിൻവലിക്കൽ അനുവദിക്കൂ. പദ്ധതിയിൽ ചേർന്ന മൂന്നു വർഷം കഴിയാതെ ആദ്യ പിൻവലിക്കൽ അനുവദിക്കില്ല. ഒന്നാം നിര അക്കൗണ്ടിൽ നിന്നു പിൻവലിക്കുന്ന തുക പൂർണമായും നികുതി രഹിതമാണ്. എന്നാൽ രണ്ടാം നിര അക്കൗണ്ടിൽ നിന്നു പണം പിൻവലിച്ചാൽ ഈ ആനുകൂല്യം ലഭ്യമല്ല.

സേവനകാലാവധി പൂർത്തിയാകുകയോ 60 വയസ് തികയുകയോ ചെയ്യുമ്പോൾ അക്കൗണ്ടിലുള്ള തുകയുടെ 40 ശതമാനം കാലാകാലങ്ങളിലുള്ള പെൻഷൻ ലഭിക്കുന്നതിനായി നിലനിർത്തിയ ശേഷം ബാക്കി 60 ശതമാനം മൊത്തമായി പിൻവലിക്കാം. പിൻവലിക്കുന്ന തുകയുടെ 40 ശതമാനത്തിന് നികുതി ഇളവ് ലഭിക്കും. ജീവനക്കാരൻ 60 വയസ് തികയുന്നതിനു മുമ്പെ സേവനം അവസാനിപ്പിച്ചാൽ അക്കൗണ്ടിലെ തുകയുടെ 80 ശതമാനവും പെൻഷനുള്ള വിഹിതമായി അ

വിടെ നിലനിർത്തണം. ബാക്കി 20 ശതമാനം ഒന്നിച്ച് പിൻവലിക്കാം. നിർഭാഗ്യവശാൽ അക്കൗണ്ട് ഉടമ മരണപ്പെട്ടാൽ അവകാശിക്ക് മുഴുവൻ തുകയും ഒരുമിച്ച് പിൻവലിക്കാം. ഇതിനു നികുതി ഇല്ല.

## വിദേശ ഇന്ത്യക്കാർക്കുള്ള ദേശീയ പെൻഷൻ സംവിധാനം

വിദേശ ഇന്ത്യക്കാർക്കും അവരുടെ എൻ.ആർ.ഇ അക്കൗണ്ടു വഴി പണം അടച്ചുകൊണ്ട് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാകാം. ഒന്നാം നിര അക്കൗണ്ടിന് 6000 രൂപയും രണ്ടാം നിര അക്കൗണ്ടിന് 2000 രൂപയും വിദേശത്തുള്ള ഏതെങ്കിലും പോയിന്റ് ഓഫ് പ്രസൻസ് വഴി നിക്ഷേപിച്ചാൽ പദ്ധതിയിൽ അംഗമാകാൻ സാധിക്കും. തുടർന്നുള്ള നിക്ഷേപങ്ങൾ വർഷം തോറുമോ അക്കൗണ്ട് ഉടമയുടെ സൗകര്യമനുസരിച്ചോ നടത്താവുന്നതാണ്. പോയിന്റ് ഓഫ് പ്രസൻസ് അവരുടെ സേവനങ്ങൾക്ക് 8 ഡോളർ സർവീസ് ചാർജ് ഈടാക്കും. അക്കൗണ്ട് ഇന്ത്യയിലാണ് തുറക്കുന്നതെങ്കിൽ ഒന്നാം നിര അക്കൗണ്ടിന്ന 500 രൂപയും രണ്ടാം നിര അക്കൗണ്ടിന്ന 1000 രൂപയുമാണ് സർവീസ് ചാർജ്.

## ദേശീയ പെൻഷൻ പദ്ധതിയിലെ നികുതി ഇളവുകൾ

ആദായനികുതി വകുപ്പ് 80 സിസിഡി (1) പ്രകാരം തൊഴിലാളിയുടെ പത്തു ശതമാനം ശമ്പളവിഹിതത്തിന് നികുതി ഇളവ് ലഭിക്കും. പരമാവധി തുക 1,50,000. പെൻഷൻ പദ്ധതിയിലേയ്ക്കുള്ള തൊഴിലുടമയുടെ വിഹിതമായ 10 ശതമാനം കണക്കാക്കി തൊഴിലാളിക്ക് അടിസ്ഥാന ശമ്പളത്തിലും ഡിഎയിലും നികുതി ഇളവു ലഭിക്കും. ഇതിനു പരിധിയില്ല. ഇതിനു പുറമെ 50,000 രൂപയുടെ നിക്ഷേപവും വകുപ്പ് 80 സിസിഡി (1 ബി) പ്രകാരം നികുതി ഇളവുള്ളതാണ്. മൊത്തം രണ്ടു ലക്ഷം രൂപയുടെ നികുതി ഇളവാണ് പദ്ധതിയിലൂടെ അംഗത്തിനു ലഭിക്കുക. സ്വയം തൊഴിലാളികൾക്ക് 20 ശതമാനം വരെ നികുതി ഇളവ് ലഭിക്കും.

## പെൻഷൻ പദ്ധതിക്കുള്ള ഫീസുകളും ചെലവുകളും

അക്കൗണ്ട് തുറക്കൽ, പോയിന്റ് ഓഫ് പ്രസൻസിനുള്ള ചാർജ് , അക്കൗണ്ട് സൂക്ഷിപ്പ്, കൈമാറ്റ ചെലവുകൾ, ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് ഫീസ്, അസറ്റ് മെയ്ന്റനൻസ് ചാർജ്, പെൻഷൻ ട്രസ്റ്റിനുള്ള സർവീസ് ചാർജ് തുടങ്ങിയവയെല്ലാം കൂടി റിട്ടയർമെന്റ് ആനുകൂല്യത്തിന്റെ ഏകദേശം 0.5 % വരും.

## പെൻഷൻ പദ്ധതിയിൽ നിക്ഷേപവും ആദായവും

ഗവൺമെന്റ് ജീവനക്കാർക്കുള്ള നിക്ഷേപ രീതി – മൂന്നു പെൻഷൻ ഫണ്ടുകളാണ് നിലവിലുള്ളത്. എസ്ബിഐ പെൻഷൻ ഫണ്ട്, യുടിഐ റിട്ടയർമെന്റ് സെലൂഷൻസ്, എൽഐസി പെൻഷൻ ഫണ്ട് എന്നിവയാണ് അവ. ഇവയുടെ കഴിഞ്ഞ വർഷത്തെ പ്രകടനം:

1) 50 ശതമാനം ഗവൺമെന്റ് സെക്യൂരിറ്റികളിൽ

2) 45 ശതമാനം വായ്പകളിൽ

3) 15 ശതമാനം ഓഹരികളിൽ

4) 5 ശതമാനം ചെറുകിട വായ്പാ പദ്ധതികളിൽ

5) 5 ശതമാനം വിവിധ നിക്ഷേപങ്ങളിൽ.

14. ഗവൺമെന്റ് ജീവനക്കാർ ഒഴികെയുള്ളവർക്ക് എട്ട് പെൻഷൻ പദ്ധതികളാണ് നിലവിലുള്ളത്. എച്ച്ഡിഎഫ്സി പെൻഷൻ മാനേജ്മെന്റ്, ഐസിഐസി പ്രൂഡൻഷ്യൽ പെൻഷൻ ഫണ്ട് മാനേജ്മെന്റ്, കൊട്ടക് മഹീന്ദ്ര പെൻഷൻ ഫണ്ട്, എൽഐസി പെൻഷൻ ഫണ്ട്, റിലയൻസ് ക്യാപ്പിറ്റൽ പെൻഷൻ ഫണ്ട്, എസ്ബിഐ പെൻഷൻ ഫണ്ട്, യുടിഐ റിട്ടയർമെന്റ് സെലൂഷൻസ്, ബിർള സൺലൈഫ് പെൻഷൻ മാനേജ്മെന്റ് എന്നിവയാണ് അവ.നിക്ഷേപ രീതി ഗുണഭോക്താക്കൾക്ക് തെരഞ്ഞെടുക്കാം. ഓഹരികളിലും ബോണ്ടുകളിലും ഗവൺമെന്റ് സെക്യൂരിറ്റികളിലും നിക്ഷേപങ്ങൾ ആകാം.

15. ദേശീയ പെൻഷൻ പദ്ധതിയിൽ ജൂൺ 3, 2017 ലെ കണക്കു പ്രകാരം ഇന്ത്യയിൽ ഇപ്പോൾ 10.7 ദശലക്ഷം അംഗങ്ങളുണ്ട്. ഇവരുടെ നിലവിലുള്ള മൊത്തം നിക്ഷേപം 142,263 കോടി രൂപയും. ഇതിൽ ഗവൺമെന്റ് ജീവനക്കാർ 49 ശതമാനം വരും. മൊത്തം ആസ്തിയുടെ 88 ശതമാനവും ഇവരുടേതാണ്. അടൽ പെൻഷൻ യോജനയിലെ ആസ്തി കൂടി കൂട്ടിയാൽ അംഗങ്ങളുടെ മൊത്തം എണ്ണം 16.1 ദശലക്ഷവും തുക 187,151 കോടിയും കവിയും. (പട്ടിക 1 കാണുക)

**പട്ടിക 1**

| വിഭാഗം | ഗുണഭോക്താക്കൾ | | മൊത്തം നിധി | | മൊത്തം ആസ്തി | |
|---|---|---|---|---|---|---|
| | സംഖ്യ | % | കോടി രൂപയിൽ | % | കോടി രൂപയിൽ | % |
| കേന്ദ്രഗവൺമെന്റ് | 1,819,457 | 17.0 | 51,332 | 36.1 | 70,965 | 38.4 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാന ഗവൺമെന്റ് | 3,412,486 | 31.8 | 72,331 | 50.8 | 91,595 | 49.5 |
| മൊത്തം | 5,231,943 | 48.8 | 123,663 | 86.9 | 162,561 | 87.9 |
| കോർപ്പറേറ്റ് | 608,434 | 5.7 | 12,950 | 9.1 | 6,091 | 8.7 |
| അസംഘടിതർ | 460,468 | 4.3 | 3,387 | 2.4 | 3,520 | 1.9 |
| മൊത്തം | 1,068,902 | 10.0 | 16,337 | 11.5 | 19,610 | 10.6 |
| എൻപിഎസ് | 4,424,806 | 41.3 | 2,263 | 1.6 | 2,777 | 1.5 |
| മൊത്തം | **10,725,651** | 100.0 | **142,263** | 100.0 | **184,948** | 100.0 |
| എപിവൈ | 5,372,618 | | 2,077 | | 2,203 | |
| **ആകെ** | **16,098,269** | | **144,340** | | **187,151** | |

നാഷണൽ പെൻഷൻ സിസ്റ്റത്തിന്റെ ഓഹരി നിക്ഷേപങ്ങളും മറ്റും വ്യത്യസ്ത മേഖലകളിലായിട്ടാണ്. മൊത്തം ആസ്തിയുടെ 13.5 ശതമാനം ഇക്വിറ്റി ഷെയറുകളിലാണ്. 48 ശതമാനം ഗവൺമെന്റ് സെക്യൂരിറ്റികളിലും, 35.5 ശതമാനം കോർപ്പറേറ്റ് ബോണ്ടുകളിലും നിക്ഷേപിച്ചിരിക്കുന്നു. കോർപ്പറേറ്റ് ബോണ്ടുകളുടെ 98 ശതമാനവും ഉയർന്ന മൂല്യമുള്ള വൻ കമ്പനികളുടെ ഓഹരികളിലാണ്.

2017 ഏപ്രിൽ വച്ച് വാർഷിക ആദായം കണക്കാക്കുമ്പോൾ വളർച്ചാ നിരക്ക് 10 ശതമാനമാണ്. (തരം തിരിച്ചുള്ള വിശദാംശങ്ങൾ പട്ടിക 2 ൽ കാണാവുന്നതാണ്)

**പട്ടിക 2**

| പെൻഷൻ ഫണ്ട് | | എസ്ബിഐ | യുടിഐ | എൽഐസി | റിലയൻസ് | കൊട്ടക്ക് | ഐസിഐസി | എച്ച്ഡിഎഫ്സി |
|---|---|---|---|---|---|---|---|---|
| സിജി | | 10.43 | 10.06 | 0.13 | | | | |
| എസ്ജി | | 10.04 | | 10.11 | 10.23 | | | |
| കോർപ്പറേറ്റ്സിജി | | 10.61 | | 10.79 | | | | |
| | ഇ | 9.69 | 11.81 | 13.89 | 10.94 | 11.01 | 11.84 | 16.80 |
| ടയർ 1 | സി | 11.14 | 9.79 | 11.61 | 11.06 | 9.67 | 11.11 | 11.65 |
| | ജി | 10.06 | 8.75 | 12.44 | 8.96 | 8.63 | 9.03 | 11.04 |
| | ഇ | 9.33 | 9.64 | 8.91 | 10.08 | 9.59 | 9.31 | 12.31 |
| ടയർ 2 | സി | 10.80 | 9.99 | 9.94 | 9.80 | 9.44 | 11.04 | 9.90 |
| | ജി | 10.29 | 9.86 | 12.63 | 8.82 | 8.95 | 9.20 | 11.65 |
| സ്വാവലംബൻ | | 11.10 | 10.96 | 10.92 | 11.18 | | | |

*(പെൻഷൻ ഫണ്ട് റഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിട്ടിയിൽ സ്ഥിരാംഗമാണ് ലേഖകൻ)*

# സാമൂഹ്യ സുരക്ഷയിലെ അന്താരാഷ്ട്ര രീതികളും ഇന്ത്യയുടെ മുന്നിലുള്ള പാതയും

ചന്ദ്രകാന്ത് ലഹാരിയ

സാമൂഹ്യ സുരക്ഷ എന്ന പദം വിവിധ സന്ദർഭങ്ങളും പരിതസ്ഥിതികളും അനുസരിച്ച് സാമൂഹ്യ സംരക്ഷണം, സാമൂഹ്യക്ഷേമം തുടങ്ങി വിവിധ അർത്ഥങ്ങളിൽ ഉപയോഗിച്ച് വരാറുണ്ട്. എന്നിരുന്നാലും സാമൂഹ്യ സുരക്ഷ എന്നു തന്നെയാണ് സാധാരണയായി ഉപയോഗിക്കുന്നത്. 1948 ൽ ഐക്യരാഷ്ട്ര പൊതുസഭ അംഗീകരിച്ച പ്രമേയം അനുസരിച്ച് സാമൂഹ്യസുരക്ഷ മനുഷ്യാവകാശം സംബന്ധിച്ച സാർവത്രിക പ്രഖ്യാപനത്തിൽ 22-ാം വകുപ്പായി ഇടം നേടിയിട്ടുണ്ട്. സമൂഹത്തിലെ അംഗം എന്ന നിലയിൽ ഓരോരുത്തർക്കും സാമൂഹ്യ സുരക്ഷയ്ക്ക് അർഹതയുണ്ട്. ദേശീയ പരിശ്രമവും അന്താരാഷ്ട്ര സഹകരണവും ഇതിനായി ഉണ്ടാകണമെന്ന് ചട്ടം അനുശാസിക്കുന്നു. തൊഴിലെടുക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ നൽകണമെന്ന് ചട്ടം 23 ലും പറയുന്നുണ്ട്. രാജ്യാന്തര തലത്തിൽ ചട്ടം 22 ആണ് സാമൂഹ്യ സുരക്ഷയുടെ കാതൽ എന്ന് കാണാം.

## സാമൂഹ്യ സുരക്ഷയുടെ ആവിർഭാവം

പുരാതന കാലം മുതൽ തന്നെ വിവിധ സംസ്കാരങ്ങളിലും സമൂഹങ്ങളിലും ചക്രവർത്തിമാരും രാജാക്കന്മാരും പുലർത്തിവന്ന ഉദാര സമീപനം ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ആധുനിക കാഴ്ചപ്പാട് ഉരുത്തിരിഞ്ഞുവന്നത്. സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളിൽ ജർമ്മനിയാണ് ഒന്നാം നിരയിൽ നിൽക്കുന്നത്. ജർമ്മൻ ചാൻസലർ ആയിരുന്ന ഓട്ടോ വോൻ ബിസ്മാർക്കിന്റെ കാലത്തു തൊഴിലാളികൾക്ക് നഷ്ടപരിഹാര പദ്ധതി (1884), രോഗങ്ങൾക്ക് ഇൻഷുറൻസ് പദ്ധതി (1888), സാമൂഹ്യ ഇൻഷുറൻസ് (1889) തുടങ്ങിയവ നടപ്പിലായി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജർമ്മൻകാർക്ക് സമഗ്രമായ സാമൂഹ്യസുരക്ഷാ പദ്ധതി സ്വന്തമായി.

ഇതേ സമയത്ത് തന്നെ 1897 ൽ ബ്രിട്ടൻ തൊഴിലാളി നഷ്ട പരിഹാര പദ്ധതിയും പിന്നാലെ 1911 ൽ ദേശീയ ഇൻഷുറൻസ് നിയമവും നടപ്പാക്കി. രണ്ടാം ലോകമഹായുദ്ധത്തിന് പിന്നാലെ യു.കെ. ഗവൺമെന്റ് ഏകീകൃത സാമൂഹ്യ സുരക്ഷാ സംവിധാനം കൊണ്ടുവന്നു. ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രജ്ഞനും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന വില്യം ഹെന്റി ബെവറിഡ്സ്ജിനാണ് ഇതിന്റെ നേട്ടം അവകാശപ്പെടാനാകുക. ബെവറിഡ്ജ് പ്ലാൻ എന്ന പദ്ധതി ഇദ്ദേഹമാണ് ഗവൺമെന്റിന് സമർപ്പിച്ചത്. ആധുനിക കാലഘട്ടത്തിൽ മാതൃകയായി കണക്കാക്കാവുന്ന ബ്രിട്ടനിലെ ദേശീയ ആരോഗ്യ സംവിധാനം ബെവറിഡ്ജ് പദ്ധതിക്ക് കീഴിലാണ് നിലവിൽ വന്നത്.

1900 നും 1920 നും ഇടയിൽ വയോജനങ്ങൾക്ക് സഹായം നൽകുന്ന ചിന്താഗതിയിൽ നിന്നും ഒരു മാറ്റത്തിന് അമേരിക്ക സാക്ഷ്യം വഹിച്ചു. 1935 ൽ പ്രസിഡന്റ് ഫ്രാങ്ക്ളിൻ റൂസ് വെൽറ്റിന് കീഴിൽ അമേരിക്ക സാമൂഹ്യ സുരക്ഷാ നിയമം നടപ്പാക്കി. 1943 ൽ ഐക്യദേശീയ സാമൂഹ്യ ഇൻഷുറൻസ് സംവിധാനത്തിന് തുടക്കമിടാൻ കാരണം ഈ നിയമമാണ്. ഫ്രാൻസിൽ 1946 ൽ പിയറി ലറോക്ക് രൂപം കൊടുത്ത ദേശീയ സാമൂഹ്യസുരക്ഷ, സംവിധാനം ജനസംഖ്യയെ ആകെ തന്നെ സാമൂഹ്യ സുരക്ഷയ്ക്ക് കീഴിലാക്കി. ഇക്കാലത്ത് തന്നെ അന്താരാഷ്ട്ര തൊഴിൽ സംഘടനയും യുഎന്നും അന്താരാഷ്ട്ര നിയമങ്ങളിലും ധാരണകളിലും സാമൂഹ്യ സുരക്ഷ ഉൾപ്പെടുത്തുന്നതിനായി നിരന്തരം വാദിച്ചു. സാമൂഹ്യ സുരക്ഷാ സ്ഥാപനങ്ങൾ തമ്മിൽ ഫലപ്രദമായ തരത്തിൽ ദേശീയ അന്തർദേശീയ സഹകരണം വേണമെന്നും വിവരവിനിമയം വേണമെന്നും ചൂണ്ടിക്കാട്ടിയ 1944 ലെ ഐ.എൽ.ഒ പ്രഖ്യാപനം ഒരു നാഴികക്കല്ലായി കണക്കാക്കാം. സാമൂഹ്യ സുരക്ഷാ പരിപാടികൾ നടപ്പാക്കുന്നതിനായി രാഷ്ട്രങ്ങളെ പിന്തുണക്കണമെന്ന് ഔപചാരികമായി അംഗീകരിച്ചതും അങ്ങനെ ആവശ്യമുള്ളവർക്ക് അടിസ്ഥാന വരുമാനവും സമഗ്രമായ വൈദ്യസഹായവും ലഭ്യമാക്കണമെന്നും ചൂണ്ടിക്കാട്ടിയതും ഈ പ്രഖ്യാപനം ആണ്. 1952 ൽ ഐഎൽഒ സാമൂഹ്യ സുരക്ഷാ (മിനിമം സ്റ്റാൻഡേർഡ്) കൺവൻഷൻ അംഗീകരിച്ചു. സാമൂഹ്യ സുരക്ഷക്കു കീഴിൽ വരുത്തേണ്ട ആവശ്യങ്ങൾ ഇതിൽ വരച്ചുകാട്ടി. അടിസ്ഥാന സാമൂഹ്യ സുരക്ഷാ തത്വങ്ങളിൽ അധിഷ്ഠിതമായ പ്രഥമ അന്താരാഷ്ട്ര കരാറായ ഈ കൺവൻഷൻ തന്നെയാണ് ലോകമെങ്ങും അംഗീകരിച്ച സാമൂഹ്യ സുരക്ഷാ മാനദണ്ഡങ്ങൾക്ക് രൂപം നൽകിയത്.

## അന്താരാഷ്ട്ര അനുഭവങ്ങളിൽ നിന്നുള്ള പാഠങ്ങൾ

സാമൂഹ്യ അസന്തുലിതാവസ്ഥകൾ പരിഹരിച്ചും ദാരിദ്ര്യവും വിശപ്പും അവസാനിപ്പിച്ചും, മാനവരാശിയുടെ അന്തസ്, സാമൂഹ്യ കെട്ടുറപ്പ്, ജനാധിപത്യം എന്നിവ ശക്തിപ്പെടുത്തിയും ജനങ്ങളെ ആപത്തുകളിൽ നിന്നും ദൗർബല്യങ്ങളിൽ നിന്നും രക്ഷിക്കുന്നതിന് ഉതകുന്നവയാണ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ. ഈ സംവിധാനങ്ങൾ വിവിധ രാജ്യാന്തര കരാറുകളിലും ധാരണകളിലും എടുത്തു കാട്ടിയിട്ടുണ്ട്. അടു

ത്തിടെ സമാപിച്ച സഹസ്രാബ്ദ വികസന ലക്ഷ്യ സമ്മേളനം, സുസ്ഥിര വികസന ലക്ഷ്യസമ്മേളനം എന്നിവ ഇതിൽ ചിലതു മാത്രം.

ചില രാജ്യങ്ങളിൽ മികച്ച തുടക്കം ഉണ്ടായിട്ടും വരുമാനം കുറഞ്ഞതും ഇടത്തരം വിഭാഗത്തിൽപ്പെട്ട തുമായ രാജ്യങ്ങളിൽ സാമൂഹ്യ സുരക്ഷാ പദ്ധതിക ളുടെ പുരോഗതി മന്ദഗതിയിലായിരുന്നു. 2014 ൽ ഐ എൽഒ പുറത്തുവിട്ട കണക്കനുസരിച്ച് ലോകജനസം ഖ്യയുടെ 27% ന് മാത്രമെ സമഗ്രമായ സാമൂഹ്യസു രക്ഷാ പദ്ധതികൾ പ്രാപ്യമായുള്ളു. സുസ്ഥിരത, സാർ വത്രികത എന്നിവയാണ് ഇതുമായി ബന്ധപ്പെട്ട രണ്ട് വെല്ലുവിളികൾ.

തിരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങൾക്കു മാത്രമാ യിട്ടാണ് സാമൂഹ്യസുരക്ഷാ പദ്ധതികൾ പലയിടങ്ങ ളിലും ആരംഭിച്ചത്. ഇത് പിന്നീട് വ്യാപിപ്പിച്ചുവെ ങ്കിലും ചില രാജ്യങ്ങൾക്കു മാത്രമെ സാർവത്രികാടി സ്ഥാനത്തിൽ പദ്ധതി നടപ്പാക്കാനായുള്ളു. ദരിദ്ര-ഇട ത്തരം രാജ്യങ്ങൾ ആണ് ഇക്കാര്യത്തിൽ വെല്ലുവിളി നേരിടുന്നത്. കടലാസിൽ പദ്ധതികൾ മികച്ചവയാണെ ങ്കിലും ജനങ്ങളിൽ ഏറിയ പങ്കും ഇപ്പോഴും പദ്ധതി കൾക്ക് പുറത്ത് തന്നെ. ഗുണഭോക്താക്കളെ തിരിച്ചറി യുകയെന്നതും വെല്ലുവിളിതന്നെ. പദ്ധതികൾ വ്യാപി പ്പിക്കുന്നതിൽ രാഷ്ട്രീയ നേതൃത്വം ഇഷ്ടപ്പെടുന്നു. പദ്ധതികൾ ഇടയ്ക്കിടെ പുനരവലോകനം ചെയ്യേണ്ട തുമുണ്ട്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ പല രാജ്യങ്ങ ളിലും പല തരത്തിലാണെങ്കിലും 2050- ഓടെ സാമൂ ഹ്യസുരക്ഷാ പദ്ധതികൾ മൊത്തം ആഭ്യന്തര ഉത്പാദ നത്തിന്റെ അഞ്ചിൽ ഒരു ഭാഗം ആകണമെന്നാണ് പല വികസിത രാജ്യങ്ങളുടെയും ലക്ഷ്യം. ആയുർദൈർ ഘ്യം കൂടുകയും തൊഴിൽ ചെയ്യുന്നവർ വിരമിക്കൽ പ്രായം അടുക്കുകയും ചെയ്യുന്നതോടെ വരും വർഷങ്ങ ളിൽ ജിഡിപിയും റിട്ടയർമെന്റ് ആനുകൂല്യ ചെലവും തമ്മിലുള്ള അനുപാതം വർദ്ധിക്കുവാനാണ് സാധ്യത. ഇത് സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ചെലവ് വർധി ക്കുന്നതിനിടയാക്കും. അതിനാൽ ജനസംഖ്യാ കണ ക്കുകളിൽ വരുന്ന മാറ്റങ്ങൾ സാമൂഹ്യ സുരക്ഷാ പദ്ധ തികളെ ദോഷകരമായി ബാധിക്കുന്നില്ലെന്ന് ഗവൺ മെന്റുകൾ ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു.

പാർശ്വവൽകൃത ഗുണഭോക്താക്കൾക്ക് സഹാ യങ്ങൾ എത്തിക്കുന്നതിലെ പരിമിതികളാണ് വികസ്വര രാജ്യങ്ങൾ നേരിടുന്ന മറ്റൊരു വെല്ലുവിളി. ലക്ഷ്യമി ടുന്ന ഗുണഭോക്താക്കളിൽ പലരും അസംഘടിത മേഖ ലയിൽ തൊഴിലെടുക്കുന്നവരാകയാൽ നിയമപരമായി പദ്ധതിയുടെ പരിരക്ഷയ്ക്ക് പുറത്താകുന്നു. ഇതിനുപ രിഹാരമായി ഇത്തരം ആളുകളെ പങ്കാളിത്ത രഹിത അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാപദ്ധതികളിൽ ഉൾപ്പെടുത്താൻ ശ്രമം നടത്തുകയാണ് പലരും.

സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് ഭരണഘ ടനാ സംരക്ഷണം നൽകാനുള്ള ശ്രമങ്ങളും നടന്നുവരി കയാണ്. മിക്ക രാജ്യങ്ങളുടെയും ഭരണഘടനയിൽ സാമൂഹ്യ സുരക്ഷ പ്രത്യക്ഷമായും പരോക്ഷമായും കടന്നുവരുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച് വ്യക്ത മായ വ്യവസ്ഥകൾ ഉള്ള രാജ്യങ്ങൾ ഈ രംഗത്ത് ഏറെ മുന്നിലാണെന്ന് കാണാം.

ആഗോള തലത്തിൽ സാമൂഹ്യസുരക്ഷ നടപ്പാ ക്കുന്നതിന്റെ ചില ഉദാഹരണങ്ങൾ നോക്കാം. ലോക ത്തിലെ ഏറ്റവും ആധുനികവും സമഗ്രവുമായ സാ മൂഹ്യ സുരക്ഷാ സംവിധാനം ഉള്ള രാജ്യമാണ് ഫിൻ ലൻഡ്. അവിടെ എല്ലാവരും തന്നെ സാമൂഹ്യ സുര ക്ഷാ പദ്ധതിയുടെ ഭാഗമാണ്. കൂടാതെ ഓരോ വിഭാഗ ത്തിനുമുള്ള സവിശേഷ പദ്ധതികൾ പുറമേയും. വീടു കളെ അടിസ്ഥാനമാക്കിയ പദ്ധതികൾ നികുതിപ്പണമു പയോഗിച്ച് അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാ ക്കുന്നു. തൊഴിലിടത്തെ സാമൂഹ്യ സുരക്ഷാ പദ്ധതി യുടെ നടത്തിപ്പ് ഫിന്നിഷ് പെൻഷൻ കേന്ദ്രമാണ് പങ്കാ ളിത്ത സമ്പ്രദായത്തിലൂടെ നടപ്പാക്കുന്നത്. സാമൂഹ്യ ഇൻഷുറൻസ് പരിരക്ഷയും ക്ഷേമ നിർദ്ദേശങ്ങളും ഇതിൽപ്പെടുന്നു. സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഭാഗമായി ഫിൻലൻഡിൽ സമഗ്രമായ ആരോഗ്യ സംവി ധാനവും നിലവിലുണ്ട്.

രാജ്യങ്ങളിലെ സാമൂഹ്യ സുരക്ഷാ പദ്ധതി കൾക്ക് പൊതുവായ ചില ഘടകങ്ങൾ ഉണ്ട്. മിക്ക വാറും എല്ലാ രാജ്യങ്ങളും സംഘടിത മേഖലയിലെ തൊഴിലാളികൾക്കായി വാർധക്യകാല പെൻഷനും വിരമിക്കൽ ആനുകൂല്യങ്ങളും വേതന മാനദണ്ഡ ങ്ങളും നിശ്ചയിച്ചിട്ടുണ്ട്. പല രാജ്യങ്ങളും പദ്ധതിക ളുടെ പ്രയോജനം വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൂടുതൽ ജനങ്ങളിലേക്ക് പദ്ധതി വ്യാപിപ്പി ക്കാനുള്ള ശ്രമം ഫലം കണ്ടിട്ടില്ല. നിലവിലുള്ള നേട്ട ങ്ങൾ വച്ച് പദ്ധതി സമഗ്രമല്ലതാനും. ആരോഗ്യ സു രക്ഷ ഇതിനു കീഴിൽ കൊണ്ടുവരാൻ നിർദ്ദേശം ഉയർ ന്നെങ്കിലും ചില രാജ്യങ്ങൾ മാത്രമാണ് ഇതനുസരിച്ച് സാർവത്രിക ആരോഗ്യ പദ്ധതികൾക്കായി മുന്നോട്ടുവ ന്നത്. മുന്നേറ്റമുണ്ടാക്കിയ പല രാജ്യങ്ങളും പദ്ധതി കൾ സംയോജിപ്പിച്ചും നടത്തിപ്പിൽ പങ്കാളിത്തം ഉറപ്പാ ക്കിയും നേട്ടമുണ്ടാക്കി. ഫെഡറൽ സംവിധാനത്തിൽ പ്രവിശ്യകളും സംസ്ഥാനങ്ങളും പദ്ധതി രൂപകൽപന ചെയ്തത് നടപ്പാക്കുമ്പോൾ ദേശീയ തലത്തിൽ മാർഗ്ഗ നിർദ്ദേശങ്ങളും ചട്ടങ്ങളും കൊണ്ടുവന്ന് നടത്തിപ്പ് സുഗമമാക്കുന്നു. നവീനമായ സമീപനങ്ങളും മാറ്റം വരുത്തുലുകളും പഠനവും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തലും ഒക്കെ പദ്ധതി നടത്തിപ്പിൽ പ്ര ധാനമാണ്. ഇതു കൂടാതെ ആവശ്യം വരുമ്പോൾ നിയമ നിർമ്മാണം നടത്തിയും മറ്റും രാജ്യങ്ങൾ മുന്നേറുന്നു.

## ഇന്ത്യക്കു മുന്നിലുള്ള ഏഴ് മാർഗ്ഗങ്ങൾ

സ്വാതന്ത്ര്യം നേടി 70 വർഷങ്ങൾ പിന്നിട്ട ഇ ന്ത്യക്ക് യുവത്വമാർന്ന ജനസംഖ്യയും ആഗോള മാന്ദ്യം ബാധിക്കാതെ മുന്നേറുന്ന സമ്പദ് വ്യവസ്ഥയും കരു

ത്ത് പകരുന്നു. ഇന്ത്യയിൽ നിലവിലുള്ള സാമൂഹ്യ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്താനുള്ള സമയമാണിത്. ഇന്ത്യൻ ഭരണഘടനയുടെ 41,42 വകുപ്പുകൾ സാമൂഹ്യസുരക്ഷയെപ്പററി പ്രതിപാദിക്കുന്നു. തൊഴിൽ ചെയ്യുവാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, തൊഴിൽ ലഭിക്കാതെ വന്നാൽ സഹായം ലഭിക്കാനുള്ള അവകാശം, വാർധക്യം അനാരോഗ്യം, ശാരീരിക ന്യൂനതകൾ തുടങ്ങിയവയിൽ സഹായം ലഭിക്കാനുള്ള അവകാശം തുടങ്ങിയത് ഭരണഘടന എടുത്തുകാട്ടുന്നു. സാമൂഹ്യ സുരക്ഷ വിപുലപ്പെടുത്താനുള്ള നിയമ ചട്ടക്കൂട് അത്തരത്തിൽ നമ്മുടെ രാജ്യത്തുണ്ടെന്ന് പറയാം.

സാമൂഹ്യസുരക്ഷയുടെ കാര്യത്തിൽ പല അർത്ഥത്തിലും ഇന്ത്യ ആദ്യം തന്നെ നടപടികൾ സ്വീകരിച്ചിരുന്നു. 1923 ൽ തന്നെ രാജ്യത്ത് തൊഴിലാളി നഷ്ടപരിഹാര നിയമം നിലവിൽ വന്നു. പിന്നീട് കൂടുതൽ വിഭാഗങ്ങളെ ഉൾക്കൊള്ളിച്ച് പദ്ധതികൾ വിപുലപ്പെടുത്തി. അങ്ങനെ കടലാസിലെങ്കിലും മൊത്തത്തിൽ സ്ഥിതി ഏറെ മെച്ചമാണെന്ന് തോന്നാം. എന്നിരുന്നാലും ഇന്ത്യയിലെ പൊതുവെയും സംസ്ഥാനങ്ങളിലെ പ്രത്യേകിച്ചും വെല്ലുവിളികൾ ലോകത്തിലെ മറ്റു ഭാഗങ്ങളിലെ പോലെ സമാനമാണ്. പലതായി മുറിഞ്ഞുകിടക്കുന്ന പദ്ധതികൾ, നടത്തിപ്പിലെ പാളിച്ചകൾ ഗുണഭോക്താക്കളിൽ എത്താതെ വരിക തുടങ്ങിയവയാണത്. ഈ അർത്ഥത്തിൽ സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ആഴവും പരപ്പും വർദ്ധിപ്പിക്കാൻ താഴെ പറയുന്ന ഏഴ് കാൽവയ്പുകൾ സ്വീകരിക്കാവുന്നതാണ്.

**1. പദ്ധതികൾ സാർവത്രികമായി വികസിപ്പിക്കുക:** പദ്ധതികൾക്ക് പുറത്ത് മാറ്റി നിർത്തപ്പെടാൻ സാധ്യതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സംവിധാനം ഗുണകരമാകുമെന്ന് ആഗോള അനുഭവങ്ങൾ തെളിയിക്കുന്നു. ഇത്തരം പദ്ധതികളുടെ ആഴവും പരപ്പും വർദ്ധിപ്പിക്കാൻ ഉതകുന്ന ഒരു കർമ്മ പദ്ധതി ഉയർന്ന തട്ടിൽ തന്നെ മതിയായ നിയമ പിൻബലത്തോടെ തയ്യാറാക്കണം. ഇത് പൊതുപരിശോധനയ്ക്ക് വിധേയമാക്കാൻ തക്കവണ്ണം ഗവൺമെന്റ് തന്നെ പുറത്തിറക്കണം. പദ്ധതി നടത്തിപ്പിന് ഉതകുന്ന സ്ഥാപനങ്ങൾ നിലവിൽ വരുത്താനും കാര്യക്ഷമതക്കും ഇത് സഹായിക്കും. അടുത്തിടെ നടപ്പാക്കിയ ആധാർ, ജൻധൻ യോജന തുടങ്ങിയവ കർമ്മ പരിപാടിയുടെ ഭാഗമാക്കേണ്ടിയിരിക്കുന്നു.

**2. സാമൂഹ്യ സുരക്ഷാ സംഘടന:** ദേശീയ തലത്തിൽ സ്വയം ഭരണാധികാരത്തോടുകൂടിയ സാമൂഹ്യ സുരക്ഷാ സംഘടന സ്ഥാപിക്കുന്നത് പരിഗണിക്കാം. പല രാജ്യങ്ങളിലും ഇത്തരം സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇന്ത്യയിലാകട്ടെ പലതരം സാ മൂഹ്യ സുരക്ഷാ പദ്ധതികൾ നിലവിലുണ്ടെങ്കിലും നടത്തിപ്പിൽ പാളിച്ചകൾ കാണുന്നു.

**3. നിക്ഷേപ പദ്ധതി:** സാമൂഹ്യ മേഖലയിൽ മതിയായ സാമ്പത്തിക പിൻബലത്തോടെ നിക്ഷേപ പദ്ധതി തയ്യാറാക്കുക. സാർവത്രികവും സമഗ്രവുമായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നിലവിൽവരുത്താൻ ഒരു രാജ്യം സാമ്പത്തികമായി മുൻപന്തിയിൽ വേണെന്നില്ലെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. മറിച്ച് സാമൂഹ്യ സുരക്ഷാ പദ്ധതികളിലെ നിക്ഷേപം വളർച്ചക്ക് വഴിയൊരുക്കുകയാണ് ചെയ്യുക. വരുന്ന 15-20 വർഷത്തേക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ ജനസംഖ്യാ മാറ്റങ്ങൾ കണക്കിലെടുത്ത് ഇപ്പോൾ തന്നെ തയ്യാർ ചെയ്യുന്നത് നന്നായിരിക്കും.

**4. ഐക്യ ഭാവത്തിലും പൊതു അവബോധത്തിലും നൽകേണ്ട ഊന്നൽ:** സാമൂഹ്യ സുരക്ഷാ സംവിധാനത്തിൽ ആവശ്യം വേണ്ട ഒന്നാണ് ഐക്യഭാവം. ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി മറ്റുള്ളവർ കരുതൽ എടുക്കുന്നതാണ് ഇതിന്റെ വിജയം. സമ്പത്തുള്ളവർ അതില്ലാത്തവർക്കുവേണ്ടിയും വിദ്യാസമ്പന്നർ അതിന് ഭാഗ്യം ലഭിക്കാത്തവർക്കുവേണ്ടിയും സംഘടിത മേഖലയിലെ തൊഴിലാളി അസംഘടിത മേഖലയിലുള്ളവർക്കുവേണ്ടിയും ശബ്ദം ഉയർത്തുന്നു. പ്രചാരണ പരിപാടികളൂടെയും സാമൂഹ്യ സമ്പർക്ക പരിപാടികളിലൂടെയും ഇത് വളർത്താം.

**5. സാർവത്രിക ആരോഗ്യവ്യാപനം സാമൂഹ്യ സുരക്ഷാ നടപടികളുടെ ഭാഗമാക്കുന്നത് പരിഗണിക്കുക:** ആരോഗ്യ പരിപാലന ചെലവുകൾ താങ്ങാനാകാതെ ഇന്ത്യയിൽ ഓരോ വർഷവും 63 ദശലക്ഷം പേർ ദാരിദ്ര്യത്തിലേക്ക് വീഴുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ചികിത്സാ ചെലവുകൾ നേരിടാൻ കഴിയാത്തതും സാർവ്വത്രിക ആരോഗ്യ പരിപാലന പദ്ധതികളുടെ അഭാവവും എല്ലാ സാമൂഹ്യ സുരക്ഷാ പദ്ധതികളെയും നിഷ്പ്രഭമാക്കുന്നു. ആരോഗ്യ മേഖലയിൽ ഗവൺമെന്റ് നടത്തുന്ന കുറഞ്ഞ നിക്ഷേപം തന്നെയാണ് ഇതിന് കാരണം. ആരോഗ്യ മേഖലയിലെ മൊത്തം ചെലവിന്റെ 30% മാത്രമാണ് ഗവൺമെന്റ് വിഹിതം, ലോകത്തിലെ ഏറ്റവും കുറവ്. ചികിത്സാ ചെലവിന്റെ 65% സ്വന്തം പോക്കറ്റിൽ നിന്ന് നേരിടുന്ന സ്ഥിതിയും ലോകത്തിലെ ഏറ്റവും ഉയർന്നതാണ്. ഗവൺമെന്റ് നിക്ഷേപം ആരോഗ്യ മേഖലയിൽ വർദ്ധിക്കുന്നത് അനുസരിച്ച് പൗരന്റെ വിഹിതം കുറയുകയും അത് സാമൂഹ്യ സുരക്ഷയ്ക്ക് ബലം നൽകുകയും ചെയ്യുന്നു. കൂടാതെ ആരോഗ്യരംഗത്തെ നിക്ഷേപം ജിഡിപി യിൽ പ്രതിഫലിക്കുകയും സാമ്പത്തിക വളർച്ച ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഭാഗമായി പല രാജ്യങ്ങളും ആരോഗ്യ ഇൻഷുറൻസ് സംവിധാനങ്ങളിലൂടെ സാർവ്വത്രിക ആരോഗ്യ പാലനത്തിലേക്ക് മുന്നേറുകയാണ്. നമ്മുടെ രാജ്യവും സംസ്ഥാനങ്ങളും ഈ വഴിക്ക് ചിന്തിക്കേണ്ടത് അനിവാര്യമാണ്. ആരോഗ്യ മേഖലയിൽ കൂടുതൽ നിക്ഷേപം നടത്താനും ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ കൊണ്ടുവരാനും ഗവൺമെന്റ് തയ്യാറാകണം. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനപോലുള്ള പദ്ധതികൾ വളരെ ഗുണകരമാണ്.

എന്നാൽ പദ്ധതിയിൽ ഗവൺമെന്റ് നടത്തുന്ന നിക്ഷേപം ആരോഗ്യ മേഖലയിലെ ഗവൺമെന്റ് വിഹിതത്തിന്റെ ഒരു ശതമാനം മാത്രമാണ്. അതുകൊണ്ട് തന്നെ ആർ.എസ്.സി.വൈ പദ്ധതിയുടെ പ്രയോജനം വളരെ പരിമിതമാണ്. ഈ പദ്ധതിയും ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതിയും വേഗം നടപ്പാക്കി സാർവ്വത്രിക ആരോഗ്യ പരിപാലനം എന്ന നേട്ടത്തിലേക്ക് മുന്നേറാനുള്ള സമയമാണിത്. അടുത്തിടെ പ്രഖ്യാപിച്ച ഇന്ത്യയുടെ ദേശീയ ആരോഗ്യ നയവും ഇതിന് സഹായകമാണ്.

**6. സംസ്ഥാന ഗവൺമെന്റുകളുടെ സജീവ നേതൃത്വം:** ഇന്ത്യയെ പോലെ ഫെഡറൽ സംവിധാനമുള്ള ഒരു രാജ്യത്ത് സംസ്ഥാന ഗവൺമെന്റുകൾ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ മുന്നിട്ടിറങ്ങണം. സാമൂഹ്യ സുരക്ഷ ഒരു വിജയമാക്കുവാൻ വേണ്ട നവീന ആശയങ്ങൾ ഇതിലൂടെ ലഭിക്കും. കേന്ദ്ര ഗവൺമെന്റിന്റെ ധനകാര്യ സാമ്പത്തിക വിഭവങ്ങൾ പലപ്പോഴും പരിമിതമായിരിക്കും. പല സംസ്ഥാനങ്ങളും മറ്റുള്ളവയ്ക്ക് മാതൃക കാട്ടുവാൻ തക്കവണ്ണം മുന്നേറിക്കഴിഞ്ഞു.

**7. നിയമ പരിഷ്കരണ നടപടികൾ:** സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്താൻ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് നിയമ പരിരക്ഷ ഉറപ്പാക്കണം. നികുതിപ്പണത്തിലൂടെയുള്ള നടത്തിപ്പ് കഴിയുമെങ്കിൽ ഒഴിവാക്കി, കഴിവുള്ളവരിൽ നിന്ന് വിഹിതം ഈടാക്കണം. മികച്ച നടത്തിപ്പും ഉറപ്പാക്കണം. എങ്കിൽ മാത്രമെ പദ്ധതികൾ സുസ്ഥിരമാണെന്ന് വരൂ. ഇതിന് വേണ്ടിവന്നാൽ ഭരണഘടനാ ഭേദഗതി ഉൾപ്പെടെ പരിഗണിക്കേണ്ടതുണ്ട്. വിദഗ്ധരുടെയും അക്കാദമിക്, നയരൂപീകരണ സ്ഥാപനങ്ങളുടെയും മാർഗ്ഗ നിർദ്ദേശവും സുപ്രധാനം തന്നെ.

കഴിഞ്ഞ പല ദശകങ്ങളായി ഉരുത്തിരിഞ്ഞു വന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ സാമ്പത്തിക വികസനത്തിന്റെ ഘട്ടങ്ങളിലുള്ള രാജ്യങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടു കഴിഞ്ഞു. സാമൂഹ്യ സുരക്ഷ ഇന്ത്യൻ ഭരണഘടനയുടെ ഭാഗം തന്നെയാണ്. മാറി വന്ന ഗവൺമെന്റുകൾ അതിന് മുൻഗണന നൽകുകയും ചെയ്തു. എന്നാൽ ഈ പദ്ധതികൾ പരിമിതമായ വ്യാപനവും ഗുണഫലങ്ങളും മൂലം പ്രതിസന്ധി നേരിടുന്നു. സാർവത്രിക വ്യാപനം, സുസ്ഥിരത എന്നിവക്കായി ഇന്ത്യയുടെ ആഗോള തലത്തിലെ അനുഭവങ്ങൾ നോക്കണം. സാമൂഹ്യസുരക്ഷാ നിക്ഷേപ പദ്ധതികൾ തയ്യാറാക്കിയും ഏജൻസികളെ സംയോജിപ്പിച്ചും ജനവിഭാഗങ്ങൾ തമ്മിലുള്ള ഐക്യം ഊട്ടി ഉറപ്പിച്ചും സംസ്ഥാനങ്ങളുടെ നേതൃപരമായ പങ്കാളിത്തത്തിലൂടെയും ഇത് സാധ്യമാണ്. കൂടാതെ സാർവത്രിക ആരോഗ്യ വ്യാപനം സാമൂഹ്യ ക്ഷേമ സംവിധാനമായി കണ്ട് മുൻഗണന നൽകുകയും ചെയ്യാം. സാർവത്രികവും സുസ്ഥിരവുമായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ത്വരിതഗതിയിലുള്ള സാമ്പത്തിക വളർച്ചക്കും ദാരിദ്ര്യ നിർമാർജനത്തിനും വികസന ലക്ഷ്യങ്ങൾ നേടുവാനും കൂടാതെ സാർവത്രിക ആരോഗ്യ വ്യാപനം സ്വായത്തമാക്കാനും രാജ്യത്തെ സഹായിക്കും.

*(ലോകാരോഗ്യ സംഘടനയുടെ ന്യൂഡൽഹിയിലെ സ്ഥാപനത്തിൽ ദേശീയ പ്രതിനിധിയായി പ്രവർത്തിച്ചു വരുന്ന ലേഖകൻ പൊതുജനാരോഗ്യം, ആരോഗ്യ നയം, പൊതുനയം തുടങ്ങിയ കാര്യങ്ങളിൽ വിദഗ്ധനാണ്)*

## നോർത്ത് ഈസ്റ്റ് ഡയറി

### വടക്കു കിഴക്കൻ മേഖലയിലെ അർബുദ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നു.

ഗുവഹാത്തിയിലെ ഡോ.ബൊറുവ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് അണുശക്തി വകുപ്പ് ഏറ്റെടുക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം. ഭരണനിയന്ത്രണം ടാറ്റ സ്മാരക കേന്ദ്രം നിർവഹിക്കും. അതിന്റെ ഭാഗമായി 166 മെഡിക്കൽ, പാരമെഡിക്കൽ അനുബന്ധ തസ്തികകൾ സൃഷ്ടിക്കും. നടപടിയുടെ ഭാഗമായി ഗുവഹാത്തിയിലെ ഡോ. ബൊറുവ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് അണുശക്തി വകുപ്പ് ഏറ്റെടുക്കുകയും ഭരണനിയന്ത്രണം ടാറ്റ സ്മാരക കേന്ദ്രത്തിനു കീഴിലാക്കുകയും ചെയ്യും. 166 മെഡിക്കൽ, പാരാമെഡിക്കൽ അനുബന്ധ തസ്തികകൾ സൃഷ്ടിക്കുക വഴി മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന് ശ്രമം നടത്തും. അർബുദബാധ വർദ്ധിക്കുകയും അതേസമയം ചികിത്സാ സൗകര്യങ്ങൾ പരിമിതമായി തുടരുകയും ചെയ്യുന്ന സാഹചര്യമുള്ളതിനാലും വടക്കുകിഴക്കൻ മേഖലയിൽ ഈ രംഗത്തെ ഗവേഷണം മുന്നോട്ടുകൊണ്ടുപോകുന്നതിനായി ഒരു ആശുപത്രിയുടെ സഹായം അനിവാര്യമായതിനാലും ആണ് ഈ തീരുമാനം. അർബുദകേന്ദ്രം മെച്ചപ്പെടുത്തുന്നതിനായി 150 കോടി രൂപയും അതോടൊപ്പം പ്രതിവർഷം 45 –50 കോടി രൂപയുടെ ആവർത്തന ചെലവും ആണു പ്രതീക്ഷിക്കുന്നത്.

# ഉച്ചഭക്ഷണ പദ്ധതിയും വിദ്യാഭ്യാസമേഖലയിലെ സാമൂഹ്യ സുരക്ഷാ മാനദണ്ഡങ്ങളും

**കിരൺ ഭട്ടി**

**പൊ**തുസമൂഹത്തിന്റെ ക്ഷേമവും എല്ലാ പൗരന്മാർക്കും ഇത് ഉറപ്പുവരുത്തുന്ന ഒരു സംവിധാനത്തെയുമാണ് സാമൂഹ്യ സുരക്ഷാ പദ്ധതി എന്നതുകൊണ്ടു വിവക്ഷിക്കുന്നത്. പൗരന്മാർക്ക് മാന്യതയോടെ ജീവിക്കുന്നതിനു സഹായകമായ അടിസ്ഥാന സൗകര്യങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ ലഭ്യമാക്കുവാൻ ഇതു ഗവൺമെന്റിനെ നിർബന്ധിതമാക്കുന്നു. സാമൂഹ്യമായ നേട്ടങ്ങൾക്കുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കാമെന്നും അതിനായി വ്യക്തിസ്വാതന്ത്ര്യം പരിമിതപ്പെടുത്താമെന്നുള്ള കരാറിൽ (Social Contract) ആണ് ഈ ആശയത്തിന്റെ തുടക്കം. സ്വതന്ത്രരും തുല്യരുമായ വ്യക്തികൾ തമ്മിലുണ്ടാക്കിയിട്ടുള്ള ഈ സാമൂഹ്യ കരാർ സമൂഹത്തിലെ എല്ലാവർക്കും സംരക്ഷണവും ക്ഷേമവും ലഭ്യമാക്കാമെന്നതിലും എത്തിനിൽക്കുന്നു. ജനാധിപത്യ രീതിയിലുള്ള ഒരു ഗവൺമെന്റിന്റെ അടിസ്ഥാനമായി ഈ സാമൂഹ്യ കരാറിനെ പരക്കെ അംഗീകരിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷയുടെ ചരിത്രം കണ്ടെത്തുക വളരെ പ്രയാസകരമാണെങ്കിലും റോമാ സാമ്രാജ്യം (അക്കാലത്ത് പാവപ്പെട്ടവർക്ക് സൗജന്യമായി ധാന്യങ്ങൾ നൽകിയിരുന്നു) മുതലുള്ള വിവിധ ഭരണകൂടങ്ങൾ വിവിധ തരത്തിലുള്ള സാമൂഹ്യസുരക്ഷാപദ്ധതികൾ നടപ്പാക്കിയിരുന്നതായി തെളിവുകളുണ്ട്. പിന്നീടു വന്ന ഇംഗ്ലണ്ടിലെ പാവപ്പെട്ടവർക്കായുള്ള നിയമങ്ങൾ (1601), യുഎസ് സോഷ്യൽ സെക്യൂരിറ്റി നിയമം (1935) തുടങ്ങിയവ സാമൂഹ്യ സുരക്ഷാപദ്ധതികൾക്ക് ഉദാഹരണങ്ങളാണ്. എന്നാൽ, ഏറ്റവും കൂടുതൽ മനസിലാക്കുന്നതും അംഗീകരിച്ചിട്ടുള്ളതുമായ സാമൂഹ്യ സുരക്ഷ നിർവചനം ഒരു പക്ഷേ, സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിലെ (1948) ഇരുപത്തിരണ്ടാം വകുപ്പിൽ നൽകിയിട്ടുള്ളതായിരിക്കും. അതു പറയുന്നത്: "സമൂഹത്തിലെ അംഗമെന്ന നിലയിൽ ഓരോരുത്തർക്കും സാമൂഹ്യ സുരക്ഷയ്ക്കു അവകാശമുണ്ട്. ഓരോ രാജ്യ ത്തിന്റെയും വ്യവസ്ഥകളും വിഭവങ്ങളും അടിസ്ഥാനമാക്കി ദേശീയതലത്തിലുള്ള ശ്രമം, രാജ്യാന്തര സഹകരണം, അംഗത്തിന്റെ മാന്യതയിൽനിന്നു വേർതിരിക്കാനാകാത്ത വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്ന സാമ്പത്തിക സാമൂഹിക, സാംസ്കാരിക അവകാശങ്ങൾ, അവന്റെ സ്വതന്ത്രമായ വ്യക്തിത്വ വികസനം തുടങ്ങിയവയെല്ലാം കണക്കിലെടുത്ത് ഈ അവകാശം സാക്ഷാത്കരിക്കേണ്ടിയിരിക്കുന്നു."

പൗരന്മാർക്ക് ഗുണം ലഭിക്കുന്ന വിധത്തിൽ ലോകത്തിലെല്ലായിടത്തുംതന്നെ ഏതെങ്കിലും രൂപത്തിലുള്ള സാമൂഹ്യ സുരക്ഷാപദ്ധതികൾ നിലവിലുണ്ട്. അവ പെൻഷൻ രൂപത്തിലാകാം, അല്ലെങ്കിൽ തൊഴിലില്ലായ്മ ഇൻഷുറൻസ് ( സാമൂഹ്യ ഇൻഷുറൻസ് എന്നുപൊതുവേ അറിയപ്പെടുന്നു) രൂപത്തിലാകാം അല്ലെങ്കിൽ അടിസ്ഥാനസേവനങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ സൗജന്യമായി ലഭിക്കുന്ന വിധത്തിലാകാം. ഇവയെല്ലാം സാമൂഹ്യ സംരക്ഷണത്തിന്റെ ഓരോ രൂപമായി കണക്കാക്കപ്പെടുന്നു. ഏതു രൂപത്തിലായിരുന്നാലും ഇവയെ ജനാധിപത്യ സമൂഹത്തിന്റെ അവിഭാജ്യഘടകമായിട്ടാണ് കണക്കാക്കുന്നത്. ദാരിദ്ര്യം, സാമൂഹ്യ ഉച്ചനീചത്വം തുടങ്ങിയ ഘടനാപരമായ ദൗർബല്യങ്ങൾ മറികടക്കുന്നതിനു പൗരന്മാർ പ്രാപ്തരാണെന്നു ഉറപ്പു വരുത്തുവാനുള്ള ചുമതല രാജ്യത്തിനുണ്ട്.

പെൻഷൻ, തൊഴിലുറപ്പ് (തൊഴിലില്ലായ്മവേതനം ഉൾപ്പെടെ), പ്രസവാനുകൂല്യങ്ങൾ, ഭക്ഷ്യ സബ്സിഡി, ഉച്ചഭക്ഷണം തുടങ്ങി നിരവധി സാമൂഹ്യ സുരക്ഷാപദ്ധതികൾ ഇന്ത്യയിൽ കടലാസിലെങ്കിലും നിലനിൽക്കുന്നുണ്ട്. ഇവയിൽ പലതിന്റെയും നടപ്പാക്കൽ വ്യത്യസ്തമാണെന്നു മാത്രമല്ല, തൃപ്തികരവുമല്ല. അതുകൊണ്ടുതന്നെ ഈ പദ്ധതികൾ അർഹരായവരിൽ എത്തിക്കുന്നതിൽ പരാജയപ്പെട്ടതിനെക്കുറിച്ചുള്ള നിരവധി ഉദാഹരണങ്ങൾ സംബന്ധിച്ച പാണ്ഡിത്യപൂർണവും അനുഭവങ്ങളുമടങ്ങിയ ധാരാളം രചനകൾ ലഭ്യമാണ്. ഈ മോശം പ്രകടനത്തിനു കാരണമായി ചുവപ്പുനാടയും അഴിമതിയും മുതൽ വിഭവ ലഭ്യതക്കുറവ് വരെയുള്ള പല ന്യായവാദങ്ങളും മുന്നോട്ടു വയ്ക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ തുടർച്ചയായി മെച്ചപ്പെടുത്തൽ വരുത്താനോ ഇതിന്റെ ഭരണനടത്തിപ്പിലെ തുടർച്ചയായ പരാജയങ്ങൾ തടയുവാനോ സാധിക്കാത്തത് പൗരന്മാർക്കിടയിൽ മാത്രമല്ല ഭരണകർത്താക്കളുടെ ഇടയിലും ഒരേ പോലെ നൈരാശ്യത്തിനു കാരണമായിട്ടുണ്ട്. നടത്തിപ്പിലെ ഈ പരാജയം അവസാനം ചെന്നെത്തുന്നത് രാജ്യത്തിന്റെ സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ചുള്ള ചർച്ചകളിലാണ്. എന്നാൽ നടത്തിപ്പിലെ പരാജയങ്ങളെക്കുറിച്ചുള്ള കാരണങ്ങൾക്കു പരിഹാരം കാണുവാൻ ചെറിയ ശ്രമംപോലും നടത്തുന്നുമില്ല. പകരം ഗവൺമെന്റു സംവിധാനത്തിനു പുറത്തുള്ള മറ്റു സംവിധാനത്തിലൂടെ ( സ്വകാര്യവത്കരണം, പൊതു, സ്വകാര്യ പങ്കാളിത്തം തുടങ്ങിയവ) അവയ്ക്കു പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കുകയാണ്. അല്ലെങ്കിൽ സാങ്കേതികവിദ്യയിലൂടെ പരിഹാരം കാണുവാൻ ശ്രമിക്കുകയാണ്. ഇതിൽ പ്രധാനപ്പെട്ടതാണ് അഴിമതി തടയുവാനും ഗുണഭോക്താവിനടുത്തെത്തുന്നതു മെച്ചപ്പെടുത്തുവാനും ബയോമെട്രിക്സ് ഉപയോഗം നിർബന്ധിതമാക്കുന്നതിനുള്ള ശ്രമം. സ്കൂളിൽ കുട്ടികൾക്കു ഉച്ചഭക്ഷണം ലഭിക്കുന്നതിനു ബയോമെട്രിക് അടിസ്ഥാനമാക്കിയുള്ള ആധാർ നിർ

ബന്ധമാക്കണമെന്ന ഇന്ത്യ ഗവൺമെന്റിന്റെ അടുത്ത കാലത്തെ ഉത്തരവാണ് ഇക്കാര്യത്തിൽ ഏറ്റവുമൊടുവിൽ എത്തിയിട്ടുള്ളത്.

വിദ്യാഭ്യാസത്തിലെ സാമൂഹ്യ സുരക്ഷാപദ്ധതിയുടെ രൂപമായി കരുതുന്ന സ്കൂളിലെ ഉച്ചഭക്ഷണവും ഈ പദ്ധതിയുടെ നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന ബയോമെട്രിക് സംവിധാനവും സംബന്ധിച്ചുമുള്ള വിഷയങ്ങളാണ് ഈ ലേഖനത്തിൽ പരിശോധിക്കുന്നത്. കുട്ടികളുടെ പോഷണ സുരക്ഷയും വിദ്യാഭ്യാസ സുരക്ഷയും അപകടത്തിലാകുന്നതു സംബന്ധിച്ച ചോദ്യങ്ങളാണ് ഉത്തരങ്ങളേക്കാൾ കൂടുതലായി ഈ ലേഖനം ഉയർത്തുന്നത്.

## ഉച്ചഭക്ഷണ പദ്ധതി

സാമൂഹ്യ സുരക്ഷയും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം വളരെ വ്യക്തമായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതു വളരെ സങ്കീർണമാണ്. അതു വിരുദ്ധദിശകളിലാണ് നീങ്ങുന്നുവെന്നതാണ് കാരണം. ദുർബലമായ പശ്ചാത്തലമുള്ള സമൂഹത്തിൽനിന്നു വിദ്യാഭ്യാസത്തിനെത്തുന്ന കുട്ടികൾക്കു ഏതെങ്കിലും രൂപത്തിലുള്ള സാമൂഹ്യ സുക്ഷാപദ്ധതി ഏറ്റവും ആവശ്യമാണ്. ഭാവിയിലെ ദുർബലാവസ്ഥയ്ക്കെതിരേയുള്ള ഒരു തരത്തിലുള്ള സാമൂഹ്യ സുരക്ഷാപദ്ധതിയാണ് വിദ്യാഭ്യാസം എന്നു പറയാം.

സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽനിന്നുള്ള കുട്ടികൾ സ്കൂളിൽ വരുന്നതിനും വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനും സാധ്യമാക്കുന്ന നിബന്ധനകൾ ഉൾപ്പെടുന്ന മാതൃകപരമായ സാമൂഹ്യ സുരക്ഷാപദ്ധതികളാണ് വിദ്യാഭ്യാസത്തിൽ വേണ്ടത്. വാസസ്ഥലങ്ങളോടടുത്തു സ്കൂൾ ലഭ്യമാക്കുക, സ്കോളർഷിപ്പും മറ്റു സാമ്പത്തിക സഹായങ്ങളും നൽകുക, സ്കൂളിൽ ഉച്ചഭക്ഷണം, ആരോഗ്യ പദ്ധതികൾ, കുടുംബങ്ങളിൽ നിന്ന് ആദ്യമായി വിദ്യാഭ്യാസത്തിനെത്തുന്ന കുട്ടികൾക്കുള്ള സഹായം തുടങ്ങിയപദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവയെല്ലാം ഈ സാമൂഹ്യ സുരക്ഷയുടെ വ്യാപ്തിയിൽ ഉൾപ്പെടുന്നു. ഇവയിൽ പറയുന്ന എല്ലാം തന്നെ ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയത്തിന്റെയും പദ്ധതികളുടേയും ഭാഗമാണ് ഇന്ത്യയിൽ. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഏറ്റവും മികച്ചതും നന്നായി നടത്തുന്നതുമായ സാമൂഹ്യ സുരക്ഷാപദ്ധതിയായിട്ടാണ് ഉച്ചഭക്ഷണ പദ്ധതിയെ പൊതുവേ കണക്കാക്കുന്നത്.

വിശക്കുന്നവരെ പഠിപ്പിക്കുവാൻ ശ്രമിക്കുന്നത് പഠനത്തിലേക്ക് നയിക്കുവാനുള്ള സാധ്യത ഇല്ലാതാക്കുമെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. വിശപ്പ്, പോഷകാഹാരക്കുറവ് എന്നിവയിൽ, പ്രത്യേകിച്ചും കുട്ടികളുടെ കാര്യത്തിൽ, ഇന്ത്യയുടെ ചരിത്രം കണക്കിലെടുക്കുമ്പോൾ സ്കൂളുകളിലെ ഉച്ചഭക്ഷണം രണ്ട് ലക്ഷ്യങ്ങൾ നേടുവാൻ സഹായിക്കുന്നു. ഒന്ന്, കുട്ടികളുടെ പോഷണം മെച്ചപ്പെടുത്താൻ സഹായിക്കുന്നു; രണ്ട് സ്കൂളിൽ വരുവാനും ദിവസം മുഴുവൻ അവടെ ചെലവഴിക്കുവാനും അവരെ പ്രാപ്തരാക്കുന്നു. വാസ്തവത്തിൽ, സ്കൂളുകളിലെ ഉച്ചഭക്ഷണം പ്രധാനപ്പെട്ട മറ്റു പല ലക്ഷ്യങ്ങളും നേടുവാൻ സഹായിക്കുന്നുണ്ട്. സ്കൂളിലെ ഉച്ചഭക്ഷണം വിശപ്പ് ഗണ്യമായി കുറയ്ക്കുന്നുവെന്നാണ് ലോകമെങ്ങും നടത്തിയിട്ടുള്ള ഗവേഷണങ്ങൾ സ്ഥാപിക്കുന്നത്. സ്കൂളിൽ പ്രവേശിക്കുന്നവരുടെയും ഹാജരാകുന്നവരുടേയും എണ്ണം വർധിക്കുന്നുവെന്നു മാത്രമല്ല, പഠനവും മെച്ചപ്പെടുന്നതായാണ് കാണുന്നത്. വികസിതമാകട്ടെ വികസ്വരമാകട്ടെ മിക്ക രാജ്യങ്ങൾക്കും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുണ്ട്.

ഇന്ത്യയിലെ ഉച്ചഭക്ഷണ പദ്ധതിക്ക് ഒരു നീണ്ട ചരിത്രംതന്നെയുണ്ട്. 1982-ൽ തമിഴ്നാട്ടിലാണ് സ്കൂൾ ഉച്ചഭക്ഷണം സാർവത്രികമാക്കിയത്. 2001-ൽ സുപ്രിം കോടതി രാജ്യത്തെ എല്ലാ ഗവൺമെന്റ് സ്കൂളുകളിലും പാകം ചെയ്ത ഉച്ചഭക്ഷണം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചു. ഇന്നും രാജ്യത്തിന്റെ പലഭാഗങ്ങളിലെ സ്കൂളുകളിലേയും കുട്ടികൾക്ക് ഉച്ചഭക്ഷണം ദിവസത്തെതന്നെ ആദ്യത്തെ ഭക്ഷണമാണ്. ഇപ്പോൾ രാജ്യത്തെ 11.5 ലക്ഷം സ്കൂളുകളിലെ പത്തു കോടിയിലധികം വരുന്ന കുട്ടികൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്. പ്രധാനമായും എസ്‌സി,എസ്ടി, ഒബിസി വിഭാഗത്തിൽപ്പെട്ട 25 ലക്ഷത്തിലധികം സ്ത്രീകളെ സ്കൂളിൽ ഭക്ഷണം പാകം ചെയ്യാനും സഹായത്തിനുമായി നിയമിച്ചിട്ടുണ്ട്.

മാത്രവുമല്ല, ഈ പദ്ധതിക്ക് സാമൂഹ്യമായ മറ്റു പ്രയോജനങ്ങളുമുണ്ട്. സാമൂഹ്യ പശ്ചാത്തലം കണക്കാക്കാതെതന്നെ കുട്ടികൾ ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നു; പ്രാദേശിക സമൂഹം ഉച്ചഭക്ഷണ പദ്ധതി അടുത്തു നിരീക്ഷിക്കുകയും മാതാപിതാക്കൾ സ്കൂളുകളുമായി കൂടുതൽ അടുത്ത പ്രവർത്തിക്കുയും ചെയ്തുവരുന്നു. ചില സ്ഥലങ്ങളിൽ പ്രാദേശികാടിസ്ഥാനത്തിൽ ഉച്ചഭക്ഷണത്തിനുള്ള അസംസ്കൃതവസ്തുക്കൾ വാങ്ങുകയും ചെയ്യുന്നുണ്ട്.

ഇതിനർത്ഥം ഈ പദ്ധതിയെക്കുറിച്ചു യാതൊരു വിമർശനവും ഇല്ലെന്നല്ല അർത്ഥം. ഈ പദ്ധതി നടപ്പാക്കുന്നതിൽ നിരവധി പോരായ്മകൾ ഉണ്ട്. ക്രമരഹിതമായ സപ്ലൈ, ശുചിത്വമില്ലായ്മ, മോശമായ അടിസ്ഥാനസൗകര്യം, ഉച്ചഭക്ഷണത്തിലെ പോഷണക്കുറവ്, ഉച്ചഭക്ഷണം എത്ര കുട്ടികൾ ഉപയോഗിക്കുന്നുവെന്നു കൃത്യമായി അനുമാനിക്കാൻ സാധിക്കാത്തത് തുടങ്ങിയ ഒട്ടേറെ പോരായ്കൾ ഈ പദ്ധതിക്കുണ്ട്.

ഇതിനെ എതിർക്കുന്നവർ മറ്റൊരു കാര്യം കൂടി ചൂണ്ടിക്കാണിക്കുന്നു. ഉച്ചഭക്ഷണ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിനായി അധ്യാപകർ കൂടുതൽ സമയം ചെലവഴിക്കുന്നത് അവരുടെ കാതലായ ജോലിയിൽനിന്നു വ്യതിചലിക്കാൻ ഇടയാക്കുന്നുവെന്നും കുട്ടികൾ സ്കൂളിൽ വരുന്നത് ഉച്ചഭക്ഷണത്തിനുവേ

ണ്ടി മാത്രമാണെന്നും അതു നൽകിക്കഴിഞ്ഞാൽ അവർ സ്കൂൾ വിട്ടു പോകുന്നുവെന്നും അവർ ആക്ഷേപിക്കുന്നു. ഇതുമൂലം കുട്ടികളുടെ വിദ്യാഭ്യാസം ആവശ്യങ്ങൾ നിറവേറ്റാൻ അധ്യാപകർക്കു കഴിയുന്നില്ലെന്നും അവർ കുറ്റപ്പെടുത്തുന്നു. ഇതിനു പറമേയാണ് ജാതിയടിസ്ഥാനത്തിൽ വിവേചനം (ദളിത് വിദ്യാർത്ഥികളെ മറ്റു വിദ്യാർത്ഥികളുടെ അടുത്തുനിന്നു മാറിയിരുന്നു ഭക്ഷണം കഴിക്കാൻ ആവശ്യപ്പെടുക, അല്ലെങ്കിൽ അവർക്ക് ആവശ്യത്തിനു ഭക്ഷണം നൽകാതിരിക്കുക തുടങ്ങിയവ) കാണിക്കുന്നുവെന്ന റിപ്പോർട്ടുകളും പുറത്തു വരുന്നത്. കുട്ടികൾക്കു യുഐഡി നിർബന്ധമാക്കുന്നത് ഇത്തരം പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരമാകുമെന്നാണ് ഇപ്പോഴും വ്യക്തമാകാത്ത സംഗതി.

## ബയോമെട്രിക് ഉപയോഗിച്ച് ഉച്ചഭക്ഷണ പദ്ധതി എങ്ങനെ മെച്ചപ്പെടുത്താം?

"സേവനങ്ങൾ, സബ്സിഡികൾ അല്ലെങ്കിൽ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തിരിച്ചറിയൽ രേഖയാണ് ആധാർ. ആധാറിന്റെ ഉപയോഗം ഗവൺമെന്റ് വിതരണ സംവിധാനത്തെ ലളിതമാക്കുകയും അതിൽ സുതാര്യതയും കാര്യക്ഷമതയും കൊണ്ടുവരികയും ചെയ്യും." – ഉച്ചഭക്ഷണ പദ്ധതിക്കു ആധാർ നമ്പർ നിർബന്ധമാക്കുന്നതിന് അടിസ്ഥാനമായുള്ള ഔദ്യോഗിക നിലപാട് ഇതാണ്. എന്നാൽ ആധാർ ഇല്ലാത്ത ധാരാളം വിദ്യാർത്ഥികൾ ഉള്ള സാഹചര്യത്തിൽ യുഐഡി ഉപയോഗിച്ചുള്ള നീക്കിവയ്ക്കലിൽ നിരവധി കുറവുകളുണ്ട്. ഉച്ചഭക്ഷണ പദ്ധതിയിൽ പ്രാപ്യത വർധിപ്പിക്കുന്നതിനേക്കാൾ അതു കുറച്ചു കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ലളിതവത്കരണം എന്ന ധ്വനിയാണ് ഇതിൽനിന്നു പുറത്തുവരുന്നത്. തീർച്ചയായും സാമൂഹ്യക്ഷേമ പദ്ധതിയുടെ ലക്ഷ്യം ഇതായിരിക്കില്ല. പ്രത്യേകിച്ചും കുട്ടികളെ ലക്ഷ്യം വയ്ക്കുന്ന പദ്ധതിയിൽ? കൂടുതലായി യുഐഡി നിയമപരമാക്കുന്നതുവഴി എന്തു സുതാര്യതയാണ് കൈവരുന്നതെന്നും വ്യക്തമല്ല. ഈ രീതി വഴി ആർക്ക് അല്ലെങ്കിൽ എന്ത് ഉത്തരവാദിത്തമാണ് ഉറപ്പിക്കുവാൻ പോകുന്നത്? ഇത് വിതരണത്തിലെ ക്രമക്കേടിനെ ബാധിക്കുകയില്ല. മോശമായ ശുചിത്വത്തെയോ അടിസ്ഥാന സൗകര്യത്തെയോ മെച്ചപ്പെടുത്തുകയില്ല, അല്ലെങ്കിൽ ഉച്ചഭക്ഷണത്തിലെ കുറവുള്ള പോഷണത്തെ മെച്ചപ്പടുത്തുകയില്ല. ഇതു ബാധിക്കുക സ്വകാര്യ സ്കൂളിൽ ചേരുകയും ഗവൺമെന്റ് സ്കൂളിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികളെയാണ്. എന്നാൽ ഉച്ചഭക്ഷണം ലഭിക്കാൻ യുഐഡി നിയമപരമാക്കുന്നതു കൊണ്ടൊന്നും ഈ രീതി ഇല്ലാതാവുകയില്ല. ഉച്ചഭക്ഷണം ഇല്ലാതാക്കുന്നതു ബാധിക്കുക ഇപ്പോഴും പോഷകാഹാരക്കുറവുള്ള കുട്ടികളെ തന്നെയാണ്.

കൂടാതെ, പൊതുവിതരണം, പെൻഷൻ, എന്തിന് രാജസ്ഥാൻ, ഡൽഹി, ഛത്തീസ്ഗഢ് മറ്റുള്ള സ്ഥലങ്ങളിൽ നടപ്പാക്കിയ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡിബിടി) പദ്ധതികൾ വരെ ആധാർ കാർഡ് ഉപയോഗിച്ചുള്ള അനുഭവം അത്ര തൃപ്തികരമല്ല. ഏതാണ്ട് 30 ശതമാനത്തോളം ഗുണഭോക്താക്കൾക്ക് ഓതന്റിക്കേഷൻ പ്രശ്നങ്ങൾ നേരിടേണ്ടി വന്നപ്പോൾ മൊബൈൽ നെറ്റ്വർക്ക് വൈദ്യുതി സപ്ളൈ തുടങ്ങി യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ടായി. ഇവയെല്ലാം തന്നെ രാജ്യത്തിന്റെ നല്ലൊരു ഭാഗങ്ങളിലും പൊതുവേ അനുഭവപ്പെടുന്നവയാണ്. ഓരോ കുട്ടിക്കും ഉച്ചഭക്ഷണം നൽകുന്നതിനു മുമ്പ് എല്ലാ ദിവസവും ഓതന്റിക്കേഷൻ പ്രക്രിയ നടപ്പാക്കണമെന്നാണോ ഈ ഓർഡർകൊണ്ട് അർഥമാക്കുന്നത്. സാങ്കേതിക വിദ്യ പരാജയപ്പെട്ടതുകൊണ്ടു കുറെ വിദ്യാർത്ഥികൾക്കു ഭക്ഷണം നിഷേധിക്കുമോ? ഈ കഴിവുകേടിന്റെ ഉത്തരവാദിത്വം ആരാണ് ഏൽക്കുക?

ഉച്ചഭക്ഷണ പദ്ധതിയിലെ അഴിമതി കുറയ്ക്കാനും ഉത്തവാദിത്വം വർധിപ്പിക്കുവാനായി സാമൂഹിക നിരീക്ഷണം, സാമൂഹ്യ ഓഡിറ്റ്, വികേന്ദ്രീകൃത പരാതിപരിഹാര സംവിധാനം, ഗുണഭോക്താക്കളുടെ വിവരം പ്രദർശിപ്പിക്കൽ, ഭക്ഷണവിവരപ്പട്ടിക പ്രദർശിപ്പിക്കൽ തുടങ്ങി ഫലപ്രദവും അറിയപ്പെടുന്നതുമായ വഴികളുണ്ട്. ഒരർഥത്തിൽ നമ്മുടെ സമൂഹത്തിലെ കുട്ടികളെ അവഗണിക്കുന്നതു തുടരുകയാണെന്ന് ഇപ്പോഴത്തെ വിജ്ഞാപനം ഉയർത്തിക്കാട്ടുന്നു. അവരുടെ ആരോഗ്യ, വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച് ആഴത്തിലുള്ള കണക്കുകൾ മുതൽ അവരുടെ മേൽ അടിച്ചേൽപ്പിക്കുന്ന അനീതികളുടേയും അക്രമങ്ങളുടേയും നിലയും വരെ കണക്കിലെടുക്കുമ്പോൾ കുട്ടികളും അവരുടെ അവകാശങ്ങളശും വലിയ രീതിയിൽ അവഗണിക്കപ്പെടുകയെന്ന് കാണാം. ഒരു പദ്ധതി നല്ല പ്രകടനം കാഴ്ച വച്ചാൽപ്പോലും നാം പുതിയൊരു ഭരണ വ്യവസ്ഥ അടിച്ചേൽപ്പിക്കുന്നു. അത് മിക്കവാറും ആ പദ്ധതിയിൽ അനുകൂല ഫലത്തേക്കാൾ നിഷേധാത്മകമായ ഫലമാണുണ്ടാക്കുക.

നടപടിക്രമങ്ങൾ വഴി നമ്മുടെ കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നിതിനു പകരം സ്വാഗതാർഹമായ, വളർച്ചയ്ക്ക് സഹായിക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട സമയമാണിപ്പോൾ. ചൂടുള്ള പാചകം ചെയ്ത ഉച്ചഭക്ഷണം, മെച്ചപ്പെട്ട വിദ്യാഭ്യാസം, അധ്യാപകരിൽനിന്നും ഈ സംവിധാനത്തിൽ പ്രവർത്തിക്കുന്ന മറ്റുള്ളവരിൽ നിന്നും മാനുഷികതയോടുകൂടിയ സഹജാവബോധം എന്നിവ അവർക്കു പ്രതീക്ഷിക്കാൻ കഴിയണം. ഒരു ജനാധിപത്യ രാജ്യമെന്ന നിലയിൽ നമ്മുടെ പൗരന്മാരോടു പ്രത്യേകിച്ചു കുട്ടികളോടു സാമൂഹ്യ കരാർ വച്ചു മുന്നോട്ടു പോകുമെന്നു അവസാനിപ്പിക്കേണ്ട സമയമാണിപ്പോൾ. ഡിജിറ്റൽ സുതാര്യത, ഉത്തരവാദിത്തം എന്നിവയോടുള്ള നമ്മുടെ അമിതമായ ഇഷ്ടങ്ങൾക്കു വേണ്ടി അവരു ടെ സാമൂഹ്യ സുരക്ഷയെ നാം ബലി കഴിക്കുന്നത് ഉചിതമല്ല.

*(സെന്റർ ഫോർ പോളിസി റിസർച്ചിൽ സീനിയർ ഫെലോയാണ് ലേഖിക)*

# അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ: വെല്ലുവിളികളും ഭാവി പരിപാടികളും

ഡോ. റൂമ ഘോഷ്

നീതിനിഷ്ഠവും ഉചിതവുമായ ഒരു സമൂഹം സൃഷ്ടിക്കപ്പെടുന്നതിനുള്ള മുൻഉപാധിയാണ് സാമൂഹ്യക്ഷേമ പദ്ധതികൾ. അതുകൊണ്ടുതന്നെയാണ് സാമൂഹ്യ ക്ഷേമ പദ്ധതികൾക്കുള്ള അവകാശം മനുഷ്യാവകാശമായി കണക്കാക്കുന്നതും. ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിട്ടുള്ള ആഗോള മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 22, 25 വകുപ്പുകൾ അനുസരിച്ചു സാമൂഹ്യക്ഷേമ പദ്ധതികളുടെ അഭിഗമ്യത അടിസ്ഥാനാവകാശമാണ്.

മെഡിക്കൽ ആനുകൂല്യങ്ങൾ, തൊഴിലില്ലായ്മാ ആനുകൂല്യങ്ങൾ, വയോജനങ്ങൾക്കുള്ള പിന്തുണ, തൊഴിലിനിടയിലുണ്ടാകുന്ന പരിക്ക്, പ്രസവാനുകൂല്യങ്ങൾ, ജോലിചെയ്യാൻ വയ്യാത്തവർക്കുള്ള ആനുകൂല്യങ്ങൾ, കുടുംബങ്ങൾക്കുള്ള പിന്തുണ, രോഗികൾക്കുള്ള ആനുകൂല്യങ്ങൾ, അപകടത്തിൽനിന്നു രക്ഷപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ തുടങ്ങി ഒമ്പതു പ്രധാനപ്പെട്ട മേഖലകളിൽ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഏറ്റവും കുറഞ്ഞ നിലവാരം എത്രയായിരിക്കണമെന്നു 1952-ൽ ആഗോള തൊഴിൽ സംഘടന അംഗീകരിച്ചിട്ടുള്ള സാമൂഹ്യ ക്ഷേമ കൺവൻഷൻ 102 ( മിനിമം സ്റ്റാൻഡാർഡ്സ്) നിർദ്ദേശിക്കുന്നുണ്ട്.

ഇന്ത്യ രാജ്യാന്തര തൊഴിൽ സംഘടനയുടെ സ്ഥാപകാംഗമാണെന്നു മാത്രമല്ല ഐഎൽഒയുടേയും യുഎൻ മനുഷ്യാവകാശ സംഘടനയുടേയും നിരവധി രേഖകൾക്ക് അംഗീകാരവും നൽകിയിട്ടുണ്ട്. ഇവയിൽ പലതും സാമൂഹ്യക്ഷേമ പദ്ധതി മേഖലയിൽ നേരിട്ടു തന്നെ പ്രസക്തിയുള്ളതുമാണ്. മാത്രമല്ല, അടുത്തകാലത്ത് അംഗീകരിച്ച സസ്റ്റെയിനബിൽ ഡെവലപ്മെന്റ് ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തി ഇവയെ കൂടുതൽ ദൃഢീകരിക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ കൺവൻഷൻ 102 (മിനിമം സ്റ്റാൻഡാർഡ്സ്) അംഗീകരിച്ച ഒമ്പതു സാമൂഹ്യക്ഷേമമേഖലകളിൽ പലതും രാജ്യത്തിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി വ്യത്യസ്തമായ രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇവ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് നിശ്ചിത വലുപ്പത്തിനു മുകളിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ അല്ലെങ്കിൽ പൊതുമേഖല സ്ഥാപനങ്ങൾ തുടങ്ങിയവ ഉൾപ്പെടെയുള്ള സംഘടിതമേഖലയിലെ തൊഴിലാളികളെയാണ്. ഈ ആനുകൂല്യങ്ങൾ ഒരു പരിധി വരെ സംഘടിതമേഖലയിൽ ചെയ്യുന്ന അനൗപചാരിക ജോലിക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമേ അസംഘടിതമേഖലയുടെ ഭാഗമായി കണക്കാക്കുന്ന കുറേ സ്ഥാപനങ്ങളിലും ഇവ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇന്ത്യൻ സമ്പദ്ഘടനയുടെ നട്ടെല്ലും തൊഴിൽ ശക്തിയുടെ 84 ശതമാനത്തോളം ജോലി ചെയ്യുന്നതുമായ അസംഘടിത മേഖലയിലെ ബഹുഭൂരിപക്ഷം തൊഴിലാളികൾ ഈ സമഗ്ര സാമൂഹ്യ സുരക്ഷാ സംവിധാനത്തിനു പുറത്താണ്.

## ഇന്ത്യയിലെ അസംഘടിത മേഖല

രാജ്യത്തെ തൊഴിൽ ശക്തിയുടെ 84 ശതമാനവും അസംഘടിതമേഖലയിൽ ജോലി ചെയ്യുന്നവരാണെന്നും സംഘടിത, അസംഘടിതമേഖലകളെ ഒരുമിച്ചെടുത്താൽ 90 ശതമാനത്തിലധികം പേരും അനൗപചാരിക തൊഴിൽ ചെയ്യുന്നവരാണെന്നും നാഷണൽ സാമ്പിൾ സർവേ ഓഫീസിന്റെ (എൻഎസ്എസ്ഒ) അറുപത്തിയെട്ടാം റൗണ്ട് റിപ്പോർട്ട് കണക്കാക്കുന്നു. സ്വയംതൊഴിൽ ചെയ്യുന്നവരിൽ 97ശതമാനവും അനൗപചാരികമേഖലയിലാണെന്ന് (78 ശതമാനം താൽക്കാലിക തൊഴിലാളികളും ഗ്രാമീണ മേഖലയിലെ 42 ശതമാനം സ്ഥിരവരുമാനം/ശമ്പളം നേടുന്നവരും) 'അനൗപചാരികമേഖലയും ഇന്ത്യയിലെ തൊഴിൽ വ്യവസ്ഥയും' സംബന്ധിച്ച 2011-12-ലെ എൻഎസ്എസ് റിപ്പോർട്ട് പറയുന്നു. സ്വയംതൊഴിൽ ചെയ്യുന്ന 98 ശതമാനത്തിൽ 81 ശതമാനവും താൽക്കാലിക തൊഴിലാളികളാണ്. നഗരമേഖലയിൽ സ്ഥിരം ശമ്പളം ലഭിക്കുന്നവരിൽ 40 ശതമാനവും അനൗപചാരികമേഖലയിലാണ് ജോലി ചെയ്യുന്നതെന്നും റിപ്പോർട്ട് പറയുന്നു.

അനൗപചാരികമേഖലയിലെ തൊഴിലാളികളിൽ ഗ്രാമീണ മേഖലയിലെ 75 ശതമാനവും നഗരങ്ങളിലെ 70 ശതമാനവും ചെറുകിട സംരംഭങ്ങളിലാണ് ജോലി ചെയ്യുന്നതെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. കാർഷിക, കാർഷികേതര മേഖലകളിൽ ജോലി ചെയ്യുന്ന 79 ശതമാനത്തിനും എഴുതി തയാറാക്കിയ വ്യക്തമായ തൊഴിൽ കരാറുകളൊന്നുമില്ല. കാർഷിക, കാർഷികേതര മേഖലകളിൽ ജോലി ചെയ്യുന്ന 42 ശതമാനം താൽക്കാലിക തൊഴിലാളികളാണുതാനും.

കാർഷിക, കാർഷികേതരമേഖലകളിൽ ജോലി ചെയ്യുന്ന 72 ശതമാനവും സാമൂഹ്യസുരക്ഷ പദ്ധതികൾക്കും യോഗ്യരല്ല. ഇതിൽതന്നെ 93 ശതമാനം താൽക്കാലിക ജോലിക്കാർക്കും ശമ്പളം ലഭിക്കുന്ന 56 ശതമാനത്തിനും സമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾക്കു അർഹതയില്ല. സ്വയം തൊഴിൽ ചെയ്യുന്നവർ, ദിവസക്കൂലിക്കു ജോലി ചെയ്യുന്നവർ, ഔപചാരിക മേഖലയിൽ കരാറുകളൊന്നുമില്ലാതെ ജോലി ചെയ്യുന്നവരെയെല്ലാം ഉൾപ്പെടുത്തിയാണ് അസംഘടിതമേഖല തൊഴിലാളികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

സാമൂഹ്യമായും സാമ്പത്തികമായും അവകാശ

ങ്ങൾ നിഷേധിക്കപ്പെട്ട സമൂഹത്തിലെ വലിയൊരു വിഭാഗം ഇത്തരത്തിലുള്ള അനൗപചാരിക സാമ്പത്തിക പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്. രണ്ടു ദശകങ്ങളിൽ രാജ്യത്തിന്റെ സമ്പദ്ഘടനയിലുണ്ടായിട്ടുള്ള ഉയർന്ന വളർച്ച ഈ 'അനൗപചാരികത്വം' വർധിപ്പിച്ചിരിക്കുകയാണ്. ഔപചാരിക, അനൗപചാരിക സാമ്പത്തിക പ്രവർത്തനങ്ങൾ തമ്മിലുള്ള ബന്ധിപ്പിക്കലും വളരുകയാണ്. ഉത്പാദനം, തൊഴിൽ, വരുമാനം തുടങ്ങിയവയിൽ പരിവർത്തനാത്മകമായ കാര്യങ്ങൾ അനൗപചാരിക സമ്പദ്ഘടനയിൽ സംഭവിക്കുന്നുണ്ട്. ഈ അനൗപചാരിക സമ്പദ്ഘടനയുടെ വളർച്ചയുടെ വേഗം വർധിപ്പിക്കുവാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. അനൗപചാരിക സമ്പദ്ഘടനയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരുടെ ഡിമാണ്ട് മെച്ചപ്പെടുന്നതിനൊപ്പം വായ്പ, നൈപുണ്യം, സാങ്കേതികവിദ്യ , വിപണനം, അടിസ്ഥാനസൗകര്യം തുടങ്ങിയ അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്താൽ മാത്രമേ സമ്പദ്ഘടനയിലെ ഉയർന്ന വളർച്ച നിലനിർത്തിക്കൊണ്ടുപോകാൻ സാധിക്കുകയുള്ളു. അതുകൂടാതെ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഭൂരിപക്ഷം തൊഴിലാളികൾക്കും ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ സുരക്ഷാ സംരക്ഷണം ഇല്ലതാനും. മുറപ്രകാരമുള്ള പങ്കാളിത്ത പെൻഷൻ പദ്ധതികളോ അല്ലെങ്കിൽ സെസ് അടിസ്ഥാനമാക്കിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളോ തീരെക്കുറവാണ് ഈ മേഖലയിൽ. കഴിഞ്ഞ നൂറ്റാണ്ടിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ നിലവിലുള്ള സമൂഹത്തെ സംബന്ധിച്ചിടത്തോളം വലിയൊരു വെല്ലുവിളിയാണ്.

സംഘടിതമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ( മൊത്തം തൊഴിൽ ശക്തിയുടെ ഏഴു ശതമാനത്തോളം) വിവിധ നിയമങ്ങൾ വഴി സാമൂഹ്യ സുരക്ഷ നൽകിവരുന്നുണ്ട്. ഈ തൊഴിലാളികൾക്കു സാമൂഹ്യ സുരക്ഷ നൽകുന്ന നിയമങ്ങളിൽ പ്രധാനപ്പെട്ടതാണ് എംപ്ലോയിസ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്ട്, (1948), എംപ്ലോയിസ് പ്രൊവിഡൻഡ് ഫണ്ട് ആൻഡ് മിസലേനുവസ് പ്രൊവിഷൻസ് ആക്ട്, (1952) തുടങ്ങിയവ. എംപ്ലോയിസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം തൊഴിലാളികൾക്ക് മെഡിക്കൽ, ആരോഗ്യ പോളിസി എന്നിവ ലഭ്യമാക്കുമ്പോൾ ഇപിഎഫ് നിയമം പ്രൊവിഡൻഡ് ഫണ്ടും പെൻഷനും ലഭ്യമാക്കുന്നു. ജോലി സുരക്ഷിതത്വം, വേതനം, സാമൂഹ്യ സുരക്ഷ, ജോലി വ്യവസ്ഥകൾ, ക്ഷേമപദ്ധതികൾ തുടങ്ങിയ കാര്യങ്ങളിൽ അസംഘടിതമേഖലയിലുള്ള 472.9 ദശലക്ഷം വരുന്ന തൊഴിലാളികൾക്ക് ആവശ്യത്തിനു സംരക്ഷണം ലഭ്യമാകുന്നില്ല. താൽക്കാലിക ജോലി, പ്രത്യേക വേളകളിൽ മാത്രം ലഭിക്കുന്ന ജോലി, ചിതറിക്കിടക്കുന്ന തൊഴിൽ സ്ഥലം, മോശമായ ജോലിയന്തരീക്ഷം, തൊഴിലാളി- തൊഴിൽദാതാവ് ബന്ധത്തിലെ വിള്ളൽ, ക്രമമല്ലാത്തതും ദീർഘവുമായ ജോലിസമയം, നിയമസംരക്ഷണത്തിന്റെ കുറവ്, വായ്പ ലഭിക്കുവാനുള്ള പ്രയാസം, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ കുറവ്, ഗവൺമെന്റിന്റെ പിന്തുണയില്ലായ്മ തുടങ്ങിയവയൊക്കെ ഇതിനു കാരണമാണ്.

തൊഴിൽ സുരക്ഷ (താൽക്കാലിക പുറത്താക്കൽ ഉൾപ്പെടെയുള്ള തൊഴിൽ നഷ്ടമാകൽ), ജോലി സുരക്ഷ (ജോലിസ്ഥലത്ത് ജോലിക്കിടയിൽ ഉണ്ടാകാവുന്ന അപകടം, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ), സാമൂഹ്യ സരുക്ഷ (ആരോഗ്യ ഇൻഷുറൻസ്, പെൻഷൻ, പ്രസവാനുകൂല്യങ്ങൾ) എന്നീ മൂന്നു മേഖലകളിൽ അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് സുരക്ഷതത്വമില്ലെന്ന് നാഷണൽ കമ്മീഷൻ ഫോർ എന്റർപ്രൈസസ് ഇൻ അൺഓർഗനൈസ്ഡ് സെക്ടർ (എൻസിഇയുഎസ്) ചൂണ്ടിക്കാണിക്കുന്നു.

സാമൂഹ്യ സുരക്ഷാ പദ്ധതികൾ അസംഘടിതമേഖലയിലേക്കുംകൂടി വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയും വേഗത്തിൽ വയസാകുന്ന ജനസംഖ്യാഗതിയും അസംഘടിതമേഖലയിലെ കുറയാത്ത തൊഴിൽ ശക്തിയും മനസിൽ കണ്ടുകൊണ്ടു കേന്ദ്രസർക്കാർ 2008-ൽ അൺഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് (യുഡബ്ള്യു എസ് എസ് എ) പാസാക്കുകയുണ്ടായി. രാജ്യത്തെ വലിയൊരു വിഭാഗം വരുന്ന അസംഘടിതമേഖലയിലെ തൊഴിൽ ശക്തിക്ക് ഏറ്റവും കുറഞ്ഞ തലത്തിലുള്ള സാമൂഹ്യസുരക്ഷയെങ്കിലും ലഭ്യമാക്കുകയെന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യം. വരുമാനം, ആരോഗ്യം തുടങ്ങിയമേഖലകളിൽ അപ്രതീക്ഷിതമായുണ്ടാകുന്ന കുഴപ്പങ്ങളിൽനിന്നു പുറത്തുവരുവാനും ദാരിദ്ര്യത്തിൽ നിന്നു പുറത്തുവന്നു മാന്യമായ ജീവിതം നയിക്കുവാനും ഇത് അവരെ പ്രാപ്തമാക്കും.

ഈ നിയമം സഹർഷം സ്വാഗതം ചെയ്യപ്പെട്ടെങ്കിലും ഇതിന്റെ നടപ്പാക്കൽ സംവിധാനങ്ങളിലും ഫണ്ടിംഗുമായി ബന്ധപ്പെട്ട കാര്യങ്ങളിലും നടപടിയുണ്ടായില്ല. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും സാമൂഹ്യ സുരക്ഷാ ബോർഡുകൾ രൂപകരിക്കപ്പെട്ട തൊഴിച്ചാൽ ഈ നിയമം മൂലം ഒന്നും സഭവിച്ചില്ല. ഈ ബോർഡുകളുടെ സ്വഭാവമാകട്ടെ ഉപദേശകരൂപത്തിലുള്ളതുമായിരുന്നു.

## അസംഘടതിമേഖലയ്ക്ക് സാമൂഹ്യ സുരക്ഷ

ഇപ്പോൾ രാജ്യത്തിന്റെ സാമൂഹ്യ സുരക്ഷാ ചട്ടക്കൂട് പ്രധാനമായും രണ്ടു തലത്തിലാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സാമൂഹ്യ, മാനവീയ വികസനം ലക്ഷ്യമാക്കിയുള്ള സാർവത്രിക പദ്ധതികളാണ് ഇതിൽ ആദ്യത്തേത്. സാക്ഷരതാ മിഷൻ, സ്കൂൾ വിദ്യാഭ്യാസ പദ്ധതികൾ, ആരോഗ്യ സേവനങ്ങൾ, കുടിവെള്ളപദ്ധതികൾ, ശുചീകരണ പദ്ധതികൾ, സാങ്കേതിക പരിശീലനം തുടങ്ങിയവ ആദ്യതല സാർവത്രിക പദ്ധതികളിലുൾപ്പെടുന്നു.

സമൂഹത്തിലെ ദുർബല വിഭാഗത്തിനു സാമൂഹ്യ, സാമ്പത്തിക സുരക്ഷ നൽകുന്ന സാമൂഹ്യ, മാനവീയ വികസന പദ്ധതികളാണ് രണ്ടാം തലത്തിൽ വരിക. അവരുടെ തൊഴിൽ കണക്കിലെടുക്കാതെതന്നെ

അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കുന്നവയാണിവ. ഐസിഡിഎസ്, പിഡിഎസ്, എൻഎസ്എപി, എംജിഎൻആർഇജിഎ തുടങ്ങിയവ ഈ ഗണത്തിൽ ഉൾപ്പെടുന്നവയാണ്.

സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ കുറവു നികത്താൻ നിരവധി പദ്ധതികളും ക്ഷേമപരിപാടികളുമുണ്ടെങ്കിലും മിക്ക വികസ്വര രാജ്യങ്ങളിലും അനാരോഗ്യം, അപകടം, അപകടമരണം, വാർധക്യം തുടങ്ങിയ വിഭാഗങ്ങളിലുണ്ടാകാവുന്ന ആകസ്മിക വിപത്തുകളെ നേരിടുവാൻ തക്ക സാമൂഹ്യ സുരക്ഷാ പദ്ധതികൾ അസംഘടിതമേഖലയിലെ തൊഴിലാളികളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. അനാരോഗ്യം, അപകടം, മരണം, വാർധക്യം തുടങ്ങിയ വിഭാഗങ്ങളിലുണ്ടാകുന്ന ആകസ്മിക സംഭവങ്ങളെ നേരിടുവാൻ ഇന്ത്യയിൽ ഇപ്പോൾ നിലനിൽക്കുന്ന, നിയമത്തിന്റെ പിന്തുണയോടെയുള്ള സാമൂഹ്യ സുരക്ഷ, ക്ഷേമ പദ്ധതികൾ പൊതുവേ സംഘടിതമേഖലയിലെ തൊഴിലാളികൾക്കു മാത്രമാണ് ലഭിക്കുക. അതുകൊണ്ടുതന്നെ അസംഘടിതമേഖലയിലെ തൊഴിലാളികൾക്കും വിപത്തുകാലത്തു സാമൂഹ്യ ഇൻഷുറൻസ് കവറേജ് ലഭിക്കണമെന്നത് വളരെ പ്രസക്തമായയ സംഗതിയാണ്. ദരിദ്രരുടെ അനുപാതം കുറഞ്ഞുവരികയാണെങ്കിലും, പാവപ്പെട്ടവരിൽ ഭൂരിപക്ഷവും അസംഘടിതമേഖലയിലാണ് ജോലി ചെയ്യുന്നതെന്ന വസ്തുത നിലനിൽക്കുകയാണ്. മാത്രമല്ല, സാമൂഹ്യ സംരക്ഷണത്തിന്റെ കുറവ് ഉത്പാദനക്ഷമതയെ കുറയ്ക്കുകയും ചെയ്യുന്നുണ്ട്. തൊഴിലാളികളുടെ ആരോഗ്യക്കുറവും അതുമൂലമുണ്ടാകുന്ന രോഗങ്ങളും ഉത്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. രോഗത്തിനു ചികിത്സിക്കാൻ സ്വന്തം പോക്കറ്റിൽനിന്നു പണം കണ്ടെത്തേണ്ടി വരുന്നത് പലപ്പോഴും അവരുടെ വീടിനെ കടക്കെണിയിലേക്ക് തള്ളിവിടുന്നു. അതുകൊണ്ടുതന്നെ അസംഘടിതമേഖലയിലെ തൊഴിലാളികൾക്കും ഏറ്റവും കുറഞ്ഞ സുരക്ഷാ വലയെങ്കിലും ലഭ്യമാക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വളർച്ച എന്നതിനു വലിയ അർത്ഥമൊന്നുമില്ല.

കൂടുതലായി, രാജ്യത്തെ ഇപ്പോഴത്തെ സാമൂഹ്യ സുരക്ഷാ ഭരണ സംവിധാനം നിരവധി വെല്ലുവിളികളെ നേരിടുകയാണ്. അവയിൽ പ്രധാനമായിട്ടുള്ളത് ചുവടെ:

എ). നയങ്ങൾ, പദ്ധതികൾ, നിരവധി ഏജൻസികൾ

ബി). കൂടുതൽ ആളുകളിലും കൂടുതൽ സ്ഥലത്തും എത്തിച്ചേരാൻ കഴിയാത്തത്

സി). പദ്ധതി നടത്തിപ്പിൽ ഗുണമേന്മയില്ലാത്തത്

ഡി). അർഹരായവരുടെ മോശം തെരഞ്ഞെടുപ്പ്

ഇ). ഉയർന്ന ചെലവ്

എഫ്). നല്ലൊരു ഭാഗം ആളുകളെ പദ്ധതിക്കു പുറത്തു നിറുത്തുന്നത്. പ്രത്യേകിച്ചും അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ.

ഇവയെല്ലാം മനസിൽ കണ്ടുകൊണ്ട് രണ്ടാം ദേശീയ തൊഴിൽ കമ്മീഷൻ ശിപാർശകളുടെ ചുവടു പിടിച്ച് തൊഴിൽ മന്ത്രാലയം സാമൂഹ്യ സുരക്ഷ സംബന്ധിച്ച കേന്ദ്ര തൊഴിൽ നിയമം ലളിതമാക്കുവാനും യുക്തിസഹമാക്കുവാനും പല നിയമങ്ങൾ ലയിപ്പിച്ച് ഒന്നാക്കുവാനും നടപടികൾ എടുത്തുവരികയാണ്. ഇവയ്ക്കു പകരമായി സോഷ്യൽ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ടു നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും ലയിപ്പിച്ച് ഒന്നാക്കി സോഷ്യൽ സെക്യൂരിറ്റി ആൻഡ് വെൽഫയർ കോഡ് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.( ഇപിഎഫ് ആക്ട്, ഇഎസ്ഐ ആക്ട്, മറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, ഗ്രാറ്റ്വിറ്റി ആക്ട്, എംപ്ലോയിസ് കോമ്പൻസേഷൻ ആക്ട്, അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ആക്ട്, വിവിധ വെൽഫയർ സെസ്/ഫണ്ട്സ് ആക്ട് തുടങ്ങി മൊത്തം 15 തൊഴിൽ നിയമങ്ങളാണുള്ളത്). ത്രികക്ഷി പ്രാതിനിധ്യത്തോടു കൂടിയ ഒരു ത്രിതല സാമൂഹ്യ സുരക്ഷ ഭരണനിർവഹണ ഘടനയാണ് കോഡ് വിഭാവനം ചെയ്യുന്നത്.

(എ). പ്രധാനമന്ത്രി അധ്യക്ഷനായുള്ള നാഷണൽ സോഷ്യൽ സെക്യൂരിറ്റി കൗൺസിൽ

(ബി). കേന്ദ്ര തലത്തിൽ സെൻട്രൽ ബോർഡ് ഓഫ് സോഷ്യൽ സെക്യൂരിറ്റി

(സി). സംസ്ഥാന, കേന്ദ്രഭരണ പ്രദേശങ്ങളിൽ സ്റ്റേറ്റ് ബോർഡ് ഓഫ് സോഷ്യൽ സെക്യൂരിറ്റി.

രജിസ്ട്രേഷനും മറ്റു സൗകര്യങ്ങളും ലഭ്യമാക്കാനുള്ള ചുമതല പ്രാദേശിക ഭരണകൂടങ്ങൾക്ക് ( പഞ്ചായത്ത്, നഗരസഭ തുടങ്ങിയവ) ആണ്. ഒരു പക്ഷേ, ഇതിനെ ചതുർതലമെന്നു വിളിച്ചാലും തെറ്റില്ല.

ആധാർ ആധാരമാക്കിയുള്ള രജിസ്ട്രേഷൻ എല്ലാ തൊഴിലാളികൾക്കും നിർബന്ധമായിരിക്കും. ഇതോടൊപ്പം പോർട്ടബിൾ സോഷ്യൽ സെക്യൂരിറ്റി അക്കൗണ്ടും ലഭ്യമാക്കും. ഉദാഹരണത്തിന് വിശ്വകർമ കാർമിക് സുരക്ഷ (വികാസ്) എല്ലാ ജോലിക്കാർക്കും രജിസ്ട്രേഷനായി തുറന്നു നൽകിയെന്നു കരുതുക. ഇതിലെ രജിസ്ട്രേഷൻ തൊഴിലാളിയുടെ ആധാർ നമ്പറുമായി ബന്ധിപ്പിക്കുകയും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലം വിട്ട് മറ്റൊരു സംസ്ഥാനത്തേക്ക് തൊഴിലാളി കുടിയേറിയാലും ആ അക്കൗണ്ടിലേക്കുള്ള വിഹിതവും അതിലെ ആനുകൂല്യങ്ങളുമൊക്കെ യഥാവിധി എത്തിച്ചേരുകയും ചെയ്യുന്നു.

ഈ പുതിയ സാമൂഹ്യ സുരക്ഷാ മാതൃക, പൗരന്മാരോടുള്ള സൗമനസ്യത്തിന്റെ അർത്ഥ സൂചനയോ അല്ലെങ്കിൽ അവരെ പ്രീണിപ്പിക്കാനുള്ളതോ അല്ല. എന്നാൽ ഇത് രാജ്യത്തെ എല്ലാ തൊഴിലാളിയുടേയും അവകാശമാണ്.


*(കേന്ദ്ര തൊഴിൽ മന്ത്രാലയത്തിനു കീഴിലെ വി.വി.ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ടിൽ ഫാക്കൽറ്റി അംഗമാണ് ലേഖകൻ)*

# ഇന്ത്യയിലെ ഭക്ഷ്യനയം: പോഷകാഹാര അധിഷ്ഠിത കൃഷിക്ക് ഉത്തേജനം

ഡോ.മൗസുമി ദാസ്

ഉത്പാദനം, വിതരണം, ഉപഭോക്താവിന്റെ താല്പര്യം, ഉപഭോഗം, വേണ്ടത്ര സ്ഥൂല- സൂക്ഷ്മ പോഷകങ്ങൾ, അവയുടെ ഫലപ്രദമായ ദഹനം തുടങ്ങി ബഹുവിധ മാനങ്ങളുള്ള പ്രക്രിയയാണ് ഭക്ഷ്യസുരക്ഷ. ഭക്ഷ്യ സംവിധാനവും പോഷക അവസ്ഥയും തമ്മിൽ ആകസ്മികമായ ഒരു പാരസ്പര്യം നിലനില്ക്കുന്നു. നയരൂപീകരണം അനായാസമാക്കുന്നതിന് ലോക ഭക്ഷ്യ കാർഷിക സംഘടനയും ഇതേ ആശയത്തെ അടിസ്ഥാനമാക്കിയാണ് ഭക്ഷ്യസുരക്ഷയെ നിർവചിച്ചിരിക്കുന്നത്. മാറിവരുന്ന ആവശ്യങ്ങളെ മനസിൽ കണ്ടാണ് കാലങ്ങളായി ഭക്ഷ്യ നയരൂപീകരണങ്ങൾ നടക്കുന്നതും. ദക്ഷിണേഷ്യയിലെയും ആഫ്രിക്കൻ ഉപഭൂഖണ്ഡത്തിലെയും വികസ്വര രാജ്യങ്ങൾ ഉൾപ്പെടെ ലോകമെമ്പാടും, നയങ്ങൾ നടപ്പാക്കുന്നതിലും ഇതുതന്നെയാണ് പിന്തുടരുന്നത്. എല്ലാ വ്യത്യസ്ത മാനങ്ങളെയും മാർഗങ്ങളെയും കോർത്തിണക്കുന്ന ഏറ്റവും പുതിയ ചട്ടക്കൂടാണ് പിൻസ്ട്രൂപും ആൻഡേഴ്സണും വാട്സണും ചേർന്ന് (2011) രൂപീകരിച്ചിരിക്കുന്നത്.

കഴിഞ്ഞ കാല അനുഭവങ്ങളുടെയോ ആശയപരമായ പ്രശ്നങ്ങളുടെയോ അടിസ്ഥാനത്തിൽ രൂപീകരിച്ച നയങ്ങൾ മൂലം ഇന്ത്യയിൽ ഭക്ഷ്യനയ രൂപീകരണം വളരെ നാളായി ഉപരിപ്ലവമാണ്. രാജ്യത്തെ ഏറ്റവും വിശാലമായ ഭക്ഷ്യസുരക്ഷാ പരിപാടിയാണ് പൊതുവിതരണ അഥവാ റേഷൻ സമ്പ്രദായം. ഇത് ഈ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു; മിക്കവാറും എല്ലാ പ്രധാനപ്പെട്ട സംസ്ഥാനങ്ങളിലും ഇത് മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നുമുണ്ട്. അതിൽ പക്ഷെ ചോർച്ച, അഴിമതി, കുത്തഴിഞ്ഞ വിതരണം, വിഭവങ്ങളുടെ നിലവാരമില്ലായ്മ തുടങ്ങി ഗൗരവമായ പോരായ്മകളും ഉണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി രാജ്യത്തെ പൊതുവിതരണ സമ്പ്രദായം പരക്കെ ഉപരിപ്ലവമാണ്. കാരണം മിക്കവാറും എല്ലാ സംസ്ഥാനങ്ങളും തന്നെ ഇതിൽ വലിയ താല്പര്യം കാണിക്കുന്നില്ല, എല്ലാവരും ശ്രദ്ധിക്കുന്നത് ഭക്ഷ്യസുരക്ഷയിലെ മറ്റു മാനങ്ങളിലാണ് എന്നതാണ് വസ്തുത. കൃത്യമായ ശുചിത്വം, ആരോഗ്യപരിപാലനം, വ്യത്യസ്തമായ പോഷകാഹാര ഉപയോഗം, സ്ത്രീ ശാക്തീകരണം തുടങ്ങിയവയുടെ അഭാവമായിരുന്നു പ്രധാനം. ശ്രദ്ധേയമായ കാര്യം ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (2013) വീണ്ടും രാജ്യത്ത് പയർ - പരിപ്പു വർഗ്ഗങ്ങളുടെ വിതരണത്തിൽ ഒരിക്കൽ കൂടി ഊന്നൽ നല്കുന്നു എന്നതാണ്. പോഷകാഹാര വൈവിധ്യത്തിന് വളരെ പരിമിതമായ പ്രാധാന്യമേ ഉണ്ടായിരുന്നുള്ളു. എന്നിട്ടും എല്ലാ ഊർജ്ജവും പരമാവധി, ഇപ്പോൾ അത്യാവശ്യമല്ലാത്ത പൊതുവിതരണ സമ്പ്രദായത്തിൽ കേന്ദ്രീകരിക്കുകയാണ്. പൊതുവിതരണ സമ്പ്രദായം ആർക്കു വേണ്ടി നടത്തുന്നുവോ




അവരിൽ, റേഷൻ ലഭിക്കുന്നതും ലഭിക്കാത്തതുമായ കുടുംബങ്ങളിലെ മുതിർന്നവരുടെയും ശിശുക്കളുടെയും പോഷകാഹാര അവസ്ഥകൾ തമ്മിൽ വലിയ വ്യത്യാസമൊന്നും ഇല്ല തന്നെ. വിവിധ മാനങ്ങളിലുള്ള മൊത്തം കൃഷിയെയും പോഷകാഹാര മാർഗ്ഗത്തിൽ കൊണ്ടുവരാനുള്ള ഒരു ഏകീകൃത ചട്ടക്കൂടാണ് ഇപ്പോൾ നമുക്ക് ആവശ്യം. സഹസ്രാബ്ദ വികസന ലക്ഷ്യം നേടാൻ ഇന്ത്യയ്ക്ക് സാധിക്കാതെ പോയതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് ഇതാണ്. സഹസ്രാബ്ദ വികസന ലക്ഷ്യം (1) പ്രകാരം 1990 ൽ 53.5 ശതമാനമായിരുന്ന രാജ്യത്തെ കുഞ്ഞുങ്ങളുടെ പോഷകാഹാര ലഭ്യതക്കുറവ് 2015 ൽ പകുതിയിലെത്തിക്കണമായിരുന്നു. പക്ഷെ 2015 ൽ ഈ നിരക്ക് 40 ശതമാനമാക്കാൻ സാധിച്ചെങ്കിലും 2015 ൽ എത്തിക്കേണ്ടിയിരുന്ന 26 ശതമാനം എന്ന ലക്ഷ്യത്തിൽ നിന്ന് രാജ്യം ഇപ്പോ ഴും അകലെയാണ്.

അടുത്ത നാളിൽ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾക്കു പകരം തത്സ്ഥാനത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ വന്നെങ്കിലും ലക്ഷ്യം ഇപ്പോഴും അവ്യക്തം തന്നെയാണ്. ഇതിനു പ്രധാന കാരണം കൃഷിയിൽ നിന്ന് പോഷകാഹാര സുരക്ഷയിലേയ്ക്കുള്ള വിവിധ മാർഗ്ഗങ്ങൾ മുറിഞ്ഞുകിടക്കുന്നു എന്നതാണ്. കേന്ദ്ര സംസ്ഥാന തലങ്ങളിൽ ഇതിനു മാറ്റമില്ല. ഇതിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിവിധ മാർഗങ്ങളുടെ രൂപരേഖ താഴെപ്പറയുന്നവയിൽ അധിഷ്ഠിതമാണ്. 1) കൃഷി-ഭക്ഷ്യവിഭവ സ്രോതസ്, 2) ഭക്ഷ്യ, ഭക്ഷ്യേതര ചെലവുകൾക്കുള്ള സ്രോതസ്, 3) കാർഷിക നയവും ഭക്ഷ്യസാധനങ്ങളുടെ വിലയും ഭക്ഷണ ഉപഭോഗത്തെ ബാധിക്കുന്ന വിധം 4) കാർഷിക - ഗാർഹിക മേഖല

യിൽ വിഭവ വിഹിതങ്ങളിൽ സ്ത്രീകളുടെ തീരുമാനമെടുക്കാനുള്ള ശേഷി. 5) കാർഷിക മേഖലയിൽ സ്ത്രീകൾ കൂടുതലായി തൊഴിൽ ചെയ്യുന്നത് ശിശുപരിപാലനത്തെും മുലയൂട്ടലിനെയും എങ്ങനെ ബാധിക്കുന്നു- എന്നീ ഘടകങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടാൻ ആദ്യം ദാരിദ്ര്യനിർമ്മാർജ്ജനം, എല്ലാവർക്കും ഭക്ഷണം, നല്ല ആരോഗ്യം, ക്ഷേമം, ശുദ്ധജലം, ആരോഗ്യപരിപാലനം, സുസ്ഥിര ഉപഭോഗം, ഉത്പാദനം, കാലാവസ്ഥാ പ്രവർത്തനം തുടങ്ങിയ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ ഒന്ന്, രണ്ട്, ആറ്, പന്ത്രണ്ട്, പതിമൂന്ന് തുടങ്ങിയ ഉപലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വിവിധ ലക്ഷ്യങ്ങളിലും ഉപലക്ഷ്യങ്ങളിലും നമ്മുടെ ഉന്നം ഭക്ഷ്യസുരക്ഷ തന്നെയാവണം. ഇതിനായി വിവിധ മന്ത്രാലയങ്ങളും വകുപ്പുകളും ഒറ്റയ്ക്കൊറ്റയ്ക്ക് പ്രവർത്തിച്ചിട്ടു കാര്യമില്ല, മറിച്ച് ഒരേ കുടക്കീഴിൽ അണിനിരക്കണം. 2030 ൽ എങ്കിലും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കേണ്ട ഹ്രസ്വകാല ദീർഘകാല നയങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ലോകം മുഴുവൻ സുസ്ഥിര ഭക്ഷ്യ വ്യവസ്ഥയിലൂടെ സുസ്ഥിര വികസന ലക്ഷ്യം നേടുന്നതിനായി പരിശ്രമിക്കുമ്പോൾ ഇന്ത്യ അതിൽ പിന്നോക്കം നില്ക്കുന്നത് അടിയന്തിരമായി നാം ചർച്ച ചെയ്യണം.

## ഹ്രസ്വകാല നയ നിർദ്ദേശങ്ങൾ:

## ഭക്ഷണ വൈവിധ്യം: കാണാതെ പോയ അനിവാര്യത


വൈവിധ്യമാർന്ന ഭക്ഷ്യ വസ്തുക്കളുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക എന്നതാണ് അടിയന്തിരമായി ഗവൺമെന്റ് ചെയ്യേണ്ടത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ (NIN) ജനകോടികളെ ഉൾക്കൊള്ളാതെയാണ് ഇന്ത്യൻ ഫുഡ് പിരമിഡിന് രൂപം നല്കിയതെന്ന് ആരോപണമുണ്ട്. പൊതുജനത്തെ ബോധവത്ക്കരിക്കുന്നതിന് ലളിതവും അതേ സമയം ആകർഷകവുമായ ചില പ്രോത്സാഹന സംവിധാനങ്ങൾ അനുവർത്തിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് അമേരിക്കൻ കൃഷി വകുപ്പ് നിറങ്ങൾ കൊണ്ടു സമ്പന്നമായ ഒരു പാത്രം അവതരിപ്പിച്ചാണ് ഈ കാര്യം കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ള പൗരന്മാരെ ഈ ആശയം വളരെ എളുപ്പത്തിൽ ബോധ്യപ്പെടുത്തിയത്. പാത്രത്തിലെ നിറങ്ങൾ ഓരോദിവസവും വേണ്ട ഭക്ഷ്യസാധനങ്ങളുടെ മിശ്രണത്തിന്റെ പ്രതീകമാണ്. ഓരോ നിറവും പരിപ്പ്, പയർ, പഴം, പച്ചക്കറി, മാംസം തുടങ്ങി ഓരോ തരം ഭക്ഷ്യവസ്തുക്കളെ പ്രതിനിധീകരിക്കുന്നു. ചുരുക്കത്തിൽ ഇത്തരത്തിലുള്ള പ്രോത്സാഹന സംവിധാനം സസ്യഭുക്കുകളോ മാംസഭുക്കുകളോ എന്ന വേർതിരിവില്ലാതെ ഇന്ത്യയിലെ എല്ലാ വീടുകളിലും നടപ്പിലാക്കാൻ നമുക്ക് സാധിക്കണം.

ആരോഗ്യകരമായ വാർത്തകളും ശീലങ്ങളും നാം പ്രചരിപ്പിക്കാറുണ്ട്. നമ്മുടെ പോഷകാഹാര അവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്ന പ്രാദേശികമായ ഭക്ഷ്യ ശീലങ്ങളും സംസ്കാരങ്ങളും വളരെ പ്രാധന്യമുള്ളതായിട്ടാണ് നാം കരുതുന്നത്. വൈവിധ്യമാർന്ന ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം, ഉപയോഗം, പാചകം എന്നിവ സംബന്ധിച്ച് രാജ്യത്ത് മൊത്തത്തിലുള്ള സമീപനം ഒരിക്കലും വിജയിക്കില്ല. ഭക്ഷ്യനയ രൂപീകരണത്തിലെ വികേന്ദ്രീകരണമാണ് ഭരണത്തിലും ഉത്തരവാദിത്വത്തിലും കൂടുതൽ ഊന്നലോടെ പ്രായോഗികമാകുക. കൃത്യമായ തെളിവുകൾ അനുസരിച്ച് മാത്രമെ വിഭവ വിതരണത്തിന് പണം അനുവദിക്കാവൂ. ഒരേ കുടക്കീഴിൽ പ്രവർത്തിക്കാൻ വകുപ്പുകൾ മുന്നോട്ടു വന്നാൽ മാത്രമെ ഇത് സാധിക്കുകയുള്ളു. ഏതു നയ സംരംഭവും വിജയിക്കണമെങ്കിൽ രാജ്യത്ത് മികച്ച അടിസ്ഥാന സൗകര്യങ്ങൾ കൂടിയേ തീരൂ. അടിസ്ഥാന സൗകര്യങ്ങൾ, ആശുപത്രികൾ, മാധ്യമങ്ങൾ എന്നിവയുടെ സാമീപ്യം വൈവിധ്യമുള്ള ഭക്ഷ്യസാധനങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്താൻ ഉപകരിക്കുമെന്ന് നിരീക്ഷിക്കപ്പെടുന്നു.

## സംവിധാനങ്ങളുടെ നവീകരണം:

രാജ്യത്തെ ഇതര ജനവിഭാഗങ്ങൾ നല്ല ഭക്ഷണത്തിലൂടെ അവരുടെ ഊർജ്ജ കലോറി മെച്ചപ്പെടുത്തുമ്പോൾ, ഏറ്റവും ദാരിദ്ര്യമനുഭവിക്കുന്നവർക്ക് ഇപ്പോഴും സൗജന്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യേണ്ടിയിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യയിലെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ജനങ്ങൾ ഭക്ഷിക്കുന്ന കലോറിയുടെ അളവിൽ വന്നിരിക്കുന്ന കുറവ് ഇതിനു തെളിവാണ്. പരിപ്പ്, പയർ എന്നിവ ഒഴികെയുള്ള ഭക്ഷ്യ സാധനങ്ങൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുക വലിയ ബുദ്ധിമുട്ടാണ്. അതിനാൽ പച്ചക്കറി, പഴവർഗങ്ങൾ, പാൽ, മുട്ട, മത്സ്യം, മാംസം തുടങ്ങിയവ ഉത്പാദിപ്പിക്കുന്നവർക്ക് പ്രാദേശിക ഉപഭോഗം, ഉത്പാദന രീതി എന്നിവ അടിസ്ഥാനമാക്കി സാമ്പത്തിക സഹായം നല്കണം. ഉദാഹരണത്തിന് അടുത്ത കാലത്ത് നടന്ന പഠനത്തിൽ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിന് പരിപ്പ് വർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കണമന്ന് നിരീക്ഷിച്ചിരിക്കുന്നു. വിതരണവും ലഭ്യതയും കൂടുതൽ സൗകര്യപ്രദമാക്കിക്കൊണ്ട് പോഷകാഹാരത്തിന്റെ ഉപയോഗം വർധിപ്പിക്കാൻ സാധിക്കും. നിലവിൽ ഇതിന് ഇന്ത്യയിലെ പ്രതിബന്ധം ശീതീകരണികളുടെ ദൗർലഭ്യമാണ്. ചില സംസ്ഥാനങ്ങളിലെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിൽ പരിപ്പ്, പയർ വർഗങ്ങൾ, മുട്ട തുടങ്ങിയവ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ അത് പോഷക സമ്പുഷ്ടമാണ്.

**ദാരിദ്ര്യരേഖയിലെ ഭക്ഷ്യ ഘടനയുടെ പുനക്രമീകരണം:** തെണ്ടുൽക്കർ, രംഗരാജൻ കമ്മിറ്റികൾ കലോറിയെക്കാൾ പോഷകാഹാരത്തിന്റെ പ്രാധാന്യം അംഗീകരിക്കുകയും ദാരിദ്ര്യ രേഖാ നിർണയത്തിൽ അതിനെ ഉൾപ്പെടുത്തുകയും ചെയ്തു. ഇന്ത്യയ്ക്ക് ആരോഗ്യകരമായ ഭക്ഷ്യസൂചിക എന്ന പേരിൽ ഭക്ഷ്യ വൈവിധ്യത്തിന് ഒരു പുതിയ മാനദണ്ഡമാണ് ഇപ്പോൾ നിർദ്ദേശിക്കപ്പെടുന്നത്. ഓരോരുത്തരും ഉപയോഗിക്കുന്ന വിവിധ ഭക്ഷണസാധനങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ ദൗർലഭ്യത അനുഭവിക്കുന്ന കുടുംബങ്ങളെ തിരിച്ചറിയാനാവും. വളരെ കുറഞ്ഞ തോതിൽ വൈവിധ്യമാർന്ന ഭക്ഷണം കഴിക്കുന്ന സസ്യഭുക്കുകളും സസ്യേതര ഭുക്കുകളുമായ കുടുംബങ്ങളെ തിരിച്ചറിയുന്നതിന് ഈ സൂചിക ഉപകാരപ്രദമാണ്. കുടംബങ്ങളിലെ പോ







ഷകാഹാരം സംബന്ധിച്ചുള്ള ശോച്യാവസ്ഥയും ഒരു പരിധിവരെ മനസിലാക്കാൻ ഇതു സഹായകമാണ്. ആകസ്മികമായി വരുമാന– ആരോഗ്യ– കാലാവസ്ഥാ ആഘാതങ്ങൾ അനുഭവിക്കുന്നവർ ആദ്യം ചെയ്യുക ഭക്ഷ്യസാധനങ്ങളുടെ ഉപയോഗം കുറയ്ക്കുക എന്നതാണ്. ഇങ്ങനെയുള്ളവർക്ക് ഭക്ഷണ സാധനങ്ങളായി സഹായം എത്തിക്കണം .

## ഡിജിറ്റൽ പരിഹാരം: കൈമാറ്റവും ഗതിയും

പണം, സാധനങ്ങൾ എന്നിവ വഴിയുള്ള സേവനങ്ങൾ മാത്രമല്ല, ആരോഗ്യ ഫലങ്ങളും ഏറ്റവും വേഗത്തിൽ യഥാസമയം ഉചിതമായ രീതിയിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തണം. വിവിധ സ്ഥലങ്ങളിൽ നിന്നു ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പണമായും ഭക്ഷണസാധനങ്ങളായും സഹായം വിതരണം ചെയ്യണം. പൊതുവിതരണ സമ്പ്രദായം വിജയകരമായി നടക്കുന്നിടത്ത് അത് തുടരണം. കുടുംബങ്ങളുടെ ഭക്ഷ്യസുരക്ഷാ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് സാമ്പത്തിക സഹായ വിതരണം വളരെ ശ്രദ്ധയോടെ മാത്രമെ നടപ്പാക്കാവൂ. പണം നല്കുമ്പോൾ അസംസ്കൃത ഭക്ഷണസാധനങ്ങൾ മാത്രം ഉപയോഗിച്ചിരുന്ന കുടുംബങ്ങൾ കൂടുതൽ പോഷകാഹാരങ്ങളും വൈവിധ്യമുള്ള ഭക്ഷ്യസാധനങ്ങളും ഉപയോഗിക്കാൻ തുടങ്ങും. സത്യത്തിൽ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കിയിരുന്നെങ്കിൽ ജനസംഖ്യയിൽ വളറെ കുറച്ചു മാത്രം ആളുകൾക്കേ അതു വേണ്ടിവരുമായിരുന്നുള്ളു. ഈ പശ്ചാത്തലത്തിലാണ് സ്ത്രീ ശാക്തീകരണത്തിന്റെ പ്രാധാന്യം. പൊതുവെ പ്രായം കൂടിയ സ്ത്രീകളാണ് കുടുംബങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നത്. അതിനാൽ വൈവിധ്യമാർന്ന ഭക്ഷണങ്ങൾ ശീലമാക്കാൻ അവരെ ബോധവത്ക്കരിക്കണം.

ആധാർ കാർഡ്, മിനിമം തുകയുടെ ബാങ്ക് അക്കൗണ്ട് എന്നിവ ഉള്ളതുകൊണ്ട്, നേരിട്ടുള്ള ആനുകൂല്യ വിതരണം മാത്രമല്ല ആരോഗ്യ അവസ്ഥയുടെ പരിശോധനയും നടക്കും എന്നു വിദഗ്ധർ നിർദ്ദേശിക്കുന്നു. രാജ്യത്തെ ഡിജിറ്റൽ വിപ്ലവത്തിലൂടെ പാവപ്പെട്ട വ്യക്തികളെ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് കണ്ടെത്തണം. ഈ സാമ്പത്തിക വർഷം തൊഴിലുറപ്പു പദ്ധതിയുടെ 51 ശതമാനം ഗുണഭോക്താക്കൾക്കും ആധാർ ബന്ധിത വേതന വിതരണമായിരിക്കും നടക്കുക. ഭക്ഷ്യസാധാനങ്ങൾക്കായി നേരിട്ടുള്ള പണം കൈമാറ്റം 94 ശതമാനവും നടക്കും. കണക്കുകൾ പ്രകാരം കഴിഞ്ഞ ഡിസംബർ വരെ ഗവൺമെന്റ് ഇതിലൂടെ ലാഭിച്ചത് ഏകദേശം 50,000 കോടി രൂപയാണ്. അതായത് ഒരു വർഷത്തേയ്ക്ക് സബ്സിഡി നല്കാനുള്ള പണം. യഥാവിധി ദരിദ്രരെ കണ്ടെത്താനുള്ള മാർഗം അവലംബിച്ചാൽ ഇതിലും കൂടുതൽ തുക ലാഭിക്കാവുന്നതാണ്. ഇതു പരിശോധിക്കാൻ പുതിയ വകുപ്പിനെയോ, പുതിയ ഉദ്യോഗസ്ഥരെയോ നിയമിക്കണമെന്ന് വിദഗ്ധർ നിർദ്ദേശിക്കുന്നില്ല; പക്ഷെ നിലവിലുള്ള ഉദ്യോഗസ്ഥരെ ഫലപ്രദമായി ഉപയോഗിച്ച് ദാരിദ്ര്യം രൂക്ഷമായ മേഖലകളിൽ ഇതു നടപ്പാക്കാനാവുമെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. മംഗോളിയയുടെ ഉൾനാടുകളിൽ ഇത്തരത്തിൽ ഒരു തന്ത്രം നടപ്പാക്കുകയുണ്ടായി. ഓരോ കുടുംബത്തെയും കൃത്യമായി നരീക്ഷിച്ച് അവരെ ദാരിദ്ര്യത്തിൽ (വരുമാനം, ഭക്ഷണം, ആരോഗ്യം എന്നിവയുടെ ശോച്യാവസ്ഥയിൽ) നിന്നും എന്നന്നേയ്ക്കുമായി രക്ഷപ്പെടുത്തുകയുണ്ടായി.

## അമിത സമ്പത്തും ധനികരുടെ വർദ്ധിക്കുന്ന ശരീരഭാഗവും

പോഷകാഹാര കുറവിനെക്കാൾ ഇന്ത്യ നേരിടുന്ന പ്രശ്നം പൊണ്ണത്തടി, സൂക്ഷ്മ പോഷകങ്ങളുടെ കുറവ് എന്നിവ മൂലമുള്ള രോഗങ്ങളാണ്. രണ്ടാമത്തെ നിരയിൽ കൂടുതലും ധനികരും ഇടത്തരക്കാരുമാണ്. കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് ത്വരിത ഗതിയിലുള്ള നഗരവത്ക്കരണം, വിലക്കയറ്റം, ജീവിത ശൈലി, കൊഴുപ്പു കൂടിയ ഉത്പ്പന്നങ്ങളുടെ ലഭ്യത, അവയുടെ വൻതോതിലുള്ള വിപണനം എന്നിവയാണ്. അതിനാൽ സമ്പന്നരെയും കാര്യങ്ങൾ ധരിപ്പിക്കേണ്ടതുണ്ട്. കാരണം പ്രമേഹം, ഹൃദയസ്തംഭനം തുടങ്ങി നിരവധി രോഗങ്ങളെ അവർ സ്വയം സ്വാഗതം ചെയ്യുകയാണ് എന്ന് അവർ മനസിലാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് ഇത്തരം അനാരോഗ്യകരമായ ഭക്ഷണസാധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന വൻ ഹോട്ടലുകളിലും സൂപ്പർ മാർക്കറ്റുകളിലും കൊഴുപ്പു

നികുതിയുമായി ഗവൺമെന്റ് ഇടപെടൽ നടത്തിയിരിക്കുന്നത്. എല്ലാറ്റിനുമുപരി പോഷകാഹാരക്കുറവ് എന്ന ഭാരം സമൂഹത്തിനു മേലും മൊത്ത ആഭ്യന്തര വരുമാനത്തിലും വലിയ സാമ്പത്തിക നഷ്ടമാണ് വരുത്തുന്നത്.

### ഭക്ഷ്യസുരക്ഷ

പൊതുവിതരണ സമ്പ്രദായത്തിൽ നിറയെ വിഭവ ചോർച്ചയും അഴിമതിയും നിലനില്ക്കവേ തന്നെ ശീതീകരണ സൗകര്യങ്ങളുടെ അഭാവം മൂലം ഭക്ഷണ സാധനങ്ങൾ പാഴായിപോവുകയാണ്. ഇതു സംബന്ധിച്ച ഒരു പഠനം വളരെ ഉപകാരപ്രദമായിരിക്കും. നാം ഭക്ഷണത്തിന്റെ നഷ്ടവും പാഴാക്കലും കുറയ്ക്കാനുള്ള നടപടികളാണ് അടിയന്തിരമായി ചെയ്യേണ്ടത്. ഭക്ഷ്യ ഉത്പാദനത്തിലും സംഭരണത്തിലും രാസവസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്നതും ഭക്ഷ്യ സുരക്ഷിതത്വത്തിന്റെ ഭാഗമാണ്. ഭക്ഷ്യസുരക്ഷിതത്വം സംബന്ധിച്ച് ഒരു റിപ്പോർട്ടും ഇപ്പോൾ ഇന്ത്യയിൽ പൊതുജനങ്ങൾക്ക് ലഭ്യമല്ല എന്നത് നിർഭാഗ്യകരമാണ്. ഉദാഹരണത്തിന് അഫ്ളാടോക്സിൻ മനുഷ്യ ശരീരത്തിന് ഹാനികരമാണ്. കുട്ടികളിലും മുതിർന്നവരിലും അത് മാറാരോഗങ്ങൾക്കു കാരണമാകും. ഇന്ത്യയിലെ ക്ഷീര കർഷകർ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ സ്വീകരിച്ചതോടെ പാലിനു മെച്ചപ്പെട്ട വില ഉൾപ്പെടെ നിരവധി ഘടകങ്ങൾ അവർക്ക് അനുകൂലമായി എന്ന് ചില വിദഗ്ധർ നിരീക്ഷിക്കുന്നു. ഭക്ഷ്യസുരക്ഷിതത്വവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന വിഷയം കാലാവസ്ഥാ വ്യതിയാനമാണ്. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് സിന്ധു ഗംഗാ സമതലത്തിലെ ഭക്ഷ്യവിളകളുടെ കൃഷി രീതി മാറുന്നുവെന്ന് പഠനങ്ങളുണ്ട്. ഇതുവരെ ചർച്ച ചെയ്ത ത്വരിത നടപടികൾ വളരെ പ്രധാനപ്പെട്ടവയാണ്. പക്ഷെ നാം ഇപ്പോഴും ആഗോള ഭക്ഷ്യ ക്രമത്തിൽ നിന്ന് വളരെ അകലെയാണ്. നാം പേറുന്ന പോഷകാഹാരക്കുറവ് എന്ന ഭാരം പരിഹരിക്കാൻ നമ്മുടെ ഭക്ഷ്യ നയ ചട്ടക്കൂട് സമഗ്രമായിരിക്കണം. മുമ്പ് സൂചിപ്പിച്ചതു പോലെ ഇന്ത്യക്ക് ഒരിക്കലും സമഗ്രമായ ഒരു ഭക്ഷ്യ നയ ചട്ടക്കൂട് ഉണ്ടായിരുന്നില്ല. അത്യാവശ്യവും ഗുണഭോക്താക്കളുടെ സ്വാധീനവും അനുസരിച്ച് നാം താല്ക്കാലിക പദ്ധതികൾ ക്രമീകരിച്ചു പോരുകയായിരുന്നു. അത്തരം ഇടുങ്ങിയ സംവിധാനം തുടർന്നു കൊണ്ടു പോകുക എളുപ്പമല്ല. അതിനാൽ അടിയന്തിരമായി ഒരു പരിഹാരം ഉണ്ടാകണം. സുസ്ഥിര വികസന ലക്ഷ്യം മനസിൽ വച്ചു കൊണ്ട് ഹ്രസ്വകാല, മധ്യകാല ലക്ഷ്യങ്ങൾ വേണം നാം രൂപീകരിക്കേണ്ടത്.

കൃഷിയിൽ നിന്ന് പോഷകാഹാര ലഭ്യതയിലേക്കെന്ന ലക്ഷ്യത്തിന്റെ അടിയന്തിര സ്വഭാവം അടിസ്ഥാനമാക്കി വിഭവ വിനിയോഗവും വിതരണവും നടത്തുന്ന ഏകീകൃത വകുപ്പിനെയാണ് ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിർദ്ദേശിക്കുന്ന സൂചകങ്ങളുടെയും ഉപ ലക്ഷ്യങ്ങളുടെയും പട്ടിക അപഗ്രഥിക്കുന്ന നിയന്ത്രണ സമീപനമായിരിക്കും സാഹചര്യങ്ങൾ അടിസ്ഥാനമാക്കിയുള്ള നയ നിർവഹണത്തിനു കൂടുതൽ ഫലപ്രദം. ഇതിന് തീർച്ചയായും അതിനൂതനമായ സാങ്കേതിക വിദ്യകളുടെ സഹായവും വേണ്ടിവരും.

*(ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ചിൽ അസോസിയേറ്റ് അംഗമാണ് ലേഖകൻ)*

## വിജ്ഞാന പാത

### ഉഡാൻ പദ്ധതി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

രാജ്യത്തെ ചെറിയ നഗരങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് സാധാരണക്കാർക്ക് താങ്ങാനാവുന്ന ചെലവിൽ വിമാന യാത്ര സാധ്യമാക്കുന്ന കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ഉഡാൻ പദ്ധതി പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ഷിംല വിമാനത്താവളത്തിൽ 2017 ഏപ്രിൽ 27 ന് ഉദ്ഘാടനം ചെയ്തു. പദ്ധതിക്ക് കീഴിൽ ആരംഭിച്ച ആദ്യ സർവ്വീസുകളായ ഷിംല -ഡൽഹി, കടപ്പ-ഹൈദരാബാദ്, നന്ദേദ്-ഹൈദരാബാദ് വിമാന സർവ്വീസുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

ഷിംല വിമാനത്താവളത്തിൽ നിന്ന് വീഡിയോ ലിങ്ക് വഴി ശ്രീ. നരേന്ദ്രമോദി നന്ദേദിലേയും, കടപ്പയിലേയും ജനങ്ങളെ അഭിസംബോധന ചെയ്തു. രാജ്യത്തെ മധ്യവർഗ്ഗത്തിന്റെ ജീവിത നിലവാരം പരിവർത്തനത്തിന്റെ പാതയിലാണെന്ന് പറഞ്ഞ പ്രധാനമന്ത്രി, അവരുടെ അഭിലാഷങ്ങളും ഉയരുകയാണെന്ന് ചൂണ്ടിക്കാട്ടി. ശരിയായ അവസരം ലഭിച്ചാൽ അവർക്ക് അത്ഭുതങ്ങൾ കാട്ടാനാകും. ഇന്ത്യയിലെ വ്യോമയാന മേഖല അവസരങ്ങൾ നിറഞ്ഞതാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഉഡാൻ പദ്ധതിയെ പരാമർശിക്കവേ, ഒരു കാലത്ത് തിരഞ്ഞെടുത്ത ചിലർക്ക് മാത്രം സാധ്യമായിരുന്നു വിമാന യാത്രയെങ്കിൽ ഇന്ന് സ്ഥിതിയാകെ മാറിക്കഴിഞ്ഞുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. രാജ്യത്തെ ജനങ്ങളുടെ ആശയാഭിലാഷങ്ങൾ നിറവേറ്റുന്നതിനുള്ള ഒരു അവസരമാണ് പുതിയ വ്യോമയാന നയമെന്ന് അദ്ദേഹം പറഞ്ഞു.

രണ്ട്, മൂന്ന് ശ്രേണികളിൽപ്പെടുന്ന നഗരങ്ങൾ ഇന്ന് വളർച്ചാ കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇവയെ തമ്മിൽ വിമാന സർവ്വീസുകളിലൂടെ കൂടുതൽ ബന്ധിപ്പിക്കുന്നത് ഗുണകരമായിരിക്കും. ഉഡാൻ പദ്ധതി ഹിമാചൽ പ്രദേശിലെ വിനോദ സഞ്ചാരത്തെയും സഹായിക്കുമെന്ന് നരേന്ദ്രമോദി പറഞ്ഞു. ഹിമാചൽ പ്രദേശിലെ ബിലാസ്പൂരിൽ ഒരു ഹൈഡ്രോ എഞ്ചിനീയറിംഗ് കോളേജിന് തറക്കല്ലിട്ട് കൊണ്ടുള്ള ഒരു ഇ-ഫലകവും പ്രധാനമന്ത്രി അനാവരണം ചെയ്തു.

# കോർപ്പറേറ്റ് മേഖലയുടെ സാമൂഹിക ഉത്തരവാദിത്വവും പാർശ്വവത്കൃതരുടെ സാമൂഹിക സാമ്പത്തിക ഉന്നമനവും

ജതീന്ദർ സിങ്

**പൊ**തു താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഏകീകൃത സാമാജിക ഉത്തരവാദിത്വം സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ലഭിക്കുന്ന ലാഭവിഹിതം കൊണ്ട് പൊതു സമൂഹത്തോടുള്ള കടമകൾ നിർവഹിച്ച് ജനങ്ങളിൽ അനുകൂല അഭിപ്രായം സൃഷ്ടിക്കുകയാണ് അവർ ചെയ്യുക. സാമാജിക സാമൂഹിക ഉത്തരവാദിത്വം നിർവഹിക്കാൻ നിയമപരമായ വ്യവസ്ഥ തയാറാക്കിയ ആദ്യ രാജ്യമാണ് ഇന്ത്യ. സാമാജിക സാമൂഹിക ഉത്തരവാദിത്വത്തെ കുറിച്ച് 2009 ൽ കോർപ്പറേറ്റ് അഫേഴ്സ് മന്ത്രാലയം നിയന്ത്രിത മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഈ മാർഗ നിർദ്ദേശങ്ങൾ 2013 ലെ കമ്പനി നിയമങ്ങളിൽ ഏകോപിപ്പിച്ചു. സാമാജിക സാമൂഹിക ഉത്തരവാദിത്വം പരിധിയിലുൾപ്പെടുന്ന സ്ഥാപനങ്ങൾ, കമ്പനി നിയമം 2013 ലെ വകുപ്പ് 135ന്റെ ഉപവകുപ്പ് 1 ന്റെ നിയന്ത്രണത്തിലാണ്. അതിനാൽ താഴെ പറയുന്ന ഗണത്തിൽ ഉൾപ്പെടുന്ന കമ്പനികൾ പല തരത്തിൽ സാമാജിക സാമൂഹിക ഉത്തരവാദിത്വ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്:

1) 500 കോടി രൂപയുടെ ആസ്തിയുള്ള കമ്പനികൾ

2) 1000 കോടി രൂപയ്ക്കു മേൽ വിറ്റുവരവ് ഉള്ള കമ്പനികൾ

3) 5 കോടി രൂപയ്ക്കു മേൽ ലാഭം ഉള്ള കമ്പനികൾ

കണക്കുകൾ പരിശോധിച്ചു നോക്കുമ്പോൾ ഇന്ത്യയിലെ ഏകദേശം 8000 കമ്പനികൾ സാമാജിക സാമൂഹിക ഉത്തരവാദിത്വ വ്യവസ്ഥകൾ പാലിക്കേണ്ടവയാണ്. ഇത്തരം കമ്പനികൾ അവരുടെ തൊട്ടു പിന്നിലെ മൂന്നു വർഷത്തെ ശരാശരി ലാഭ വിഹിതത്തിന്റെ രണ്ടു ശതമാനമെങ്കിലും സാമാജിക സാമൂഹിക ഉത്തരവാദിത്വ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ടതാണ്. ഈ വിനിയോഗത്തെ ഇന്ത്യൻ കറൻസിയിലേയ്ക്കു പരിഭാഷപ്പെടുത്തുമ്പോൾ പ്രതിവർഷം അത് 10,000 - 12,000 കോടിയോടടുത്ത് വരും. മൊത്ത ആഭ്യന്തര ഉത്പാദനം വർധിക്കുകയും തദനുസരണം ലാഭം ഉയരുകയും ചെയ്യുമ്പോൾ നിയമപരമായ ഈ വ്യയവിഹിതം വർഷം തോറും കൂടിവരും. കമ്പനി നിയമത്തിന്റെ 135-ാം വകുപ്പു പ്രകാരം കമ്പനി അതിന്റെ മൂന്നോ അതിലധികമോ ഡയറക്ടർമാരെയും ഒരു സ്വതന്ത്ര ഡയറക്ടറെയും അംഗങ്ങളാക്കി സിഎസ്ആർ (സാമാജിക സാമൂഹിക ഉത്തരവാദിത്വ) സമിതി രൂപീകരിക്കേണ്ടതാകുന്നു. കമ്പനിയുടെ സാമാജിക സാമൂഹിക ഉത്തരവാദിത്വ പ്രവർത്തനങ്ങൾ സംബന്ധിച്ച് പട്ടിക 7 പ്രകാരമുള്ള നയം പ്രഖ്യാപിക്കേണ്ടത് ഈ സമിതിയാണ്. കമ്പനികൾക്ക് അവയുടെ സാമൂഹിക ഉത്തരവാദിത്വം സ്വന്തം ഫൗണ്ടേഷനുകളോ ട്രസ്റ്റുകളോ വഴിക്കും, ഏതെങ്കിലും സന്നദ്ധ സംഘടകളുമായി സഹകരിച്ചും, മറ്റ് കമ്പനികളുടെ സമാന പ്രവർത്തനങ്ങളുമായി ചേർന്നും നിറവേറ്റാവുന്നതാണ്. സാമൂഹിക ഉത്തരവാദിത്വം സമ്മർദ്ദവിധേയമായി ചെയ്യേണ്ട പ്രവർത്തനമല്ല, മറിച്ച് സമൂഹത്തിലെ അവകാശങ്ങൾ നിഷേധിക്കപ്പെട്ട വിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങളോടുള്ള പ്രതിബദ്ധതയാണ്.

## സാമാജിക സാമൂഹിക ഉത്തരവാദിത്വം: ശാക്തീകരണത്തിനുള്ള മുന്നോടി

പാർശ്വവത്കൃത വിഭാഗങ്ങളുടെ ശാക്തീകരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തെന്നാൽ ശേഷി നിർമ്മാണത്തിലൂടെയും വികസനത്തിലൂടെയും അവരുടെ സാമൂഹിക സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തി ജീവിത നിലവാരം ഉയർത്തുക എന്നതാണ്. ഇതാണ് ഗവൺമെന്റിന്റെ മുഖ്യ ഉത്തരവാദിത്വം. എന്നാൽ ഈ പ്രവർത്തനം വേഗത്തിലാക്കാനും ഇതിനു മാനദണ്ഡമാക്കാനും മാതൃകയാക്കാനും വൻ കമ്പനികളുടെ സഹകരണം കൂടി ആവശ്യമാണ്. കമ്പനി സ്ഥാപിതമായിരിക്കുന്ന പ്രത്യേക പ്രദേശത്തെ താഴ്ന്ന വരുമാനക്കാരും ആനുകൂല്യങ്ങൾ ലഭിക്കാത്തവരുമായ ജനങ്ങളുടെ പ്രശ്നങ്ങളും വെല്ലുവിളികളും മനസിലാക്കാൻ ആ കമ്പനിക്ക് എളുപ്പത്തിൽ സാധിക്കും. അവിടെ സാമൂഹിക ഉത്തരവാദിത്വ പദ്ധതികൾ കേന്ദ്രീകരിച്ച് അവരുടെ വികസനത്തിനുള്ള അവസരങ്ങൾ ഉറപ്പാക്കണം. കഴിഞ്ഞ കുറെ നാളുകളായി ഇന്ത്യ അതിവേഗത്തിലുള്ള വളർച്ചയുടെ പാതയിലാണ്. ഏതാണ്ട് ഒരു നൂറ്റാണ്ടായി ബഹിഷ്കൃതരായിരുന്ന പാർശ്വവത്കൃത വിഭാഗങ്ങളെ മുഖ്യ ധാരയിലേയ്ക്കു കൊണ്ടുവരാൻ സമയവും ശ്രമവും ഏറെ വേണ്ടിവരും. സമഗ്ര വളർച്ചാ മന്ത്രമായ 'സബ്കാ സാഥ്, സബ്കാ വികാസ്' നേടണമെങ്കിൽ പൊതു മേഖലയുടെയും സ്വകാര്യ മേഖലയുടെയും വികസന മാതൃകകൾ തമ്മിൽ ബന്ധിപ്പിക്കണം. ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള രാജ്യത്തിന്റെ ബജറ്റ് വിഹിതം ഇവിടുത്തെ ജനങ്ങളുടെ വർധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ അപര്യാപ്തമാണ്. സമൂഹത്തിലെ പാർശ്വവത്കൃത വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി ഗവൺമെന്റ് വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും ചുരുങ്ങിയ സമയം കൊണ്ട് ജനക്ഷേമം പൂർണമായി നേടാൻ സാധിക്കില്ല. പാർശ്വവത്കൃത വിഭാഗങ്ങളുടെ വികസനം എന്ന ലക്ഷ്യം കൈവരിക്കാൻ സ്വകാര്യ മേഖലയുടെ പങ്കാളിത്തം കൂടിയേ കഴിയൂ. ഈ ജനങ്ങളുടെ വിദ്യാഭ്യാസം, ഉപജീവനം, ആരോഗ്യം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റാനും മെച്ചപ്പെടുത്താനും വൻ തോതിലുള്ള സാമ്പത്തിക ഒരുക്കങ്ങൾ നടത്തണം. യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം പുറത്തിറക്കിയ 188 രാജ്യങ്ങളുടെ മനുഷ്യ വികസന റിപ്പോ




ർട്ടു പ്രകാരം 131 -ാമതാണ് ഇന്ത്യയുടെ സ്ഥാനം. ഒരു രാജ്യത്തെ അടിസ്ഥാന മനുഷ്യ വികസനനേട്ടങ്ങളുടെ ശരാശരി മാനദണ്ഡമാണ് മനുഷ്യ വികസന സൂചിക. ഈ സ്ഥിതിവിവര കണക്ക് മെച്ചപ്പെടുത്താൻ സാമ്പത്തിക വൈദഗ്ധ്യം മാത്രമല്ല, വിവിധ തലങ്ങളിലുള്ള ഗുണഭോക്താക്കളുടെ സംഭാവനകൾ ഉൾപ്പെടെയുള്ള സമഗ്ര സമീപനം കൂടി ആവശ്യമാണ്.

മെയ്ക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ടപ്പ് ഇന്ത്യ, സ്കിൽ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ തുടങ്ങിയ ഇന്ത്യ ഗവൺമെന്റിന്റെ പതാകാ നൗക പദ്ധതികളെ പ്രോത്സാഹിപ്പാക്കാൻ സിഎസ് ആർ പ്രവർത്തനങ്ങൾ വഴി സാധിക്കും. പാർശ്വവത്കൃത വിഭാഗങ്ങളെ ശാക്തീകരിക്കാൻ ഇത്തരം പദ്ധതികൾക്ക് ഒരു തുടർച്ചാ ഫലസിദ്ധിയുണ്ട്. വിദ്യാഭ്യാസപരമായും നൈപുണ്യപരമായും അവരെ ഉയർത്താനും വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വിവിധ തരം ഇടപെടലുകളിലൂടെ സിഎസ്ആർ പദ്ധതികൾക്കു സാധിക്കും.

## കോർപ്പറേറ്റ് മേഖലയും സിഎസ്ആറും

സിഎസ്ആർ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട്, അനേകം കമ്പനികൾ ഇന്ന് താഴ്ന്ന വരുമാനക്കാരെ കമ്പനിയുടെ വിതരണ ശൃംഖലയുടെ ഭാഗമാക്കിക്കൊണ്ട് അവർക്ക് ഉപജീവന മാർഗം പ്രദാനം ചെയ്യുന്നു. സിഎസ്ആറിന്റെ പുതിയ യുഗത്തിന് അടിസ്ഥാനമിട്ടു കഴിഞ്ഞു. ഐക്യരാഷ്ട്ര സഭ 2015 ൽ ക്രോഡീകരിച്ച 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ സിഎസ് ആർ ആവാസ വ്യവസ്ഥയ്ക്ക് വലിയ ഉത്തേജനമാണ് നല്കുന്നത്. ഇത് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് സിഎസ് ആർ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള മുഖ്യ മേഖലയുമായി. കമ്പനിക്ക് ശക്തമായ നിയമങ്ങൾ ഉള്ളപ്പോഴും സിഎസ്ആറിന്റെ ഫലപ്രദമായ പ്രവർത്തനങ്ങൾ വഴി അവരുടെ മൂലധനിക്ഷേപം പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ശാക്തീകരിക്കുന്നു.ഇന്ത്യൻ സാഹചര്യത്തിൽ കഴിഞ്ഞ കാലങ്ങളിൽ സാക്ഷരതയായിരുന്നു മനുഷ്യ സ്നേഹ പ്രവർത്തനങ്ങളുടെ പ്രധാന ഘടകം. പുതിയ നൂറ്റാണ്ടിൽ നൈപുണ്യവികസനവും ഉപജീവന സൃഷ്ടിയും ആണ് പ്രധാന ശ്രദ്ധാകേന്ദ്രം. വിദ്യാഭ്യാസം കേവലം എഴുത്ത്, വായന എന്നിവയ്ക്കും അപ്പുറമായി. നൈപുണ്യമാണ് കാര്യം. സമൂഹത്തിലെ അടിസ്ഥാന വർഗ്ഗങ്ങൾക്ക് നൈപുണ്യ പരിശീലനം വഴിനടത്തുന്ന നിക്ഷേപം രാജ്യത്തെ വ്യാപാരത്തിന്റെ അടിസ്ഥാന രേഖയെ നേരിട്ട് ബാധിക്കും.

ലോക സാമ്പത്തിക സംഘടനയുടെ ഗ്ലോബൽ റിസ്ക് പെർസെപ്ഷൻ സർവെ 2016 അനുസരിച്ച് പരസ്പര ബന്ധിതമായ രണ്ടു അപകട സാധ്യതകൾ സാമൂഹിക അസ്ഥിരതയും ഘടനാപരമായ തൊഴിലില്ലായ്മ അല്ലെങ്കിൽ അധികം തൊഴിലാളികൾ എന്നിവയാണ്. അഞ്ചു ശതമാനം ശിഥിലീകരണ ശക്തികളുടെ പരസ്പര ബന്ധങ്ങൾക്കു ഇവയാണ് കാരണം. ഇത്തരം ബന്ധങ്ങൾ മനസിലാക്കുന്നതു വഴി നേതാക്കൾ പ്രവർത്തന പദ്ധതികൾക്കുള്ള മുൻഗണാ മേഖലകൾ അടിന്തരമായി നിശ്ചയിക്കുന്നു. ഇന്ത്യയിലെ വ്യവസായ നേതൃത്വം ഇത്തരം അപകടസാധ്യതകളെ കുറിച്ച് ബോധവാന്മാരാണ്. ഇത്തരം സ്ഥലങ്ങളിലേയ്ക്ക് അവർ അവരുടെ സാമാജിക സാമൂഹിക ഉത്തരവാദ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

## പാർശ്വവത്കൃത വിഭാഗങ്ങൾക്കായി പ്രത്യേകം സാമൂഹിക ഉത്തരവാദ പ്രവർത്തനങ്ങൾ

ഭിന്നശേഷിയുള്ളവർക്കായി നൈപുണ്യ പരിശലനവും ഉപജീവന അവസരങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. ഭിന്നശേഷിയുള്ള വ്യക്തികൾ പ്രത്യേകമായ ഇതര കഴിവുകൾ ഉള്ളവരും അവിശ്വനീയമാം വിധം ശേഷിയുള്ളവരുമാണ് എന്ന് പ്രധാന മന്ത്രി നരേന്ദ്രമോദി പറയുകയുണ്ടായി. അവർക്ക് 'ദിവ്യാങ്' എന്നാണ് അദ്ദേഹം പേര് നിർദ്ദേശിച്ചത്. ലോകത്തിൽ ഭിന്നശേഷിക്കാർ കൂടുതലുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. 2011 ലെ സെൻസസ് പ്രകാരം രാജ്യത്തെ മൊത്തം ജനസംഖ്യയിൽ 2.21 ശതമാനം ഭിന്ന ശേഷിയുള്ളവരാണ്. ഇവരിൽ ഭൂരിഭാഗവും താമസിക്കുന്നത് ഗ്രാമങ്ങളിലാണ്.

അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ വിദൂരമാകയാൽ ഇവർ സാമൂഹിക സാമ്പത്തിക മേഖലകളിൽ നിന്ന് ബഹിഷ്കൃതരും വളരെ ദുരിതങ്ങൾ അനുഭവിക്കുന്നവരുമാണ്. കഴിഞ്ഞ കാലങ്ങളിൽ ഇത്തരം വ്യക്തികൾക്കുവേണ്ടിയുള്ള പദ്ധതികൾ ചില പ്രവർത്തനങ്ങൾ മാത്രമായി ഒതുങ്ങി. എന്നാൽ സിഎസ്ആറിൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയതോടെ ഇത്തരം വെല്ലുവിളികൾ നേരിടുന്ന വ്യക്തികളെ കമ്പനികൾ അന്വേഷിക്കുകയാണ്. വൈകല്യമുള്ള വ്യക്തികൾക്കായി സിഎസ് ആർ പദ്ധതികളിലൂടെ സാക്ഷരതയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും ലഭ്യമാക്കി അവരെ തൊഴിൽ ചെയ്യാൻ കമ്പനികൾ യോഗ്യരാക്കുന്നു.

## സ്വാശ്രയസംഘങ്ങളും ചെറുകിട സംരംഭങ്ങളും

സ്വാശ്രയ സംഘങ്ങളും ചെറുകിട സംരംഭങ്ങളും വഴി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമങ്ങളിൽ ഉപജീവനത്തിനുള്ള പദ്ധതികളാണ് സിഎസ്ആർ അഥവ സാമാജിക സാമൂഹിക ഉത്തരവാദ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ചെറിയ വായ്പകൾ വഴി സാമാജിക സാമൂഹിക ഉത്തരവാദ പദ്ധതികൾ ഉത്പ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി ഉണ്ടാക്കുന്നു. ഇ-കൊമേഴ്സ് സംരംഭങ്ങൾ വഴി ഉത്പാദകർക്കും കരകൗശല കലാകാരന്മാർക്കും അവരുടെ ഉത്പ്പന്നങ്ങൾ ഓൺ ലൈൻ വഴി വില്ക്കാനുള്ള സൗകര്യങ്ങളുടെ ഒരുക്കുന്നു. വ്യവസായ സംരംഭങ്ങൾക്ക് ഇങ്കുബേഷൻ പിന്തുണയും ഇവർ നല്കുന്നു. സ്വാശ്രയ സംഘങ്ങൾക്ക് നൈപുണ്യവികസനം നല്കി അവരുടെ ശേഷിയും കാര്യക്ഷമതയും ഉയർത്തുന്ന പരിശീലന നടപടികളാണ് സാമാജിക സാമൂഹിക ഉത്തരവാദ പ്രവർത്തനങ്ങളിൽ ഏറ്റവും പുതിയത്.

**മുതിർന്ന പൗരന്മാർക്ക് :** ഇന്ത്യയിൽ ചെറുപ്പക്കാരുടെ ജനസംഖ്യയിൽ ഉണ്ടാകുന്ന വർധന പോലെ മുതിർന്നവരുടെ ജനസംഖ്യയും ഉയരുന്നുണ്ട്. ഇത് ഏകദേശം 100 ദശലക്ഷം വരും. രാജ്യത്ത് മുതിർന്ന പൗരന്മാരുടെ ജനസംഖ്യ പ്രതിവർഷം 3.8 ശതമാനം എന്ന നിരക്കിലാണ് വർധിക്കുന്നത്. ഇത് മൊത്തം ജനസംഖ്യയുടെ എട്ടു ശതമാനത്തോളം വരും. 2050 എത്തുമ്പോൾ ഇവിടുത്തെ മുതിർന്ന പൗരന്മാരുടെ സംഖ്യ 240 ദശലക്ഷമായിരിക്കും എന്നാണ് കണക്ക്. മുതിർന്നവരുടെ പ്രശ്നങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്. ശാരീരികവും മാനസികവുമായ ക്ലേശങ്ങൾ കൂടാതെ അവർക്ക് നിർവഹണപരവും സാമ്പത്തികവുമായ പരിമിതികൾ ഉണ്ട്. ആരോഗ്യം, ക്ഷേമം, പാർപ്പിടം തുടങ്ങിയ മേഖലകളിലെ അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ ഇവരുടെ പ്രശ്നങ്ങൾക്കു നേരെ വെല്ലുവിളി ഉയർത്തുന്നു. സിഎസ്ആറിലെ പുതിയ ഭേദഗതികളിൽ മുതിർന്ന പൗരന്മാർക്ക് വേണ്ടി വൃദ്ധസദനങ്ങൾ, ഡെ കെയർ സെന്ററുകൾ തുടങ്ങിയ സൗകര്യങ്ങൾക്കു നിർദ്ദേശമുണ്ട്. സിഎസ് ആറിൽ ഏഴാം പട്ടിക കൂട്ടി ചേർക്കുമ്പോൾ മുതിർന്നവർക്കു വേണ്ടി ഗവൺമെന്റ് ചെയ്യുന്ന നടപടികൾക്ക് അത് താങ്ങാകും.

**ചേരികളുടെ വികസനം:** നഗരങ്ങളിൽ ചേരികൾ ഉയരാനുള്ള പ്രധാന കാരണം പാർപ്പിടവും തൊഴിലുമായും ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളാണ്. ഇന്ത്യയിലെ ചേരി നിവാസികളുടെ സംഖ്യ 2011 ൽ 93 ദശലക്ഷമാണ്.സിഎസ്ആറിൽ ചേരി വികസനം കൂടി ഉൾപ്പെടുത്തിയതോടെ നഗരങ്ങളെ ചേരി വിമുക്തമാക്കാനുള്ള ഗവൺമെന്റിന്റെ പരിശ്രമങ്ങൾക്ക് അത് വലിയ സഹായമായി. സ്മാർട്ട് നഗരങ്ങൾ എന്ന പദ്ധതി രാജ്യത്ത് ആരംഭിക്കുന്നതിനു മുമ്പു തന്നെ ചേരികളുടെ പ്രശ്നം നാം പരിഹരിക്കേണ്ടതുണ്ട്. കാരണം സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്ക് ഇന്ത്യയിലെ ചേരിനിവാസികൾക്ക് ആദായകരമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ചേരികളുടെ വികസനത്തിലൂടെ സിഎസ്ആർ ലക്ഷ്യമാക്കുന്നത് നഗരങ്ങളിലെ പാവപ്പെട്ടവർക്കും വ്യവസായങ്ങൾക്കും ഒരുപോലെയുള്ള പ്രയോജനങ്ങളാണ്.

വൻ കമ്പനികൾ അവരുടെ സിഎസ്ആറിന്റെ ലക്ഷ്യങ്ങളെ സ്ഥാപനലക്ഷ്യങ്ങളുമായി ഏകോപിപ്പിക്കണം. കാരണം രാഷ്ട്ര വികസനത്തിൽ പങ്കാളികളാകാനുള്ള അസുലഭ അവസരമാണ് ഇതിലൂടെ അവർക്ക് ലഭിക്കുക. രാജ്യത്തെ പ്രതിവർഷ സിഎസ്ആർ ബജറ്റ് ഏകദേശം 10000 – 120000 കോടി രൂപയാണ്. ഇത് സാമൂഹിക വികസനത്തിനുള്ള ഇന്ത്യ ഗവൺമെന്റിന്റെ ബജറ്റുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ചെറുതാണ്. അതിനാൽ സിഎസ്ആറിന്റെ പുതിയ പദ്ധതികൾ ജനസംഖ്യാപരമായ പശ്ചാത്തലത്തിൽ സാമ്പത്തികമായി പ്രയോഗക്ഷമമാകേണ്ടതുണ്ട്. വലിയ ബിസിനസുകാരും അവരുടെ അധിപരും അതാത് സംരംഭത്തിന്റെ മുകളിലും താഴെയുമുള്ള കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കാതെ കുറെ ഗവേഷണ വികസന ഫണ്ട് സാമൂഹിക പ്രവർത്തന പദ്ധതികളിലേയ്ക്ക് കൂടുതലായി തിരിച്ചുവിടാവുന്നതാണ്. പുത്തൻ മാതൃകകൾ പൊതു മേഖലയിലും സുസ്ഥിര സ്വാധീനം ചെലുത്തും. കമ്പനികളുടെ സാമൂഹിക നവീകരണം അവരുടെ സാമൂഹിക ഉത്തരവാദിത്വവുമായി കൈകോർത്ത് പോകണം. പുതിയ മാതൃകയിലുള്ള പ്രവർത്തനങ്ങൾ സമൂഹത്തിൽ ആഴത്തിലുള്ള സ്വാധീനം ഉളവാക്കും. അത് പാർശ്വവത്കൃതരെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരും. അപ്പോൾ കമ്പനികൾ സൃഷ്ടിക്കുന്ന സമ്പത്ത് സിഎസ്ആർ ബജറ്റിലേയ്ക്ക് എത്തും. ഇതിന് ആവശ്യം വിഭവങ്ങൾ ഏകോപിപ്പിക്കാനും പ്രായോഗികവും നൂതനവുമായ സാമൂഹിക പദ്ധതികൾ രൂപകല്പന ചെയ്യാനുമുള്ള സ്ഥാപനത്തിന്റെ ശേഷിയാണ്. സമഗ്രവികസന കാഴ്ച്ചപ്പാട് മുൻകൂട്ടി കാണുന്നത് ഉത്പാദനപരവും ആരോഗ്യപരവും ക്രിയാത്മകവുമായ ജീവിതംസാധ്യമായ ഒരു പരിസ്ഥിതിയെയാണ്. വികസനം രാഷ്ട്രത്തിന്റെ വളർച്ചയുടെ ഭാഗമായി സാധ്യമാകണമെങ്കിൽ പൊതുജന പങ്കാളിത്തം നിർണായകമാണ്. ന്യൂനപക്ഷങ്ങൾ, ദളിത് വിഭാഗങ്ങൾ, ആദിവാസികൾ, സ്ത്രീകൾ, അസംഘടിത തൊഴിലാളികൾ തുടങ്ങിയ പാർശ്വവത്ക്കിരക്കപ്പെട്ടവരെ ലക്ഷ്യമാക്കി സ്ഥാപനങ്ങൾ ഏർപ്പെടുന്ന നയപരമായ സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് സാമൂഹിക വികസനത്തിൽ വളരെ നിർണായകമായ പങ്കാണ് ഉള്ളത്.

*(ന്യൂഡൽഹിയിലെ ചേംബർ ഓഫ് കോമേഴ്സിൽ ഹ്യൂമൻ റിസോഴ്സ് മേധാവിയും സീനിയർ സെക്രട്ടറിയുമാണ് ലേഖകൻ)*

# സാമൂഹിക സുരക്ഷിതത്വവും ക്ഷേമ പദ്ധതികളും

ഉർമി ഗോസ്വാമി

'വഞ്ചികളെ (കപ്പലുകളെ) നീറ്റിലിറക്കണമെങ്കിൽ ഒരു വേലിയേറ്റം കൂടിയേ തീരൂ'- ജോൺ എഫ്. കെന്നഡിയുടെ ഈ വചനങ്ങൾ ഇന്ത്യയുടെ സാമൂഹിക സാഹചര്യത്തിന് ഇണങ്ങുന്നതാണ്.

സാമ്പത്തിക സാമൂഹിക സുരക്ഷിതത്വം വ്യക്തികൾക്കോ, കുടുംബത്തിനോ ലഭ്യമാകുമ്പോഴാണ് സർക്കാറിന്റെ കരുതിയിരിപ്പ് പൊതുജനം അംഗീകരിക്കുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെയോ വിഭാഗങ്ങളുടെയോ ഇല്ലായ്മകൾക്ക് കരുതൽ നൽകാനാണ് പരമ്പരാഗതമായി സർക്കാരുകൾ ക്ഷേമ പദ്ധതികൾ പ്രഖ്യാപിക്കുന്നത്. ചിലപ്പോൾ ഈ ക്ഷേമ പദ്ധതികളുടെ ഉദ്ദേശ്യം സാധാരണക്കാരിൽ എത്താറില്ല. സാമ്പത്തിക സുരക്ഷിതത്വവും സാമൂഹിക ക്ഷേമവും ഉദ്ദേശിച്ചയിടത്ത് എത്താതിരിക്കുമ്പോഴാണ് വഞ്ചികൾക്ക് ഒരു തള്ള് എന്നപോലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ഒരു ആശ്വാസം ആവശ്യമായി വരുന്നത്. ജീവനോപാധിക്കുള്ള ഒരു സഹായഹസ്തം എങ്ങനെ ലഭ്യമാക്കാം? വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ നൈപുണ്യം എന്നിവ മെച്ചപ്പെടുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. പാർശ്വവൽക്കരിപ്പെട്ടവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനുള്ള യഥാർത്ഥ അളവുകോലുകൾ സർക്കാർ കരുതിവയ്ക്കണം.

ഒരു രാഷ്ട്രത്തിലെ പൗരന്റെ ജീവിത നിലവാരം ഉയർത്താൻ ജാതിയുടേയും മതത്തിന്റെയും അളവ് കോൽ കൊണ്ട് അളക്കേണ്ടതുണ്ടോ? ഒരു പൗരന് നീണ്ട, നീണ്ട ആവശ്യങ്ങളാണ്. ദാരിദ്ര്യത്തിലും ദുരിതത്തിലും കഴിയുന്ന കോടാനുകോടി ജനങ്ങളെ ഉദ്ധരിക്കേണ്ടത് ഭരണകർത്താക്കളുടെ പ്രഥമ കടമയാണ്. അവർക്ക് മികച്ച ജീവിതനിലവാരം ഉറപ്പ് വരുത്തണം അതിനാലാണ് സാമൂഹിക സുരക്ഷിതത്വവും ക്ഷേമ പദ്ധതികളും സർക്കാരിന്റെ ചുമതലയാകുന്നത്. ജാതി വ്യവസ്ഥയും സാമ്പത്തികാസമത്വവും മൂലം കഷ്ടപ്പെടുന്ന ഒരു വിഭാഗം ജനങ്ങൾ പാർശ്വവൽക്കരിപ്പെട്ടുപോയി. ഇവർക്ക് മുന്നേറാൻ സർക്കാരുകൾ പ്രത്യേക പദ്ധതികൾ രൂപീകരിക്കേണ്ടി വന്നു. അവരുടെ അടിസ്ഥാന ആവശ്യങ്ങൾ മനസ്സിലാക്കി ജീവിതം മെച്ചപ്പെടുത്താൻ ഭരണകൂടം തയ്യാറെടുത്തു.

പൊതുധാരയിലുള്ളവരേയും പാർശ്വവൽക്കരിക്കപ്പെട്ടവരേയും സാമ്പത്തികമായും സാമൂഹികമായും ഉന്നതിയിൽ എത്തിക്കാൻ ഒരേ സമയം സർക്കാരുകൾ പ്രതിജ്ഞാബദ്ധമാണ്

ന്യൂനപക്ഷ, ദളിത, ഗോത്രവിഭാഗങ്ങളുടെ സാമൂഹിക സുരക്ഷയും ക്ഷേമവും മറ്റു വിഭാഗങ്ങൾക്ക് ക്ഷതം സംഭവിക്കാതെ കൊണ്ടുപോകേണ്ടതുണ്ട്. ഈശ്വർ ചന്ദ്ര വിദ്യാസാഗറും സ്വാമി വിവേകാനന്ദനും പോലുള്ള സാമൂഹിക പരിഷ്കർത്താക്കൾ വിദ്യാഭ്യാസത്തിലും സ്ത്രീശാക്തീകരണത്തിലുടെയും പുറംതള്ളപ്പെട്ടവരെ ഉദ്ധരിക്കാം എന്ന് കണ്ടെത്തി. ഈ അടുത്ത കാലത്ത് പോലും പല ഗ്രാമങ്ങളിലും സ്ത്രീശാക്തീകരണവും ഹ്രസ്വസാമ്പത്തിക ശാസ്ത്രവും (micro finance) ഒരു ജനതയെ ശക്തിപ്പെടുത്തുന്നത് കണ്ടു. സർക്കാരിന്റെ 'ഉജ്ജ്വല' പദ്ധതി ഇതിനുദാഹരണമാണ്.


ഈ പദ്ധതി ഏതെങ്കിലും മത ജാതി വിഭാഗങ്ങൾക്കുവേണ്ടിയുള്ളതല്ല. പാവങ്ങൾക്കും ദരിദ്രനാരായണൻമാർക്കും വേണ്ടിയാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 20 കോടിയിലധികം പട്ടിക ജാതി - വർഗ്ഗക്കാരും മുസ്ലീങ്ങളും (2017, ഏപ്രിൽ 3 ലെ കണക്ക് പ്രകാരം) ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പ്രധാന മന്ത്രി നരേന്ദ്രമോദി 2016 ൽ ആരംഭിച്ച ഉജ്ജ്വല പദ്ധതി പ്രകാരം ദരിദ്രരായ വനിതകൾക്ക് 5 കോടി പാചക വാതക കണക്ഷൻ നൽകുകയുണ്ടായി. വിറകും ചാണകവറട്ടികളും കൊണ്ട് പാചകം ചെയ്ത്, ശ്വാസകോശ രോഗങ്ങളുമായി കഴിഞ്ഞിരുന്ന സ്ത്രീകൾ ഇന്ന് ആശ്വസിക്കുകയാണ്. (വിറക് പുക ഏല്ക്കുന്നത് 400 സിഗററ്റ് വലിക്കുന്നതിന് തുല്യമെന്ന് ആരോഗ്യ വിദഗ്ദർ ചൂണ്ടിക്കാണിക്കുന്നു)

പാചക വാതക വിതരണം എന്ന ഒറ്റ തീരുമാനത്തിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ നിലവാരത്തിലും ജീവിതശൈലിയിലും മാറ്റം വന്നു. ഈ കുടുംബങ്ങളിലെ കുട്ടികളുടെ പഠനനിലവാരം ഉയർന്നു. മരുന്നിനും ഇതര ആതുര ചികിത്സയ്ക്കുമായുള്ള പണചിലവ് കുറഞ്ഞു ആരോഗ്യവും പ്രതിരോധ ശേഷിയും വളർന്നു. ഇതൊരു വിജയമാണ്. ആരോഗ്യചിന്തയുള്ള ഒരു കുടുംബത്തിൽ നിന്ന് ആരോഗ്യമുള്ള കുട്ടി ഉണ്ടാകുന്നു. അവൻ/ അവൾ നന്നായി പഠിക്കാനുള്ള വാസന കാട്ടുന്നു. ദാരിദ്ര്യം ഇല്ലാതാകുന്നു.

ഇത് ഒരു തുടക്കം മാത്രമാണ്. 'ജൻധൻ യോജന' നോക്കു, ഏതെങ്കിലും വിഭാഗത്തിനു വേണ്ടിയുള്ള പദ്ധതി അല്ല ഇത്. ബാങ്കിംഗ് എന്താണെന്ന് അറിയാത്ത ഗ്രാമീണരെ സഹായിക്കാനുള്ളതാണിത്. സാമ്പത്തിക ക്രയ വിക്രയങ്ങളെ സഹായിക്കാനാണ് ആ പദ്ധതി.

ധനസംബന്ധമായ സമ്പാദ്യം, നിക്ഷേപം, പണം പിൻവലിക്കൽ, ക്രെഡിറ്റ്, ഇൻഷുറൻസ്, പെൻഷൻ എന്നിവ ലളിതമായ രീതിയിൽ കൈകാര്യം ചെയ്യുന്നു 'ജൻധൻ '.ദരിദ്രർക്ക് മിനിമം നിക്ഷേപം വേണ്ടാത്ത (zero balance) ബാങ്ക് അക്കൗണ്ടും ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളും ഈ പദ്ധതി വഴി സ്വന്തമാക്കാം. ഇത് തീർ ത്തും സൗജന്യമാണ്; വലിയ ഒരു മാറ്റവും. സർക്കാർ നൽകുന്ന സ്കോളർഷിപ്പുകൾ, പെൻഷൻ, സബ്സിഡികൾ എന്നിവ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നേരിട്ടെത്തുന്നു. ഇടനിലക്കാരുടെ ചൂഷണങ്ങളിൽ നി ന്ന് പാവങ്ങളെ രക്ഷപ്പെടുത്തി സാമൂഹികവും, സാമ്പ ത്തികവുമായ മാന്യത കൈവരുത്താൻ സഹായിക്കു ന്നു.

ഇത്തരം പൊതുമാനദണ്ഡങ്ങൾ വച്ച് കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിക്കും. ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ പ്രത്യേക അവസ്ഥ പരിഗണിച്ച് സാമൂഹിക സുരക്ഷിതത്വവും ക്ഷേമ പദ്ധതികളും പ്രഖ്യാപിക്കാൻ കഴുയും. അത് പക്ഷേ വിശാ




ലമായ അടിസ്ഥാനത്തിൽ ആകണമെന്ന് മാത്രം. സാമൂഹിക അസമത്വം ഇല്ലാതാക്കി സാമ്പത്തികവും സാമൂഹികവുമായ വളർച്ച ഈ പാർശ്വവൽകൃത ജനതയക്ക് ഉറപ്പ് വരുത്തണം. ക്ഷേമ പദ്ധതികൾ കേന്ദ്രീകൃതമാകേണ്ടത് പിന്നോക്കക്കാരുടെ വിദ്യാഭ്യാസം, തൊഴിൽ, ശാക്തീകരണം എന്നീ മേഖലകളിലാണ്.

ഗവൺമെന്റ് ഇപ്പോൾ രണ്ട് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് 'നയി മൻസിൽ' (Nai manzil)' ഉസ്താദ് (USTTAD- Upgrading skills and Training in Traditional Arts/ Crafts for Development) എന്നിവയാണത്. ന്യൂനപക്ഷങ്ങളെ പൊതുധാരയുടെ വികസനത്തോടൊപ്പം കൊണ്ടുവരാൻ യഥാക്രമം 2014- 2015, 2015-2016 വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളാണ് ഇത്. സ്കൂൾ പഠനം ഉപേക്ഷിച്ചവരുടെ വിദ്യാഭ്യാസവും തൊഴിൽ വൈദഗ്ധ്യവും ലക്ഷ്യമിടുന്നതാണ് 'നയി മൻസിൽ'. പിന്നോക്ക വിഭാഗങ്ങളുടെ നാടൻ കലയും കൈത്തൊഴിലും പ്രോത്സാഹിപ്പിച്ച് പാരമ്പര്യ കലാകാരൻമാരേയും കൈത്തൊഴിൽ മേഖലയിലെ തൊഴിലാളികളേയും ഉദ്ധരിക്കാനാണ് USTTAD ലക്ഷ്യമിടുന്നത്. കേന്ദ്രബജറ്റിൽ (2016-2017) 175 കോടി നയിമൻസിലിനും 22 കോടി USTTAD നും നീക്കി വച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും അടിസ്ഥാന പ്രശ്നങ്ങളായ വിദ്യാഭ്യാസവും തൊഴിൽ വൈദഗ്ധ്യവും ജീവിതനിലവാരവും ഉറപ്പു നൽകുന്നു.

കേന്ദ്ര ന്യൂനപക്ഷ വകുപ്പ് മികവിനുള്ള വിവിധ തരം സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു കോടി 82 ലക്ഷം വിദ്യാർത്ഥികൾക്ക് 4740 കോടിയും 1,38476 വിദ്യാർത്ഥിനികൾക്ക് 166 കോടിയും (ബീഗം ഹസ്രത്ത്മഹൽ സ്കോളർഷിപ്പ്) 5.2 ലക്ഷം യുവാക്കൾക്ക് (40% യുവതികൾ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 33 ഡിഗ്രി കോളേജുകൾ, വിവിധ ആവശ്യങ്ങൾക്കുള്ള 223 സദ്ഭാവ്മണ്ഡപ് (Sadbhav Mandap), ഗുരുകുല സമ്പ്രദായത്തിലുള്ള 18 വിദ്യാലയങ്ങൾ എന്നിവയും കഴിഞ്ഞ 6 വർഷമായി പ്രവർത്തിച്ചു വരുന്നു.

വിദ്യാഭ്യാസ ബോധവൽക്കരണത്തിനായുള്ള Tehreek-e-taleem,പരമ്പരാഗത കൈത്തൊഴിൽ മേഖലയുടെ ഉൽപ്പന്ന വിപണനത്തിനായുള്ള Hunar haat എന്നിവ മറ്റു പദ്ധതികളാണ്. Hunar hub പദ്ധതി എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപിക്കും. അന്താരാഷ്ട്ര നിലവാരത്തിലുള്ള 5 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗുരുകുല-നവോദയ വിഭാഗത്തിലുള്ള 100 വിദ്യാലയങ്ങൾ എന്നിവയും ന്യൂനപക്ഷ ക്ഷേമത്തിനായി തുറക്കുന്നുണ്ട്.

വിദ്യാഭ്യാസവും തൊഴിലും ലഭ്യമാക്കാനാണ് ഈ പദ്ധതികളെല്ലാം. തികച്ചും നല്ലൊരു തുടക്കമാണിത്. വനിതാനേതൃത്വപരിശീലനത്തിനായുള്ള Nai Roshni മറ്റൊരു പദ്ധതിയാണ്. സ്ത്രീ ശാക്തീകരണം സാമൂഹിക ക്ഷേമത്തിന് ആവശ്യമാണല്ലോ. യുവാക്കളുടെ വ്യാപാര/ വ്യവസായ ഉന്നമനത്തിനായുള്ള (Manas) പദ്ധതിയും നടപ്പാക്കുന്നുണ്ട്.

സർക്കാരിന് വ്യക്തമായ ചില തീരുമാനങ്ങൾ ഉണ്ട്. വിദ്യാഭ്യസ രംഗം ശക്തിപ്പെടുത്താൻ സർക്കാർ ഇടപെടുക തന്നെ ചെയ്യും. വിദ്യാഭ്യാസ നവീകരണം ഒരു ലക്ഷ്യമാണ്. ഒരുവന്റെ ജീവിതത്തെ സ്വാധീനിക്കുന്നതും മാറ്റി മറിക്കുന്നതുമായ വെള്ളിരേഖയാണ് വിദ്യാഭ്യാസം. സാമൂഹിക സാമ്പത്തിക മുന്നേറ്റത്തിന് ഇത് വഴി തെളിക്കും. പാർശ്വവൽക്കരിക്കപ്പെട്ടവരും പാവങ്ങളും വിദ്യാലയങ്ങൾ എത്തിയിട്ടില്ലാത്ത പ്രദേശങ്ങളും ഉൾപ്പെടുന്ന ഇടങ്ങളിലെ കുട്ടികളെ ഉദ്ബോധിപ്പിക്കേണ്ടതാണ്. വേണ്ടത്ര വിദ്യാലയങ്ങളും അദ്ധ്യാപകരും ഇതി നാവശ്യമുണ്ട്. സർക്കാർ അതു നൽകും. ശുചി മുറികളും ശുദ്ധജലവും ലൈബ്രറികളും ഉള്ള വിദ്യാലയങ്ങളാണ് സർക്കാരിന്റെ ലക്ഷ്യം. ഉന്നത വിദ്യാഭ്യാസത്തിന് പിന്നോക്ക വിഭാഗം കുട്ടികളെ ഒരുക്കാൻ സ്കോളർ ഷിപ്പ് പോലുള്ള പ്രോത്സാഹനങ്ങളും ലഭ്യമാക്കും. വിദ്യാഭ്യാസത്തിനും തൊഴിലവസരം സൃഷ്ടിക്കുന്നതിനും സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാ ബദ്ധമാണ്. ഒരു സമൂഹം നിവർന്നു നിൽക്കാനുള്ള കൈതാങ്ങ്, അത് സർക്കാർ പക്ഷത്തുണ്ട്. രാഷ്ട്രം വികസനത്തിലേക്ക് ഒരു ചുവടു കൂടി മുന്നിലേക്കെത്തട്ടെ.

*(എക്കണോമിക് ടൈംസിൽ അസിസ്റ്റന്റ് എഡിറ്ററായ ലേഖിക സാമൂഹിക, വികസനാധിഷ്ഠിത വിഷയങ്ങളിൽ ലേഖനങ്ങൾ എഴുതി വരുന്നു)*



# കേരളത്തിലെ വിദ്യാഭ്യാസ വ്യാപനവും സാമൂഹ്യസുരക്ഷയും

പ്രൊഫ.വി.കാർത്തികേയൻ നായർ

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളേക്കാൾ സാമൂഹ്യ സുരക്ഷാ സൂചികയിൽ കേരളം മുന്നിട്ടുനിൽക്കാനുള്ള പ്രധാനകാര്യങ്ങൾ ഭൂപരിഷ്കാരവും വിദ്യാഭ്യാസവ്യാപനവുമാണ്. പ്രത്യക്ഷത്തിൽ ഇവ തമ്മിൽ ബന്ധമൊന്നുമില്ലായെന്നു തോന്നാമെങ്കിലും സൂക്ഷ്മപരിശോധനയിൽ ഇവ പരസ്പരപൂരകമായി പ്രവർത്തിച്ചിട്ടുണ്ട് എന്നു കാണാം. മറ്റു സംസ്ഥാനങ്ങളിലെ നഗരപ്രദേശങ്ങളിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ആവോളമുണ്ടാകാമെങ്കിലും ഗ്രാമപ്രദേശങ്ങളിലെ സ്ഥിതി അതല്ല. വിദ്യാഭ്യാസ അവകാശനിയമമനുസരിച്ച് പതിന്നാലു വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസം ലഭിക്കുമെങ്കിലും സെക്കൻഡറി-ഹയർസെക്കൻഡറി-ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഫീസ് കൊടുത്തു പഠിക്കാൻ കഴിയുന്നവരുടെ എണ്ണം ഗ്രാമീണ മേഖലയിൽ പരിമിതമാണ്. ഭൂപരിഷ്കാരം നടന്നിരുന്നുവെങ്കിൽ ചെറുകിട കർഷകരുടെ എണ്ണത്തിൽ വർധനവുണ്ടാവുകയും അവരുടെ സന്തതികൾക്ക് ഫീസുകൊടുത്തു പഠിക്കാൻ കഴിയുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്യുമായിരുന്നു.

കേരളത്തിലെ ഭൂപരിഷ്കാരവും വിദ്യാഭ്യാസ വ്യാപനവും സമാന്തരമായും പരസ്പരപൂരകമായുമാണ് സഞ്ചരിച്ചിരുന്നത്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പു തന്നെ ആ പ്രക്രിയ തുടങ്ങിയിരുന്നു. നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറിലും കൊച്ചിയിലും ഭരണാധികാരികളും ക്രൈസ്തവ മിഷണറിമാരും കൈകോർത്തുകൊണ്ട് പ്രവർത്തിച്ചതിനാൽ വിദ്യാഭ്യാസകാര്യത്തിൽ മലബാറിനെക്കാൾ മുന്നേറാൻ ഈ പ്രദേശങ്ങൾക്കു കഴിഞ്ഞു. ക്രൈസ്തവമിഷണറിമാർ മലബാറിലുമുണ്ടായിരുന്നുവെങ്കിലും ബ്രിട്ടീഷധികാരികൾ വേണ്ടത്ര സൗകര്യം ചെയ്തുകൊടുക്കാത്തതിനാൽ മലബാർ വിദ്യാഭ്യാസകാര്യത്തിൽ പിന്നോട്ടായിപ്പോയി.

ഭൂപരിഷ്കാരത്തിന്റെ കാര്യത്തിലും ഇതു തന്നെ സംഭവിച്ചു. തിരുവിതാംകൂറിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽത്തന്നെ സർക്കാർ ഭൂമി പാട്ടത്തിനെടുത്ത കുടിയാന്മാർക്ക് കൈവശഭൂമിയിൽ ഉടമസ്ഥാവകാശവും പിന്തുടർച്ചാവകാശവും കൈമാറ്റാവകാശവും ലഭിച്ചതിനാൽ എണ്ണത്തിൽ കുറവാണെങ്കിൽപ്പോലും സമ്പന്നരായ ഒരു ഭൂവുടമാവർഗം ഉയർന്നു വരാൻ കാരണമായി. ഈ സമ്പന്നവർഗത്തിന് ഫീസുകൊടുത്ത് തങ്ങളുടെ അനന്തരതലമുറകളെ പഠിപ്പിക്കാൻ കഴിഞ്ഞതുകൊണ്ട് ഒരു മധ്യവർഗബുദ്ധിജീവി വിഭാഗവും ഉയർന്നു വന്നു. പത്രപ്രവർത്തനം, സാഹിത്യപ്രവർത്തനം, ഉദ്യോഗലബ്ധിക്കുവേണ്ടിയുള്ള നിവേദനസമർപ്പണം തുടങ്ങിയ പ്രവൃത്തികൾക്ക് നേതൃത്വം കൊടുത്തത് ഈ ബുദ്ധിജീവി വിഭാഗമായിരുന്നു. ഇവർ തന്നെയാണ് സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളെ ജനകീയമാക്കുന്നതിൽ മുന്നിട്ടു പ്രവർത്തിച്ചതും. കൊച്ചിയിലും ഇതിനു സമാനമായ ഭൂപരിഷ്കാരങ്ങളും മധ്യവർഗബുദ്ധിജീവികളുടെ ഉദയവും വിദ്യാഭ്യാസവ്യാപനവും സംഭവിച്ചിരുന്നു.

എന്നാൽ മലബാറിൽ ഭൂപരിഷ്കാരമുണ്ടാവാത്തതിനാൽ മധ്യവർഗത്തിന്റെ ഉദയത്തിന് കാലതാമസമുണ്ടായി. തിരു-കൊച്ചി പ്രദേശത്തെ പാട്ടക്കുടിയാന്മാരിൽ ഒരു വിഭാഗം ഭൂവുടമകളായ അതേകാലത്ത് മലബാറിലെ കുടിയാന്മാർ ഒഴിപ്പിക്കലിനെതിരെ സമരം ചെയ്യുകയായിരുന്നു. മാപ്പിള കർഷകലഹളകളുടെ സാംഗത്യം ഇതായിരുന്നു. അതിനാലാണ് മലബാർ വിദ്യാഭ്യാസകാര്യത്തിലും തദനുസൃതമായ സാമൂഹികസുരക്ഷാസൂചികകളിലും പിന്നോട്ടായിപ്പോകാൻ കാരണം.

സ്വാതന്ത്ര്യലബ്ധിക്കുശേഷം മലയാളം സംസാരിക്കുന്ന ജനങ്ങളുടേതു മാത്രമായി കേരള സംസ്ഥാനം നിലവിൽ വരികയും 1957ലെ തെരഞ്ഞെടുപ്പിലൂടെ ഒരു ജനകീയ മന്ത്രിസഭ അധികാരത്തിലെത്തുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കു മുൻപു തുടങ്ങിവച്ചിരുന്ന ഭൂപരിഷ്കരണ-വിദ്യാഭ്യാസപദ്ധതികളെ കുറെക്കൂടി ജനകീയമായി നടപ്പിലാക്കാൻ ശ്രമിച്ചു. തൽഫലമായി 36ലക്ഷം പാട്ടക്കുടിയാന്മാർ പുതിയതായി ഭൂവുടമകളായി. സാമ്പത്തികമായി അവർ ശാക്തീകരിക്കപ്പെട്ടു. ഈ ശാക്തീകരണം വിദ്യാഭ്യാസ വ്യാപന

ത്തിനു കാരണമായി.

തിരു-കൊച്ചി സർക്കാർ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം 1951-ൽ തന്നെ സൗജന്യമാക്കിയിരുന്നു. എന്നാൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ പ്രതിമാസം ആറുരൂപ ഫീസ് നൽകണമായിരുന്നു. ഭൂപരിഷ്കാരത്തിന്റെ ഫലമായി ശാക്തീകരിക്കപ്പെട്ട കുടുംബങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെട്ടതിനാൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ പ്രവേശനം നേടുന്നവരുടെ എണ്ണത്തിൽ വർധനയുണ്ടായി. ഈ ആവശ്യം നേരിടുന്നതിനായി 1957-ലെ സർക്കാർ നിരവധി ഹൈസ്കൂളുകൾ സർക്കാർ എയിഡഡ് മേഖലകളിലായി ആരംഭിച്ചു. അങ്ങിനെ പതിനായിരക്കണക്കിന് വിദ്യാർഥികൾക്ക് ഹൈസ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിഞ്ഞു.

ഇതിന്റെ തുടർച്ചയെന്നോണം ഉന്നതവിദ്യാഭ്യാസരംഗത്ത് കോളേജുകൾ ആരംഭിക്കേണ്ടതായി വന്നു. അങ്ങിനെയാണ് അറുപതുകളുടെ മധ്യത്തിൽ നിരവധി ജൂനിയർ കോളേജുകൾ ആരംഭിച്ചത്. ഇത്തരം കോളെജുകളിൽ ബഹുഭൂരിപക്ഷവും ഗ്രാമപ്രദേശങ്ങളിലായിരുന്നു. തൽഫലമായി നഗരപ്രദേശങ്ങളിൽ മാത്രം ലഭ്യമായിരുന്ന ഉന്നതവിദ്യാഭ്യാസ സൗകര്യം ഗ്രാമങ്ങളിലെത്തുകയും സാമ്പത്തികമായി പിൻനിരയിലായിരുന്നവർക്കും ഉന്നതവിദ്യാഭ്യാസത്തിനു സൗകര്യം സിദ്ധിക്കുകയും ചെയ്തു. അങ്ങനെ സംസ്ഥാന രൂപീകരണത്തിനുശേഷമുള്ള ആറുപതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ വിദ്യാഭ്യാസവ്യാപനത്തിന്റെ ഫലമായി പ്രബുദ്ധതനേടിയവരുടെയും ജനാധിപത്യബോധം നേടിയവരുടെയും എണ്ണത്തിൽ വമ്പിച്ച വർധനയുണ്ടായി.

വിദ്യാഭ്യാസവ്യാപനത്തിന്റെ ഫലമായി കേരളത്തിനുണ്ടായ നേട്ടങ്ങളെന്താണ്? പ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യാസെൻ പറയുന്നത് കേരള വികസനത്തിന്റെ അടിത്തറ വിദ്യാഭ്യാസമാണെന്നാണ്. വായിക്കാനും എഴുതാനും എണ്ണാനും പ്രാഥമികവിദ്യാഭ്യാസത്തിന്റെ ഫലമായി പഠിച്ചുകഴിഞ്ഞതിനുശേഷം വിദ്യാഭ്യാസം മനുഷ്യനെ പുതിയ ലോകത്തിലേക്കു നയിക്കുന്നു.

കൂടുതൽ വിദ്യാഭ്യാസം നേടുന്നതോടെ എന്തെങ്കിലും തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യത തെളിയുന്നു. അഥവാ തൊഴിൽ ചെയ്യുന്നതിനുള്ള സിദ്ധി നേടുന്നു. ഉന്നതവിദ്യാഭ്യാസം നേടുന്നതോടുകൂടി നിയമസാക്ഷരത നേടാൻ കഴിയുന്നു. അവകാശങ്ങളേയും കടമകളേയും കുറിച്ചുള്ള ധാരണകളുണ്ടാകുന്നത് ഈ ഘട്ടത്തിലാണ്.

അമർത്യാസെൻ ചൂണ്ടിക്കാട്ടുന്ന മറ്റൊരു പ്രധാനപ്പെട്ട കാര്യം കേരളത്തിന്റെ ഉയർന്ന സാമൂഹിക സുരക്ഷയുടെ അടിസ്ഥാനം സ്ത്രീ വിദ്യാഭ്യാസമാണെന്നതാണ്. വിദ്യാഭ്യാസം സ്ത്രീകളെ ശാക്തീകരിച്ചു. അവരിൽ ശുചിത്വബോധമുണ്ടാക്കി. ജനനനിരക്ക് കുറഞ്ഞു. ശിശുമരണനിരക്ക് കുറഞ്ഞു. ആയുർദൈർഘ്യം വർധിച്ചു. സ്ത്രീപുരുഷ അനുപാതത്തിൽ മാറ്റം വന്നു. സ്ത്രീ സാക്ഷരത കേരളസമൂഹത്തിലുണ്ടാക്കിയ മാറ്റം അന്യാദൃശമാണെന്ന് അമർത്യാസെൻ പറയുന്നു.


പൗരാവകാശങ്ങളെപ്പറ്റിയും നിയമത്തെപ്പറ്റിയും അവബോധമുണ്ടായതിനാൽ നിയമപരമായി സംരക്ഷണം ലഭിക്കേണ്ട വസ്തുതകളെന്തൊക്കെയാണെന്ന് തിരിച്ചറിയാൻ കഴിയുന്നു. സാമൂഹ്യസുരക്ഷയുടെ ഭാഗമായി നിലവിലുള്ള നിയമങ്ങളെപ്പറ്റി സാമാന്യജനങ്ങൾക്ക് അറിവില്ലാത്തതാണ് പലപ്പോഴും അവകാശനിഷേധത്തിന്റെ ഇരകളാകാൻ ജനങ്ങൾ നിർബന്ധിതരാവുന്നത്. മലയാളികളുടെ ഉയർന്ന നിയമസാക്ഷരത നിയമലംഘനങ്ങൾക്കെതിരെ പരാതികൾ രജിസ്റ്റർ ചെയ്യപ്പെടുന്നതിന് ഇടയാക്കുന്നു. അതുകൊണ്ടുതന്നെ വിവിധ രീതികളിൽ കേസ് രജിസ്റ്റർ ചെയ്യുന്ന കാര്യത്തിലും കേരളം മുന്നിൽ നിൽക്കുന്നു. മറ്റുസംസ്ഥാനങ്ങളിൽ കേസ്സുകളുടെ എണ്ണം കുറയുന്നതിന്റെ കാരണം നിയമസാക്ഷരതയിൽ അവർ കേരളത്തോളം മുന്നിലല്ലായെന്നതുകൊണ്ടാണ്.

വിദ്യാഭ്യാസരംഗത്ത് വിവിധകേന്ദ്ര സമിതികൾ കോടിക്കണക്കിനു രൂപയാണ് സഹായധനമായി കേരളത്തിന് നൽകുന്നത്. എസ്.എസ്.എ, ആർ.എം.എസ്.എ. റൂസ എന്നീ കേന്ദ്രസമിതികളാണ് പാഠ്യപദ്ധതി പരിഷ്കരണം, അധ്യാപകപരിശീലനം എന്നിങ്ങനെയുള്ള കാര്യങ്ങൾക്കായി ധനസഹായം നൽകുന്നത്. ഇതുകൂടാതെ യു.ജി.സി, എ.ഐ.സി.ടി.ഇ, എൻ.സി.ടി.ഇ, നീപ(NUEPA) തുടങ്ങിയ സമിതികളും വിവിധ ആവശ്യങ്ങൾക്കായി ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പണം കാര്യക്ഷമമായി വിനിയോഗിക്കുന്ന കാര്യത്തിലും കേരളം മുന്നിലാണ്. പണം ചെലവാക്കുന്ന കാര്യത്തിലല്ല അത് ഗുണഭോക്താക്കൾക്ക് പ്രയോജനകരമായി നടപ്പാക്കുന്ന കാര്യത്തിലാണ് കേരളം ശുഷ്കാന്തി കാട്ടുന്നത്.

പിറന്നുവീഴുന്ന മുഴുവൻ കുഞ്ഞുങ്ങൾക്കും പഠിക്കാനുള്ള സൗകര്യം കേരളസർക്കാർ ഒരുക്കിയിട്ടുണ്ട്. അതേപോലെ തന്നെ സാക്ഷരത നേടുന്ന കാര്യത്തിലും കേരളം മുന്നിലാണ്. തുടർസാക്ഷരതാ പ്രസ്ഥാനവും കാര്യക്ഷമമായി നടന്നു വരുന്നു.

ഇതിന്റെയെല്ലാം ആത്യന്തികഫലം മലയാളികളുടെ ജീവിതശൈലിയിൽ വന്നമാറ്റവും അത് സാമൂഹ്യജീവിതത്തിൽ പൊതുഇടം നിർമിക്കുന്ന കാര്യത്തിൽ ഉണ്ടാക്കിയ നേട്ടവുമാണ്. വിദ്യാഭ്യാസത്തിലൂടെ ശാക്തീകരിക്കപ്പെട്ട ജനത സാമൂഹ്യസുരക്ഷ നേടുന്നതിൽ മുൻപന്തിയിലായിരിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും കേരളത്തിൽ ലഭിക്കുന്ന സംരക്ഷണം ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ലഭിക്കുന്നില്ലായെന്നത് വിദ്യാഭ്യാസകാര്യത്തിൽ ആ സംസ്ഥാനങ്ങൾ പിന്നിലായതിനാലാണ്. ഐക്യരാഷ്ട്രസംഘടന 1989-ൽ അംഗീകരിച്ച ബാലാവകാശ പ്രഖ്യാപനത്തിലാണ് മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം അവകാശമാണെന്നംഗീകരിക്കുന്നത്. അതിന്റെ പ്രതിഫലനമാണ് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും മലയാളപഠനം പാഠ്യപദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് നിയമസഭ നിയമം അംഗീകരിച്ചത്. കുട്ടികളുടെ അവകാശം സംരക്ഷിക്കേണ്ടതാണെന്ന തിരിച്ചറിവ് സാമൂഹ്യസുരക്ഷയുടെ മുന്നുപാധിയാണ്. കേരളത്തിന്റെ നേട്ടങ്ങൾ മുഖ്യമായും നേടിയെടുക്കാനായത് വിദ്യാഭ്യാസവ്യാപനം സാധ്യമാക്കിയതുകൊണ്ടാണ്.

*(സംസ്ഥാനത്തെ വിവിധ ഗവൺമെന്റ് കോളേജുകളിൽ ദീർഘകാലം ചരിത്രവിഭാഗം പ്രൊഫസറായും തുടർന്ന് ഹയർ സെക്കന്ററി വകുപ്പ് ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുള്ള ലേഖകൻ ഇപ്പോൾ കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി പ്രവർത്തിച്ചു വരുന്നു.)*




# സാമൂഹ്യ സുരക്ഷയും ബിസിനസ്സ് സ്ഥാപനങ്ങളുടെ സാമൂഹിക ഉത്തരവാദിത്തവും

ഡോ. ദയാനന്ദൻ എം.എൻ

സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും സുരക്ഷ ഉറപ്പാക്കുക എന്നത് ഏതൊരു സർക്കാരിന്റെയും ഉത്തരവാദിത്തമാണ്. സാമൂഹ്യ സുരക്ഷ (Social Security) ഓരോ വ്യക്തിയുടേയും അവകാശമാണ്. ഒരു വ്യക്തിയുടെ അന്തസ്സിനും അയാളുടെ സ്വതന്ത്രമായ വ്യക്തിത്വവികാസത്തിനും അനിവാര്യമായ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള അവകാശം ഐക്യരാഷ്ട്ര സഭയുടെ സാർവ്വത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിൽ (Universal Declaration of Human Rights) ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, ഒരു വ്യക്തി ജീവിക്കുന്ന സമൂഹം ഈ അവകാശങ്ങൾ നേടിയെടുക്കുന്നതിനും അനുഭവിക്കുന്നതിനും അവനെ സഹായിക്കേണ്ടതാണെന്നും ഈ പ്രഖ്യാപനത്തിൽ ഒപ്പിട്ട രാജ്യങ്ങൾ സമ്മതിച്ചിട്ടുണ്ട്.

## എന്താണ് സാമൂഹ്യ സുരക്ഷ?

ഒരു രാജ്യത്തെ ജനസമൂഹത്തിന്, പ്രത്യേകിച്ച് കുട്ടികൾ, വൃദ്ധർ, രോഗികൾ, തൊഴിൽ രഹിതർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്ക് ആഹാരവും പാർപ്പിടവും ലഭ്യമാക്കുന്നതിനും അവരുടെ ആരോഗ്യവും സുഖവും ഉറപ്പാക്കുന്നതിനും വേണ്ടി സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന ക്ഷേമപദ്ധതികളെയാണ് സാമൂഹ്യ സുരക്ഷയെന്ന് വിവക്ഷിക്കുന്നത്. സാമൂഹ്യ സുരക്ഷ പ്രദാനം ചെയ്യുന്ന സേവനങ്ങളെ സാമൂഹ്യ സേവനങ്ങളെന്നാണ് വിളിക്കുക.

വിഭിന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുള്ള രാജ്യങ്ങൾ വ്യത്യസ്ത രീതിയിലാണ് സാമൂഹ്യ സുരക്ഷയെ കാണുന്നത്. ഉദാഹരണത്തിന്, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഇത് ജനനം മുതൽ മരണം വരെ ഒരു പൗരനു ലഭിക്കേണ്ട പൂർണ്ണ സംരക്ഷണമാണ്. അമേരിക്കയിൽ പൊതുജന നന്മയ്ക്കായുള്ള സർക്കാർ പദ്ധതികളെ ക്ഷേമ പദ്ധതികളെന്നും വിരമിച്ചവർക്കും വൈകല്യമുള്ളവർക്കും വേണ്ടിയുള്ള ഇൻഷുറൻസ് പദ്ധതികളെ സാമൂഹ്യ സുരക്ഷാ പദ്ധതികളെന്നും പറയുന്നു.

ചില രാജ്യങ്ങളിൽ പൊതുജനത്തിനുണ്ടാകുന്ന അനിശ്ചിതത്വവും അപകട സാധ്യതയും ചിലതരം നഷ്ടങ്ങളും നേടുന്നതിനുവേണ്ടി സമൂഹം നൽകുന്ന സാമ്പത്തിക സഹായത്തെയാണ് സാമൂഹ്യ സുരക്ഷയായി കാണുന്നത്. സാമൂഹ്യ-സാമ്പത്തിക നീതി ഉറപ്പാക്കുന്നതിനുള്ള ഒരു മാർഗമാണ് സാമൂഹ്യ സുരക്ഷ.

അന്തർദേശീയ തൊഴിൽ സംഘടന(ILO) യുടെ നിർവചന പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ സാമൂഹ്യ സുരക്ഷയുടെ പരിധിയിൽ വരുന്നു.

- വാർദ്ധക്യകാല വേതനം
- ഒരാളുടെ മരണശേഷം ഭാര്യയ്ക്കും കുട്ടികൾക്കും ലഭിക്കുന്ന ആനുകൂല്യം
- കുട്ടികളുടെ പരിപാലനത്തിനുവേണ്ടി ലഭിക്കുന്ന

ആനുകൂല്യം

• ഗർഭാവസ്ഥയുൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങളെ നേരിടാനുള്ള ആരോഗ്യ പരിപാലനം

• പ്രസവാനുകൂല്യങ്ങൾ

• തൊഴിൽ രഹിതർക്കുള്ള വേതനം

• ചികിത്സാകാലത്തെ വേതനം

• വികലാംഗർക്കുള്ള ആനുകൂല്യം

• തൊഴിൽ സംബന്ധമായ അപകടങ്ങളും രോഗാവസ്ഥയും നേരിടുന്നവർക്കുള്ള ആനുകൂല്യം

സാമൂഹ്യ സുരക്ഷയുടെ പരിധി കൂടുതൽ വിപുലമാണെന്നും സാമ്പത്തിക സഹായം മാത്രമല്ല, തൊഴിൽ സുരക്ഷ, ആരോഗ്യം, സാമൂഹ്യ പങ്കാളിത്തം, തൊഴിലും കുടുംബ ജീവിതവും തമ്മിലുള്ള പൊരുത്തപ്പെടൽ തുടങ്ങിയ പ്രശ്നങ്ങളും സാമൂഹ്യ സുരക്ഷയുടെ പരിധിയിൽ ഉൾപ്പെടുത്തണമെന്നും പ്രബലമായ ഒരു വാദഗതിയുണ്ട്.

## ആരുടെ ഉത്തരവാദിത്വം?

സാമൂഹ്യ സുരക്ഷയുടെ പ്രാഥമിക ഉത്തരവാദിത്തം സർക്കാരിനാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എല്ലാ രാജ്യങ്ങളും തങ്ങളുടെ പൗരന്മാരുടെ സാമൂഹ്യ സുരക്ഷയ്ക്കായി നിയമ നിർമ്മാണം നടത്തുകയും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുകയും ചെയ്യുന്നുണ്ട്. ഈ വിഷയത്തിലുള്ള വ്യത്യസ്ത രാജ്യങ്ങളുടെ സമീപനങ്ങൾ അവരുടെ രാഷ്ട്രീയ കാഴ്ചപ്പാടും ധനസ്ഥിതിയുമനുസരിച്ച് വിഭിന്നമാണ്.

## ഇന്ത്യയിലെ സാമൂഹ്യ സുരക്ഷാ സമ്പ്രദായം

ഇന്ത്യയിലും മാറിമാറി വരുന്ന സർക്കാരുകൾ സംഘടിത തൊഴിലാളികളേയും അസംഘടിത തൊഴിലാളികളേയും ദുർബല വിഭാഗങ്ങളേയും ഉദ്ദേശിച്ച് നിയമങ്ങൾ നിർമ്മിക്കുകയും ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്യുന്നുണ്ട്. പ്രധാനമായും രണ്ടുതരം പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നത്.

### 1. സാമൂഹ്യ ധനസഹായം( Social assistance)

ഇത് ദുർബല വിഭാഗങ്ങൾക്കു നൽകുന്ന സാമ്പത്തികാനുകൂല്യങ്ങളാണ്.

### 2. സാമൂഹിക ഇൻഷുറൻസ് (Social Insurance)

അംഗങ്ങളിൽ നിന്നും ചെറിയ തുക സ്വീകരിച്ച് കൊണ്ട് സർക്കാരിന്റെ/തൊഴിലുടമയുടെ സംഭാവന കൂടി ലഭ്യമാക്കി ഒരു ഫണ്ടുണ്ടാക്കുകയും ആ ഫണ്ടിൽ നിന്നും അംഗങ്ങൾക്ക് ആനുകൂല്യം നൽകുകയും ചെയ്യുന്നതാണിത്.

ഒരു വികസ്വര രാജ്യമായ ഇന്ത്യയിൽ വിഭവ പരിമിതികളുടെയും ജനസംഖ്യാ വർദ്ധനവിന്റെയും പശ്ചാത്തലത്തിൽ വളരെ പരിമിതമായ തോതിൽ മാത്രമേ സാമൂഹ്യ സുരക്ഷ സംബോധന ചെയ്യപ്പെടുന്നുള്ളൂ. മൊത്തം തൊഴിലാളികളുടെ 7% മാത്രമേ സംഘടിത മേഖലയിലുള്ളൂ. ഇവർക്കു മാത്രമേ Employees State Insurance, Employees Provident Fund, Workmen Compensation, Maternity Benefit, payment of Gratuity തുടങ്ങിയ കേന്ദ്ര നിയമങ്ങളുടെ ഗുണഫലങ്ങൾ ലഭിക്കൂ.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സുരക്ഷയ്ക്കായുള്ള കുറഞ്ഞ കൂലി നിയമം, ക്ഷേമ പദ്ധതികൾക്കുള്ള നിയമം, തൊഴിലുറപ്പു പദ്ധതികൾ, ഇൻഷുറൻസ് പദ്ധതികൾ തുടങ്ങിയവ 93% വരുന്ന ഇവരുടെ സുരക്ഷയ്ക്ക് തീരെ അപര്യാപ്തമാണ്. എല്ലാ വിഭാഗം അസംഘടിത തൊഴിലാളികളുടേയും ആവശ്യം പരിഗണിക്കത്തക്ക തരത്തിലുള്ള ഒരു സാമൂഹ്യ സുരക്ഷാ ചട്ടക്കൂട് ഇല്ല എന്നതാണ് ഒരു പ്രധാന ന്യൂനത.

കേന്ദ്ര സർക്കാരിനു പുറമേ സംസ്ഥാന സർക്കാരുകളും ധാരാളം ക്ഷേമപദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ സർക്കാരിതര സംഘടനകളും (NGOs) ധർമ്മസ്ഥാപനങ്ങളും തങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമായി പല പദ്ധതികളും നടപ്പാക്കുന്നുണ്ട്.

ഇതിനു പുറമേ രാജ്യത്ത് ഏറ്റവും കൂടുതൽ വിഭവസമാഹരണം നടത്തുന്ന കമ്പനികളും മറ്റു ബിസിനസ്സ് സ്ഥാപനങ്ങളും സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ പങ്കാളികളാവാറുണ്ട്. സർക്കാർ പദ്ധതികൾ അപര്യാപ്തമായ സാഹചര്യത്തിൽ കമ്പനികളുടെ സുരക്ഷാപദ്ധതികൾക്ക് കൂടുതൽ പ്രസക്തിയുണ്ട്.

## കമ്പനികളുടെ സാമൂഹിക ഉത്തരവാദിത്തവും (CSR) സാമൂഹ്യ സുരക്ഷയും

കമ്പനികളുടെ ഉത്തരവാദിത്തം ഓഹരിയുടമകളോടു മാത്രമല്ലെന്നും, കമ്പനികളുടെ തീരുമാനങ്ങൾ കമ്പനി പ്രവർത്തിക്കുന്ന സമൂഹത്തെ ബാധിക്കുമെന്നും, അതുകൊണ്ടുതന്നെ കമ്പനികൾക്ക് സമൂഹത്തോട് ഉത്തരവാദിത്തമുണ്ടെന്നുമുള്ള കാഴ്ചപ്പാടിന് 1960കളിലും 70കളിലും പ്രാമുഖ്യം ലഭിച്ചു. 1990 കളിൽ ആഗോളവത്ക്കരണം വ്യാപകമാവുകയും ധാരാളം രാജ്യാന്തര കമ്പനികൾ ഇന്ത്യയിൽ പ്രവർത്തിക്കുകയും ചെയ്തപ്പോൾ സുസ്ഥിര ബിസിനസ്സും ഉത്തരവാദിത്തം പങ്കുവയ്ക്കേണ്ടതിന്റെ ആവശ്യകതയും കൂടുതൽ ചർച്ചയ്ക്കു വിധേയമായി.

നിയമാനുസൃതമായി ചെയ്യേണ്ട കാര്യങ്ങൾക്കു പുറമേ സമൂഹ നന്മയ്ക്കുതകുന്ന പദ്ധതികൾ നടപ്പാക്കാൻ കമ്പനികൾ മുൻകൈ എടുക്കണമെന്ന ആശയമാണ് കമ്പനികളുടെ സാമൂഹിക ഉത്തരവാദിത്തമായി രൂപാന്തരപ്പെട്ടത്. ഇത് കമ്പനികൾ സ്വമേധയാ ചെയ്യണമെന്നും അവരുടെ ദൈനംദിന മാനേജ്മെന്റ് പ്രക്രിയയുടെ ഭാഗമായിരിക്കണമെന്നതും രാജ്യത്തിന്റെ സുസ്ഥിര വികസന വീക്ഷണത്തിൽ ഉൾപ്പെടുത്തണമെന്നതും സാമൂഹിക ഉത്തരവാദിത്തത്തിന്റെ മൂന്നു പ്രധാന ഘടകങ്ങളായി.

കമ്പനികളുടെ സാമൂഹ്യ ഉത്തരവാദിത്തം (CSR) സർക്കാരിന്റെ കടമകൾക്ക് ഒരിക്കലും ബദലല്ല

എന്നത് ഓർക്കേണ്ടതാണ്. ILO യുടെ പ്രഖ്യാപനമനുസരിച്ച് തൊഴിലാളികളുടെ സാമൂഹ്യ പരിരക്ഷ, കമ്പനികളുടെ സാമൂഹ്യ ഉത്തരവാദിത്തത്തിന്റെ അഭിവാജ്യ ഘടകമാണ്.

## സാമൂഹ്യ സുരക്ഷ എങ്ങനെ CSRന്റെ ഭാഗമാക്കാം?

സാമൂഹ്യ സുരക്ഷ പ്രദാനം ചെയ്യാനുള്ള പ്രാഥമിക ഉത്തരവാദിത്തം സർക്കാരിനാണെങ്കിലും ദേശീയ നയത്തിന്റെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ കമ്പനികൾക്കും ഇക്കാര്യത്തിൽ വലിയൊരു പങ്ക് വഹിക്കാനുണ്ട്. തൊഴിൽ ദായകരെന്ന നിലയിലും നികുതി ദായകരെന്ന നിലയിലും കമ്പനികൾ നൽകുന്ന സംഭാവനയ്ക്കു പുറമേ സാമൂഹ്യ ഉത്തരവാദിത്തം ഏറ്റെടുക്കലുകളിൽക്കൂടിയും പ്രയോഗങ്ങളിൽക്കൂടിയും അവർക്ക് സ്വമേധയാ സാമൂഹ്യ സുരക്ഷയ്ക്ക് വേണ്ട പിന്തുണനൽകാവുന്നതാണ്. കമ്പനികളുടെ സാമൂഹ്യ ഉത്തരവാദിത്തത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ സുരക്ഷ അതിൽ ഉൾപ്പെടുത്തുന്നതിനും പല മാർഗങ്ങളുണ്ട്.

## നിർബന്ധിത പിരിവ്

സാമൂഹ്യ സുരക്ഷയ്ക്കായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളിലേക്ക് കമ്പനികൾ നിയമാനുസൃതമായും ഒരു തുക അടയ്ക്കേണ്ടതാണ്. തൊഴിലാളികൾക്കുള്ള പ്രൊവിഡന്റ് ഫണ്ട്, ഇൻഷുറൻസ് തുടങ്ങിയ സ്കീമുകളിലേക്ക് കമ്പനികൾ അടയ്ക്കുന്ന തുക ഇതിനുദാഹരണമാണ്. ഇത് CSRന്റെ ഭാഗമല്ലെങ്കിലും സാമൂഹ്യ സുരക്ഷയ്ക്കായുള്ള കമ്പനികളുടെ സംഭാവനയായി കണക്കാക്കാം.

## CSR സംഭാവന

നിയമപരമായി അടയ്ക്കേണ്ട തുകയ്ക്കു പുറമേ ഏതെങ്കിലും സാമൂഹ്യ സുരക്ഷാ പദ്ധതി ആരംഭിക്കുകയും ആ പദ്ധതിയിൽക്കൂടി നിർബന്ധിത പദ്ധതികൾക്കു പുറത്തുള്ള ഏതെങ്കിലും അനിശ്ചിതത്വമോ, അപകടമോ നഷ്ടമോ ഉണ്ടായാൽ അതുനേരിടുന്നതിന് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. അങ്ങനെ ഉയർന്ന തലത്തിലുള്ള സാമൂഹ്യ സംരക്ഷണം തൊഴിലാളികൾക്കു പ്രദാനം ചെയ്യും.

ഇത്തരം പ്രവർത്തനങ്ങൾ പിന്നീട് സാമൂഹ്യ ചർച്ചാ വിഷയമാവാനും ക്രമേണ നിയമപരമായ സംഭാവനയായി മാറാനും സാധ്യതയുണ്ട്. സാമൂഹ്യ സുരക്ഷയ്ക്കായുള്ള നിയമങ്ങളില്ലാതിരുന്ന കാലത്ത് റ്റാറ്റാ (TATA) കമ്പനി സ്വമേധയാ നടപ്പാക്കിയ പ്രസവാനുകൂല്യമുൾപ്പെടെയുള്ള ചില ആനുകൂല്യങ്ങൾ പിൽക്കാലത്ത് സർക്കാർ നിയമം മൂലം എല്ലാ കമ്പനികളിലും നിർബന്ധിതമാക്കിയ ചരിത്രമുണ്ട്.

## നൂതന പ്രതികരണം

ദേശീയ തലത്തിൽ സർവ്വ പ്രധാനമെന്ന് തിരിച്ചറിയപ്പെട്ടിട്ടുള്ള സാമൂഹ്യ ആവശ്യങ്ങളോടുള്ള നൂതന പ്രതികരണം വഴിയും ഏറ്റവും താഴെത്തട്ടിലുള്ള സാമൂഹ്യ സംരക്ഷണ പദ്ധതികളിലേക്ക് കമ്പനികൾക്ക് സംഭാവന നൽകാൻ കഴിയും. ഉദാഹരണത്തിന്, നിലവിലുള്ള പൊതുഭരണ സംവിധാനവുമായി ചേർന്ന് ഏതെങ്കിലും പ്രദേശത്തെ കുടിവെള്ള ലഭ്യത, ആരോഗ്യ സംരക്ഷണം തുടങ്ങിയ പ്രദേശങ്ങളിൽ കമ്പനികൾക്ക് പങ്കാളികളാവാം.

നമ്മുടെ നാട്ടിലെ മിക്ക സ്കൂളുകളിലും ആവശ്യത്തിനു ശൗചാലയങ്ങളില്ലെന്നു മനസ്സിലാക്കിയ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി അതിനായി കഴിഞ്ഞ വർഷം ഒരു പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി. കമ്പനികളോടും സന്നദ്ധ സംഘടനകളോടും ആ പദ്ധതി വിജയിപ്പിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഈ ആഹ്വാനത്തോട് പല കമ്പനികളും ക്രിയാത്മകമായി പ്രതികരിച്ചു. ധാരാളം സ്കൂളുകളിൽ കമ്പനികൾ നേരിട്ട് ശൗചാലയങ്ങൾ പണിത് നൽകുകയുണ്ടായി. അതുപോലെ, അടിസ്ഥാന സൗകര്യവികസനം തീരെയില്ലാത്ത ഗ്രാമങ്ങൾ കണ്ടെത്തി, അവയെ ദത്തെടുത്ത് വേണ്ട സൗകര്യങ്ങൾ ഒരുക്കി കൊടുക്കാൻ പല മുൻനിര കമ്പനികളും സന്മനസ്സു കാണിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന പല സംരക്ഷണ പദ്ധതികളും അപര്യാപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഗുണഫലം ഒരു ചെറിയ വിഭാഗത്തിനായി പരിമിതപ്പെടുത്തിയതോ, നൽകുന്ന ആനുകൂല്യം തീരെ ചെറുതോ ആയ ധാരാളം പദ്ധതികളുണ്ട്. ഈ കുറവു പരിഹരിക്കാനായി കമ്പനികൾക്ക് ഇൻഷുറൻസ് പോലുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതുവഴി കമ്പനികളുടെ സൽപ്പേരു വർദ്ധിക്കുകയും ട്രേഡ് യൂണിയൻ തലത്തിലും കമ്പനിതലത്തിലും ദേശീയതലത്തിലുമൊക്കെ ചർച്ചയാവുകയും അത് മെച്ചപ്പെട്ട സാമൂഹ്യ സുരക്ഷയ്ക്കായുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുകയും ചെയ്യും. മത്സരാധിഷ്ഠിതമായ ഇന്നത്തെ സാഹചര്യത്തിൽ ഒരു കമ്പനി നടപ്പാക്കിയതിനു സമാനമായ പദ്ധതികൾ നടപ്പാക്കാൻ മറ്റു കമ്പനികളും മുന്നോട്ടു വരും. രാജ്യാന്തര കമ്പനികളുടെ കാര്യത്തിൽ Value Chain ൽപ്പെട്ട മറ്റു കമ്പനികളുമായി ചേർന്ന് വലിയ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന അവികസിതമായ ചില പ്രദേശങ്ങളിൽ ദാരിദ്ര്യ നിർമ്മാർജനത്തിനും ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും പല വൻകിട കമ്പനികളും തയ്യാറായിട്ടുണ്ട്. തൊഴിലാളികളുടെ നന്മയ്ക്കായി നടപ്പാക്കുന്ന ഏതു പദ്ധതിയും 'മനുഷ്യ മൂല്യധന'ത്തിലുള്ള നിക്ഷേപമായി കണക്കാക്കും. 'സുസ്ഥിര ബിസിനസ്സി'ന്റെ ഒരു അടിസ്ഥാന ഘടകമാണ് മനുഷ്യമൂലധനത്തിലുള്ള നിക്ഷേപം.

## അവശ്യ വസ്തുക്കളുടേയും സേവനങ്ങളുടേയും ഉല്പാദനം

ഓരോ കമ്പനിയും തങ്ങളുടെ കമ്പനിയുമായി ബന്ധപ്പെട്ട എല്ലാ തല്പര കക്ഷികളുടെയും (stake holders) താൽപര്യം സംരക്ഷിക്കത്തക്കരീതിയിലുള്ള

ബിസിനസ്സ് തന്ത്രം ആവിഷ്ക്കരിക്കേണ്ടതുണ്ട്. കമ്പനിയുടെ ഭാവി ഉപഭോക്താക്കളുടെ ആവശ്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടുമാത്രമേ ഇത് സാധ്യമാവൂ. ഉദാഹരണത്തിന്, വിഭവപരിമിതികൊണ്ട് വെള്ളം, ആഹാരം, മരുന്ന്, ആരോഗ്യ സംരക്ഷണം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത ഭാവി ഉപഭോക്താക്കൾക്കുവേണ്ടി, അവരുടെ ആവശ്യത്തിനുതകുന്നതും, അവർക്കു താങ്ങാവുന്ന വിലയ്ക്കു ലഭിക്കുന്നതുമായ ചരക്കുകളുടേയും സേവനങ്ങളുടെയും ഉല്പാദനം കമ്പനികൾക്ക് നടത്താവുന്നതാണ്. കമ്പനികൾ ഒറ്റയ്ക്കോ പൊതു സ്വകാര്യ പങ്കാളിത്തത്തോടെയോ ഇതു സാധ്യമാക്കാം. കൂടാതെ, കമ്പനികളുടെ പ്രവർത്തനങ്ങൾ സാമ്പത്തികവും സാംസ്കാരികവുമായ മനുഷ്യാവകാശങ്ങളെ അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന തരത്തിലായിരിക്കണം.

## ഇന്ത്യൻ കമ്പനികളുടെ സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾ

2013 ൽ ന്യൂഡൽഹിയിൽ നടന്ന Global CSR Summitന്റെ ഭാഗമായി 50 ഇന്ത്യൻ കമ്പനികളുടെ CSR പ്രവർത്തനത്തെക്കുറിച്ചു നടത്തിയ ഒരു പഠനം CSR പ്രവർത്തനത്തിൽ സാമൂഹ്യ സുരക്ഷയുടെ പങ്ക് എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുന്നതാണ്. ഈ കമ്പനികളുടെ CSR പ്രവർത്തന മേഖല പ്രധാനമായും വിദ്യാഭ്യാസം, ഉപജീവനം, ആരോഗ്യരക്ഷ, ഗ്രാമവികസനം, പരിസ്ഥിതി എന്നിവയായിരുന്നു. ഇതിൽ പരിസ്ഥിതി ഒഴിച്ച് മറ്റു നാലു മേഖലകളും സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ടതാണ്.

പഠന വിധേയമായ 100% കമ്പനികളും വിദ്യാഭ്യാസ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കമ്പനിയുടെ പ്രാന്തപ്രദേശങ്ങളിൽ സ്കൂൾ നടത്തുക, കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുക, പെൺകുട്ടികളുടെ പഠനച്ചെലവ് ഏറ്റെടുക്കുക, മുതിർന്നവർക്ക് വിദ്യാഭ്യാസം നൽകുക എന്നിവയാണ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ.

94% കമ്പനികൾ സമീപ പ്രദേശത്തുള്ളവരുടെ ഉപജീവനമാർഗം പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ചെറുപ്പക്കാരുടെ സാങ്കേതിക ശേഷി വർദ്ധിപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് പ്രാധാന്യം നൽകിയത്.

90% കമ്പനികൾ ആരോഗ്യ സംരക്ഷണത്തിന് മുന്തിയ പരിഗണന നൽകി. അമ്മയുടേയും കുഞ്ഞിന്റെയും ആരോഗ്യ പരിപാലനം, ശുചീകരണ പ്രവർത്തനങ്ങൾ, വൃദ്ധജനങ്ങളുടെ പരിപാലനം, ആരോഗ്യ ക്യാമ്പ് സംഘടിപ്പിക്കൽ തുടങ്ങിയവയാണ് ഏറ്റെടുത്ത പ്രവർത്തികൾ.

ഗ്രാമ വികസനത്തിൽ ഏർപ്പെട്ട 88% കമ്പനികൾ വികലാംഗർക്കുള്ള സഹായം, അവശതയനുഭവിക്കുന്നവരുടെ പുനരധിവാസം, ബോധവൽക്കരണം തുടങ്ങിയ കാര്യങ്ങളിലാണ് ശ്രദ്ധ ചെലുത്തിയത്.

2013 ലെ കമ്പനി നിയമത്തിൽ എല്ലാ കമ്പനികളും അവരുടെ ലാഭത്തിന്റെ 2% CSR പ്രവർത്തനത്തിനു വിനിയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2013 ൽ കേന്ദ്ര സർക്കാരിന്റെ കമ്പനി കാര്യ മന്ത്രാലയം CSR പ്രവർത്തനത്തിനായി പുറപ്പെടുവിച്ച മാർഗരേഖയിൽ ഒൻപത് തത്വങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ നാലെണ്ണം (തൊഴിലാളി ക്ഷേമം, ദുർബല വിഭാഗങ്ങളുടേയും പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും സംരക്ഷണം, മനുഷ്യാവകാശ സംരക്ഷണം, എല്ലാവരേയും ഉൾക്കൊള്ളുന്ന വികസനം) സാമൂഹ്യ സുരക്ഷയുമായി നേരിട്ടു ബന്ധപ്പെട്ടതാണ്. കമ്പനികളുടെ സാമൂഹ്യ ഉത്തരവാദിത്തത്തിൽ സാമൂഹ്യ സുരക്ഷയ്ക്കുള്ള സ്ഥാനം വെളിവാക്കുന്നതാണിത്.

പുതിയ കമ്പനി നിയമത്തിന്റെയും CSRനുള്ള മാർഗരേഖയുടേയും പശ്ചാത്തലത്തിൽ കമ്പനികളുടെ CSR പ്രവർത്തനം കൂടുതൽ ശക്തമാവുമെന്നും സാമൂഹ്യ സുരക്ഷയ്ക്ക് മുന്തിയ പരിഗണന ലഭിക്കുമെന്നും നമുക്കു പ്രത്യാശിക്കാം.

*(സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യ (SEBI)യുടെ ധനകാര്യ വിദ്യാഭ്യാസ പരിശീലകനാണ് ലേഖകൻ)*

## വിജ്ഞാന പാത

### വാർത്താ വിനിമയ മേഖലയിൽ ബംഗ്ലാദേശുമായി സഹകരണത്തിന് ധാരണ

ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ വാർത്താവിനിമയ മേഖലയിലെ സഹകരണത്തിനുള്ള ധാരണാപത്രത്തിന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ 2017 ഏപ്രിൽ 5 ന് ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അനുമതി നൽകി. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ട പരിശീലനം, പഠനയാത്ര എന്നിവയ്ക്ക് വേണ്ട അവസരങ്ങൾ ഒരുക്കുക, വാർത്താ വിനിമയ മേഖലയിലെ വിഗദ്ധരുടെ കൈമാറ്റം പ്രോത്സാഹിപ്പിക്കുക എന്നിവയിലാണ് പ്രധാനമായും ഇരു രാജ്യങ്ങളും തമ്മിൽ ധാരണയിൽ എത്തിച്ചേർന്നത്.

വാർത്താ വിനിമയ മേഖലയിലെ വിദ്യാഭ്യാസ, പരിശീലന, ഗവേഷണ സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം വർദ്ധിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക, ഇത്തരം സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങളുടെ കൈമാറ്റത്തിനുള്ള അവസരം ഒരുക്കുക, വാർത്താ വിനിമയ മേഖലയിലെ നിയമങ്ങളിലെ പരിചയസമ്പന്നതയും സ്ഥിതി വിവരകണക്കുകളും പരസ്പര സഹകരണത്തോടെ പങ്കുവയ്ക്കുക എന്നിവയാണ് ഈ ധാരണാ പത്രത്തിന്റെ മറ്റു പ്രധാന സവിശേഷതകൾ.

# സ്റ്റാർട്ടപ്പുകൾ സാമൂഹ്യ സുരക്ഷയ്ക്ക്

ജ്യോത്സ്ന തോമസ്, ഡോ. ജോർജി. കെ.ഐ

**മെ**ച്ചപ്പെട്ട സമൂഹ നിർമ്മിതിയും എല്ലാ പൗരന്മാരുടേയും ക്ഷേമവും, ദുർബല വിഭാഗത്തിന് പ്രത്യേക പരിഗണനയും സംരക്ഷണവും എന്നത് ഏതൊരു രാജ്യത്തിന്റെയും സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ അടിസ്ഥാന ലക്ഷ്യമാണ്. ഓരോ സമൂഹത്തിന്റെയും പ്രത്യേക ആവശ്യങ്ങൾ അനുസരിച്ചാണ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ രൂപകല്പന ചെയ്യുന്നത്. ഏവരുടേയും സാമ്പത്തിക ഭദ്രത, പ്രായമായവരുടെ പരിപാലനം, വൈകല്യമുള്ളവരുടെ സംരക്ഷണം, വിദ്യാഭ്യാസ പിന്തുണ, ചികിത്സാ പിന്തുണ എന്നിവയെല്ലാം പ്രാധാന്യം അർഹിക്കുന്ന മേഖലകളാണ്.

സാമ്പത്തിക ഭദ്രതയുടെ ഒരു പ്രധാന ഘടകം തൊഴിൽ ലഭ്യതയാണ്. നൂറ്റിമുപ്പത്തിനാല് കോടിയിലധികം ജനങ്ങൾ (ലോക ജനസംഖ്യയുടെ 17.86%) അധിവസിക്കുന്ന ഇന്ത്യയിൽ ഏവർക്കും തൊഴിൽ നൽകുക എന്നത് ഏറെക്കുറെ അപ്രാപ്യമായ കാര്യമാണ്. ഇവിടെയാണ് സ്വയം തൊഴിലിന്റെയും സ്റ്റാർട്ടപ്പുകളുടേയും പ്രാധാന്യം.

യുവജന സംഖ്യയിൽ ലോകത്തിന്റെ മുൻപന്തിയിൽ നിൽക്കുന്ന ഇന്ത്യ, തൊഴിൽ ചെയ്യാൻ കഴിവും സന്നദ്ധതയുമുള്ളവർക്ക് അവസരങ്ങളില്ലെന്ന ദയനീയാവസ്ഥയാണ് ഇന്ന് അഭിമുഖീകരിക്കുന്നത്. രാജ്യത്ത് വർദ്ധിച്ചു വരുന്ന ജനപ്പെരുപ്പത്തിനു അനുപാതികമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നതാണ് ഇതിനുള്ള പ്രധാനകാരണം. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവർ പോലും തൊഴിൽ രഹിതരാണ്. ഈ പശ്ചാത്തലത്തിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ വേണ്ടി ധാരാളം തൊഴിൽ വികസന പദ്ധതികൾക്ക് സർക്കാർ വളരെ മുമ്പുതന്നെ രൂപം നൽകിയിട്ടുണ്ട്. 1945 ൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് ആരംഭിച്ചതും 'സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി' രൂപീകരിച്ചതും ഉദാഹരണങ്ങളാണ്.

ലഘു സംരംഭങ്ങളിലൂടെയുള്ള സാമ്പത്തിക വികസനമാണ് 2014 ൽ അധികാരത്തിൽ വന്ന കേന്ദ്ര സർക്കാർ ലക്ഷ്യമിട്ടത്. അതിന്റെ ഭാഗമായി, ചെറുകിട വ്യസായ-വാണിജ്യ സംരംഭങ്ങളുടെ വ്യാപനത്തിനു വേണ്ടി "പ്രധാനമന്ത്രി മുദ്ര യോജന", യുവാക്കൾക്ക് പരമ്പരാഗത തൊഴിൽ നൈപുണ്യ വികസനത്തിന് അവസരം ഒരുക്കുന്ന "സ്കിൽ ഇന്ത്യ", ആഭ്യന്തര വിദേശ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഇന്ത്യയെ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനു വേണ്ടിയുള്ള "മെയ്ക്ക് ഇൻ ഇന്ത്യ" എന്നീ സമൂഹിക ക്ഷേമ പദ്ധതികൾക്ക് രൂപം നൽകി. സംരംഭകത്വ രംഗത്ത് ഇന്ത്യയിൽ മികച്ച അന്തരീക്ഷം സൃഷ്ടിച്ച് വ്യവസായ മേഖലയുടെ വികസനവും തൊഴിൽ അവസരങ്ങളുടെ വർദ്ധനവും ലക്ഷ്യമിട്ട കേന്ദ്ര സർക്കാറിന്റെ സ്വപ്ന പദ്ധതിയായിരുന്നു 2016 ജനുവരി 16 ന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച "സ്റ്റാർട്ടപ്പ് ഇന്ത്യ സ്റ്റാൻഡപ്പ് ഇന്ത്യ". ചെറുകിട സംരംഭകർക്ക് പുത്തൻ പ്രതീക്ഷ നൽകുന്ന ഈ പദ്ധതി, രാജ്യത്ത് നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചും, കേന്ദ്ര സർവകലാശാലകളേയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പദ്ധതിയിലേക്ക് സഹകരിപ്പിച്ചും, ഇന്ത്യയെ ലോകത്തിന്റെ തന്നെ സ്റ്റാർട്ടപ്പ് തലസ്ഥാനമാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്.

## സ്റ്റാർട്ടപ്പ് തരംഗം

ഇത് സ്റ്റാർട്ടപ്പുകളുടെ കാലമാണ്. ഫ്ളിപ് കാർട്ട്, സ്നാപ്ഡീൽ തുടങ്ങിയ കമ്പനികളുടെ വിജയഗാഥയാണ് യുവതലമുറയിൽ സ്റ്റാർട്ടപ്പ് മോഹം ഉണർത്തിയതിൽ ഒരു പ്രധാന കാരണം. സമൂഹത്തിൽ ചലനമുണ്ടാക്കാൻ കഴിയുന്ന ഉൽപ്പന്നങ്ങളോ സേവനങ്ങളോ ഒരു പുതിയ ബിസിനസ്സായി മാറുമ്പോൾ അത് സ്റ്റാർട്ടപ്പ് ആയി. ഒരു ജോലിക്കുവേണ്ടി അലയാതെ വേറിട്ട ഒരു ചിന്തയെ സംരംഭമാക്കി, മറ്റുള്ളവർക്കും തൊഴിൽ നൽകുന്നവരായി മാറുക എന്നതാണ് ഇന്ന് യുവസംരംഭകരുടെ സ്വപ്നം.

ഇന്ത്യയിൽ സ്റ്റാർട്ടപ്പ് ഒരു തരംഗമായി മാറുന്നത് 2016 ജനുവരിയിൽ നിലവിൽ വന്ന കേന്ദ്ര സർക്കാരിന്റെ "സ്റ്റാർട്ടപ്പ് ഇന്ത്യ സ്റ്റാൻഡപ്പ് ഇന്ത്യ" എന്ന പദ്ധതിയിലൂടെയാണ്. എന്നാൽ ഇതിനും ഏറെക്കാലം മുൻപുതന്നെ കേരളത്തിൽ സ്റ്റാർട്ടപ്പ് നയം നിലവിൽ വന്നിരുന്നു. തിരുവനന്തപുരം ടെക്നോപാർക്കും കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും ചേർന്ന് 2007ൽ ടെക്നോപാർക്കിൽ പ്രവർത്തനം ആരംഭിച്ച ടെക്നോപാർക്ക്-ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ (T-TBI) ആണ് കേരളത്തിൽ യുവജന സംരംഭക വിപ്ലവത്തിന് തുടക്കം കുറിച്ചത്. തുടർന്ന് കൊച്ചിയിലെ സ്റ്റാർട്ടപ്പ് വില്ലേജ്, ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളും സ്റ്റാർട്ടപ്പുകൾക്ക് വേണ്ട മാർഗനിർദ്ദേശങ്ങളും പ്രോത്സാഹനവുമായി നിലവിൽ വന്നു. കാമ്പസുകളിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ വേണ്ടി രൂപീകരിച്ച സ്റ്റുഡന്റ് ഓൻട്രപ്രണർഷിപ്പ് പോളിസിയും ഏറെ ശ്രദ്ധ ആകർഷിച്ച് വരുന്നു. പുതിയ സംരംഭകരെ, പ്രത്യേകിച്ച് വിദ്യാസമ്പന്നരായ യുവസംരംഭകരെ കൈപിടിച്ച് വ്യവസായ രംഗത്ത് നയിക്കുന്നതിൽ ഇന്ന് ഇൻകുബേഷൻ സെന്ററുകൾക്ക് പ്രമുഖ സ്ഥാനമാണുള്ളത്. ഈ രംഗത്ത് കേരളത്തിന്റെ മുന്നേറ്റങ്ങൾ ഇപ്പോൾ കൂടുതൽ ദേശീയ ശ്രദ്ധ ആകർഷിക്കുകയാണ്. ഇന്ത്യയിലെ മികച്ച ഇൻകുബേറ്ററുകളെ പിന്തള്ളിക്കൊണ്ട് കേരളത്തിലെ സ്റ്റാർട്ടപ്പ് വില്ലേജും, കേരള സ്റ്റാർട്ടപ്പ് മിഷനും (കെ.എസ്.എം) ആദ്യ സ്ഥാനങ്ങളിൽ ആണ്.

സൈബർ ലോകത്തെ വിജയകഥകൾ കേട്ടറിയുന്ന ചെറുപ്പക്കാരുടെ ഇന്നത്തെ സ്വപ്നമാണ് സ്റ്റാർട്ടപ്പ് ബിസിനസുകൾ. ഡിജിറ്റലൈസേഷൻ പുരോഗമിക്കുന്നതിലൂടെ പരമ്പരാഗത സാങ്കേതിക മേഖലകളെ പിന്തള്ളിക്കൊണ്ട് സ്റ്റാർട്ടപ്പ് സംരംഭകർ മുന്നേറുകയാണ്. ഐ.ടി. സേവന മേഖലകളിലാണ് ഏറ്റവും കൂടുതൽ സ്റ്റാർട്ടപ്പുകൾ രൂപപ്പെടുന്നത്. കൂടാതെ റീട്ടെയിൽ

ലോജിസ്റ്റിക്സ്, കാർഷികോത്പന്ന വിതരണം, വിദ്യാഭ്യാസം, ഇ-കൊമേഴ്സ് എന്നീ മേഖലകളിലും സാധ്യതകൾ ഏറുകയാണ്.

## കേരള സ്റ്റാർട്ടപ്പ് മിഷൻ

യുവ സ്റ്റാർട്ടപ്പുകളെ വിരിയിക്കുന്ന കേന്ദ്രങ്ങളാണ് ഇൻകുബേഷൻ സെന്ററുകൾ. തങ്ങളുടെ നൂതന ആശയങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്യാനുള്ള അവസരവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായോ കുറഞ്ഞ നിരക്കുകളിലോ ഇവിടെ ലഭ്യമാകും. ഇതിനു പുറമേ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്താനും ഇവ സഹായിക്കും. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളെ പരിപോഷിപ്പിക്കാനും സ്റ്റാർട്ടപ്പ് നയങ്ങൾ നടപ്പിലാക്കാനുമുള്ള ഉന്നത സമിതിയായ ടി.ടി.ബി.ഐ 2015 ൽ "കേരള സ്റ്റാർട്ടപ്പ് മിഷൻ" എന്ന് റീബ്രാൻഡ് ചെയ്യപ്പെട്ടു. കേരള സ്റ്റാർട്ടപ്പ് മിഷൻ യുവാക്കളിലും വിദ്യാർത്ഥികളിലും സംരംഭ സംസ്കാരം അഭിവൃദ്ധിപ്പെടുത്തുവാനായി സ്കൂൾ, കോളേജ്, സംരംഭകത്വം എന്നീ വിവിധ തലങ്ങളിലായി ധാരാളം കർമ്മ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ തലത്തിൽ 'റാസ്പ് ബെറി പൈ', കോളേജ് തലത്തിൽ IEDC/ബൂട്ട് ക്യാമ്പ്, സംരംഭക തലത്തിൽ പ്രീ ഇൻകുബേഷൻ/ ഇൻകുബേഷൻ പരിപാടികൾ, 'സ്റ്റാർട്ടപ്പ് ബോക്സ്', 'സ്റ്റാർട്ടപ്പ് ലീഡർ ഷിപ്പ് അക്കാഡമി തുടങ്ങിയവ ഇവയിൽ ചിലതു മാത്രമാണ്. ഈ കർമ്മ പരിപാടികൾ ഉൾപ്പെട്ട കേരള സർക്കാരിന്റെ പദ്ധതിയാണ് 'യുവ സംരംഭകത്വ വികസന പദ്ധതി'. സ്റ്റാർട്ടപ്പുകൾക്ക് നൂതനത സൃഷ്ടിക്കാനും, വിവിധ വിപണന മാതൃകകൾ പരീക്ഷിക്കാനുമുള്ള അവസരം ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

## ചില സ്റ്റാർട്ടപ്പ് പദ്ധതികൾ

വിദ്യാർത്ഥികളിലെ സംരംഭക അഭിരുചി കണ്ടെത്തി അവ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് കേരള സർക്കാർ 'സ്റ്റുഡന്റ് ഓൻട്രപ്രണർഷിപ്പ് പോളിസി' രൂപീകരിച്ചത്. ഈ പോളിസിയുടെ ഭാഗമായി സംരംഭകത്വ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേയ്സ് മാർക്ക്, അറ്റൻഡൻസ് തുടങ്ങിയവ നൽകാനും ബജറ്റിന്റെ 1% (ഏകദേശം 500 കോടി രൂപ) യുവ സംരംഭകത്വ വികസനത്തിനായി മാറ്റിവെയ്ക്കാനും തീരുമാനിച്ചു.

വിവിധ സാങ്കേതിക മേഖലകളിലെ സ്റ്റാർട്ടപ്പുകളെ ഒരു കുടക്കീഴിൽ കൊണ്ട് വന്ന് അവയ്ക്ക് ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന ഒരു ആഗോള ഇന്നവേഷൻ ഹബ്ബായ 'ടെക്നോളജി ഇന്നവേഷൻ സോണിന്' രൂപം നൽകി. സാമൂഹ്യമായി ഉയർന്ന ഫലം നൽകുന്നതും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതുമായ നൂതന ആശയങ്ങൾ തിരഞ്ഞെടുക്കുക എന്ന ലക്ഷ്യത്തോടെ 'ഗ്രാൻഡ് ഇന്നവേഷൻ ചലഞ്ച് കേരള' ആസൂത്രണം ചെയ്തു.

കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വ സംസ്കാരം പരിപോഷിപ്പിക്കാനും അവരുടെ നവീന ആശയങ്ങളെ വികസിപ്പിക്കാനുള്ള അവസരം നൽകുന്നതിനുമായി ഇന്നവേഷൻ & ഓൻട്രപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെന്റർ (IEDC) രൂപീകരിച്ചു. എൻജിനീയറിങ്, പോളിടെക്നിക്, ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് മാർഗദർശനങ്ങൾ, ഗ്രാന്റുകൾ, വർക്ക്ഷോപ്പുകൾ എന്നിവ ഈ ബൂട്ട് ക്യാമ്പുകൾ ഒരുക്കും. ഇതിനോടകം തന്നെ നൂറിലധികം ബൂട്ട് ക്യാമ്പുകളിലൂടെ ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

## വെല്ലുവിളികൾ

സ്റ്റാർട്ടപ്പ് കമ്പനികൾ തുടങ്ങുന്നതിൽ യുവ സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നം പണത്തിന്റെ കുറവാണ്. മിക്ക സ്റ്റാർട്ടപ്പുകളും അവയുടെ ആദ്യഘട്ടങ്ങളെ നേരിടുന്നത് സ്വന്തം കയ്യിലുള്ളതോ അല്ലെങ്കിൽ കുടുംബത്തിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ കണ്ടെത്തുന്ന കുറഞ്ഞ തുക ഉപയോഗിച്ചാണ്. പലപ്പോഴും ആദ്യഘട്ട പ്രവർത്തനങ്ങൾ കഴിഞ്ഞ് ഉൽപന്നവും സേവനവും വിപണിയിൽ എത്തിയ ശേഷമാണ് സാമ്പത്തിക പിന്തുണയുമായി ഏഞ്ചൽ ഇൻവെസ്റ്റർമാരും വെഞ്ചർ കാപ്പിറ്റലിസ്റ്റുകളും രംഗപ്രവേശം ചെയ്യുന്നത്.

ശരിയായ വിപണി കണ്ടെത്തലാണ് മറ്റൊരു പ്രധാന വെല്ലുവിളി. സ്റ്റാർട്ടപ്പ് കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വേണ്ടത്ര ഉപഭോക്താക്കളെ ലഭിക്കാത്ത സാഹചര്യമാണ് പലപ്പോഴും നിലനിൽക്കുന്നത്. കൂടാതെ സാങ്കേതിക വിദ്യയിലെ അനുദിനമാറ്റങ്ങളും സ്റ്റാർട്ടപ്പുകളെ പ്രതികൂലമായി ബാധിക്കാറുണ്ട്. പുത്തൻ ആശയങ്ങളെ ഒരു നല്ല ഉൽപന്നം അല്ലെങ്കിൽ സേവനം എന്ന രൂപത്തിൽ എത്തിക്കാൻ സഹായിക്കുന്ന ഇൻകുബേഷൻ സെന്ററുകളുടെ കുറവാണ് മറ്റൊരു വെല്ലുവിളി. ഈ കുറവുകൾ പരിഹരിക്കാൻ കേന്ദ്ര വ്യവസായ, വാണിജ്യ മന്ത്രാലയം രാജ്യമൊട്ടാകെ ഇൻകുബേഷൻ സൗകര്യം ലഭ്യമാക്കാനുമുള്ള തയ്യാറെടുപ്പിലാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിൽ വികസന പദ്ധതികൾക്ക് ഇന്ത്യയിൽ തൊഴിലില്ലായ്മ ഏറ്റവും കൂടുതലുള്ള മൂന്ന് സംസ്ഥാനങ്ങളിലൊന്നായ കേരളത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്.

കേരളത്തിലെ ഉയർന്ന സാക്ഷരതാ നിരക്കും യുവജനങ്ങളുടെ വലിയ സാന്നിധ്യവുമാണ് സംസ്ഥാനത്ത് സംരംഭകത്വ വികസനത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നത്. ഈ പശ്ചാത്തലം കണക്കിലെടുത്ത് ഇതിനോടകം തന്നെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാനായി അനേകം നയപരിപാടികളും തന്ത്രങ്ങളും ബജറ്റ് തീരുമാനങ്ങളും വന്നുകഴിഞ്ഞു. ഇതിനോടകം തന്നെ 500 ൽ അധികം സ്റ്റാർട്ടപ്പുകൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സ്റ്റാർട്ടപ്പ് രംഗത്തെ കേരളത്തിന്റെ മുന്നേറ്റങ്ങൾ സംരംഭകത്വ വികസന രംഗത്തും സാമൂഹ്യ സുരക്ഷാ രംഗത്തും കൂടുതൽ ഊർജ്ജം പകരുമെന്നത് തീർച്ചയാണ്.

*(ലേഖകർ യഥാക്രമം തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ കോമേഴ്സ് വിഭാഗത്തിലെ ഗവേഷണ വിദ്യാർത്ഥിനിയും, അസ്സോസിയേറ്റ് പ്രൊഫസറുമാണ്.)*

# ഇൻഷുറൻസ് മേഖല: ഒരു സാമൂഹ്യ സുരക്ഷാ ചാലകം

**അനിൽകുമാർ.എം, വിജില. വി**



ഇന്ത്യയിൽ ഇൻഷുറൻസ് മേഖലയുടെ വ്യാപനവും സാന്ദ്രതയും അന്തർദ്ദേശീയ നിലവാരത്തെക്കാൾ താഴ്ന്ന നിലയിലാണ്. ഇൻഷുറൻസിന്റെ പരമ പ്രധാനമായ ലക്ഷ്യം മനുഷ്യന്റെയും മറ്റു ജീവനുള്ളതും ജീവനില്ലാത്തതുമായ വിലപിടിപ്പുള്ള വസ്തുക്കളുടെയും സംരക്ഷണമാണ്. ലൈഫ് ഇൻഷുറൻസ് ഒരു അഷ്വറൻസ് എന്ന് അറിയപ്പെടുന്നു. ലൈഫ് ഇൻഷുറൻസ് എടുത്ത വ്യക്തിക്ക് ഇൻഷുറൻസ് തുക കാലാധി പൂർത്തിയാകുമ്പോഴോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ മരണശേഷം കുടുംബാംഗങ്ങൾക്കോ ലഭിക്കുന്നു. ഇന്ത്യയിൽ ഇൻഷുറൻസിന്റെ ആവശ്യകതയെകുറിച്ച് ജനങ്ങൾക്ക് പൂർണ്ണമായ അവബോധം ഇപ്പോഴുമില്ലെന്നത് ഒരു വസ്തുതയാണ്. ജനങ്ങൾ മറ്റേതൊരു നിക്ഷേപക മാർഗത്തിനു നൽകുന്ന പ്രാധാന്യം ഇൻഷുറൻസിന് നൽകാറില്ല. ഒട്ടനവധി വ്യക്തികളുടെ അഭിപ്രായത്തിൽ നിന്നും അറിവായിട്ടുള്ള വസ്തുതയാണ് ഇൻഷുറൻസ് മറ്റു നിക്ഷേപമാർഗങ്ങളിലൂടെ ലഭിക്കുന്ന വരുമാനം നൽകാറില്ലയെന്നുള്ളത്. അക്കാരണങ്ങളാലാണ് വ്യക്തികൾ സ്വന്തം ജീവന് ഇൻഷുറൻസ് എടുക്കാത്തത്. എന്നാൽ ഇൻഷുറൻസിന്റെ പ്രാഥമിക ലക്ഷ്യം പലരും വിസ്മരിക്കുകയോ ശരിയായ തരത്തിൽ അവലോകനം ചെയ്യുകയോ ചെയ്തിട്ടില്ല എന്നത് തീർത്തും നിരാശാജനകമായ വസ്തുതയാണ്. ലൈഫ് ഇൻഷുറൻസിന്റെ പ്രാഥമിക ലക്ഷ്യം എന്നത് വ്യക്തികളുടെ അകാലത്തിലുള്ള മരണം കാരണം ഒരു കുടുംബത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തലാണ്. എല്ലാ ജീവനും വിലപ്പെട്ടതും ജീവിതം നശ്വരവുമാണ്. ഓരോ വ്യക്തിക്കും സ്വന്തം ജീവൻ എത്രനാൾ വരെ നിലനിൽക്കും എന്നുള്ളത് അനിശ്ചിതമായ ഒരു കാര്യമാണ്. കുടുംബത്തിന്റെ നട്ടെല്ലായ വ്യക്തിയുടെ അകാലത്തിലുള്ള മരണം കുടുംബത്തെ സാമ്പത്തിക പ്രതിസന്ധികളുടെ പടുകുഴിയിലേക്ക് തള്ളി വിടുന്ന കാഴ്ചയാണ് കാണാറുള്ളത്. ഇവിടെയാണ് ലൈഫ് ഇൻഷുറൻസിന്റെ അവശ്യകതയുള്ളത്.

മനുഷ്യനൊഴികെയുള്ള ജീവജാലങ്ങളുടെയും വിലപ്പിടിപ്പുള്ള മറ്റു വസ്തുക്കളുടേയും സംരക്ഷണത്തിന് വേണ്ടിയാണ് നോൺ ലൈഫ് ഇൻഷുറൻസ് ആരംഭിച്ചിരിക്കുന്നത്. നോൺ ലൈഫ് ഇൻഷുറൻസിന്റെ വ്യാപനം ലൈഫ് ഇൻഷുറൻസിന്റെ വ്യാപനത്തെക്കാൾ താഴ്ന്ന നിലയിലാണ്. ഇന്ത്യയിൽ നോൺലൈഫ് ഇൻഷുറൻസിന്റെ പുരോഗതി അല്പമെങ്കിലും കാണുവാൻ കഴിയുന്നത് വാഹന ഇൻഷുറൻസ് മേഖലയിലാണ്. നോൺ ലൈഫ് ഇൻഷുറൻസിനെ പൊതുവെ ജനറൽ ഇൻഷുറൻസ് എന്ന പേരിൽ അറിയപ്പെടുന്നു.

ഇന്ത്യയിൽ 1986 മുതലാണ് ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി നിലവിൽ വന്നത്. 2003-ൽ സ്വകാര്യമേഖലയിലെ നിരവധി കമ്പനികളുടെ വരവോടെ ആരോഗ്യ ഇൻഷുറൻസിന്റെ വ്യാപനം ഇന്ത്യയിൽ കാണുവാൻ കഴിഞ്ഞു. വർദ്ധിച്ചു വരുന്ന ആശുപത്രി ചിലവും, പുതിയ തരം രോഗങ്ങളുടെ വരവും ആരോഗ്യ ഇൻഷുറൻസിന്റെ വ്യാപനത്തിനു ആക്കം കൂട്ടുന്നു. ആരോഗ്യ ഇൻഷുറൻസിന്റെ വ്യാപനം നിലവിലുള്ള ലൈഫ് ഇൻഷുറൻസ് ബിസിനസിന്റെ വളർച്ചയെ ബാധിക്കുന്നതായി അവരുടെ വളർച്ചാ സൂചകങ്ങളിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ സ്വകാര്യ, പൊതുമേഖലാ ലൈഫ് ഇൻഷുറൻസ് കമ്പനികൾ ആരോഗ്യ ഇൻഷുറൻസ് രംഗത്തേയ്ക്ക് വരുന്നതായി കാണാം.

## ഇൻഷുറൻസിന്റെ പ്രാധാന്യം

ഇൻഷുറൻസ് മേഖലയെ കുറിച്ചുള്ള പഠനം ഇന്നത്തെ ഇന്ത്യയുടെ സാമ്പത്തിക വ്യവസ്ഥയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണ്. ഇൻഷുറൻസ് സ്ഥാപനങ്ങളുടെ നിലനിൽപ്പ് ഇൻഷുറൻസ് എടുത്തിരിക്കുന്നയാളുടെ കമ്പനിയോടുള്ള വിശ്വാസ്യതയും, സംതൃപ്തിയേയും ആശ്രയിച്ചിരിക്കുന്ന ഒന്നാണ്. പൊതു മേഖലയിലും സ്വകാര്യ മേഖയിലും ഒരുപാട് ഇൻഷുറൻസ് കമ്പനികൾ വളരെ മത്സര ബുദ്ധിയോടെ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കുന്ന തരത്തിലുള്ള ഇൻഷുറൻസ് സ്കീമുകൾക്ക് രൂപം നൽകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ലോകത്തിലെ രണ്ടാമത്തെ ജനസംഖ്യകൂടുതലുള്ള രാജ്യമായ ഇന്ത്യയുടെ ഇൻഷുറൻസ് വ്യാപനം അന്താരാഷ്ട്ര തലത്തിലെ വ്യാപനത്തെക്കാളും കുറവാണെന്ന വസ്തുത ഇവിടെ പരിഗണിക്കേണ്ട കാര്യമാണ്. ആയതിനാൽ ധാരാളം കമ്പനികൾ സ്വകാര്യമേഖലയിൽ കൂടി ഇൻഷുറൻസ് വിപണിയിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുവാൻ കഴിയുന്നത്. ലോകത്തിലുള്ള ഇൻഷുറൻസ് ഭീമൻമാർ ഇന്ത്യയുടെ ഇൻഷുറൻസ് വിപണിയിൽ വലിയ നിക്ഷേപങ്ങൾ നടത്താൻ തുടങ്ങിയിട്ടുണ്ട്. 2014-ൽ കേന്ദ്ര ഗവൺമെന്റ് ബജറ്റിൽ ഇൻഷുറൻസ് മേഖലയിലുള്ള വിദേശ നിക്ഷേപപരിധി 26 ശതമാനത്തിൽ നിന്ന് 49 ശതമാനത്തിലേക്ക് ഉയർത്തിയത് ആഗോള കമ്പനികളുടെ ഇൻഷുറൻസ് വിപ

ണിയിലേക്കുള്ള വരവിന് ആക്കം കൂട്ടിയിട്ടുണ്ട്.

ഇൻഷുറൻസ് മേഖലയിൽ കൂടി സ്വരൂപിക്കുന്ന പണം കമ്പനികൾ പ്രധാനമായും ഓഹരി വിപണിയിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ രാജ്യത്തെ സാമ്പത്തിക, അടിസ്ഥാന സൗകര്യ വിസന മേഖലകളിലേക്ക് ഈ പണം എത്തിച്ചേരുന്നുണ്ടെന്ന വസ്തുതയും ഇൻഷുറൻസ് മേഖലയിലൂടെ സ്വരൂപിക്കുന്ന പണം നമ്മുടെ നാടിന്റെ വികസനത്തിനായി ഉപയോഗിക്കുകയാണെന്ന സംഗതിയും നാം ഇവിടെ മനസിലാക്കേണ്ട കാര്യമാണ്. ഇൻഷുറൻസ് മേഖലയുടെ സമഗ്രമായ മാറ്റത്തിനുവേണ്ടിയുള്ള നിർദ്ദേശത്തിന് കേന്ദ്രഗവൺമെന്റ് 1993-ൽ മൽഹോത്ര കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശാനുസരണം 1999-ൽ ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ (IRDA) എന്ന് ഇൻഷുറൻസ് മേഖലയുടെ സമഗ്രമായ നിയന്ത്രണം നടത്തുന്ന സ്ഥാപനം നിലവിൽ വരുകയും ചെയ്തു. പ്രസ്തുത സ്ഥാപനം ഇൻഷുറൻസ് ഉടമകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുകയും അവരുടെ പരാതികൾക്ക് പരിഹാരം കാണുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇന്ന് ഇന്ത്യയിലെ ഇൻഷുറൻസ് ബിസിനസിന്റെ നിയന്ത്രണം കയ്യാളുന്ന ഏറ്റവും ഉന്നതമായ സ്ഥാപനമാണ് ഇൻഷുറൻസ് റഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി. ഉയർന്ന തരത്തിലുള്ള ഇൻഷുറൻസ് വ്യാപനവും ഇൻഷുറൻസ് സാന്ദ്രതയും ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഏറ്റവും വേണ്ടുന്ന ഒരു കാര്യമാണ്. ഇതാണ് ഒരു രാജ്യത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനുമുള്ള ഇൻഷുറൻസ് പരിരക്ഷയുടെ തോതും അതുപോലെ അവരുടെ ജീവിത നിലവാരവും സൂചിപ്പിക്കുന്നത്. അതിനാൽ ഒരു രാജ്യം സാമ്പത്തികമായും സാമൂഹികവുമായും മുൻനിരയിലെത്തണമെങ്കിൽ ഉയർന്ന തരത്തിലുള്ള ഇൻഷുറൻസ് വ്യാപനം അത്യന്താപേക്ഷിതമാണ്.

## ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഇൻഷുറൻസ് സ്ഥാപനങ്ങൾ

2017 മാർച്ച് മാസത്തെ കണക്കനുസരിച്ച് ഇന്ത്യയിൽ 54 ഇൻഷുറൻസ് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 24 എണ്ണം ലൈഫ് ഇൻഷുറൻസ് മേഖലയിലും 24 എണ്ണം ജനറൽ ഇൻഷുറൻസ് മേഖലയിലുമാണ് പ്രവർത്തിക്കുന്നത്. ഇതിനുപുറമെ 5 കമ്പനികൾ ആരോഗ്യ ഇൻഷുറൻസ് മാത്രമായി വിപണിയിൽ നിലനിൽക്കുന്നുണ്ട്. കൂടാതെ ജനറൽ ഇൻഷുറൻസ് കോർപ്പറേഷൻ ഇന്ത്യയിലെ ഏക റീ ഇൻഷുററായി ഇൻഷുറൻസ് വിപണിയിൽ നിലനിൽക്കുന്നു.

ഇന്ത്യയിൽ പ്രവർത്തിക്കുന്ന 54 ഇൻഷുറൻസ് കമ്പനികളിൽ എട്ടെണ്ണം പൊതുമേഖലയിലും 46 എണ്ണം സ്വകാര്യമേഖലയിലുമാണ് നിലനിൽക്കുന്നത്. പൊതുമേഖലയിലുള്ള എട്ട് ഇൻഷുറൻസ് കമ്പനികളിൽ ഒരെണ്ണം ലൈഫ് ഇൻഷുറൻസ് മേഖലയിലും (ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ - 1956) നാലെണ്ണം ജനറൽ ഇൻഷുറൻസ് മേഖലയിലും (നാഷണൽ ഇൻഷുറൻസ്, ന്യൂഇന്ത്യാ ഇൻഷുറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്, ഓറിയന്റൽ ഇൻഷുറൻസ്) പ്രവർത്തിക്കുന്നു. ഇവയെ കൂടാതെ എക്സ്പോർട്ട് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ (ഇ.സി.ജി.സി), അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനി (എഐസി) എന്നീ രണ്ട് സ്പെഷ്യലൈസ്ഡ് ഇൻഷുറൻസ് കമ്പനികളും ജനറൽ ഇൻഷുറൻസ് കോർപ്പറേഷൻ എന്ന റീഇൻഷുറൻസ് കമ്പനിയും പൊതുമേഖലയിൽ പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ 23 ലൈഫ് ഇൻഷുറൻസ് കമ്പനികളും, 18 ജനറൽ ഇൻഷുറൻസ് കമ്പനികളും, 5 ആരോഗ്യ ഇൻഷുറൻസ് കമ്പനികളും നിലവിൽ ഇന്ത്യയിൽ പ്രവർത്തിക്കുന്നു.

**ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇൻഷുറൻസ് കമ്പനികൾ (2017 മാർച്ചിലെ കണക്ക് പ്രകാരം)**

| ഇൻഷുറൻസ് തരം | പൊതുമേഖല | സ്വകാര്യമേഖല | ആകെ |
|---|---|---|---|
| ലൈഫ് | 1 | 23 | 24 |
| ജനറൽ | 6 | 18 | 24 |
| ആരോഗ്യ ഇൻഷുറൻസ് | 0 | 5 | 5 |
| റീ ഇൻഷുറൻസ് | 1 | 0 | 1 |
| മൊത്തം | 8 | 46 | 54 |

(ഉറവിടം : ഇൻഷുറൻസ് റഗുലേറ്ററി അതോറിറ്റി റിപ്പോർട്ട്)

## ഇൻഷുറൻസ് വ്യാപനവും സാന്ദ്രതയും: ആഗോളതലത്തിൽ

ഇൻഷുറൻസ് വ്യാപനത്തിന്റെ തോത് ഒരു രാജ്യത്തെ ഇൻഷുറൻസ് വിപണിയുടെ വികസനത്തെയാണ് സൂചിപ്പിക്കുന്നത്. ഇൻഷുറൻസ് വ്യാപനം കണക്കാക്കുന്നത് ഒരു രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനവും അതോടൊപ്പം ഇൻഷുറൻസ് മേഖലയിൽ നിന്നുള്ള പ്രീമിയം തുകയും തമ്മിലുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ്. ലൈഫ് ഇൻഷുറൻസ് മേഖലയുടെ വ്യാപനം കണക്കാകുന്നത്, ലൈഫ് ഇൻഷുറൻസ് മേഖലയിൽ നിന്ന് ലഭിച്ച പ്രീമിയം തുകയുടെയും മൊത്തം ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതവും കണക്കാക്കിയാണ്. അതോടൊപ്പം ജനറൽ ഇൻഷുറൻസ് മേഖലയുടെ വ്യാപനം കണക്കാക്കുന്നത് ഇൻഷുറൻസ് മേഖലയിൽ നിന്ന് ലഭിച്ച പ്രീമിയം തുകയുടെയും മൊത്തം ആഭ്യന്തര ഉല്പാദവും തമ്മിലുള്ള അനുപാതവും അനുസരിച്ചാണ്. ഒരു രാജ്യ


ത്തെ ഇൻഷുറൻസ് സാന്ദ്രത കണക്കാക്കുന്നത് ആ രാജ്യത്തെ മൊത്തം ലഭിച്ച ഇൻഷുറൻസ് പ്രീമിയവും മൊത്തം ജനസംഖ്യയും തമ്മിലുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ്. ഒരു രാജ്യത്തിലെ ജനങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ ഇൻഷുറൻസ് സാന്ദ്രതയുടെ അളവിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഇത് ജനങ്ങളുടെ ജീവിത നിലാരത്തിന്റെയും സാമൂഹിക അഭിവൃദ്ധിയുടെയും സൂചകങ്ങളാണ്.

| മേഖല/രാജ്യങ്ങൾ | ലൈഫ് ഇൻഷുറൻസ് | സ്വകാര്യമേഖല | മൊത്തം |
|---|---|---|---|
| വികസിത രാജ്യങ്ങൾ | 2.5 | 2.6 | 2.5 |
| വികസ്വര രാജ്യങ്ങൾ | 12 | 7.8 | 9.8 |
| ഏഷ്യ | 7.8 | 8.2 | 8.2 |
| ഇന്ത്യ | 7.8 | 8.1 | 7.9 |
| ലോകം | 4 | 3.6 | 3.8 |

(Source: Swiss Re, Sigma No/2016 data is in USD)

മുകളിൽ സൂചിപ്പിച്ച പട്ടികയിൽ നിന്നും ലൈഫ് ഇൻഷുറൻസ് മേഖലയിൽ നിന്നും ജനറൽ ഇൻഷുറൻസ് മേഖലയിൽ നിന്നും വിവിധ രാജ്യങ്ങൾക്ക് ഉണ്ടായ പ്രീമിയം തുകയുടെ മുൻവർഷത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വളർച്ചാനിരക്കിനെയാണ് കാണിക്കുന്നത്. ഇതിൽ നിന്നും ഇന്ത്യയുടെ പ്രീമിയം തുകയുടെ വളർച്ചാ നിരക്ക് ഏഷ്യൻ രാജ്യങ്ങളുടെയും, വികസ്വരരാജ്യങ്ങളുടെയും ശരാശരി വളർച്ചാ നിരക്കിനേക്കാൾ താഴ്ന്ന നിലയിലുള്ളതാണെന്ന് വ്യക്തമാകുന്നതാണ്.

### 2015-ൽ വിവിധ രാജ്യങ്ങളിലെ ഇൻഷുറൻസ് വ്യാപനം




(ഉറവിടം : ഇൻഷുറൻസ് റഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി റിപ്പോർട്ട്-2016)

മുകളിൽ കാണിച്ചിരിക്കുന്ന ചിത്രത്തിൽ നിന്നും വിവിധ രാജ്യങ്ങളുടെ ഇൻഷുറൻസ് വ്യാപനം വ്യക്തമാകുന്നതാണ്. ഇതിൽ നിന്നും ലോകത്ത് ഏറ്റവും കൂടുതൽ ഇൻഷുറൻസ് വ്യാപനം ഉള്ള രാജ്യങ്ങൾ തായ്‌വാനും, ഹോങ്കോങ്ങും, ദക്ഷിണാഫ്രിക്കയുമാണെന്ന് കാണുവാൻ കഴിയും. ഏറ്റവും കുറവ് ഇൻഷുറൻസ് വ്യാപനം പാകിസ്ഥാൻ, ശ്രീലങ്ക, റഷ്യ തുടങ്ങിയ രാഷ്ട്രങ്ങൾക്കാണെന്ന് മനസിലാക്കുവാൻ കഴിയും. ഇന്ത്യ




യുടെ ഇൻഷുറൻസ് വ്യാപനം ലോക ശരാശരിയേക്കാൾ കുറവാണെന്ന വസ്തുത ഇന്ത്യക്ക് ഇൻഷുറൻസ് വിപണിയിൽ ഇനിയേറെ മുന്നേറാനുണ്ടെന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെടേണ്ട ഒന്നാണ്. അതിനായി ഇൻഷുറൻസ് എന്ന സാമൂഹ്യ സുരക്ഷാ മാർഗത്തെക്കുറിച്ചുള്ള അവബോധം ജനങ്ങൾക്കിടയിൽ സൃഷ്ടിക്കുവാൻ ഭരണാധികാരികൾക്കും, ഇൻഷുറൻസ് കമ്പനികൾക്കും, നിയന്ത്രണ ഏജൻസികൾക്കും വലിയ പങ്ക് വഹിക്കാനുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ ഇൻഷുറൻസ് സാന്ദ്രതയുള്ള രാജ്യങ്ങൾ സ്വിറ്റ്സർലാന്റും, ഹോങ്കോങ്ങും ബ്രിട്ടനുമാണെന്നും കുറവുള്ള രാജ്യങ്ങൾ പാകിസ്ഥാനും, ശ്രീലങ്കയും ഇന്ത്യയുമാണെന്നും കാണുവാൻ സാധിക്കും. അതുകൂടാതെ ഇന്ത്യയുടെ ഇൻഷുറൻസ് സാന്ദ്രത ലോകശരാശരിയേക്കാൾ താഴ്ന്ന നിലയിലാണെന്ന് മനസിലാക്കാൻ ഇതിലൂടെ കഴിയും. അതുപോലെ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ജനസാന്ദ്രതയുള്ള രാജ്യമായ, ഇന്ത്യയ്ക്ക് ഇൻഷുറൻസ് സാന്ദ്രത കൂടുതൽ കൈവരിക്കുകയെന്നത് കൂടുതൽ ആളുകളിലേക്ക് ഇൻഷുറൻസിന്റെ പരിരക്ഷ എത്തിക്കുക എന്നതുകൂടിയാണ്. അതുവഴി ബഹുഭൂരിപക്ഷം ജനങ്ങൾക്കും പ്രത്യേകിച്ചും സാമൂഹിക സാമ്പത്തിക കാര്യങ്ങളിൽ താഴേതട്ടിലുള്ള ജനവിഭാഗങ്ങളെ സാമൂഹ്യ സുരക്ഷാ പദ്ധതിയിലൂടെ സമൂഹത്തിന്റെ മുൻധാരയിലേക്ക് എത്തിക്കുക എന്ന ഭരണകൂടത്തിന്റെ കർത്തവ്യം നിർവ്വഹിക്കുക എന്നതു കൂടിയാണ്.

## ഇൻഷുറൻസ് വ്യാപനയും സാന്ദ്രതയും ഇന്ത്യയിൽ

2015-ലെ കണക്കനുസരിച്ച് ആഗോളതലത്തിൽ ലൈഫ് ഇൻഷുറൻസിൽ നിന്നുള്ള പ്രീമിയം മൊത്തം പ്രീമിയത്തിന്റെ 55.6% ആണ്. ഇന്ത്യയിൽ ലൈഫ് ഇൻഷുറൻസ് മേഖലയിൽ നിന്നുള്ള പ്രീമിയം കളക്ഷൻ 79% ഉം ജനറൽ ഇൻഷുറൻസ് മേഖലയിൽ നിന്ന് 21% ശതമാനവുമാണ്. 2015-ലെ സ്വിസ്, റി സിഗ്മ റിപ്പോർട്ട് പ്രകാരം ഇന്ത്യയ്ക്ക് ലൈഫ് ഇൻഷുറൻസ് ബിസിനസ് കാര്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട 88 രാജ്യങ്ങളിൽ നിന്ന് പത്താമത്തെ സ്ഥാനമാണ് ലഭിച്ചിരിക്കുന്നത്. അതോടൊപ്പം ഇന്ത്യയിൽ ലൈഫ് ഇൻഷുറൻസ് ബിസിനസിന്റെ പങ്കാളിത്തം ആഗോളതലത്തിൽ 2014-ൽ 2.08% ആയിരുന്നത് 2015-ൽ 2.24 ശതമാനമായി ഉയർന്ന വസ്തുത ഇന്ത്യൻ ലൈഫ് ഇൻഷുറൻസ് ബിസിനസിന്റെ വ്യാപനത്തെയാണ് കാണിക്കുന്നത്.

ആഗോളതലത്തിൽ ജനറൽ ഇൻഷുറൻസ് ബിസിനസിന്റെ പ്രീമിയം വരുമാനത്തിന്റെ വളർച്ച 2015-ൽ 3.6% മാത്രമായിരുന്നു. എന്നാൽ ഇന്ത്യയിൽ ഇത് 8.1 ശതമാനം വളർച്ച നേടി. അതോടൊപ്പം ഇന്ത്യൻ ജനറൽ ഇൻഷുറൻസ് ബിസിനസിലൂടെ ലഭിക്കുന്ന പ്രീമിയം തുക ആഗോളമൊത്ത ജനറൽ ഇൻഷുറൻസ് ബിസിനസിലൂടെ ലഭിക്കുന്ന പ്രീമിയം തുകയുടെ 0.75 ശതമാനം മാത്രമാണ്. 2015-ലെ കണക്കനുസരിച്ച് ഇന്ത്യൻ ജനറൽ ഇൻഷുറൻസ് ബിസിനസിന് 18-ാം സ്ഥാനമാണ് ആഗോളതലത്തിലുള്ള 88 രാജ്യങ്ങളുടെ കണക്കെടുപ്പിൽ നിന്ന് ലഭ്യമായിട്ടുള്ളത്.

ഇൻഷുറൻസ് സാന്ദ്രത കൂടുതൽ ഉണ്ടായ വർഷം 2010ലാണ്. 2001-ൽ 11.5 അമേരിക്കൻ ഡോളറായിരുന്ന ഇൻഷുറൻസ് സാന്ദ്രത 2010-ൽ 64.4 അമേരിക്കൻ ഡോളറായി വർദ്ധിക്കുകയായിരുന്നു. 2015-ൽ ഇൻഷുറൻസ് സാന്ദ്രത ഇന്ത്യയിൽ 54.7 അമേരിക്കൻ ഡോളറായിരുന്നു.

ലൈഫ് ഇൻഷുറൻസ് ബിസിനസിന്റെ സാന്ദ്രത ഇന്ത്യയിൽ 2001-ൽ 9.1 അമേരിക്കൻ ഡോളറായിരുന്നത് 2010-ൽ ഏറ്റവും ഉയർന്ന സാന്ദ്രതയായ 55.7 അമേരിക്കൻ ഡോളറായി ഉയർന്നു. 2015-ൽ ലൈഫ് ഇൻഷുറൻസ് സാന്ദ്രത 43.2 അമേരിക്കൻ ഡോളറായി കുറയുന്നതാണ് സ്ഥിതി വിവര കണക്കുകളിൽ നിന്ന് കാണുവാൻ കഴിയുന്നത്. അതോടൊപ്പം 2001-ൽ 2.15 ശത

മാനം ഇൻഷുറൻസ് വ്യാപനം ഉണ്ടായിരുന്നത്, 2009-ൽ ഏറ്റവും ഉയർന്ന വ്യാപനമായ 4.60 ശതമാനമായി ഉയർന്നു. അതിനുശേഷം ഇൻഷുറൻസ് വ്യാപനം കുറഞ്ഞ രീതിയിലാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി കാണുവാൻ കഴിയുന്നത്. 2015-ൽ ഇൻഷുറൻസ് വ്യാപനം 2014-ഉം അപേക്ഷിച്ച് നേരിയ വർദ്ധനവിലാണ് ഉള്ളത്. 2.6 ശതമാനത്തിൽ നിന്നും 2.72 ശതമാനത്തിലേക്ക് ഉയരുകയാണ് ചെയ്തത്.

ജനറൽ ഇൻഷുറൻസ് മേഖലയുടെ വ്യാപനം കഴിഞ്ഞ 10 വർഷങ്ങളായി ഏറെക്കുറെ ഒരേ നിലയിലാണ്. ഇത് 0.5-0.8 ശതമാനം നിലയിൽ വർദ്ധനവില്ലാതെ തുടരുന്നത്, ജനറൽ ഇൻഷുറൻസ് വിപണിയുടെ കുറഞ്ഞ രീതിയിലുള്ള വ്യാപനത്തെയാണ് കാണിക്കുന്നത്. ജനറൽ ഇൻഷുറൻസ് വിപണിയുടെ സാന്ദ്രത 2001-ൽ 2.4 അമേരിക്കൻ ഡോളറായിരുന്നത്, 2015-ൽ 11.5 അമേരിക്കൻ ഡോളറായി ഉയർന്നു.

**ഇന്ത്യയിലെ ഇൻഷുറൻസ് വ്യാപനവും സാന്ദ്രതയും**

| വർഷം | ലൈഫ് ഇൻഷുറൻസ് | | ജനറൽ ഇൻഷുറൻസ് | | ഇൻഷുറൻസ് മൊത്തം | |
|---|---|---|---|---|---|---|
| | സാന്ദ്രത (യു.എസ്.ഡി) | വ്യാപനം (ശതമാനം) | സാന്ദ്രത (യു.എസ്.ഡി) | വ്യാപനം (ശതമാനം) | സാന്ദ്രത (യു.എസ്.ഡി) | വ്യാപനം (ശതമാനം) |
| 2006 | 33.2 | 4.1 | 5.2 | .6 | 38.4 | 4.8 |
| 2007 | 40.4 | 4 | 6.2 | .6 | 46.6 | 4.7 |
| 2008 | 41.2 | 4 | 6.2 | .6 | 47.4 | 4.6 |
| 2009 | 47.7 | 4.6 | 6.7 | .6 | 54.3 | 5.2 |
| 2010 | 55.7 | 4.4 | 8.7 | .71 | 64.4 | 5.1 |
| 2011 | 49 | 3.4 | 10 | .7 | 59 | 4.1 |
| 2012 | 42.7 | 3.17 | 10.5 | .78 | 53.2 | 3.96 |
| 2013 | 41 | 41 | 11 | .8 | 52 | 3.9 |
| 2014 | 44 | 2.6 | 11 | .7 | 55 | 3.3 |
| 2015 | 43.2 | 2.72 | 11.5 | .72 | 54.7 | 3.44 |

(കുറുപ്പ് 1. ഇൻഷുറൻസ് സാന്ദ്രത കണക്കാക്കുന്നത് മൊത്തം പ്രീമിയ തുകയും മൊത്തം ജനസംഖ്യയും തമ്മിലുള്ള അനുപാതത്തിലാണ്.

കുറുപ്പ് 2. ഇൻഷുറൻസ് വ്യാപനം കണക്കാക്കുന്നത് മൊത്തം പ്രീമിയം തുകയും മൊത്തം ആഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതത്തിലാണ്.)

മുകളിൽ പ്രസ്താവിച്ച പട്ടികയിൽ നിന്ന് ഇന്ത്യയിലെ ലൈഫ് ഇൻഷുറൻസ് മേഖലയുടെ വ്യാപനവും സാന്ദ്രതയും കുറഞ്ഞ നിലവാരത്തിലാണെന്നു കാണുവാൻ കഴിയും. എന്നാൽ ജനറൽ ഇൻഷുറൻസ് മേഖല ഏറെക്കുറെ ഒരേ താഴ്ന്ന നിലവാരത്തിൽ ആണ് ഉള്ളത്. എന്നാൽ ഇൻഷുറൻസ് വിപണി മൊത്തത്തിൽ നോക്കുകയാണെങ്കിൽ ഓരോ വർഷവും ഇൻഷുറൻസ് വ്യാപനവും സാന്ദ്രതയും കുറഞ്ഞുവരുന്ന രീതിയിലാണ് കാണുവാൻ കഴിയുന്നത്.

## ഇൻഷുറൻസ് മേഖലയുടെ വ്യാപനവും സാന്ദ്രതയും വർദ്ധിപ്പിക്കുവാനുള്ള മാർഗങ്ങൾ

ഇൻഷുറൻസ് മേഖലയുടെ വ്യാപനവും സാന്ദ്രതയും വർദ്ധിപ്പിക്കാൻ നിരവധി മാർഗങ്ങൾ അവലംബിക്കേണ്ടത് ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിനു കൂടി വേണ്ടിയാണ്. ഇന്ത്യയെ പോലെയുള്ള ജനസംഖ്യയിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു രാജ്യത്ത് ഇൻഷുറൻസ് വിപണിയുടെ വ്യാപനം കുറഞ്ഞതോതിലായതുകൊണ്ട് ഇനിയും ഒരുപാട് അവസരങ്ങൾ ഈ മേഖലയിൽ നിന്ന് നേടിയെടുക്കുവാൻ ഇൻഷുറൻസ് കമ്പനികൾക്ക് സാധിക്കും. അതുവഴി നമ്മുടെ സാമ്പത്തിക സാമൂഹിക മേഖലയിൽ വളർച്ചയുണ്ടാക്കാൻ കഴിയുമെന്നത് ഒരു വസ്തുതയാണ്. താഴെ പ്രസ്താവിക്കുന്ന മാർഗ്ഗങ്ങളിലൂടെ ഇൻഷുറൻസിന്റെ വ്യാപനവും സാന്ദ്രതയും വർദ്ധിപ്പിക്കാൻ ഇൻഷുറൻസ് കമ്പനികൾക്ക് സാധിക്കും.

**1. ഉപഭോക്താക്കളുടെയും ഇൻഷുറൻസ് മേഖലയിൽ നിലനിൽക്കുന്നവരുടെയും ആവശ്യങ്ങൾ സംരക്ഷിക്കുക വഴി:**

ഒരു സേവനമേഖല എന്ന നിലയിൽ ഇൻഷുറൻസിന്റെ പ്രാഥമിക ലക്ഷ്യം എന്നത് ഉപഭോക്തക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ്. അതിനായി അവർക്കാവശ്യമായിട്ടുള്ള സേവനങ്ങൾ അവർ ആഗ്രഹിക്കുന്ന സമയത്ത് അവർക്ക് ലഭ്യമാക്കുക എന്നുള്ളത് ഇൻഷുറൻസ് കമ്പനികളുടെ ഉത്തരവാദിത്തമാണ്. ഇൻഷുറൻസ് പദ്ധതികളുടെ രൂപീകരണസമയത്തും പ്രീമിയം തുകയുടെ നിർണ്ണയ സമയത്തും ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കേണ്ടത് ഇൻഷുറൻസ് കമ്പനികളുടെ ഉത്തരവാദിത്തമാണ്. ഇൻഷുറൻസ് ഏജന്റുമാരുടെ സേവനവും, കാലാവധി പൂർത്തിയാക്കുമ്പോഴോ ഇൻഷുറൻസ് എടുത്തിരിക്കുന്ന വ്യക്തികളുടെ മരണം സംഭവിക്കുന്ന

സമയത്തോ ഇൻഷുറൻസ് തുക അനാവശ്യ ബുദ്ധിമുട്ടുകൾ പോളിസി ഉടമകൾക്കുണ്ടാകാത്ത രീതിയിൽ അവർക്ക് ലഭ്യമാക്കി അവരുടെ സംതൃപ്തി കാത്തു സൂക്ഷിക്കേണ്ടത് ഇൻഷുറൻസ് കമ്പനികളുടെ ബാദ്ധ്യതയാണ്. അതൊക്കെ ചെയ്യുന്നതുവഴി കമ്പനികൾക്ക് അവരുടെ ബിസിനസ്സ് വ്യാപിപ്പിക്കുന്നതിനു സംതൃപ്തമായ ഉപഭോക്താക്കളെ നിലനിർത്തുന്നതിനും സാധിക്കും. ഇത് നമ്മുടെ രാജ്യത്തെ ഇൻഷുറൻസ് വിപണിയുടെ സാന്ദ്രതയെയും വ്യാപനത്തെയും അന്താരാഷ്ട്ര നിലവാരത്തെക്കാൾ ഉയർന്ന തോതിലേക്ക് ഉയർത്തുവാൻ സഹായിക്കും. രണ്ടാമതായി ഇൻഷുറൻസ് വിപണിയെ നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നത് ഇൻഷുറൻസ് വിപണനം നടത്തുന്നവരാണ്. അവരെ ഇൻഷുറൻസ് ഏജന്റുമാരെന്നു വിളിക്കുന്നു. ഇൻഷുറൻസ് ഏജന്റുമാർ ഇൻഷുറൻസ് മേഖലയിലെ നിലനിൽപ്പിന്റെ അവിഭാജ്യഘടകമാണ്. അവരുടെ സംതൃപ്തിയും ജോലിയോടുള്ള താല്പര്യവും നിലനിർത്തുന്നതിന് ആവശ്യമായ സേവന വേതന വ്യവസ്ഥകൾ അവർക്ക് ലഭ്യമാക്കേണ്ടത് അവരുടെ കൊഴിഞ്ഞു പോക്കിന് അവസാനം വരുത്തുവാൻ സഹായിക്കുന്ന ഒരു കാര്യമാണ്. നിലവിൽ ഇൻഷുറൻസ് കമ്പനികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏജന്റുമാരുടെ കുറവും അവരുടെ കൊഴിഞ്ഞുപോക്കുമാണ്. അതോടൊപ്പം ഇൻഷുറൻസ് കമ്പനികളുടെ താല്പര്യങ്ങളും സംരക്ഷിക്കുക എന്നത് ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. ഇൻഷുറൻസ് കമ്പനികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സാഹചര്യം ഒരുക്കേണ്ടത് ഗവൺമെന്റിന്റെ കർത്തവ്യമാണ്. ഒരു സാമൂഹിക സുരക്ഷാ പദ്ധതി എന്ന നിലയിൽ ഇൻഷുറൻസിന്റെ വ്യാപനവും സാന്ദ്രതയും ജനങ്ങളുടെ ജീ വിതനിലവാരത്തെ ഉയർത്തുന്ന ഘടകങ്ങളാണ്. 2014– ൽ ഇൻഷുറൻസ് മേഖലയിലെ വിദേശ നിക്ഷേപത്തിന്റെ പരിധി 49% മായി ഉയർത്തിയത് അനേകം വിദേശ ഇൻഷുറൻസ് കമ്പനികളെ ഇന്ത്യൻ വിപണിയിലേക്ക് ആകർഷിക്കാൻ ഇടയാക്കിയിട്ടുണ്ട്.

**2. ഇൻഷുറൻസ് മേഖലയിലൂടെയുള്ള നിക്ഷേപം സാമ്പത്തിക വളർച്ചയുടെ സഹായിയായി വർത്തിക്കുന്നു:** ഇൻഷുറൻസ് മേഖലയിലൂടെയുള്ള പണത്തിന്റെ സ്വരൂപണം ഇന്ത്യയുടെ സാമ്പത്തിക വികസനത്തിന് ഉപയോഗിക്കുകയാണെന്ന വസ്തുത ആർക്കും വിസ്മരിക്കാൻ കഴിയാത്ത ഒന്നാണ്. ഇന്ത്യൻ ഓഹരി വിപണിയുടെ ഏറ്റവും ഉയർന്ന നിക്ഷേപകർ ഇൻഷുറൻസ് കമ്പനികളാണെന്ന വസ്തുത നിരവധി കണക്കുകളിൽ നിന്നും ലഭ്യമായിട്ടുള്ള ഒന്നാണ്. ഈ തുക നമ്മുടെ രാജ്യത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടിയും ഉപയോഗിക്കുന്നതാണ്. ഇൻഷുറൻസ് വിപണിയിലൂടെ ശേഖരിക്കുന്ന തുക പല ബിസിനസ്സ് സ്ഥാപനങ്ങളും അവരുടെ വികസനത്തിനു വേണ്ടിയും പുതിയ ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയും ഉപയോഗിക്കുന്നു. അതുവഴി നിരവധി തൊഴിലവസരങ്ങൾ നമ്മുടെ രാജ്യത്തിൽ ഉണ്ടാകുന്നു. ഇൻഷുറൻസിന്റെ പരമപ്രധാനമായ ലക്ഷ്യം നഷ്ട സാദ്ധ്യത കുറയ്ക്കുക എന്നുള്ളതാണ്. ദേശീയ പ്രാധാന്യമുള്ള വസ്തുക്കളുടെയും സംരക്ഷണം ഇൻഷുറൻസിലൂടെ നിറവേറ്റപ്പെടുന്നുണ്ട്.




**3. ആരോഗ്യ ഇൻഷുറൻസിന്റെ വ്യാപനം:** ആഗോള ആരോഗ്യ ഇൻഷുറൻസ് മേഖല 2013 മുതൽ 2017 വരെയുള്ള കാലയളവിൽ 5% മുതൽ 9% വരെയുള്ള വളർച്ചാ നിരക്കാണ് പ്രതീക്ഷിക്കുന്നത്. വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവും പുതിയ രോഗങ്ങളുടെ വരവും ഈ മേഖലയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഇന്ത്യയിൽ വർദ്ധിച്ചു വരുന്ന വൃദ്ധജനങ്ങളുടെ എണ്ണവും ആയുർ ദൈർഘ്യവും ആരോഗ്യ ഇൻഷുറൻസ് മേഖലയുടെ വ്യാപനത്തിന് ഇടയാക്കുന്ന ഒന്നാണ്. സ്വിറ്റ്സർലാന്റ് പോലുള്ള വിദേശരാജ്യങ്ങളിൽ ആരോഗ്യ ഇൻഷുറൻസ് നിർബന്ധമാക്കിയതുപോലെ ഇന്ത്യയിലും ആരോഗ്യഇൻഷുറൻസിന്റെ വ്യാപനത്തിന് ഗവൺമെന്റിന്റെ ഇടപെടലിലൂടെ മുഴുവൻ ജനങ്ങൾക്കും ആശുപത്രി ചെലവുകളുടെ ഭാരമില്ലാതെ ആരോഗ്യ ഇൻഷുറൻസ് നൽകുവാൻ കഴിഞ്ഞാൽ സംതൃപ്തരായ ജനവിഭാഗങ്ങളെ സൃഷ്ടിക്കുവാൻ സഹായിക്കും.

**4. ഇൻഷുറൻസ് മേഖലയിലെ സമഗ്രമായ നിയന്ത്രണം:** വിദേശരാജ്യങ്ങളിൽ ഇൻഷുറൻസിന്റെ നടത്തിപ്പ് നിരന്തരമായ ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾക്കും പോളിസി ഉടമകളുടെ സംരക്ഷണത്തിനും ഊന്നൽ നൽകുന്ന രീതിയിലാണ്. ഇന്ത്യയിലെ ഇൻഷുറൻസ് മേഖലയിൽ പോളിസി ഉടമകളുടെ നിരവധി പരാതികൾ പ്രത്യേകിച്ചും, സ്വകാര്യമേഖലകളിൽ നിന്നും ഇൻഷുറൻസ് ക്ലെയിം തീർപ്പ് കല്പിക്കുന്നതിനെ സംബന്ധിച്ച കാലതാമസവും ക്ലെയിം നിഷേധിക്കലും ഇൻഷുറൻസ് നിയന്ത്രണാധികാരികളായ ഇൻഷുറൻസ് ഓംബുഡ്സ്മാന്റെയും ഇൻഷുറൻസ് റഗുലേറ്ററി അതോറിറ്ററിയുടെയും മുന്നിൽ പരാതികളായി വരാറുള്ളതാണ്. അതുപോലെ ആവശ്യത്തിനു നിക്ഷേപമില്ലാത്ത ഇൻഷുറൻസ് കമ്പനികളും ഇൻഷുറൻസ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം കമ്പനികൾ

കാലക്രമേണ ഉപഭോക്താക്കളെ ചൂഷണം ചെയ്യും എന്നുള്ളത് വസ്തുതാപരമായ കാര്യമാണ്. അതിനാൽ ഇൻഷുറൻസ് മേഖലയിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള നിയന്ത്രണം അനിവാര്യമായ ഘടകമാണ്.

**5. മെച്ചപ്പെട്ട രീതിയിലുള്ളതും പുതിയ മാർഗങ്ങളിലൂടെയുമുള്ള ഇൻഷുറൻസ് വിതരണം:** ഇൻഷുറൻസ് ഉല്പന്നങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി പുതിയ മാർഗങ്ങളും നിലവിലുള്ള മാർഗങ്ങളുടെ മെച്ചപ്പെട്ട ഉപയോഗവുമാണ് ആവശ്യം. പരമ്പരാഗതമാർഗങ്ങളായ ഇൻഷുറൻസ് ഏജന്റുമാരുടെ എണ്ണം വർദ്ധിപ്പിക്കുകയും അതോടൊപ്പം വിരമിച്ച ജോലിക്കാരെയും നിലവിലുള്ള ജോലിക്കാരെയും രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കുന്നരേയും ഇൻഷുറൻസ് വിപണനത്തിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്. അതിനായി പൊതുജനങ്ങൾക്കിടയിൽ മെച്ചപ്പെട്ട അവബോധം സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. ബാങ്കുകളിലൂടെയുള്ള ഇൻഷുറൻസ് ഇതിനകം പ്രചാരം നേടിയിട്ടുള്ള ഒന്നാണ്. അതോടൊപ്പം മറ്റുള്ള മേഖലകളിലൂടെയുള്ള ഇൻഷുറൻസിന്റെ വ്യാപനം ഉറപ്പാക്കേണ്ടതാണ്.

**6. ഉത്തമവിശ്വാസം സൃഷ്ടിക്കൽ:** ഇൻഷുറൻസിന്റെ അടിസ്ഥാനതത്വം എന്നുള്ളത് പരസ്പര വിശ്വാസമാണ്. ഇൻഷുറൻസ് എടുക്കുന്ന അവസരത്തിൽ ഇൻഷുറൻസ് കമ്പനിയും ഇൻഷുറൻസ് എടുക്കുന്ന വ്യക്തിയും പൂർണ്ണമായും വിവരങ്ങൾ വെളിപ്പെടുത്തിയിരിക്കണം. തെറ്റായ വിവരങ്ങളാണ് പലപ്പോഴും ഇന്ത്യയിൽ ഇൻഷുറൻസ് സംബന്ധമായ പരാതികൾക്കിടയാക്കിയിട്ടുള്ളത്. തെറ്റായ വിവരങ്ങൾ നല്കുന്നതു മൂലം ഇൻഷുറൻസ് കമ്പനികൾ പലപ്പോഴും ക്ലെയിം തീർപ്പാക്കുന്ന സമയത്ത് ഒട്ടനവധി അന്വേഷണങ്ങളും അതോടൊപ്പം നിയമപരമായും, മറ്റുമുള്ള ചെലവുകൾക്കും ധാരാളം തുക ചെലവഴിക്കാറുണ്ട്. ഇത് ശരിയായ വിവരം നല്കുന്ന ഉപഭോക്തക്കൾക്കു പോലും ക്ലെയിം തീർപ്പാക്കുന്ന സമയത്ത് ഒട്ടനവധി ബുദ്ധിമുട്ടുകൾക്കിടയാക്കുന്നുണ്ട്. ആയതിനാൽ ഉത്തമവിശ്വാസം ഇൻഷുറൻസ് മേഖലയ്ക്ക് അത്യന്താപേക്ഷിതമായ ഒന്നാണ്.

## ഇന്ത്യയിലെ ഇൻഷുറൻസ് വിപണിയുടെ ഭാവി

അസ്സോസിയേഷൻ ഓഫ് ചേംബേഴ്സ് ഓഫ് കോമേഴ്സിന്റെ അടുത്തിടെയുള്ള റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഇൻഷുറൻസ് വ്യാപനം 4% ആയി ഉയരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതിനുള്ള കാരണം ഗവൺമെന്റിന്റെ ഇൻഷുറൻസ് മേഖലയിലുള്ള ഇടപെടലാണ്. പ്രധാനമന്ത്രി ഭീമായോജന, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി, ജൻധൻ അക്കൗണ്ടുകൾ തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിലെ താഴെ തട്ടിലുള്ള ആളുകളിലേക്ക് ഇൻഷുറൻസ് പരിരക്ഷ എത്തിക്കുവാൻ ഗവൺമെന്റ് ജാഗ്രതയോടെ പ്രവർത്തിക്കുന്നു. ഇന്ത്യയുടെ ലൈഫ് ഇൻഷുറൻസ് മേഖല ലോകത്തിലെ ഏറ്റവും വലിയ ഇൻഷുറൻസ് മേഖലയാണ്. ഇന്ത്യയിൽ ഏകദേശം 360 ദശലക്ഷം ലൈഫ് ഇൻഷുറൻസ് പോളിസികളാണ് നിലവിലുള്ളത്. അത് ഏകദേശം അടുത്ത 5 വർഷത്തിനുള്ളിൽ 12 മുതൽ 15% വളർച്ചപ്രതീക്ഷിക്കുന്നു. 2020 ഓടുകൂടി ഇന്ത്യൻ ഇൻഷുറൻസ് വിപണി 5% ഇൻഷുറൻസ് വ്യാപനമാണ് കണക്കാക്കിയിട്ടുള്ളത്. ഇന്ത്യയുടെ ജനറൽ ഇൻഷുറൻസ് വിപണി നിലവിൽ 78000 കോടി രൂപയുടേതാണ്. അത് ഓരോ വർഷവും 17% വളർച്ചയാണ് നേടിക്കൊണ്ടിരിക്കുന്നത്. ലോകത്തിലെ മൊത്തം ലഭിക്കുന്ന ഇൻഷുറൻസ് പ്രീമിയത്തിന്റെ 1.5% മാത്രമേ ഇന്ത്യൻ വിപണിയിൽ നിന്ന് ലഭിക്കുന്നുള്ളൂ. അതോടൊപ്പം വളരെയേറെ ജനസംഖ്യയുള്ള നമ്മുടെ രാജ്യത്തിൽ ഇൻഷുറൻസ് മേഖലയുടെ ഒരു വലിയ തലത്തിലുള്ള വ്യാപനമാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഒട്ടനവധി വിദേശ ഇൻഷുറൻസ് കമ്പനികൾ ഇതിനോടൊപ്പം തന്നെ ഇന്ത്യൻ വിപണിയിലേക്ക് പ്രവേശിക്കുവാൻ കാത്തിരിക്കുന്ന കാഴ്ചയാണ് നിലവിൽ കാണാൻ കഴിയുന്നത്.

ഇൻഷുറൻസ് എന്നത് ഒട്ടനവധി അവസരങ്ങളുള്ള ഒരു മേഖലയാണ്. ഇൻഷുറൻസ് കമ്പനികൾക്കും അതുപോലെ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിനും ഇൻഷുറൻസ് നൽകുന്ന പങ്ക് ഒഴിവാക്കുവാൻ കഴിയുന്നതല്ല. ഈ മേഖലയുടെ വ്യാപനം നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടേയും തദ്ദേശ ജനങ്ങളുടെ ജീവിത നിലവാരത്തിന്റെയും വർദ്ധനവിന് ഇടയാക്കുന്ന ഒന്നാണ്. ഇൻഷുറൻസ് കമ്പനികളുടെ നിലനിൽപ്പ് ഇൻഷുറൻസ് എടുത്തയാളുടെ സംതൃപ്തിയേയും അയാൾക്ക് ലഭിക്കുന്ന മെച്ചപ്പെട്ട സേവനങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഇൻഷുറൻസ് എന്നത് ജീവിതത്തിലെ നഷ്ടസാധ്യത കുറയ്ക്കുവാൻ ഉപയോഗിക്കുന്ന ഒരു മാർഗമാണെന്നതും ഒരു പരമ്പരാഗത നിക്ഷേപമാർഗമെന്നതിലുപരി ജനങ്ങളുടെ ജീവിതത്തിന്റെ അനിശ്ചിതത്വം ഇല്ലാതാക്കാനുതകുന്ന ഒരു മാർഗ്ഗമെന്ന നിലയിലുള്ള അവബോധം ജനങ്ങൾക്കിടയിൽ സൃഷ്ടിക്കേണ്ടത് ഇൻഷുറൻസിന്റെ വലിയ തോതിലുള്ള വ്യാപനത്തിന് ഇടയാക്കുന്ന ഒരു കാര്യമാണ്. ഇൻഷുറൻസ് മേഖലയിൽ കൂടുതലും ഉണ്ടാകുന്ന പരാതികൾ ഇൻഷുറൻസ് ക്ലെയിം തീർപ്പാക്കുന്നതു സംബന്ധിച്ചും, നിരവധി അനാവശ്യ തുകകൾ പിരിച്ചെടുക്കുന്നതു സംബന്ധിച്ചുമാണ്. അത്തരം പരാതികൾ സ്വകാര്യമേഖലയെ സംബന്ധിച്ചാണ് അധികവും ഉണ്ടാകുന്നത്. ഇത് ഇൻഷുറൻസിലേക്കുള്ള ജനങ്ങളുടെ താല്പര്യത്തിന് തടയിടുന്ന ഒരു സംഗതയാണ്. ആയതിനാൽ 'കച്ചവടക്കാരൻ ശ്രദ്ധിക്കണം' എന്ന പദം ഇൻഷുറൻസിന്റെ വ്യപനത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ്.

*(ലേഖകർ യഥാക്രമം കേരള യൂണിവേഴ്സിറ്റിയിൽ കോമേഴ്സ് വിഭാഗത്തിൽ ഗവേഷക വിദ്യാർത്ഥിയും ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമാണ്)*



# കുടുംബശ്രീ: ദാരിദ്ര്യ നിർമാർജ്ജനത്തിലൂടെ സാമൂഹ്യ സുരക്ഷ

**ഹാരിസ്. എം**

**കേ**രളത്തിന്റെ ജനാധിപത്യസ്വഭാവത്തെ അതിന്റെ സമ്പൂർണ്ണതയിലെത്തിക്കാനും ബഹുസ്വരതയെ ശരിയായ വിധത്തിൽ ഉൾക്കൊള്ളാനും സ്ത്രീകളുടെ പങ്കാളിത്തവും ഇടപെടലുകളും അത്യന്താപേക്ഷിതമാണ്. സാമ്പത്തികവും സാമൂഹികവുമായ അടിത്തറയെ ശക്തിപ്പെടുത്താനും അതോടൊപ്പം സ്വയം ശാക്തീകരിക്കപ്പെടാനും സ്ത്രീകളുടെ നേതൃത്വം അനിവാര്യമാണ്. ഇത്തരത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ട് 1998-ൽ കേരള സംസ്ഥാന തദ്ദേശസ്വയം ഭരണവകുപ്പ് ആവിഷ്കരിച്ച സംവിധാനമാണ് കുടുംബശ്രീ-സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ (State Poverty Eradication Mission). ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ത്രിതല സംഘടനാ സംവിധാനമാണ് ഇത്. ഈ സംഘടനാ സംവിധാനത്തിന്റെ പ്രാഥമികതലമാണ് അയൽക്കൂട്ടങ്ങൾ/സ്വയം സഹായ സംഘങ്ങൾ (Neighbourhood Groups/Self Help Groups). മധ്യതലമാണ് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി (ADS). മുകൾതലമാണ് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി (CDS).

പതിനെട്ട് വർഷങ്ങൾക്കിപ്പുറം നാൽപ്പതു ലക്ഷത്തിൽപ്പരം അംഗങ്ങളുള്ള കുടുംബശ്രീ ഇന്ന് രാജ്യത്തിന്റെയും ലോകത്തിന്റെ തന്നെയും വിവിധ കോണുകളിൽ ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നതും പഠനവിഷയമായി മാറിക്കൊണ്ടിരിക്കുന്നതുമായ ഒരു ബൃഹത്തായ സംവിധാനമായി മാറിയിട്ടുണ്ട്. അതുകൊണ്ടു തന്നെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ വലിയ അംഗീകാരമാണ് നൽകിവരുന്നത്. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് സ്ത്രീകളുടെ സാമൂഹ്യ സംഘടനാ സംവിധാനത്തിലൂടെയുള്ള സമീപനം കേന്ദ്രസർക്കാർ സ്വീകരിച്ചത് കേരളത്തിലെ കുടുംബശ്രീയുടെയും ആന്ധ്രയിലെ സെർപ്പിന്റെയും അനുഭവത്തിൽനിന്നാണ്. അതിന്റെ ഭാഗമായിട്ടാണ് ദേശീയ ഉപജീവനമിഷന്റെ (Natioanl Rural Livelyhood Mission) കേരളത്തിലെ ചുമതല കുടുംബശ്രീയെ കേന്ദ്രസർക്കാർ ഏൽപ്പിച്ചത്. വികസന ചരിത്രത്തിലെ അത്ഭുതമെന്ന് വിദഗ്ദ്ധരാൽ വിശേഷിപ്പിക്കപ്പെട്ട കുടുംബശ്രീ നവീന ആശയങ്ങളുടെയും വിവിധതരത്തിലുള്ള തൊഴിൽ സംരംഭങ്ങളുടെയും ഏറ്റവും മികച്ച പ്രോത്സാഹനവും പിൻബലവുമാണ് നൽകിവരുന്നത്. കേരളത്തിലാകമാനം കുറഞ്ഞ മൂലധനത്തിൽ തുടങ്ങിയ അരലക്ഷത്തിൽപ്പരം സംരംഭങ്ങളിലൂടെ 600 കോടിയിലധികം പ്രതിവർഷം വിറ്റുവരവു നേടാൻ കഴിയുന്നുണ്ട്. ആദ്യകാലത്ത് 200-ൽ താഴെ മാത്രമുണ്ടായിരുന്ന സംരംഭങ്ങൾ ഇന്ന് മുപ്പതിനായിരം കടന്നത് കേരളത്തിലെ പെൺകരുത്തിന്റെയും കൂട്ടായ്മയുടെയും വിജയമാണ്.

### പ്രചോദനമായി ബാങ്ക് ലിങ്കേജ്

കുടുംബശ്രീയുടെ പ്രാഥമിക ഘടകം എന്നറിയപ്പെടുന്ന അയൽക്കൂട്ടം (NHG/SHG) സമീപപ്രദേശത്ത് താമസിക്കുന്ന 10 മുതൽ 20 എണ്ണം വരെയുള്ള വനിതകളുടെ കൂട്ടായ്മയാണ്. ഓരോ വനിതയും അവരുടെ കുടുംബത്തെയാണ് പ്രതിനിധീകരിക്കുന്നത്. മിതവ്യയസമ്പാദ്യ വായ്പാ പ്രവർത്തനങ്ങളാണ് അയൽക്കൂട്ടത്തിന്റെ പ്രധാന സാമ്പത്തിക പ്രവർത്തനം.

ഓരോ അയൽക്കൂട്ടത്തിനും അംഗത്വരജിസ്റ്റർ, മിനിട്ട്സ് ബുക്ക്, സമ്പാദ്യ വായ്പാ സമാഹിത രജിസ്റ്റർ, വ്യക്തിഗത പാസ് ബുക്ക്, ബാങ്ക് പാസ് ബുക്ക്, ഹാജർപട്ടിക തുടങ്ങിയവ ഉണ്ടായിരിക്കുന്നതാണ്. പ്രവർത്തനമാരംഭിച്ച് 6 മാസമായി നല്ല രീതിയിൽ നടന്നുവരുന്ന അയൽക്കൂട്ടങ്ങൾക്ക് അവയുടെ സമ്പാദ്യത്തിന്റെ നാലിരട്ടി വരെ ബാങ്കിൽനിന്ന് വായ്പ ലഭിക്കുന്നതാണ്. ഇതിന് പ്രത്യേകം ഈട് (Security) നൽകേണ്ടതില്ല. ഇതിന് മുന്നോടിയായി ബാങ്കുകൾ അയൽക്കൂട്ടത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തും. സേവിംഗ്സ്, മിനിട്ട്സ്, അക്കൗണ്ട് ബുക്ക്സ് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കും. ഇതിനെ ഗ്രേഡിംഗ് (Grading) എന്നുപറയുന്നു. നബാഡിന്റെ വിലയിരുത്തൽ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഗ്രേഡിംഗ് നടത്തുക. ഇതിൽ 80% മാർക്ക് ലഭിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് ലഭിക്കും. ലിങ്കേജ് വഴി വായ്പ എടുക്കുന്ന അയൽക്കൂട്ടത്തിന് 4% പലിശയേ ഈടാക്കുകയുള്ളൂ. (സാധാരണ ബാങ്കുകൾ 12–14% വരെയാണ് പലിശ ഈടാക്കാറുള്ളത്. എന്നാൽ സ്ത്രീ ഗ്രൂപ്പുകൾക്ക് (അയൽക്കൂട്ടങ്ങൾക്ക്) പലിശനിരക്കിൽ റിസർവ്വ് ബാങ്ക് ഏർപ്പെടുത്തിയിട്ടുള്ള 5% സബ്സിഡിയും, ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (NRLM) പദ്ധതിവഴി ലഭിക്കുന്ന 3% പലിശയിളവും കഴിച്ച് ബാക്കി 4% മാത്രമേ ഈടാക്കൂ.) മുഴുവൻ തുകയും പലിശയും ഉൾപ്പെടെ കൃത്യമായി തിരിച്ചടവുണ്ടെങ്കിൽ മാത്രമേ പലിശയിളവ് ലഭിക്കൂ. ഈ വായ്പകൾ ഗ്രൂപ്പിന്റെ പേരിലാണ് ലഭ്യമാവുക എന്നതിനാൽ എല്ലാ അംഗങ്ങൾക്കും അതിന്റെ തിരിച്ചടവിൽ ഉത്തരവാദിത്തമുണ്ട്. വ്യക്തിപരമായ ആവശ്യങ്ങൾക്കും സംരംഭങ്ങൾക്കും അയൽക്കൂട്ടത്തിന്റെ അടിയന്തിര ആവശ്യങ്ങൾക്കും ഈ തുക വിനിയോഗിക്കാവുന്നതാണ്.

ഒരുഭാഗത്ത് കൊള്ളപ്പലിശയും മറുഭാഗത്ത് തൊഴിൽദൗർലഭ്യവും സാമ്പത്തിക ഭദ്രതയെ തകിടം മറിച്ചപ്പോൾ കുടുംബശ്രീയും കേരളത്തിലെ ബാങ്കുകളും കൈകോർത്തുകൊണ്ട് ബാങ്ക് ലിങ്കേജ് പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. തത്ഫലമായി 2016–2017 ൽ പുതുതായി 34170 അയൽക്കൂട്ടങ്ങൾ ബാങ്കുമായി ലിങ്കു ചെയ്തു. (പട്ടിക 1 കാണുക)

**പട്ടിക – 1**

| **2016–17 –ൽ നടന്ന അയൽക്കൂട്ടങ്ങളുടെ ബാങ്ക് ലിങ്കേജ് സംബന്ധിച്ച വിവരം (ജില്ലകളുടെ മുൻഗണനാക്രമത്തിൽ)** | **പുതുതായി ലിങ്ക് ചെയ്ത അയൽക്കൂട്ടങ്ങളുടെ എണ്ണം** | **ബാങ്ക് ലിങ്കേജ് (തുക കോടിയിൽ)** |
|---|---|---|
| പാലക്കാട് | 4868 | 128 |
| തൃശ്ശൂർ | 2436 | 106 |
| ആലപ്പുഴ | 2399 | 100 |
| കൊല്ലം | 2617 | 96 |
| തിരുവനന്തപുരം | 2427 | 93 |
| എറണാകുളം | 4947 | 87 |
| മലപ്പുറം | 3835 | 71 |
| കണ്ണൂർ | 2247 | 69 |
| ഇടുക്കി | 1488 | 68 |
| പത്തനംതിട്ട | 1355 | 60 |
| വയനാട് | 1456 | 55 |
| കോട്ടയം | 1623 | 52 |
| കോഴിക്കോട് | 721 | 20 |
| കാസർഗോഡ് | 721 | 20 |
| **ആകെ** | **34170** | **1045** |

(കടപ്പാട് : കുടുംബശ്രീ സംസ്ഥാന മിഷൻ, തിരുവനന്തപുരം)

മുകളിലെ പട്ടിക പുതുതായി ബാങ്കുമായി ലിങ്കു ചെയ്ത അയൽക്കൂട്ടങ്ങളെപ്പറ്റിയും അതിലൂടെ ലഭ്യമായ തുകയെ സംബന്ധിച്ചും അതിന്റെ തകർച്ചയെകുറിച്ചും നമുക്ക് വ്യക്തമാക്കിത്തരുന്നു.

**ചെറുകിടസംരംഭങ്ങൾ**

ദാരിദ്ര്യ-ദരിദ്ര്യേതര കുടുംബങ്ങളുടെ അഭിവൃദ്ധിയും ഉന്നമനവും ലക്ഷ്യമിടുന്ന കുടുംബശ്രീ പാവപ്പെട്ട ഗ്രാമീണ/നാഗരിക വനിതകളുടെ നേതൃത്വ

ത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നുണ്ട്. വൻകിട കമ്പനികൾ തുറക്കുന്നതിനേക്കാൾ വേഗത്തിലായിരുന്നു ഓരോ വർഷവും പുതുതും വ്യത്യസ്തവുമായ ബിസിനസ് സംരംഭങ്ങൾ തുടങ്ങിയത്. ശരാശരി 3000-ൽ അധികം സംരംഭങ്ങൾ പ്രതിവർഷം തുടങ്ങുന്നുണ്ടെന്നാ ണ് കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്.

കുടുംബശ്രീ ചെറുകിട സംരംഭങ്ങൾ എന്നുപറയുന്നത് അയ്യായിരം മുതൽ മൂന്ന് ലക്ഷം രൂപവരെ മുതൽ മുടക്കിൽ ചെയ്യുന്ന, വ്യക്തിഗതമോ, ഗ്രൂപ്പായോ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട സംരംഭകർ എല്ലാ ചെലവും കഴിഞ്ഞ് പ്രതിമാസം ആയിരത്തി അഞ്ഞൂറു രൂപയെങ്കിലും വരുമാനം പ്രതീക്ഷിക്കുന്ന സംരംഭങ്ങളാണ്. ഇതിൽ ഉടമ-മാനേജർ-തൊഴിലാളി എന്നിവർ ഒന്നുതന്നെ ആയിരിക്കും. സാധാരണയായി കാന്റീൻ, കാറ്ററിംഗ്, ഭക്ഷ്യസംസ്കരണം, ധാന്യപ്പൊടികൾ, ബാഗ്, കുട, അച്ചാർ, പപ്പടം, വെളിച്ചെണ്ണ, സോപ്പ്, കൂൺ, ടൈലറിംഗ്, ആട്-പശു-കോഴി-മീൻ-കാട-മുയൽ വളർത്തൽ, പ്രിന്റിംഗ് പ്രസ്സ്, ഗാർമെന്റ്സ്, കമ്പ്യൂട്ടർ സെന്ററുകൾ, ചന്ദനത്തിരി, ആഭരണനിർമ്മാണം, ഡാറ്റാ എൻട്രി യൂണിറ്റ്, ഓട്ടോ, ടാക്സി സേവനം എന്നിങ്ങനെ കുടുംബശ്രീ സംരംഭങ്ങളുടെ നിര നീളും. അയൽക്കൂട്ട അംഗങ്ങളുടെ അഭിരുചി, കഴിവ്, താൽപ്പര്യം തുടങ്ങിയ അടിസ്ഥാന സമീപനങ്ങളെ മുൻനിർത്തി വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്ന അംഗങ്ങൾക്ക് പ്രോത്സാഹനവും, പരിശീലനവും, സാമ്പത്തിക സഹായങ്ങളും കുടുംബശ്രീയിൽ നിന്നും നൽകിവരുന്നുണ്ട്. ഈ ചെറുകിട സംരംഭങ്ങളെ രണ്ടായി തരംതിരിക്കാം.

**1. ഗ്രാമീണ ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ (RME)**

55 വയസ്സിനുതാഴെ പ്രായമുള്ള സ്ത്രീകൾ വ്യക്തിഗതമായോ സംഘം ചേർന്നോ ആരംഭിക്കുന്ന സംരംഭമാണിത്. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന അംഗങ്ങൾക്ക് വിദ്യാഭ്യാസയോഗ്യത പ്രത്യേകമായി പരാമർശിക്കുന്നില്ല. എന്നാൽ കുടുംബമായി അയൽക്കൂട്ടങ്ങളിൽ നേരിട്ട് അംഗത്വമുള്ളവരായിരിക്കണം.

**2. യുവശ്രീ**

അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അമ്പതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ച പദ്ധതിയാണിത്. സ്ത്രീകൾ/പുരുഷന്മാർ മാത്രമായോ, സ്ത്രീകളും പുരുഷന്മാരും കൂടിച്ചേർന്നോ യൂണിറ്റുകൾ ആരംഭിക്കാം എന്നതാണ് ഇതിന്റെ സവിശേഷത. പുരുഷന്മാർ നേരിട്ട് അയൽക്കൂട്ടത്തിൽ ഇല്ലെങ്കിലും അവരുടെ കുടുംബാംഗങ്ങൾക്ക് ഇതിൽ പങ്കാളികളാകാവുന്നതാണ്.

## സംരംഭകർക്കുള്ള വിവിധ ധനസഹായങ്ങൾ

**1. സബ്സിഡി:** വ്യക്തിഗത സംരംഭങ്ങൾക്ക് പ്രോജക്ട് ചെലവിന്റെ 30% പരമാവധി 7500/- രൂപ ഏതാണോ കുറവ് എന്ന ക്രമത്തിലും, ഗ്രൂപ്പ് സംരംഭങ്ങൾക്ക് പ്രോജക്ട് ചെലവിന്റെ 50% പരമാവധി ഒരു വ്യക്തിക്ക് 10000/- രൂപ ഏതാണോ കുറവ് എന്ന ക്രമത്തിലും ലഭ്യമാക്കുന്നു. സംരംഭകർ പ്രോജക്ട് തുകയുടെ 5% ഗുണഭോക്തൃവിഹിതമായി ബാങ്കിൽ അടക്കേണ്ടതുണ്ട്. ഗുണഭോക്തൃവിഹിതം, സബ്സിഡി എന്നിവ കഴിച്ച് ബാക്കിയുള്ള തുകയ്ക്ക് മാത്രമേ ബാങ്ക് പലിശ ചാർജ്ജു ചെയ്യുകയുള്ളൂ.

**2. റിവോൾവിംഗ് ഫണ്ട്:** സംരംഭം തുടങ്ങി ആറുമാസം പിന്നിട്ടവർക്ക് പുതിയകാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനായി അധികമായി നൽകുന്ന ധനസഹായമാണിത്. ഗ്രൂപ്പ് സംരംഭങ്ങൾക്ക് മാത്രമേ ഇത് ലഭ്യമാകുകയുള്ളൂ. പ്രോജക്ട് ചിലവിന്റെ 15% (പരമാവധി 35000/-) രൂപയാണ് നൽകുക.

**3. ഇന്നവേഷൻ ഫണ്ട്:** വ്യത്യസ്തവും നൂതനവുമായ സൂക്ഷ്മ സംരംഭങ്ങൾക്ക് നൽകുന്ന ഫണ്ടാണിത്. മൊത്തം പദ്ധതിചിലവിന്റെ 50% ലഭിക്കും.

**4. ടെക്നോളജി ഫണ്ട്:** വിജയകരമായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട സാങ്കേതികവിദ്യയോ യന്ത്രസാമഗ്രിയോ ലഭിക്കുന്നതിന് പദ്ധതി ചെലവിന്റെ 50% ടെക്നോളജി ഫണ്ടായി ലഭ്യമാകും.

**5. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്:** പ്രതിസന്ധി നേരിടുന്ന സംരംഭങ്ങൾക്ക് നൽകിവരുന്ന പലിശരഹിത ഹ്രസ്വകാല വായ്പയാണിത്.

**6. രണ്ടാംഘട്ട ധനസഹായം :** കുടുംബശ്രീ/ഗ്രാമീണ സൂക്ഷ്മസംരംഭ/യുവശ്രീ പദ്ധതിപ്രകാരമോ ആരംഭിച്ച ഗ്രൂപ്പ് സംരംഭങ്ങൾ, പഞ്ചായത്തിന്റെ പദ്ധതിവിഹിതം, പ്രത്യേക കേന്ദ്ര ധനസഹായം തുടങ്ങിയ ഗവൺമെന്റിന്റെ ഏതെങ്കിലും പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാക്കി ആരംഭിച്ചിട്ടുള്ള കുടുംബശ്രീ സംരംഭങ്ങൾ എന്നിവയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാംഘട്ട ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

**7. മറ്റുസഹായങ്ങൾ:** കുടുംബശ്രീ മൈക്രോസംരംഭ സംവിധാനത്തിന്റെ വിവിധ വികസ പ്രവർത്തനങ്ങൾക്കാ യി നിയോഗിക്കപ്പെട്ട സംവിധാനമാണ് MEC (Micro Enterprise Consultant). ഇതിലെ പ്രവർത്തകർ സംരംഭകർക്ക് ആവശ്യമായ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു. അവയിൽപ്പെട്ടതാണ്.

**എ) പൊതു അവബോധന പരിപാടി**

**ബി) സംരംഭകത്വ വികസന പരിപാടി**

**സി) വൈദഗ്ധ്യ പരിശീലനങ്ങൾ**

**ഡി) അക്കൗണ്ടിംഗ് പരിശീലനങ്ങൾ**

**ഇ) പ്രൈസിംഗ് & കോസ്റ്റിംഗ്**

**എഫ്) വിവിധ രജിസ്ട്രേഷനുകൾ**

**ജി) ലൈസൻസിംഗ്**



## കുടുംബശ്രീ സംരംഭങ്ങളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അതുകൊണ്ട് തന്നെയാണ് മറുനാടൻ ഉല്പന്നങ്ങൾ കേരള വിപണി തേടി എത്തിക്കൊണ്ടിരിക്കുന്നത്. ഉപഭോക്താവിന്റെ ഇഷ്ടാനിഷ്ടമാണ് വിപണിയിൽ പ്രതിഫലിക്കുക. ഉപഭോക്താവിന്റെ ചോദനത്തിന് (Demand) അനുസൃതമായി വിപണി പരുവപ്പെടുത്തണം എന്നത് ഒരു പ്രധാന ഘടകവുമാണ്. ചുറ്റുപാടുമുള്ള ആളുകളുടെ ആവശ്യങ്ങൾ മനസ്സിലാക്കി, അവിടുത്തെ തന്നെ വിഭവങ്ങൾ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് ആവശ്യസമയത്ത് നൽകുന്നതിലൂടെ (Supply) മാത്രമേ ഒരു സംരംഭത്തിന് വിജയിക്കാൻ പറ്റൂ. ഈ കാര്യങ്ങൾക്കാണ് കുടുംബശ്രീ സംരംഭങ്ങൾ പ്രധാനമായും ഊന്നൽ നൽകുന്നത്. ഇതിനുപുറമെ താഴെപ്പറയുന്ന ഘടകങ്ങളും ഈ സംരംഭങ്ങളുടെ വളർച്ചക്ക് സഹായകമാവുന്നുണ്ട്.

**1. പരമ്പരാഗത രുചികളോടുള്ള ആഭിമുഖ്യം:**

മനുഷ്യരുടെ അഭിരുചികളും സംതൃപ്തിയും പ്രാദേശികമായ പരിസ്ഥിതികളോട് ഇണങ്ങിയാണ് നിൽക്കുന്നത്. അതിനാലാണ് കുടുംബശ്രീ കഫേകളിലും, അച്ചാർ, കറിപ്പൊടി എന്നിവയിലെല്ലാം തനിമയാർന്നതും പരിശുദ്ധവും വൈവിധ്യവുമുള്ള ഉൽപ്പന്നങ്ങൾ വിൽക്കാൻ സാധിക്കുന്നത്.

**2. ഗ്രാമീണ ഉൽപ്പന്നങ്ങളുടെ സ്വീകാര്യത:**

ഗ്രാമീണ ഉൽപ്പന്നങ്ങൾ പൊതുവേ മായവും കലർപ്പും ഇല്ലാത്തതായാണ് കണക്കാക്കാറ്. പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുന്നതിനാൽ ഗുണമേന്മ ഉറപ്പുവരുത്താനും, ഉല്പാദനചിലവ് കുറയ്ക്കാനും സാധിക്കുന്നത്. ഈ അംഗീകാരമാണ് കുടുംബശ്രീ വിഭവങ്ങളുടെ സ്വീകാര്യത.

**3. കുടുംബശ്രീ എന്ന നെറ്റ് വർക്ക്:**

സംസ്ഥാനത്തിലാകമാനം 40 ലക്ഷത്തിൽ അധികം അംഗങ്ങളുള്ള കുടുംബശ്രീക്ക് പരസ്യങ്ങളുടെ പിൻ ബലമില്ലാതെ തന്നെ ഉല്പന്നങ്ങളുടെ പ്രചാരണവും വിപണനവും സാധ്യമാകുന്നുണ്ട്.

**4. വിപണിസാധ്യത:**

ചുറ്റുവട്ടത്തെ വീടുകൾ, മാസചന്തകൾ, ആഘോഷങ്ങൾ, മേളകൾ, ഹോംഷോപ്പ് വഴിയുള്ള വില്പന എന്നിവ കുടുംബശ്രീ ഉല്പന്നങ്ങളുടെ സ്വീകാര്യതയും വിപണിസാധ്യതയും ഉറപ്പാക്കുന്നു.

**5. ഉല്പന്നങ്ങളുടെ പെരുമ**

ആദ്യകാലത്ത് കാർഷികമേഖലയിൽമാത്രം ഒതുങ്ങിയ കുടുംബശ്രീ ഇന്ന് വലിയ ബിസിനസ്സ് മാഗ്നറ്റായി മാറിക്കഴിഞ്ഞു. ഏതു വിപണിയിൽ ചെന്നാലും ആളുകൾ കുടുംബശ്രീ ഉല്ന്നങ്ങൾ വാങ്ങുന്നതിന് പ്രാമുഖ്യം നൽകി വരുന്നുണ്ട്.

**6. ഉടമ-തൊഴിലാളി എന്ന സവിശേഷത:**

ഉല്പന്നങ്ങളുടെ ഗുണനിലവാരം, ലാഭം, ചിലവ് എല്ലാം ഒരു കുടക്കീഴിൽ (ഉടമ-തൊഴിലാളി എന്ന ഖ്യാതി) എന്നത് ഉപഭോക്താക്കൾക്ക് മറ്റു ഉല്പന്നങ്ങൾ വാങ്ങുന്നതിൽനിന്നും കുടുംബശ്രീ ഉല്പന്നങ്ങളിലേക്കുള്ള വിശ്വാസ്യത വളർത്തുന്നു.

സാമ്പത്തികവർഷം 2003-04 കാലയളവിൽ വെ

റും 241 യൂണിറ്റുകളുമായി തുടങ്ങിയ കുടുംബശ്രീ സൂക്ഷ്മസംരഭങ്ങൾ ഇന്ന് 31619-ൽ അധികം യൂണിറ്റുകളായി വ്യാപിച്ചുകിടക്കുന്നു. ഇതിൽ സേവനമേഖല (9937), ഭക്ഷണ ഉല്പാദനം (9755), ആരോഗ്യം (4181), കരകൗശലം (253), വസ്ത്രമേഖല (2483), കാന്റീൻ (1038), കന്നുകാലിവളർത്തൽ (3972) യൂണിറ്റുകളായി കേരളത്തിൽ ഉടനീളം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ പ്രതിഫലനമെന്നോണം 2015-16 കാലയളവിലെ കണക്കുപ്രകാരം 2829.27 കോടി രൂപയാണ് ഈ അയൽക്കൂട്ടങ്ങൾ വഴി സ്ത്രീകൾ ബാങ്കിൽ നിക്ഷേപിച്ചത്. ആഴ്ചകൾ തോറും അയൽക്കൂട്ട അംഗങ്ങളിൽ നിന്ന് പിരിച്ചതും, ചെറുകിട സംരംഭങ്ങളിലെ ലാഭവിഹിതവും ബാങ്കിൽ നിക്ഷേപിച്ചാണ് ഈ നേട്ടം കരസ്ഥമാക്കിയത്. സംസ്ഥാനത്താകെയുള്ള 264576 അയൽക്കൂട്ടങ്ങളിലെ 3980,084 സ്ത്രീകളാണ് ഇതിനുപിന്നിൽ പ്രവർത്തിച്ചത്. (പട്ടിക 2 കാണുക.)

**പട്ടിക - 2**

| **കേരളത്തിലെ ജില്ലകൾ** | **അയൽക്കൂട്ടങ്ങളുടെ എണ്ണം** | **അയൽക്കൂട്ട അംഗങ്ങൾ** | **ബാങ്ക് നിക്ഷേപം (തുക കോടിയിൽ)** |
|---|---|---|---|
| തിരുവനന്തപുരം | 28711 | 485880 | 340 |
| തൃശ്ശൂർ | 23468 | 397457 | 258.78 |
| മലപ്പുറം | 23386 | 467720 | 278.79 |
| കോഴിക്കോട് | 26882 | 403230 | 252.18 |
| പാലക്കാട് | 19566 | 278230 | 167.13 |
| കോട്ടയം | 14894 | 233811 | 182.07 |
| കൊല്ലം | 23841 | 343753 | 203 |
| ആലപ്പുഴ | 23468 | 392146 | 237.80 |
| പത്തനംതിട്ട | 9307 | 150526 | 104.70 |
| എറണാകുളം | 21125 | 322560 | 228 |
| കാസർഗോഡ് | 10305 | 192374 | 37.51 |
| കണ്ണൂർ | 19000 | 31481 | 160 |
| വയനാട് | 10350 | 145000 | 136 |
| ഇടുക്കി | 10273 | 165916 | 243.31 |
| **ആകെ** | **264576** | **3980084** | **2829.27** |

(കടപ്പാട് : കുടുംബശ്രീ സംസ്ഥാന മിഷൻ, തിരുവനന്തപുരം)

കുടംബശ്രീയുടെ മുന്നേറ്റത്തിലൂടെ കേരളത്തിലെ സ്ത്രീകളിൽ സാമ്പത്തികവും സാമൂഹികവും, വ്യക്തിപരവുമായി വലിയ പുരോഗതി തന്നെയാണ് കൈവന്നിട്ടുള്ളത്. സാമ്പത്തിക സ്വയം പര്യാപ്തതയും നേതൃത്വപാടവവും, ആശയവിനിമയശേഷിയും, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ വളർച്ചയും കുടുംബശ്രീ എന്ന ബൃഹത്തായ പദ്ധതിയുടെ നേട്ടങ്ങളാണ്. അന്യസംസ്ഥാനങ്ങളും പല ലോകരാജ്യങ്ങളും കുടുംബശ്രീയുടെ സ്ത്രീ ശാക്തീകരണ, ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങളെ പഠനവിധേയമാക്കുന്നതും സമാനമായ പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുന്നതും അതിന്റെ പൊതു സ്വീകാര്യതയെ ഉയർത്തികാട്ടുന്നു. "മറ്റുള്ളവരുമായി ഇടപഴകുന്നതിനുള്ള കഴിവില്ലാത്തതാണ് ദാരിദ്ര്യമെന്ന്" സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ് ആദം സ്മിത്തും, "ശേഷി വളർച്ചക്കുള്ള സാഹചര്യം ഇല്ലായ്മയാണ് ദാരിദ്ര്യം" (Poverty is the lack of enchancement) എന്ന് ഡോ. അമർത്യാസെന്നും പ്രസ്താവിക്കുകയുണ്ടായി. സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തീകരണത്തിനും വിലങ്ങുതടിയായിരുന്ന ഈ പ്രധാന പ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് കുടുംബശ്രീ മുന്നോട്ടുവച്ച അയൽക്കൂട്ടങ്ങൾക്കും അതുവഴി രൂപീകൃതമായ സംരംഭങ്ങൾക്കും മുഖ്യമായ പങ്കുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജന, സ്ത്രീശാക്തീകരണ രംഗത്ത് ഇനിയും സമാനതകളില്ലാതെ മുന്നോട്ട് കുതിക്കാൻ കുടുംബശ്രീ എന്ന സംവിധാനത്തിന് കഴിയും.

*(കേരളാ യൂണിവേഴ്സിറ്റിയിൽ വാണിജ്യ വിഭാഗം ഗവേഷക വിദ്യാർത്ഥിയാണ് ലേഖകൻ)*

# ഉന്നത വിദ്യാഭ്യാസ മേഖലയും വിദ്യാഭ്യാസ വായ്പാ പദ്ധതികളും




**ജിതേന്ദ്രൻ നായർ**

ഉന്നത വിദ്യാഭ്യാസവും, ബന്ധപ്പെട്ട സ്വയം ഭരണ സ്ഥാപനങ്ങളും എല്ലാക്കാലത്തും മാധ്യമങ്ങളിലും, പൊതുജന ശ്രദ്ധക്കും വിഷയമാവാറുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനവും, അതിന്റെ വിതരണവും പലകാരണങ്ങളാലും അസന്തുലിതാമായി തുടരാറുണ്ട്. സംസ്ഥാനത്തെ പ്രോഫഷണൽ കോളേജുകളിലെ പ്രവേശനത്തിന്റെ (മെഡിക്കൽ, എഞ്ചിനിയറിംഗ്, പാരമെഡിക്കൽ കോഴ്സുകൾ) ലഭ്യതക്കുറവ് കുറച്ച് മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങളാൽ പരിഹരിക്കപ്പെടുന്നുള്ളു. എന്നാൽ സംസ്ഥാനത്തെ ശരാശരി വിദ്യാർത്ഥിയുടെ ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങളെ പൂർത്തീകരിക്കാൻ അവ പര്യാപ്തമല്ല. സംസ്ഥാനത്ത് സ്വയം ഭരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂണുകൾ പോലെ മുളച്ച് പൊങ്ങുന്നു. ഇവയിലൊക്കെ ക്രമാതീതമായി ഫീസും ഈടാക്കപ്പെടുന്നു. ഈ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ ചെലവ് ശരാശരി ജനങ്ങൾക്ക് ഒട്ടും പ്രാപ്യമല്ല. ചെലവ് വർദ്ധിക്കുന്നതിന് ഇക്കൂട്ടർ നിരത്തുന്ന കാരണങ്ങൾ പലതാണ്. ഭാരിച്ച അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മിതി, അദ്ധ്യാപകരുടെ ഉയർന്ന വേതനം തുടങ്ങി മൃതശരീരങ്ങൾ വരെ (വിദ്യാർത്ഥികൾക്ക് കീറിമുറിച്ച് പഠിക്കാൻ) ആവശ്യങ്ങൾ നിരവധിയാണ്. മാറിമാറി വരുന്ന സർക്കാരുകളുടെ ദീർഘകാല നയസമീനങ്ങളിലുള്ള ശ്രദ്ധക്കുറവ് ഒരു കാരണമായി കാണിക്കപ്പെടുന്നു. ഈ ലേഖനത്തിലൂടെ, ഈ മേഖലയിലെ ചില പൊരുത്തക്കേടുകളെയാണ് ചൂണ്ടിക്കാട്ടുവാൻ ഉദ്ദേശിക്കുന്നത്.

## പ്രൊഫഷണൽ കോളേജുകളുടെ അക്കാദമിക്ക് നിലവാരവും സർക്കാരുകളുടെ നയസമീപനവും

കഴിഞ്ഞകാല അക്കാദമിക് വർഷങ്ങളിലെ സംസ്ഥാനത്തെ പല സർവ്വകലാശാലകളുടേയും പരീക്ഷാഫലം നോക്കിയാൽ കിട്ടുന്ന വിവരം വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച് ആശങ്കയുണർത്തുന്നു. സംസ്ഥാനത്ത് വളരെ പ്രതീക്ഷയോടെ രൂപീകരിക്കപ്പെട്ട ആരോഗ്യ സർവ്വകലാശാലയുടെ നിലയും അത്ര തൃപ്തികരമല്ല. കഴിഞ്ഞ വർഷത്തെ വിദ്യാർത്ഥികളുടെ തോൽവി 30 ശതമാനത്തിലധികമാണ്. ചില കോളേജുകളിലാകട്ടെ ഇത് 90 ശതമാനത്തിലധികമാണ്. സംസ്ഥാനത്ത് നേഴ്സിംഗ് വിദ്യാഭ്യാസരംഗത്തെ പ്രകടനവും നിരാശാജനകമാണ്. 2010 – 2011 ലെ കാലയളവിൽ 28.2 ശതമാനം ബി.എസ്.സി നേഴ്സിംഗിനും, ബി.ഫാമിന് 5%വും, ഫിസിയോ തെറാപിക്ക് 6 ശതമാനവും മാത്രമാണ് വിജയം. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ സ്ഥിതിയും ഒട്ടും മെച്ചമല്ല. ഈ കോളേജുകളിലെ കുട്ടികളുടെ ഉദ്യോഗലബ്ദി തുലോം കുറവാണ്. സംസ്ഥാന വിദ്യാഭാസരംഗം നേരിടുന്ന രൂക്ഷമായ നിലവാര തകർച്ച ഇതിലൂടെ വ്യക്തമാകുന്നു. ഇത് നയരൂപീകരണത്തിലെ പിഴവുകളും നിലവിലെ നയങ്ങളുടെ നടത്തിപ്പിന്റെ അപാകതകളുമാണ് വ്യക്തമാക്കുന്നത്. പഠിതാവിന്റെ കഴിവിന് അപ്പുറം, രക്ഷിതാവിന്റെ സ്വപ്നങ്ങൾ മുൻനിർത്തി വിദ്യാർത്ഥിയെ കൂടുതൽ സമ്മർദ്ദത്തിലാക്കി, എടുത്താൽ പൊങ്ങാത്ത പാഠ്യപദ്ധതിയിലേക്ക് തള്ളിയിടാൻ ശ്രമിക്കുന്ന ശരാശരി രക്ഷിതാവിന്റെ ഭാഗദേയം ഈ നിലവാരത്തകർച്ചയിൽ ഒട്ടും കുറച്ച് കാണരുത്. വൻകിട പ്രചാരണ തന്ത്രങ്ങൾ ഈ രംഗത്ത് സ്വകാര്യ സ്ഥാപനങ്ങൾ പ്രയോഗിക്കുന്നു. ഇതിനിരയായി തീരുന്ന രക്ഷിതാക്കളും കുട്ടികളും, സ്വകാര്യ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രവേശന മാമാങ്കത്തിന് ഇരയാവുകയും പിന്നീടുള്ള സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കഴിയാതെ ജീവിത നൈരാശ്യത്തിലേക്ക് എടുത്തെറിയപ്പെടുന്ന ചിത്രമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഒരു ക്ഷേമ രാഷ്ട്രമെന്ന നിലയിൽ രാജ്യത്തെ യുവാക്കളുടെ ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങളെ പ്രായോഗിക തലത്തിൽ ലഭ്യമാക്കാനുള്ള ആർജ്ജവം സർക്കാർ കാണിക്കേണ്ടതുണ്ട്.

## വിദ്യാഭ്യാസ വായ്പയും, ഉന്നത വിദ്യാഭ്യാസത്തിനുള്ള ചോദനയും

രാജ്യത്ത് രണ്ടായിരത്തി ഒന്നിൽ നടപ്പിലാക്കിയ ദേശീയ വിദ്യാഭ്യാസ വായ്പാ പദ്ധതി, അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക പരാധീനതമാത്രം കൊണ്ട് ഉന്നത വിദ്യാഭ്യാസം നിഷേധിക്കപ്പെടരുത് എന്നലക്ഷ്യത്തോടുകൂടിയാണ് രാജ്യത്ത് നിലവിൽ വന്നത്. ഇന്ത്യൻ ബാങ്കിംഗ് അസ്സോസിയേഷൻ വിദ്യാഭ്യാസ വായ്പ പദ്ധതിക്ക് വളരെ വിശദമായ ഒരു മാർഗ്ഗരേഖയും കൊണ്ടുവന്നു. ഇന്ത്യയിലെ മുഴുവൻ വിദ്യാഭ്യാസ വായ്പാ വിതരണത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഏകദേശം 70% ത്തോളവും കൈപ്പറ്റിയിരിക്കുന്നു. ഇതിൽ തന്നെ തമിഴ്നാടും, കേരളവും ഒന്നും രണ്ടും സ്ഥാനങ്ങൾ യഥാക്രമം നേടിക്കഴിഞ്ഞു. രാജ്യത്തെ പ്രമുഖ ബാങ്കായ ഭാരതീയ സ്റ്റേറ്റ് ബാങ്ക്, വിദ്യാഭ്യസ വായ്പ മൂലമാണ് തങ്ങളുടെ ലാഭം കുറഞ്ഞത് എന്ന് പരാതിപ്പെടുകയും ചെയ്യുന്നു. ബാങ്കിംഗ് വ്യവസായത്തിന്റെ കച്ചവട താത്പര്യങ്ങളും, വിദ്യഭ്യാസ

വായ്പയുടെ മാനുഷിക തലങ്ങളും ബദ്ധവൈരികളായി തുടരുന്നതാണ് ഇതിന് കാരണം. വായ്പ തിരിച്ചടവ് ഈ രംഗത്ത് ബാങ്കുകൾ നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ്. സംസ്ഥാനത്ത് ബാങ്കിംഗ് ഓംബുഡ്സ്മാന് ലഭിച്ച പരാതികളിൽ 30 ശതമാനത്തോളവും വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ടവയാണ്. വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസവായ്പ ഒരു കടക്കെണിയായി തന്നെ തുടരുന്നു. പലർക്കും ഈ വായ്പ ഒരു ഡെമോക്ലസ്സിന്റെ വാളായി തലക്ക് മുകളിൽ തൂങ്ങുന്നു.

വിദ്യാർത്ഥികൾക്ക് പഠനത്തിന് ശേഷം ഒരു വർഷത്തെ കാലാവധി വായ്പ തിരിച്ചടവിനായി നൽകപ്പെടുന്നു. എന്നാൽ സാർവ്വദേശികമായി നേരിടുന്ന മാന്ദ്യം സമസ്ത തൊഴിൽ മേഖലകളേയും സ്പർശിച്ചിരിക്കുകയാണ്. ഇതിനെ തുടർന്ന് തൊഴിൽ ലഭ്യത ഗണ്യമായി കുറയുകയും ചെയ്തു. അമേരിക്കയിൽ മാത്രം ഫെഡറൽ ലോൺ എന്ന വിദ്യാഭ്യാസ വായ്പാ പദ്ധതിയിൽ ഏകദേശം 43 മില്യൺ കുട്ടികൾ 1.3 ട്രില്യൺ ഡോളറിനാണ് കടപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസവായ്പ എന്ന പ്രതിഭാസം ഇന്ത്യയിൽ മാത്രല്ല മറിച്ച് ലോകമെമ്പാടുമുള്ള കുട്ടികളെ വേട്ടയാടുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു വായ്പ എത്രത്തോളം ഫലവത്തായി തീരും എന്ന് കണക്ക് കൂട്ടാൻ ഒരു ബാങ്കിനും പൂർണ്ണമായി സധിക്കുന്നില്ല എന്ന വസ്തുത ബാങ്കിംഗ് സേവന വ്യവസായത്തെ തന്നെ സാരമായി ബാധിച്ചിരിക്കുകയാണ്. രക്ഷിതാക്കളും, കുട്ടികളും രാഷ്ട്രീയമായ ഇടപെടലുകൾ മൂലം വായ്പയിൽ ഇളവുകളോ പലിശയിൽ ഉള്ള ഇളവുകളോ പ്രതീക്ഷിക്കുന്നു. ഇതിനായി ഇതിനോടകം പല സംഘടനകളും രാഷ്ട്രീയ വിലപേശലുകൾക്ക് വേണ്ടി മാത്രമായി പോലും രൂപപ്പെട്ടിരിക്കുന്നു.

വിദ്യാർത്ഥികളും രൂക്ഷമായ മാനസിക സംഘർഷത്തിലാണ്. കടക്കെണികളെ തുടർന്ന് ആത്മഹത്യയും, മാനസിക ആരോഗ്യ പ്രശ്നങ്ങളും ഈ രംഗത്ത് വളരെയധികം റിപ്പോർട്ട് ചെയ്യപ്പെടുന്നു. ചിലപ്പോഴെങ്കിലും രക്ഷിതാക്കളും കുട്ടികളെ മാനസിക സമ്മർദ്ദത്തിലാക്കാറുണ്ട്. ഇത് സ്ഥിതിഗതികൾ വീണ്ടും ഗുരുതരമാക്കുന്നു. പലപ്പോഴും കുട്ടികൾക്ക് അവരുടെ അഭിരുചിയുള്ള മേഖലകൾ തിരഞ്ഞെടുക്കാൻ രക്ഷിതാക്കൾ അനുവദിക്കുന്നില്ല. ഒരു ശരാശരി വിദ്യാർത്ഥി താൻ കഷ്ടിച്ച് ജയിച്ച യോഗ്യതാ പരീക്ഷയിൽ നിന്ന് ഉന്നത വിദ്യാഭ്യാസത്തിലേക്ക് പോകുമ്പോൾ അതിനുള്ള ശരിയായ യോഗ്യത കണക്കാക്കുവാനോ അതിനനുസരിച്ച് കോഴ്സുകൾ സ്വീകരിക്കുവാനോ സാധിക്കുന്നില്ല എന്നതാണ് വസ്തുത. രാജ്യത്ത് പുറത്തിറങ്ങുന്ന 1.5 ലക്ഷത്തോളം എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽ (2013) 97 ശതമാനത്തോളം വിദ്യാർത്ഥികൾക്കും തങ്ങൾക്ക് ഇഷ്ടപ്പെട്ട ഉദ്യോഗം തെരഞ്ഞെടുക്കുവാൻ കഴിഞ്ഞില്ല എന്ന സത്യം ഈ രംഗത്ത് അതിരൂക്ഷമായ തൊഴിൽനിപുണി ഇല്ലായ്മയെ സൂചിപ്പിക്കുന്നു. കേന്ദ്ര മാനവ വിഭവ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് ഇന്ത്യയിൽ 6214 എഞ്ചിനീയിറിംഗ് കോളേജുകളിൽ 2.9 മില്യൺ കുട്ടികൾക്ക് പ്രവേശനം ലഭിക്കുകയും ഏകദേശം 1.5 മില്യൺ കുട്ടികൾ എല്ലാവർഷവും തൊഴിൽ വിപണിയെ സമീപിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിൽ വളരെ ചെറിയ ഒരു വിഭാഗം കുട്ടികൾക്ക് മാത്രമെ അവർക്ക് ഇഷ്ടപ്പെട്ട തൊഴിൽ മേഖല സ്വീകരിക്കുവാൻ സാധിക്കുന്നുള്ളു. മറ്റ് പലകാരണങ്ങൾ കൊണ്ടും ദേശീയവും, അന്തർ ദേശീയവുമായ തൊഴിൽ വിപണി പല മാന്ദ്യങ്ങളേയും നേരിട്ടു കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് ഒരു പ്രഹേളികയായി അവശേഷിക്കുന്നു.

വർദ്ധിച്ച് വരുന്ന പ്രൊഫഷണൽ കോളേജുകളുടെ എണ്ണം ഈരംഗത്തുള്ള വൻകിട മത്സരത്തിനും വഴി തെളിക്കും. വിദ്യാഭ്യാസ ചെലവ് വർദ്ധനവിനും തദ്വാരാ വിദ്യാഭ്യാസ കച്ചവടവത്കരണത്തിനും വഴിവയ്ക്കും. വൻതോതിലുള്ള വിദ്യാഭ്യാസ വായ്പാ വിതരണം ഈ രംഗത്ത് കൂടുതൽ പഠിതാക്കളെ കടക്കെണിയിലേക്ക് തള്ളിവിടുമെന്നു മാത്രമല്ല സാർവ്വ ദേശീയ തൊഴിൽ ലഭ്യതാ പ്രശ്നം മൂലം വിദ്യാർത്ഥികൾക്ക് വായ്പാ തിരിച്ചടവിന് കഴിയാതെ വരികയും ചെയ്യും. സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ നിലവാര തകർച്ചക്ക് ഇത് ആക്കവും, ആഴവും കൂട്ടും. നമുക്ക് വേണ്ടത് വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസൃതമായ തൊഴിലധിഷ്ഠിത കോഴ്സുകളാണ്. വിദ്യാഭ്യാസ വായ്പയെപറ്റി ആലോചിക്കുമ്പോൾ യാഥാർത്ഥ്യങ്ങളിലൂന്നി വസ്തുതകൾ പൂർണ്ണമായി മനസ്സിലാക്കിയതിനു ശേഷം മാത്രമേ ബാങ്കിനെ സമീപിക്കാവു. കൂടാതെ ബാങ്കുകളും ഈ പദ്ധതിയുടെ അന്തഃസത്ത ഉൾക്കൊണ്ടു വേണം അർഹരായ വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി സാമ്പത്തികമായി സഹായിക്കുവാൻ എന്നതും പ്രധാനമാണ്.

*(ചവറ ഗവൺമെന്റ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായ ലേഖകൻ 'വിദ്യാഭ്യാസ വായ്പാ പദ്ധതി കേരളത്തിൽ: സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തിൽ ഗവേഷണം ചെയ്തു വരുന്നു)*

## വിജ്ഞാന പാത

### അന്താരാഷ്ട്ര വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്ത്യയ്ക്ക് അംഗത്വം

ദക്ഷിണ കൊറിയയിലെ സോളിലുള്ള അന്താരാഷ്ട്ര വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ട് (ഐ.വി.ഐ) ഭരണസമിതിയിൽ ഇന്ത്യയ്ക്ക് പൂർണ്ണ അംഗത്വം എടുക്കാനുള്ള നിർദ്ദേശത്തിന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ 2017 ജനുവരി 18 ന് ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകുകയുണ്ടായി.

കൗൺസിൽ അംഗത്വത്തിനായി പ്രതിവർഷം ഇന്ത്യ, 5,00,000 അമേരിക്കൻ ഡോളർ വാർഷിക സംഭാവനയായി നൽകണം. യു.എൻ.ഡി.പി.യുടെ ആഭിമുഖ്യത്തിൽ മാരകമായ പകർച്ച വ്യാധികളിൽ നിന്ന് കുഞ്ഞുങ്ങളെ പ്രതിരോധിക്കാൻ നൂതന വാക്സിനുകൾ വികസിപ്പിച്ചെടുക്കുന്നതിന് 1997 ലാണ് അന്താരാഷ്ട്ര വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. 2007 ലാണ് ഇന്ത്യ ഇതിൽ അംഗമായത്.

# സാമൂഹിക സുരക്ഷിതത്വം മുതിർന്നവരിൽ: പ്രശ്നങ്ങളും പ്രതിവിധികളും


**സുമി. എ. എം**

**മു**തിർന്നവരുടെ സാമൂഹികവും, സാമ്പത്തികവും ആരോഗ്യപരവുമായ സുരക്ഷിതത്വം വളരെ ഗൗരവമായ ചർച്ചാവിഷയമാണ്. ജീവിതനൗകയിൽ പ്രതികൂല കാലാവസ്ഥയിലും ശക്തമായി തുഴഞ്ഞുകയറി പ്രായമേറുമ്പോൾ വന്നുഭവിക്കുന്ന രോഗങ്ങളും ശാരീരികവും മാനസികവുമായ അസ്വസ്ഥതകളും മൂലം ബുദ്ധിമുട്ടുന്ന മുതിർന്ന, പ്രായാധിക്യം ചെന്ന ആളുകൾ നമുക്കിടയിൽ ധാരാളമായി കാണാൻ കഴിയും. സാമൂഹിക സുരക്ഷിതത്വം, സാമ്പത്തിക സുരക്ഷിതത്വം, ആരോഗ്യ സുരക്ഷിതത്വം എന്നിവയെല്ലാം പ്രധാന്യം അർഹി ക്കുന്ന കാര്യങ്ങളാണ്. ബന്ധങ്ങളുടെ വില നഷ്ടപ്പെട്ട്, അന്യമാക്കപ്പെട്ട, അനാഥാലയങ്ങളിലെ അന്തേവാസികളാക്കപ്പെടുന്ന, ഹതഭാഗ്യരായ മുതിർന്നവരുടെ സുരക്ഷിത്വം, സന്തോഷം, സമാധാനം എന്നിവ സാമൂഹ്യ സുരക്ഷയിൽ പ്രധാന്യമർഹിക്കുന്നു. റോബിൻസൺ ക്രൂസോയുടെ കഥയിൽ ഒരു കപ്പൽ അപകടത്തിൽപ്പെട്ട് അയാൾ ഒരു ദ്വീപിൽ ചെന്നകപ്പെട്ടു. അവിടെ സമൃദ്ധമായ പഴവർഗ്ഗങ്ങൾ, വിശ്രമിക്കുവാൻ പുൽമെത്തകൾ ഒരു മനുഷ്യന് ആവശ്യമായതെല്ലാം ആ ദ്വീപിലുണ്ട്. പക്ഷെ അയാൾ സംതൃപ്തനല്ല. ഒറ്റപ്പെട്ട ജീവിതം അയാൾക്ക് ദുസ്സഹമായി തോന്നി. അയാൾക്ക് ആൾക്കാരുടെ ഇടയിൽ ജീവിക്കണം. സമൂഹമായി ജീവിക്കുവാനുള്ള മനുഷ്യന്റെ ത്വര ഈ കഥ വ്യക്തമാക്കുന്നു. പ്രായമാകുന്തോറും മനുഷ്യന് എല്ലാവരും ഒപ്പമുണ്ടാകണമെന്ന ചിന്ത അധികമായി ഉണ്ടാവുന്നു.

പ്രായമാകവേ മനുഷ്യരിൽ അരക്ഷിത ബോധം വളരുന്നു. തങ്ങളെ നോക്കാനാരുമില്ല, സംരക്ഷിക്കാനാരുമില്ല എന്ന ചിന്ത തീ പടർത്തുന്നത് വൃദ്ധ മനസ്സുകളിലാണ്. ആറ്റുനോറ്റ് വളർത്തിയ സ്വന്തം മക്കൾ മാതാപിതാക്കളെ പെരുവഴിയിലോ വൃദ്ധസദനങ്ങളിലോ ഉപേക്ഷിക്കുന്ന കാഴ്ച ദയനീയമാണ്. ഈ രീതി പ്രാകൃതമാണ്. ഇതിനെതിരെ നിയനിർമ്മാണം ഉണ്ടാകണം പ്രായമായ അച്ഛനമ്മമാരെ അവഗണിക്കുന്നവർക്കെതിരെ ശക്തമായ നിയമത്തിന്റെ കരങ്ങളുയരണം.

ഈ അവസ്ഥയെ നേരിടാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ വിഷയത്തിൽ ഇപ്പോൾ വളരെയേറെ ശ്രദ്ധകാട്ടുന്നതായി നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഉദാഹരണത്തിന് ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 41, 47 ലെ Direct Principals & State Policy മുതിർന്ന പുരുഷന്മാരുടെ സാമൂഹിക സുരക്ഷത്വത്തിനുവേണ്ടിയുള്ള ഊന്നൽ നൽക്കുന്നു.

മുതിർന്നവരുടെ സാമൂഹികസുരക്ഷക്കായും ആരോഗ്യ സംരക്ഷണത്തിനായാലും രാഷ്ട്രീയ സ്വസ്തി ഭീമാ പെൻഷൻ യോജന (RSBY) 2008 കേന്ദ്ര സർക്കാരിന്റെ തൊഴിൽ മന്ത്രാലയം നടപ്പിലാക്കുന്നു.




2009 മെയ് 9 വരെയുള്ള കാലഘട്ടത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് 47,97,688 സ്മാർട്ട് കാർഡുകൾ ആരോഗ്യസംരക്ഷണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ വിതരണം ചെയ്തു. മുതിർന്നവർക്ക് അവരുടെ സേവനകാലത്തെ സമഗ്രസംഭവനെയെ വിലയിരുത്തികൊണ്ട് നാഷണൽ പെൻഷൻ സ്കീമും, യോജനാ സ്കീമും വഴി പെൻഷൻ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

അസംഘടിതരും, ദാര്യദ്ര്യരേഖയ്ക്ക് താഴെയുള്ളവരും അർഹരുമായ മുതിർന്നവർക്കായി നടപ്പിലാക്കിയിട്ടുള്ളതാണ് കേന്ദ്ര സർക്കാരിന്റെ അഡൽ പെൻഷൻ യോജന(APY) മുതിർന്നവരായ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യവും സാമ്പത്തികവുമായ സുരക്ഷയ്ക്കായിട്ടുള്ള പദ്ധതി 2008 അനുസരിച്ച് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതിനടപ്പിലാക്കുന്നുണ്ട്. ഇതിൽ വികലാംഗർക്ക് മുൻഗണന കൊടുത്തിട്ടുണ്ട്. അതുപോലെ മറ്റു സംസ്ഥാനങ്ങളെപ്പോലെ തന്നെ കേരളവും ഇക്കാര്യത്തിൽ അനവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ നേതൃത്വത്തിൽ തന്നെ അനവധി അബല മന്ദിരങ്ങളും, സംരക്ഷണ സ്ഥാപനങ്ങളും കൂടാതെ പല സന്നദ്ധസംഘടനകളും മതസംഘടനകളും മുതിർന്നവരുടെ സുരക്ഷിത്വത്തിനായി വ്യത്യസ്തമായ പല പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

## മുതിർന്നവർക്കായുള്ള ചില സർക്കാർ സുരക്ഷാ പദ്ധതികൾ

| പദ്ധതി | നിയമപരമായ സംരക്ഷണം | പ്രായോഗിക സംരക്ഷണം |
| --- | --- | --- |
| 1. 1999 ലെ മുതിർന്നവർക്കായുള്ള ദേശീയ സംരക്ഷണ നയം | വാർദ്ധക്യത്തിലുള്ളവരുടെ സാമൂഹ്യവും, സാമ്പത്തികവും ആരോഗ്യപരമായ സുരക്ഷയും, സംരക്ഷണവും ഉറപ്പുവരുത്തുക, തുല്യമായ അഭിവൃദ്ധി ലഭ്യമാക്കുക, ആക്രമണങ്ങളിൽ നിന്നും അപഹാസ്യങ്ങളിൽ നിന്നും, പീഡനങ്ങളിൽ നിന്നും സംരക്ഷിച്ച് ആവശ്യമായ സേവനം ലഭ്യമാക്കി ജീവിതനിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയതാണ് ഈ പദ്ധതി. | |
| 2. ആക്ട് 2007 (രക്ഷിതാക്കളുടെയും മുതിർന്ന പൗരന്മാരുടെ പുരോഗതിയും സംരക്ഷണവുമായി ബന്ധപ്പെട്ട്) | രക്ഷിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സുരക്ഷ, മക്കളുടെയും ബന്ധുക്കളുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് നീതി കിട്ടുന്നതിനായുള്ള ശ്രമങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകുന്നതാണ് ഈ പദ്ധതി. | ഈ നിയമം എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും ബാധകമാക്കി. |
| | മുതിർന്ന പൗരന്മാർക്ക് നീതി കിട്ടുന്നതിലേക്കുള്ള നിയമ നിർമ്മാണം, മുതിർന്നപൗരന്മാർക്കായി പ്രത്യേകം സംരക്ഷണ വ്യവസ്ഥകൾ, മുതിർന്ന പൗരന്മാർക്കായി ആരോഗ്യ സംരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്നിവ ഇതിൽപ്പെടുന്നു. | ഈ നിയമം ജമ്മു കാശ്മിരിൽ ബാധകമാക്കിയിട്ടില്ല. എന്നാൽ ഇതിലേക്കായി ഹിമാചൽ പ്രദേശിൽ സ്വന്തമായ നിയമം തന്നെ നിലവിലുണ്ട്. |
| 3. 1992 ലെ കേന്ദ്ര സർക്കാരിന്റെ മുതിർന്നവർക്കായുള്ള ഇന്റഗ്രേറ്റഡ് പ്രോഗ്രാം (IPOP). | മുതിർന്ന പൗരന്മാർക്കായി മൊബൈൽ കെയർ യൂണിറ്റുകളും, ഡേകെയർ സെന്ററുകളും, വൃദ്ധസദനങ്ങളും സ്ഥാപിക്കുന്നതിലേക്കുംഅവ പരിപാലിക്കുന്നതിനും പ്രൊജക്ടിന്റെ 90% വരെ സാമ്പത്തികസഹായം നൽകുന്നതിന് ഗവൺമെന്റ് സ്ഥാപനങ്ങൾ, NGO's, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ എന്നിവയ്ക്കായിട്ടുണ്ട്. | 2013 – 2015 കാലയളവിൽ ആകെ 885 പ്രൊജക്ടിന് സഹായം നൽകിയിട്ടുണ്ട്. 629 എൻജിഒകൾ ഇതിനായി സഹായം നൽകിയിട്ടുണ്ട്. 34.38 കോടി രൂപ സർക്കാർ ഇതിനായി ചിലവാക്കിയിട്ടുണ്ട്. |
| 4. മുതിർന്ന പൗരന്മാർക്കായുള്ള ദേശീയ കൗൺസിൽ | ദേശീയ നയത്തിന്റെ ഭാഗമായുള്ള നിയമ നിർമ്മാണം, നയങ്ങൾക്ക് അനുസൃതമായി ഗവൺമെന്റിന് വേണ്ട നിർദ്ദേശം നൽകുക, എൻ. പി. ഒ. പി നടപ്പിലാക്കുന്നതിലെ പ്രവർത്തന വിലയിരുത്തൽ നടത്തുക തുടങ്ങിയവ ഈ കൗൺസിലിന്റെ ചുമതലകളാണ്. | |
| 5. അടൽ പെൻഷൻ യോജന (APY) | അസംഘടിതരും, സാമ്പത്തിക സഹായത്തിന് അർഹരും പാവപ്പെട്ടവരുമായിട്ടുള്ളവർക്ക് വേണ്ടിയുള്ള പദ്ധതിയാണിത് | |
| 6. അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ ആക്ട് – 2008 | ബന്ധപ്പെട്ട വിഭാഗങ്ങളിൽ അസംഘടിതരായ തൊഴിലാളികളുടെ സുരക്ഷക്കായുള്ള ആക്ടാണിത്. ഇന്ത്യാ ഗവൺമെന്റ് 2008ൽ രൂപീകരിച്ച പദ്ധതിയാണിത്. | ഈ നിയമം എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും ബാധകമാക്കി. |

| | | |
|---|---|---|
| 7. നാഷണൽ പെൻഷൻ സ്കീം 2015 (NPS) | നാഷണൽ പെൻഷൻ സ്കീമിൽ അംഗമാകുന്ന ജീവിത കാലത്ത് നൽകിയിട്ടുള്ള സമഗ്ര സംഭാവനകളെ പരിഗണിച്ചുള്ള പെൻഷൻ പദ്ധതിയാണിത്. | |
| 8. രാഷ്ട്രീയ സ്വാസ്തി ബീമാ യോജന 2008 (RSBY) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കായി കേന്ദ്രഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം ആവിഷ്കരിച്ചിട്ടുള്ള ഇൻഷുറൻസ് സംരക്ഷാ പദ്ധതിയാണ്. | 21 സംസ്ഥാനങ്ങളിൽ നടപ്പിലായിട്ടുണ്ട്. |

(അവലംബം: കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ വകുപ്പ് റിപ്പോർട്ട്)

**വാർദ്ധക്യ വളർച്ചാ നിരക്ക് (പത്തുലക്ഷം കണക്കിൽ)**

| വർഷം | പുരുഷൻ | സ്ത്രീ | ആകെ | വളർച്ചാ നിരക്ക് |
|---|---|---|---|---|
| 2001 | 34.94 | 35.75 | 70.69 | 15 % |
| 2006 | 40.75 | 42.83 | 83.58 | 18 % |
| 2011 | 48.14 | 50.33 | 98.47 | 20% |
| 2016 | 58.11 | 59.99 | 118.10 | 20% |
| 2021 | 70.60 | 72.65 | 143.24 | 21% |
| 2026 | 84.62 | 88.56 | 173.18 | 21% |

വസ്തുതകൾ ഇതായിരിക്കെ, പ്രായമായവരുടെ, വാർദ്ധക്യം ബാധിച്ചവരുടെ സാമൂഹികവും, സാമ്പത്തികവും ആരോഗ്യപരവുമായ സുരക്ഷയ്ക്ക് സർക്കാരുകൾ ചെയ്യുന്ന പദ്ധതികളോടൊപ്പം തന്നെ, കുടുംബങ്ങളിൽ, യുവ ജനങ്ങൾക്കിടയിൽ ഇതു സംബന്ധിച്ചുള്ള ബോധവൽക്കരണവും ആവശ്യമാണ്. സ്കൂൾതലം മുതൽ തന്നെ മാതാപിതാക്കളുടെ പ്രാധാന്യവും, മഹത്വവും, അറിയിച്ചു കൊണ്ടുള്ള ബോധനരീതി ആവിഷ്കരിക്കേണ്ടതാണ്. മുതിർന്നവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ ഓരോ സമൂഹത്തിനും ആവശ്യമാണ്. ഇതിനു മുൻകൈയ്യെടുക്കുന്ന സർക്കാരുകൾ അഭിനന്ദനമർഹിക്കുന്നു. ഒപ്പം സ്കൂൾ തലം മുതലുള്ള ബോധവൽക്കരണവും വരുംതലമുറയിലെ മുതിർന്നവരെ സംരക്ഷിക്കപ്പെടാൻ പ്രതിജ്ഞാബദ്ധരാക്കുന്നു. പാഠ്യ, ബോധവൽക്കരണ രീതി കൂടി ചിട്ടയായും ഉറപ്പായും അവലംബിക്കേണ്ടതുണ്ട്. അതിലൂടെ ആരോഗ്യകരമായ സാമൂഹിക സുരക്ഷിതത്വം മുതിർന്നവരിൽ ഉണ്ടാകുവാൻ കഴിയും എന്ന് പ്രതീക്ഷിക്കാം. മുതിർന്നവരെ ബഹുമാനിക്കാനും അവരെ വേണ്ട രീതിയിൽ പരിഗണിക്കാനും സമൂഹം ഒന്നടങ്കം തയ്യാറാവണം. രക്ഷകർത്താക്കൾ അവരുടെ അച്ഛനമ്മമാരോടു പുലർത്തുന്ന മനോഭാവം കണ്ടാവും പുതുതലമുറയിലെ കുട്ടികളും പഠിക്കുക. അത്തരത്തിൽ പ്രായമായവരെ ബഹുമാനിക്കാനും കരുതലോടെ സംരക്ഷിക്കാനും വേണ്ട ആദ്യ പാഠം കുടുംബങ്ങളിൽ നിന്നാവണം ഓരോ കുട്ടിയും ആർജ്ജിക്കേണ്ടത്. സാമൂഹ്യവും സാമ്പത്തികവുമായ സുരക്ഷയോടൊപ്പം സമൂഹം ഒന്നടങ്കം നൽകുന്ന സ്നേഹവും പരിഗണനയും കരുതലും നിറഞ്ഞതാവട്ടെ ഓരോ വാർദ്ധക്യകാല ജീവിതവും.

*(കേരള യൂണിവേഴ്സിറ്റിയിൽ വാണിജ്യ വിഭാഗം വിഷയത്തിൽ എം.ഫിൽ വിദ്യാർത്ഥിനിയാണ് ലേഖിക)*

## വിജ്ഞാന പാത

### വാണിജ്യ കപ്പൽ ഗതാഗത രംഗത്ത് ഇന്ത്യ-സൈപ്രസ് സഹകരണം

ഇന്ത്യയും സൈപ്രസും തമ്മിൽ കഴിഞ്ഞ ഏപ്രിലിൽ വാണിജ്യ കപ്പൽ ഗതാഗതത്തിൽ ഒപ്പുവെച്ച കരാറിന് പ്രധാന മന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ 2017 ജൂൺ 7 ന് ചേർന്ന മന്ത്രിസഭാ യോഗം മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകി. ഇരു രാജ്യങ്ങളും തമ്മിലുള്ള സമുദ്ര വ്യാപാരം വികസിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിൽ സഹകരിക്കുന്നതിന് ഈ കരാർ വഴിയൊരുക്കും. ഇരു രാജ്യങ്ങൾ തമ്മിലും മൂന്നാമതൊരു രാജ്യത്തേക്കുമുള്ള ചരക്കുനീക്കം പ്രോത്സാഹിപ്പിക്കാനും ഈ കരാർ പ്രയോജനപ്പെടും. രണ്ട് രാജ്യങ്ങളുടെയും കപ്പലുകളിലുള്ള നാവികരുടെ ക്ഷേമം പരസ്പരം ഉറപ്പുവരുത്താനും തൊഴിൽ, ജോലി സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും കരാർ ലക്ഷ്യമിടുന്നു.




# സാർക്ക് രാഷ്ട്രങ്ങളുടെ സമഗ്ര വളർച്ചക്കായി ദക്ഷിണേഷ്യൻ ഉപഗ്രഹം

**ഡോ. സന്തോഷ് മാത്യു**

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അയൽ പക്കകാർക്ക് ആദ്യപരിഗണന (Neighborhood first) എന്ന നയം പ്രായോഗിക തലത്തിലേക്ക് നീങ്ങുന്നതിന്റെ ആദ്യ ലക്ഷണമാണ് 'സാർക്ക് സാറ്റലൈറ്റിന്റെ വിജയകരമായ വിക്ഷേപണം'. നരേന്ദ്രമോദി തന്റെ സ്ഥാനാരോഹണ ചടങ്ങിനോടനുബന്ധിച്ച് ദക്ഷിണേഷ്യൻ നേതാക്കളുടെ സാന്നിധ്യത്തിലാണ് 'സാർക്ക് സാറ്റലൈറ്റ്' എന്ന ആശയം 2014 ൽ മുമ്പോട്ട് വച്ചത്. 2017 മേയ് 5 ആയപ്പോഴേക്കും ഏതാണ്ട് 450 കോടി രൂപ മുതൽ മുടക്കിൽ ദക്ഷിണേഷ്യൻ രാഷ്ട്രങ്ങൾക്കെല്ലാം ഉപകാരപ്രദമായ രീതിയിൽ ഭൗമാന്തര സഹകരണത്തിന് (Space Co-operation) തുടക്കം കുറിച്ചിരിക്കുകയാണ് ഇന്ത്യ.

സാർക്ക് സാറ്റലൈറ്റ് അഥവാ GSAT-9 വിക്ഷേപിച്ച സമയവും വളരെ വിലപ്പെട്ടതാണ്. കാരണം ദക്ഷിണേഷ്യയിൽ ഇന്ത്യ ഒഴികെയുള്ള 7 രാഷ്ട്രങ്ങൾക്കും പങ്കാളിത്തമുള്ള Belt and Road എന്ന ചൈനീസ് സർക്കാരിന്റെ പദ്ധതിയുടെ നിർണ്ണായക ഉച്ചകോടി മെയ് 14,15 തീയതികളിൽ ചൈനയിൽ വച്ച് നടക്കുകയുണ്ടായി. ദക്ഷിണേഷ്യൻ രാഷ്ട്രങ്ങളുടെ വികസന ഭൂപടത്തിൽ നിർണ്ണായക നിക്ഷേപങ്ങളാണ് ചൈന OBOR (One Belt One Road) പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ബഹിരാകാശ സഹകരണ രംഗത്ത് പോലും ചൈന, ദക്ഷിണേഷ്യൻ രാഷ്ട്രങ്ങളിൽ ഒരുപാട് ദൂരം മുമ്പോട്ട് പോയിരിക്കു ന്നു.

ദക്ഷിണേഷ്യാ അഥവാ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ സ്വന്തമായ ഉപഗ്രഹ വിക്ഷേപണ സാങ്കേതിക വിദ്യയും വിക്ഷേപണത്തറയും ഇന്ത്യയ്ക്ക് മാത്രമാണുള്ളത്. ശ്രീലങ്കയും പാക്കിസ്ഥാനും ഇതിനകം തന്നെ ചൈനയുമായി ബഹിരാകാശ സഹകരണ ബന്ധത്തിലൂടെ ഉപഗ്രഹ വിക്ഷേപണം നടത്തിയിട്ടുണ്ട്. അഫ്ഗാനി സ്ഥാൻ, മാലിദ്വീപ്, നേപ്പാൾ തുടങ്ങിയവരും ചൈനയുമായി ബഹിരാകാശ ഉപഗ്രഹ സാങ്കേതിക കൈമാറ്റരംഗത്ത് ചർച്ചയുമായി മുമ്പോട്ട് പോയിരിക്കുകയാണ്. ബംഗ്ലാദേശാകട്ടെ അവരുടെ ബംഗബന്ധു-1 എന്ന സാറ്റലൈറ്റ് യൂറോപ്യൻ ഏജൻസികളുടെ സഹകരണത്തോടെ വരും നാളുകളിൽ വിക്ഷേപണത്തിന് തയ്യാറെടുത്തു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടൊക്കെത്തന്നെ ചൈനയുടെ ഇന്ത്യാ ഉപഭൂഖണ്ഡത്തിലേക്കുള്ള കടന്നുകയറ്റം ഏതുവിധേനയും തടയുക എന്ന ദൗത്യമാണ് ഇന്ത്യയെ സാർക്ക് ഉപഗ്രഹത്തിന്റെ വിക്ഷേ പണത്തിന് പ്രേരിപ്പിച്ച യഥാർത്ഥ ഘടകമെന്ന് അനുമാനിക്കുന്നു.

PSLV C-23 ന്റെ വിക്ഷേപണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ശ്രീഹരിക്കോട്ടയിൽ നേരിട്ടെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി സാർക് സാറ്റലൈറ്റ് എത്രയും വേഗം യാഥാർത്ഥ്യമാക്കണമെന്ന നിർദ്ദേശമാണ് ISROക്ക് നൽകിയിരുന്നത്. ഒടുവിൽ നടന്ന സാർക്കിന്റെ കാഠ്മണ്ഡു ഉച്ചകോടിയിൽ പ്രധാനമന്ത്രി ഇതു സംബന്ധിച്ച ഉറപ്പും നൽകിയിരുന്നു. 2016 ൽ ഇസ്ലാമാബാദിൽ നടക്കേണ്ടിയിരുന്ന സാർക് ഉച്ചകോടി ഇന്ത്യാ-പാക്ക് സംഘർഷത്തെ തുടർന്ന് മാറ്റിവയ്ക്കേണ്ട ദൗർഭാഗ്യകരമായ സംഭവവികാസങ്ങൾ പ്രസ്ഥാനത്തിന്റെ ഭാവിയിൽ തന്നെ കരിനിഴൽ വീഴ്ത്തിയിരുന്നു. പാക്കിസ്ഥാനില്ലാത്ത ദക്ഷിണേഷ്യൻ കൂട്ടായ്മ എന്ന പരികല്പിത പോലും ഇന്ത്യൻ രാഷ്ട്രീയ, അക്കാദമിക് സമൂഹത്തിൽ നിന്നുണ്ടായി. പകരമായി BBIN എന്ന മോട്ടോർ വെഹിക്കിൾ കൂട്ടായ്മ ഇന്ത്യ മുൻകൈയ്യെടുത്തു നടപ്പിലാക്കിയും വന്നിരുന്നു. ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, നേപ്പാൾ എന്നീ രാജ്യങ്ങളുടെ വാഹന ഗതാഗതവ്യൂഹവുമായി ബന്ധപ്പെട്ട കരാറും ഇപ്പോൾ കരിനിഴലിലാണ്.

ദേശീയ സന്തോഷ സൂചിക (Gross National Happiness)ക്ക് പ്രാധാന്യം നൽകുന്ന ഭൂട്ടാന്റെ BBIN (Bangladesh, Bhutan, India, Nepal) ൽ നിന്നുള്ള പിന്മാറ്റം ഇന്ത്യയ്ക്ക് വലിയൊരു ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. പരിസ്ഥിതി മലിനീകരണത്തിന് മോട്ടാർ വാഹന കരാർ കാരണമാവുന്നതിനാൽ തങ്ങൾ പിന്മാറുന്നുവെന്ന ഭൂട്ടാന്റെ പ്രഖ്യാപനത്തിന് പിന്നിലും ചൈനീസ് വ്യാളികൾ കാണുന്നവർ കുറവല്ല. Mini SAARC എന്നുപോലും അറിയപ്പെട്ടിരുന്ന BBIN ഉം സ്വാഭാവിക ചരമഗതി അടയുന്ന കാലഘട്ടത്തിൽ ബഹിരാകാശ സഹകരണമെങ്കിലും ദക്ഷിണേഷ്യയിൽ നടപ്പിലാക്കുന്നത് ചെറിയൊരു ആശ്വാസമാണ്.

അക്കാദമിക രംഗത്ത് ഗവേഷകർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കെല്ലാം സാങ്കേതികവിദ്യ കൈമാറ്റത്തിലൂടെ ഏറെ നേട്ടമുണ്ടാക്കാൻ GSAT 9 വഴി കഴിയും. വിവര വിനിമയ രംഗത്തും രാജ്യങ്ങൾക്ക് ഏറെ പ്രയോജനകരമാണ് ഈ ഉപഗ്രഹം.

ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള സംഘർഷങ്ങൾ കൂടിവരുന്ന പശ്ചാത്തലത്തിൽ ഇന്ത്യ- അഫ്ഗാൻ വാണിജ്യ ബന്ധത്തിനുള്ള പാക്കിസ്ഥാനിൽ കൂടിയുള്ള പാത അടച്ചിരിക്കുകയാണ്. ദക്ഷിണേഷ്യൻ സഹകരണത്തിനു മണ്ണിൽ കൂടിയുള്ള പാത അടഞ്ഞിടത്താണ് ബഹിരാകാശ പാത ഇപ്പോൾ തുറന്നിരിക്കുന്നത്.

2230 കിലോഗ്രാം ഭാരമുള്ള GSAT-9 ഉപഗ്രഹം അയൽപക്കക്കാരായ 6 രാഷ്ട്രങ്ങൾക്ക് ഏറെ സഹായകരമാകുമെന്നതിൽ സംശയമില്ല. വാർത്താ വിനിമയം, പ്രക്ഷേപണം, കാലാവസ്ഥാ പ്രവചനം, ഇന്റർനെറ്റും അനുബന്ധ സേവനങ്ങളും, ടെലിമെഡിസിൻ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, സാറ്റലൈറ്റ് വഴിയുള്ള വിദ്യാഭ്യാസം എന്നീ മേഖലകളിലെല്ലാം 6 രാജ്യങ്ങൾക്ക് ഏറെ പ്രയോജനപ്രദമാകും ഈ ഉപഗ്രഹം.

ദക്ഷിണേഷ്യ പോലെ സമസ്ത മേഖലകളിലും പിന്നോക്കം നിൽക്കുന്നിടത്ത് വലിയൊരു കുതിച്ചു ചാട്ടത്തിന് ഈ ഉപഗ്രഹം നിമിത്തമാവുമെന്നാണ് അഭ്യുദയകാംക്ഷികൾ കരുതുന്നത്. ISROയുടെ സതീഷ് ധവാൻ വിക്ഷേപണത്തറയിൽ നടന്ന ചരിത്ര മുഹൂർത്തത്തിൽ 6 അയൽപക്ക രാഷ്ട്രങ്ങളിലെയും അംബാസിഡർമാർ ഈ വിക്ഷേപണത്തിന് സാക്ഷിയായി. ശ്രീഹരിക്കോട്ടയിലെ ഈ വിക്ഷേണ വിജയത്തിന് പിന്നാലെ പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ വീഡിയോ കോൺഫറൻസിങിൽ അഫ്ഗാൻ പ്രസിഡന്റ് അഷ്റഫ് ഖാനി, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷേക് ഹസിന, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിങ് തോഗ്ബേ, മാലി പ്രധാനമന്ത്രി നൗറി അൽമാലിക്കി, ശ്രീലങ്കൻ പ്രസിഡന്റ് മൈത്രിപാല സിരിസേന എന്നിവരെല്ലാം ഇന്ത്യൻ ശ്രമത്തെ വാനോളം പുകഴ്ത്തുകയുണ്ടായി.

150 കോടി ജനങ്ങൾക്ക് സാർക്ക് സാറ്റലൈറ്റിന്റെ സേവനങ്ങൾ ഭാവിയിൽ ഉപയോഗിക്കാം. ദാരിദ്ര്യം തുടച്ചു നീക്കാനും തൊഴിലില്ലായ്മ കുറയ്ക്കാനും ഭക്ഷ്യക്ഷാമം നിയന്ത്രിക്കാനും പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയാനും സാധിച്ചാൽ ദക്ഷിണേഷ്യാ അഥവാ ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് ഒരു പരിധി വരെ പരിഹാരമാവും.

ലോക വിസ്തൃതിയുടെ 2.4% മാത്രമാണ് ഇന്ത്യാ ഉപഭൂഖണ്ഡം. എന്നാൽ ലോക ജനസംഖ്യയുടെ 16.5% പേരെ ഇവിടം ഉൾക്കൊള്ളുന്നുള്ളൂ. ലോകത്തെ 55% ദരിദ്രരും ഇവിടെയാണ്. ദക്ഷിണേഷ്യൻ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം ലോക വ്യാപാരത്തിന്റെ കേവലം 2% മാത്രമാണ്. സാക്ഷരതാ നിരക്കും പ്രതിശീർഷ വരുമാനവും ഏറ്റവും പിന്നിലായ ഈ ഉപഭൂഖണ്ഡത്തിന് സാർക് സാറ്റലൈറ്റ് നൽകുന്ന പ്രതീക്ഷകൾ ഏറെയാണ്.

*(പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ സെന്റർ ഫോർ സൗത്ത് ഏഷ്യൻ സ്റ്റഡീസിൽ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖകൻ)*

## വിജ്ഞാന പാത

### സെബിയും യൂറോപ്യൻ സെക്യൂരിറ്റീസ് ആന്റ് മാർക്കറ്റിംഗ് അതോറിറ്റിയുമായുള്ള ധാരണാപത്രത്തിന് അംഗീകാരം

പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ 2017 ജൂൺ 7 ന് ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം സെക്യൂരിറ്റീസ് ആന്റ് എക്സേചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി)യും യൂറോപ്യൻ സെക്യൂരിറ്റീസ് ആന്റ് മാർക്കറ്റ്സ് അതോറിറ്റി(എസ്മ)യുമായി പരസ്പര സഹകരണത്തിന് ഏർപ്പെട്ട ധാരണാപത്രത്തിന് അംഗീകാരം നൽകി.

എസ്മയ്ക്ക് ഇന്ത്യയിൽ അംഗീകാരമുള്ള അവരുടെ കക്ഷികളെ (സി.സി.പി.) സെബിക്ക് നിരീക്ഷിക്കുന്നതിനും അവർക്ക് വേണ്ട സേവനങ്ങൾ നൽകുന്നതിനുമുള്ള സംവിധാനം എന്ന നിലയിൽ സഹകരിക്കുന്നതിന് ധാരണാപത്രത്തിലൂടെ സാധിക്കും. അതുപോലെ യൂറോപ്യൻ യൂണിയനിലെ പല വ്യാപാര കേന്ദ്രങ്ങളിലുമുള്ള സി.സി.പികളെ നിരീക്ഷിക്കുന്നതിന് എസ്മയ്ക്ക് അത്യാവശ്യം വേണ്ട സഹായങ്ങൾ നൽകുന്നതിനും ധാരണാപത്രത്തിലുള്ള നിർദ്ദേശങ്ങളിലൂടെ സാധ്യമാകും.

# ഭൗമോപരിതല പഠനം (ടോപ്പോഗ്രഫി)



ഭൗമോപരിതലത്തെക്കുറിച്ചുള്ള പഠനമാണ് ടോപ്പാഗ്രാഫി. ഒരു ഭൂപ്രദേശത്തെക്കുറിച്ചുള്ള ഭൗതിക പഠനമാണിത്. മലകൾ, താഴ്വരകൾ, നദികൾ, തടാകങ്ങൾ, കടലുകൾ, മഹാസമുദ്ര ങ്ങൾ തുടങ്ങി മനുഷ്യനിർമ്മിതമായ റോഡു കൾ, പാലങ്ങൾ, അണക്കെട്ടുകൾ, തീവണ്ടി പ്പാതകൾ, നഗരങ്ങൾ എന്നിവയുടെ പഠനവും ടോപ്പാഗ്രാഫി എന്നറിയപ്പെടും.

അക്ഷാംശ, രേഖാംശ, ഉത്തംരാംശ രേഖകളുടെ (Latitude, Longitude and altitude) സ്ഥാന നിർണ്ണയത്തിന് ടോപ്പാഗ്രഫി ഉപകരി ക്കുന്നുണ്ട്. സർവ്വേ (അളവ്) പ്രക്രിയയിൽ സ്ഥാനം നിർണ്ണയിക്കാനും രേഖപ്പെടുത്താനും അതിന്റെ പരസ്പര ബന്ധങ്ങൾ അടയാളപ്പെടുത്താനും ഭൗമോപരിതല പഠനം ആവശ്യമാണ്. ഈ ഉപരിതല പഠനഭൂപടങ്ങൾ, എഞ്ചിനീയർമാരും പരിസ്ഥിതി ശാസ്ത്രജ്ഞൻമാരും നഗരത്തിന്റെ പ്ലാൻ നിർമ്മിക്കുന്നവരും മാത്രമല്ല ചരിത്രകാരൻമാരും ത്വരിതസേവന ഏജൻസികളും വിനോദ സഞ്ചാരി കളും ആശ്രയിക്കുന്നുണ്ട്. ഒരു ത്രിമാന ഭൂപ്രകൃതിയുടെ ദ്വിമാന രേഖയാണ് ഈ ഭൂപടം. ഈ ഭൂപട ത്തിൽ പ്രകൃതി ദത്തവും മനുഷ്യനിർമ്മിതവുമായ ഒരു ഭൂപ്രദേശത്തിന്റെ രൂപവും സ്ഥാനവും, വരകൾ, നിറങ്ങൾ, അടയാളങ്ങൾ, മറ്റു വർണനകൾ എന്നിവയാൽ രേഖപ്പെടുത്തിയിരിക്കുന്നു.


രേഖീയ അളവുകൾ (Direct Survey) ഉപയോഗിച്ചാണ് ഭൂപടനിർമ്മാണം. 'തിയഡോലൈറ്റ്' (thiodelite) എന്ന ഉപകരണം കൊണ്ടാണ് ദൂരങ്ങളും, ലംബ, സമാന്തരകോണുകളും അളക്കുന്നത്. ഭൗമോപരിതല ഭൂപട നിർമ്മാണത്തിന്റെ അടിസ്ഥാന വിവരങ്ങൾ നൽകാനും ഡിജിറ്റൽ ചിത്രങ്ങൾ നല്കാനും ഇത് ഉപയുക്തമാണ്. ഈ വിവരങ്ങൾ വ്യോമചിത്രങ്ങളും ഉപഗ്രഹ ചിത്രങ്ങളുമായി സംയോജിപ്പിച്ച് ഒരു തുണ്ട് പ്രദേശത്തിന്റെ സമ്പൂർണ്ണ അറിവ് ലഭ്യമാകും. സൗരപടം (സോണാർ മാപ്പിംഗ്) കൊണ്ടാണ് സമുദ്രങ്ങൾ അളക്കുന്നത്. ആഴക്കയത്തിൽ നിന്ന് പുറപ്പെടുവിക്കുന്ന ഒരു ശബ്ദവീചി വെള്ളത്തിലൂടെ കടന്നു പോകുമ്പോൾ സമുദ്രത്തിന്റെ അളവുകൾ നിർണ്ണയിക്കാനാകും. സമുദ്രത്തിന്റെ അടിത്തട്ട്, പവിഴപ്പുറ്റുകൾ, മുങ്ങിക്കപ്പലുകൾ തുടങ്ങിയ വസ്തുക്കളിൽ ശബ്ദ വീചി കൾ പ്രതിഫലിക്കുമ്പോഴാണ് ഈ അളവ് കൃത്യത വരുത്തുന്നത്. ഈ ശബ്ദം ഒരു മൈക്രോഫോൺ കൊണ്ട് അളക്കാവുന്നതാണ്. ഈ വീചികൾ ഒരു വസ്തുവിൽ തട്ടി തിരിച്ചുവരുന്ന സമയമാണ് ആ വസ്തുവിന്റെ ദൂരം. ഈ വിവരങ്ങൾ സമുദ്രാന്തർഭാഗത്തിന്റെ മാറ്റങ്ങൾ നിർണ്ണയിക്കാൻ സഹായക മാണ്.

പുതിയ സാങ്കേതിക വിദ്യ കൊണ്ട് ഭൂസ്ഥാനനിർണ്ണയ സങ്കേതം (Global Positioning System-GPS) ലഭ്യമായി. ഉപഗ്രഹങ്ങളുടെ സഹായത്തോടെ സമാന്തര പ്രതലങ്ങളുടെ കൃത്യമായ അളവുകൾ സർവയർമാർക്ക് അറിയാൻ കഴിയും. സാധാരണ അളവുകൾക്ക് അപ്രാപ്യമായ പ്രദേശങ്ങളുടെ വിവര ങ്ങൾ ഇങ്ങനെ ശേഖരിക്കാം. ഉപഗ്രഹങ്ങളും വ്യോമചിത്രങ്ങളും നൽകുന്ന വിവരങ്ങൾ ത്രിമാനമായി കമ്പ്യൂട്ടറിൽ രേഖപ്പെടുത്താൻ കഴിയുന്നുണ്ട്.

വ്യോമചിത്രീകരണവും ഫോട്ടോഗ്രാമട്രിയും (Photogrammetry) വിവിധ കോണുകളിൽ നല് കുന്ന ചിത്രങ്ങൾ സംയോജിപ്പിച്ച് ഒരു വസ്തുവിന്റെ വ്യക്തമായ രൂപം നിർണ്ണയിക്കാനാകും. ഉപഗ്രഹ ങ്ങളിൽ നിന്ന് ലഭിക്കുന്ന വിവിധങ്ങളായ സ്പർശിനികൾ (Sensors) ഉപയോഗിച്ച് ഭൂപടം നിർമ്മിക്കു മ്പോൾ നിലവിലുള്ള വ്യോമചിത്രീകരണ രീതിയും മാറും. ഈ പുതിയ വിദ്യകൾ ഭൂപടനിർമ്മാണ ത്തിനും പുനർനിർണ്ണയത്തിനും കൃത്യതയ്ക്കും മാറ്റ് കൂട്ടും.

BOOK YOUR COPY NOW




# Reference Annual

**A TREASURE FOR RESEARCHERS, POLICY MAKERS, ACADEMICS, MEDIA PROFESSIONALS AND JOB SEEKERS, ESPECIALLY, ASPIRANTS OF CIVIL SERVICES EXAMINATION**



**Also available as eBook**
**Buy online at-**
**play.google.com, amazon.in, kobo.com**

Publications Division
Ministry of Information & Broadcasting, Government of India
Soochna Bhawan, CGO Complex, Lodhi Road, New Delhi-110003

**website: www.publicationsdivision.nic.in**
For placing orders, please contact:
Phone : **011-24367260, 24365609**, e-mail: **businesswng@gmail.com**

@ DPD_India
www.facebook.com/publicationsdivision
www.facebook.com/yojanaJournal